സിംഗപ്പൂർ മലയാളി അസോസിയേഷൻ

SINGAPORE MALAYALEE ASSOCIATION

# ഓണോപഹാരം
# Onopaharam





## SMA @ 99

**SINGAPORE MALAYALEE ASSOCIATION**

ANNUAL PUBLICATION

## 2016


GAYATRI
RESTAURANT
tastes like never before
Your catering specialist
62946294
info@gayatrirestaurant.com
Main: 122 Race Course Road, #01-01 Race Course Mansion (S) 218583
Branches: 212 Telok Ayer Street (S) 068645 Tel: 6225 4221
Orchid Country Club, 1 Orchid Club Road, #01-21 (S) 769162 Tel: 6481 1112
62924544 / 62911011

**Singapore Malayalee Association**

**Editorial Team**
Krishnakumar M
Anil Kumar
Chandana Dileep
Dileep
Geethakrishnan
Muraleedharan V V
Padma Kumar
Padma Nayar
Pia Jayakumar
Syam (Ex-Officio)
Shreekanth P
Ullas Kumar C S

**Artwork & Graphics**
Anil Kumar
Dileep
Shreekanth P

**Cover page credit**
Based on a painting by
Nirmala Menon
*(see page 80 for detailed info)*

**Advisor**
Jayakumar Narayanan BBM
President SMA

The views and opinions expressed or implied in ONOPAHARAM 2016 are those of the authors or contributors and do not necessarily reflect those of the Singapore Malayalee Association, its trustees, committee members or general membership.

**Singapore Malayalee Association**
44, Race Course Road
Singapore 281558
Tel: 6293 9195
Fax: 6392 8009
Web: www.malayalee.org.sg



# EDITORIAL

Ancient people of many civilizations were great story tellers. And Indians had a particular mastery in it, that far surpassed many other peoples. We have a vast collection of ancient texts much of them carried through a sophisticated oral tradition that ensured their careful preservation over eons. Much of these texts are full of poetry and stories. They chronicle the values and ethos of a bygone era, that are nourished in the subconscious of the people. There is a concept embodying the idea that the world has a soul, and, thereby, if it is the soul that wants stories, then the world needs stories too—stories of repair, strength, and insight. If the world has a soul, then story informs and heals and spiritually grows the cultures, and the peoples within those cultures, through its universal cache of idioms and images. From the vantage position of hindsight, it is our beholden duty to study and appreciate them for what they mean and why they are there.

The Malayalee spin on the mythic story of the 'good' Mahabali king born to the negative forces and the not so favoured incarnation of positive forces, Vamana, who usurps the kingdom back from Bali, by hook or by crook, gave us the festival of Onam. The base story itself is hardly a simplistic one of black and white. It is much richer due the various shades of gray in between. This monochromatic world erupts into the colours and brilliance of the festivities of exuberance and rapture of the spirit of Malayalees from time long past in Onam. Little has changed over the centuries or across the vast spaces of continents. Malayalees always and everywhere synchronize themselves to the resonace of Onam. Perhaps, as we see today in Singapore as well as across the world, vast separation of spaces only enhances the need as well as appreciation.

Singaporean Malayalee story is not very recent and the Singapore Malayalee Association is at the ripe young age of 99 this year. We are fast moving to the 100th year of our existence as a registered Malayalee entity, perhaps one of the oldest in the outside world. It is only most appropriate that we celebrate this with what all Malayalees celebrate everywhere – with Onam – in the presence of a vast array of great masters of modern story telling from the cinematic and electronic mass media world. McLuhan cannot be farther from truth. Media has hardly changed the message. Rather, it enhances the message.

This issue of Onopaharam too is much richer than usual. This issue is proud to feature the master of Malayalee story telling, T Padmanabhan, others friends from Kerala as well as several local ones. The literary forum of SMA has in no small measure ignited the minds of some literary enthusiasts and opened up the world of literature of Malayalam and world and has given impetus to the creative spirit. This is visible in the works presented here too. There is hardly any of the old inhibitions to examine taboos and lay them bare for what they are. Certainly, we have hardly ever faced a world in worse shape or in greater need of the lyrical, mystical, and common-sensical. There seem to be large and perpetual pockets where fair and sustaining values are more pale than they should be. We hope that such creative writings and intellectual analyses will lead to a stronger self discovery, evaluation, unfoldment and embracing of what is truly great in humanity across cultures and boundaries.

കർക്കിടകത്തിന്റെ കാർമേഘങ്ങൾമാറി ചിങ്ങത്തിന്റെ പൊൻപുലരി. മലയാളികളുടെ ജീവിതത്തിലെ ആണ്ടുപിറപ്പ്. ഈ പുതുവർഷത്തിലാണ് നമ്മുടെ സ്വന്തം ഉത്സവമായ ഓണം. ഓണത്തുമ്പികളുടെയും കൊയ്ത്തു പാട്ടിന്റെയും വരവറിയിച്ചു കൊണ്ടാണ് ചിങ്ങമാസത്തിന്റെയും ഓണത്തിന്റെയും വരവ്. നന്മയുടെ പൂവിതളുകൾ പറിച്ചു സ്നേഹത്തിന്റെ പൂക്കളമെഴുതാൻ മനസ്സും മുറ്റവും നമുക്ക് ഒരുക്കി വയ്ക്കാം. എല്ലാവർക്കും സർവഐശ്വര്യങ്ങളും ഈ ഓണക്കാലത്ത് ആശംസിക്കുന്നു. സാഹോദര്യത്തിന്റെയും നന്മയുടേയും സന്തോഷത്തിന്റെയും ആകട്ടെ നമ്മുടെ നാളെകൾ. എല്ലാ മലയാളികൾക്കും ദേശ നിവാസികൾക്കും ഹൃദയംഗമമായ ദേശീയ ദിനവും ഓണവും ആശംസിക്കുന്നു.

കൃഷ്ണ കുമാർ, എഡിറ്റർ, ഓണോപഹാരം 2016

# VARIETY is the SPICE of LIFE !






HOUSE BRAND

With over 50 different varieties of ground spices, Rice Varieties, flours, Ready to Eat Meals, Snacks, Bottled Spices, Special Blends, Instant Mixes, HOUSE BRAND has been spicing up the life of Singaporeans over the last 57 years!

SINCE 1958
Enhancing Food Experience

K N P TRADING PRIVATE LIMITED
In association with Surya Trading Enterprises (s) Pte Ltd
50 Senoko Drive, Singapore 758232 Tel: 62573712 Fax: 6753 6916
website: www.knp-housebrand.com email: spices@knp-housebrand.com

# CONTENTS


## Regulars

1 Editorial
5 Message by High Commissioner Of India To Singapore by H E Ms Vijay Thakur Singh
7 Message by Adviser, SMA, Mr Gopinath Pillai BBM, BBM(L)
9 Message by CEO, SINDA, Mr K Barathan
11 Message by Mr Jayakumar Narayanan BBM, President, Singapore Malayalee Association
13 Message from Superstar Padmashri Mohanlal
15 - 21 SMA Committees: Management Committee; Legal Advisor, Internal Auditors & Trustees; Cultural Committee; SMA Kids' Club; Publications Committee; Membership Committee, Organization Committee; Constitution Review Committee; Varnam Team, Welfare Committee; SMA Youth Wing; Sports Committee; Ladies Wing Working Committee and Ladies Wing
120,1 Malayalee Achievers of Singapore: 2015 - 16
118,9 Onam Greetings
143 Recipe: Paneer Payasam by Divya
148 Farewell
160 Acknowledgments

## Special Featrure: SG50 Celebrations of Malayalees

48 Malayalee Carnnival
52, 53 SG50: Malayalee Carnival Pictures
49 NUS Bursary Award
50, 51 SG50: NUS Bursary Award Functions Features

## Special Featrure: Varnam 2015

87,88 Varnam in Pics
89 Artists @ Varnam

## Special Featrure: Malayalam Language Education

128 MLES Students Learning Malayalam At Singapore
129 "Preserve Our Mother Tongue! Learn And Use Malayalam!" by Jayadev Unnithan, Chairman, MLES

## Special Featrure: Young Adults' Works

144 "With Love… From Me" by Neha Ramesh
146 "Mobile Games" by Aishwarya Dinesh
147 "Singapore Skyline" Graphic work on charcoal on paper by Pia Scott-Nair

125 SMA Pays Homage to Mr S R Nathan: Special Feature

## Features - English

38 "Reflections on Singapore's Lee Kuan Yew" by Dr VP Nair
46 "Empathy Required!!!" by Dr Chitra Krishnakumar
62 "Memoirs: My Days As A National Serviceman" by R Asokan
65 "Improve Our Quality Of Life And Health Through Leisure Sports Activities" by GV Nathan
69 "Exile and Emptiness" by Hari Kumar
74 "Echo" by Dr CNN Nair
75 "Sulekha" by Azeena
80 "...And Time Stood Still" by Nirmala Menon
97 "Seedless Guava" by Rajashekharan Pillai
108 "In Search of My Roots" by Dr Anita Devi Pillai
131 "Parenting Blues" by G P Sasidharan
135 "Be Mindful!!!" by Mary Raphael
137 "Nirasha" tby Vadakkeppat Bhaskar Gupta, translated to English by Vinoy Vishnu Vadakkeppat

## Features - Malayalam

25 "Sakshi" by T Padmanabhan
29 "T Padmanabhan: Daivathinte Thidambettunna Komban" by T Suresh Kumar
34 "Japthi" by Kureeppuzha Sreekumar
35 "Sreelakathile Saalagramangal" by Ashtamoorthy
42 "Orumayute Ormmapperunnal" by Narayanan Kavumbayi
44 "Ormmakaliloote ONV" by VV Muraleedharan
45 "Anasvarathayute Pullankuzhal" by MK Bhasi
57 "Onappottan" by Venmani Bimalraj
58 "thirichu Varavu" by Babu Ezhumavil
66 "Paulo Coelho - Vaayana" by Pia Kumar (Munna)
70 "Ashudhhi" by D Sudheeran
75 "Benyamin - Oru Avalokanam" by N Sudha Devi
79 "Kelkkathirunna Thudi" by Sreekrishnadaas Mathoor
92 "Talker" CP Krishnakumar
94 "Mathrtvam" by Uma Sankar
95 "Thumpappoo" by Diji Suhas
102 "Aksharangalkkitayil Vayikkanullathu" by Nishant Kodamana
106 "Kudumbam Oru Vilakku" by Metrice Philip
110 "Parasparam" by Hema Shivaramakrishnan
130 "Kalikkutti" by PK
133 "Bhagavante Mukha Pusthaka Chinthakal" by Thara Raveendran
137 "Nirasha" tby Vadakkeppat Bhaskar Gupta, translated to English by Vinoy Vishnu Vadakkeppat
138 "Katthirippu" by Dr EM Anima
139 "Ivan Megha Rooopan" by Biju Prahlad Vadakkeppaatt
140 "Simhapuram" by Pradeep Nayathil
141 "Yaatra" by Madan
142 "Shanthi" by Anjana Prem

## Graphics

80 "Singapore Skyline" Graphic work on charcoal on paper by Pia Scott-Nair

## In Pictures

22-23 Onam Nite 2015 - Bharatam Keralam
24 Karunyam 2016
50, 51 SG50: NUS Bursary Award Functions
52, 53 SG50: Malayalee Carnival
54 Nataka Mela 2016
81 Kathod Kathoram
83 Snehatheerangal
84 SMA Soccer
85 SMA Futsal
86 SMA Badminton
87, 88 Varnam 2015
113 SMLF Session with Ashtamoorthy and K S Ramachandran
114 SMLF Kavyasopanam - Book Release
115 SMLF Soorya Krishnamoorthy Session
115 SMA Ladies Wing - Lecture Demonstration
116 SMA- Ladies Wing - Ayurveda Talk - Kitchen Doctor
117 SMA- Ladies Wing - Teenage Parenting Workshop
117 SMA- Ladies Wing - Skin Care Talk
124,5 SMA Visitors
127 SMA-Ladies Wing: 'Celebrate Kerala' with Kamala Club
128 MLES Students Learning Malayalam At Singapore

## 149-159 SMA Reports

Cultural Committee; Drama Club; Ladies Wing; Kids Club; Organizing Committee; Sports Committee; Varnam 2015; Welfare Committee; Youth Wing; Singapore Malayalee Literary Forum; From General Secretary's Desk

# ABI
## RESOURCES & SERVICES

## OIL & GAS CONSTRUCTION PROFESSIONALS



ABI Resources & Services is an ISO 9001:2008 certified company that has been operating in Singapore since 2003. We specialize in Project Management and Technical Recruitment Services for Oil & Gas Onshore & Offshore projects worldwide.

ABI has been servicing some of the industry's most reputed companies such as TOTAL, ExxonMobil, Technip, Inpex, Modec, SBM, Saipem, Heerema, FMC, Keppel, etc., for their prestigious Projects worldwide in different departments like – Engineering, Construction, Safety, Quality, Commissioning etc. We also have a vast database and good cohort of candidates from all over the world including the Asian Region as well as European expatriates through international networks.

For more details on our company, we kindly request you to visit our website at www.abisingapore.com or call us at +65 64546066.



# MESSAGE BY HIGH COMMISSIONER OF INDIA TO SINGAPORE

VIJAY THAKUR SINGH

सत्यमेव जयते

HIGH COMMISSIONER OF INDIA
31 GRANGE ROAD
SINGAPORE 239702
Tel: 62382510 / 62382518 / 62382520
Fax: 67378696
Email: hc.singapore@mea.gov.in
Website: www.hcisingapore.gov.in

19 August, 2016

## MESSAGE

I am glad that Singapore Malayalee Association is celebrating the festival of Onam on 27 August, 2016.

Onam symbolizes the richness of culture and tradition of India and is celebrated with great joy in Kerala. It ushers in peace and harmony, literally spreading the message of "Vasudhaiva Kutumbakam - universal brotherhood.

This year also marks the 99th year of the Association's presence in Singapore – a landmark achievement! On the joyous occasion of Onam and the milestone year of the Malayalee Association, I convey my best wishes to the office bearers and the entire Malayalee community.

I am pleased to know that on the same day, Onopaharam – the annual publication of Singapore Malayalee Association, facilitating literary creativity among Malayalee community, will be released.

May this year brings happiness, prosperity and success to all!

(Vijay Thakur Singh)

*With Best Wishes*
*&*
*Happy Onam Greetings*
*from*

**GLOBSOL**
SINGAPORE PTE LTD



The Company focuses on Main Engine Remote Control Systems (Maneuvering), other Control Systems, Supply of Wabco/Nabco spares...

**We are specialised in:**

- Main engine automation & bridge maneuvering system
- Marine automation and control system
- Boiler automation
- Engine repair/periodic maintenance program
- Offshore boat service
- Ship agency
- Engineering consultancy/dry dock assistance

# MESSAGE FROM ADVISOR, SMA

## Gopinath Pillai BBM(L)



Let me first wish all Malayalees a Happy Onam.

While we celebrate this year's Onam I cannot but be saddened by the passing away of the sixth President of Singapore, Mr. S.R. Nathan. He was one of the most popular presidents Singapore has ever had. And he was a great friend of the Malayalee community. He loved Malayalam movies and songs and has met some of the famous actors like Mamooty and Suresh Gopi when they came to Singapore as SMA's guests. He has participated in the celebrations of all religious groups. He has tried to attend all the Onam celebrations organised my SMA. Since 1983 he has not missed a single Makara Villakku Celeberation unless he was travelling. He has visited Kerala several times and is very fond of Kerala cuisine. Singapore has lost a great leader and Malayalees a great friend and patron.

There is one message that he has left behind to the nation which is also very relevant to Malayalees and all Indians who are a very small minority community. While we maintain our identity and develop our culture we must strive to be an integral part of the nation. The meritocracy that Singapore practices, provides a level playing field and it benefits all. Our community must take advantage of all the programmes for upgrading that Singapore has so that we are well equipped to deal with the new technological era that is now starting. The Malayalee Bursay Fund that SMA has established is a wonderful initiative and we should all support it because it helps the lower income groups. I congratulate SMA for it. My prayer for this Onam is that we continue to help those who need assistance. I wish you success in this noble mission.

Happy Onam to all.

**Gopinath Pillai** BBM(L)
Adviser, SMA





YOURS NATURALLY
DERMACEL™
STEM CELL THERAPY
They Simply Rejuvenate and Rebuild
• Promotes tissue growth & collagen formation
• Improves blood circulation & metabolism
• Hydrates, moisturizes & rejuvenates skin
• Reduces skin allergies & pigmentations
• Supports cardiovascular system
• Protects skin from UV rays
• Supports immune system
• Natural anti-ageing agent
NUTRITIONAL INFORMATION
YOURS NATURALLY
DERMACEL™
REJUVENATE WITHIN
STEM CELL TECHNOLOGY
60 SOFTGELS
MADE IN NEW ZEALAND
Yours Naturally Dermacel™ is a highly purified stem cell formulation which protects and repairs the ageing process by delivering pure stem cell nutrition to your body's adult physiology. Dermacel reverses Cell damage using fine high quality Deer Placenta Extract with Squalene, Evening Primrose oil, Gamma Linolenic Acid, Grape seed extract and Resveratrol. Take away years of damage instantly.
For enquiry call +65 6286 4474 / +65 6284 5505
www.yoursnaturally.com.sg

# MESSAGE FROM CEO, SINDA

## K Barathan



I extend my best wishes to the Singapore Malayalee Association (SMA) on the occasion of their Onam celebrations—OnamNite 2016.

It is heartening to see that Onam, the foremost of Malayalee festivals, is celebrated here with great enthusiasm and splendour. It is a significant celebration for the Singapore Malayalee community and its splendid observance in Singapore is testament to the rich culture that Indians have contributed to the multiracial fabric of the nation.

It is notable that SMA is the oldest registered Indian organisation in Singapore, serving as a common platform for over 50,000 Malayalees to connect and reaffirm their identity. Since its inception in 1917, the Association has played a crucial role within the Indian community, with its plethora of activities strengthening the bonds of the Indian community in Singapore.

Tonight's OnamNite signifies SMA's continued commitment towards rallying the community together and ensuring that the Malayalee culture and traditions remain steadfast in Singapore. On behalf of the Singapore Indian Development Association, I wish the Association great success in its endeavours, and I wish everyone Hridayam Niranja Onashamsakal!

**K Barathan**
Chief Executive Officer
Singapore Indian Development Association (SINDA)



25 Years QUALITY SERVICE

# Everthing you need.
# From the brands you love.




Karthika Supermarket has everthing you need for your household. It is the one-stop outlet for a variety of products including confectionaries, beverages, groceries, dry vegetables, spices, masalas, body care, pharmacy, kitchenware and many more.

Online Shopping:
**www.onlinekarthika.com**

**Free Home Delivery***

* Min purchase of $100

**Major brands including:**

| | | | | | |
|---|---|---|---|---|---|
| Karthika Enterprises Pte Ltd Singapore | Brahmins a vegetarian promise touch | Double Horse | Makarajyothi Lamp Oil (Blend of 5 Oils) | Premier Delicious Product | Virgin Plus Extra Virgin Coconut Oil |
| Periyar Rice | Hari Krishna | Pillsbury | Haldiram's | PATANJALI | Himalaya Herbals |
| Prestige | MILTON Intelligent homeware | Hawkins | MTR Pure and Perfect Since 1924 | Shiva Lingam Brand Gingelly Oil India | Swad |

Karthika SUPERMARKET

**LITTLE INDIA**
34 Buffalo Road, Singapore 219796
Tel: +65 62977533, 6297 7534, 6297 7522
Fex: +65 62977511

**YISHUN**
Block 101, Yishun Ave 5 #01-61,
Singapore 76010
Tel/Fax: +65 6257 2457

Email:customercare@karthika.sg * www.onlinekarthika.com

# SMA PRESIDENT'S MESSAGE

## N Jayakumar BBM



The Singapore Malayalee Association (SMA) has come a long way and is grand 99 years old this year and will be a centenarian next year. We can all be proud that all these years, it has played a meaningful role to contribute to Singapore's success story.

SMA was formed in 1917 with the objective of bonding Malayalees through cultural, sports, welfare, educational and social activities, and it continues to do so in strength, year after year to meet the needs of time.

It is time to take stock of our activities for the year:

- Visual Arts - SMA has been organising "Varnam", an arts exhibition by local Malayalee Artists for the last four years and this is gaining traction with increasing number of visitors of all races.
- Dramas and plays - Another anchor of the association. This interest has been met in "Nataka Mela," a locally produced drama. Five plays was staged by five different groups of artistes. It is always enjoyable to watch our creative talents at their best.
- Literary work - Malayalees are known for their literary works and to nurture this, in May this year, SMA launched a collection of the literary works of fifteen local writers and poets. This is a first for SMA to recognize the works of our local poets and writers through a publication.
- Onam Nite – To celebrate the joyful and festive Onam, we have "Onam Nite" on Saturday, 27 August 2016 at the Esplanade Theatre. To enthral us all are top rated artistes megastar Mohanlal and others from the Malayalam Film industry. This event is staged in collaboration with Esplanade Theatres on the Bay and Asianet.
- Onam Village - Another event, many are looking forward to. Oganised for the second time with other Malayalee associations in Singapore, it aspires to get the participation of all races. The will be held on 11 September 2016 at the Naval Base Secondary School.
- Sports- The ever enthusiastic sports team continues to organise badminton, soccer, futsal, bowling and cricket tournaments, with active participation from all age groups.
- Women's Wing – They have initiated a series of talks as part of the "Reverberation talks" programme, with ranging from health, beauty and wellness to parenting.
- Children's Activities – To cater to the needs of our young, SMA has organised workshops in the areas of art, music and oratorical skills, all of which have been well attended.
- Welfare group - Going by the increasing turn out of volunteers at the monthly befriending and feeding activities for the elderly residents at Sree Narayana Mission Home, one can only conclude that more are keen on serving society.

Looking forward, SMA is gearing itself to celebrate its 100th Anniversary in 2017 and make it a memorable one. We look forward to get members suggestions on the activities to be organised in this regard. One plan that has been initiated and is on-going is to raise about one million Singapore dollars as bursary for Indian students at the National University of Singapore (NUS). Let's be magnanimous and play our part to make a difference in the lives of others.

At this juncture, it leaves me to thank all SMA members, volunteers, sponsors and well-wishers for their dedicated support and contribution to realise the mission of SMA.

Onaashamsakal and best wishes to all for your continued happiness, health and prosperity.



**N Jayakumar BBM**
President, SMA





# A Magical Experience

## The Modern Montessori Journey

### Nurturing, Education and Inspiring the Leaders of Tomorrow

**Playgroup** (18 months - 2½ years) — PG

**Nursery 1** (2½ - 3½ years) — N1

**Nursery 2** (3½ - 4½ years) — N2

**Kindergarten 1** (4½ - 5½ years) — K1

**Kindergarten 2** (5½ - 6½ years) — K2

CALL US TO KNOW MORE!

MMI Modern® Montessori International (LONDON)

*A LEADER in Montessori Pre-school Education*

**Modern Montessori International Group**

For more information, please contact us at:
MMI Building, 72 South Bridge Road
#01-00 Singapore 058702
Email: enquiry@modern-montessori.com
Website: www.modern-montessori.com
Tel: 6220 8200 Fax: 6220 2400

Like us: **Modern Montessori International Group**

# MESSAGE

Super Star
Padmashri Mohanlal



മനോഹരമായൊരു ഭൂതകാലത്തിന്റെ ഓർമ്മകൾ, പൊന്നിളം വെയിലിനൊപ്പം മുറ്റത്തും തൊടിയിലും, പുനർജ്ജനിക്കുന്ന, ജാതിമത ഭേദമെന്യെ, ഓരോ മലയാളിയും ഹൃദയത്തോടു ചേർത്തുവക്കുന്ന, ഒരേയൊരു ആഘോഷവേള!

ഓണം!!

എവിടെയെല്ലാം മലയാളിയുണ്ടോ, അവിടെയെല്ലാം ആർപ്പുവിളിയുയരുന്ന, ഈ പൊന്നിൻചിങ്ങമാസത്തിൽ, മാവേലിത്തമ്പുരാനെ വരവേൽക്കാൻ, വെമ്പിനിൽക്കുകയാണ്, സവിശേഷമായൊരു സംസ്കാരത്തിന്റെയും സൗന്ദര്യത്തിന്റെയും സമന്വയഭൂമിയായ സിംഗപ്പൂരിലെ മലയാളി കൂട്ടായ്മയും!

അറുപതിനായിരത്തോളം, മലയാളികളുടെ പറുദീസയായ സിംഗപ്പൂരിലെ, ഈ മലയാളി കൂട്ടായ്മ, ലോകത്തിലെ തന്നെ ഏറ്റവും പഴക്കവും പാരമ്പര്യവുമുള്ള മലയാളി അസോസിയേഷനാണെന്ന് പറയാൻ, എനിക്കേറെ അഭിമാനവും സന്തോഷവുമുണ്ട്. പരസ്പര സൗഹൃദത്തിലും സഹവർത്തിത്വത്തിലും, ലോകത്തിലെ മറ്റു മലയാളി അസോസിയേഷനുകൾക്ക്, ഇവരൊരു മാതൃകതന്നെയാണെന്ന ഉൾസാക്ഷ്യവും എനിക്കുണ്ട്.

പ്രവർത്തന സാഫല്യത്തിന്റെ നൂറാം പിറന്നാൾ ആഘോഷിക്കാനൊരുങ്ങുന്ന, സിംഗപ്പൂരിലെ ഈ മലയാളി കൂട്ടായ്മക്കൊപ്പം, ഇത്തവണത്തെ ഓണനാളുകളിൽ, ഏഷ്യാനെറ്റിനൊപ്പം ഞാനുമെത്തുന്നു.

സ്വന്തം നാടിന്റെ, ഓരോ സ്പന്ദനങ്ങളും അടുത്തറിയുന്ന, സിംഗപ്പൂരിലെ പ്രവാസി മലയാളികളുടെ ഇഷ്ടദൃശ്യമാധ്യമമായ ഏഷ്യാനെറ്റിനൊപ്പം, ഞാനുമെത്തുമ്പോൾ; ഈ കൊല്ലത്തെ ഓണാഘോഷരാവിന്, ഇരട്ടിമധുരമേകാനാകുമെങ്കിൽ, എനിക്ക് ഏറെ സന്തോഷം!

വ്യത്യസ്തമായ കലാവിരുന്നുകളിൽ പങ്കുചേർന്നും, ആസ്വദിച്ചും, ആടിയും പാടിയും ആർത്തുല്ലസിക്കാമെന്ന പ്രതീക്ഷകളോടെ,

നിങ്ങളുടെ സ്വന്തം,
മോഹൻലാൽ



# Rhythms Aesthetic Society

## School for the Indian Fine Arts

*Rhythms Aesthetic Society, is an organisation, recognised by the National Arts Council of Singapore. It provides quality Indian Fine Arts education to the heart-landers.*







**CARNATIC** - Vocal / Veena / Violin / Mridangam

**HINDUSTANI** - Tabla

**WESTERN** - Keyboard / Guitar / Music Theory

**BHARATHANATYAM**

*Qualified Professional Instructors from India*
*Structured Syllabus*
*Annual Examinations*
*Annual Performances*
*CCA / CIP Points*

**Rhythms Aesthetic Society**
Blk 102 Yishun Avenue 5 #04-107 Singapore 760102

**Darma Muneeswaran Temple Academy**
**in collaboration with**
**Rhythms Aesthetic Society**
17 Serangoon North Avenue 1 Singapore 555894



**Tel: 62570819 I Fax: 6257 4937 I Email: rhythms.india@yahoo.com.sg I Website: rhythms.org.sg**

# MANAGEMENT COMMITTEE 2015-2017


Gopinath Pillai
BBM, BBM(L)
**Chief Advisor**


M M Dollah
**Advisor**


P K Koshy
**Advisor**


Jayakumar N BBM
**President**


P S Prem
**Vice President**


Syam
**Hon. Gen. Secretary**


Raj Nair
**Hon. Treasurer**


Sreekant APV
**Hon. Asst. Gen. Secretary**


MC Mathai
**Hon. Asst. Treasurer**


Dinesh Kumar
**Cultural Secretary**


Rajesh Chandran
**Sports Secretary**


Badarudeen M
**Welfare Secretary**


Padma Naayar
**Organising Secretary**


Kamala Nair
**Member, MC**


Dr Deepthy Nair
**Member, MC**


Sivaraman Nair
**Member, MC**


Savant Raj
**Member, MC**


Ullas Kumar CS
**Member, MC**


Rajesh Kumar
**Member, MC**

## LEGAL ADVISOR



Chandramohan Nair PBM

## INTERNAL AUDITORS



Suresh Kumar B



Muraleedharan VV

## TRUSTEES



Dr V P Nair PBM



KO George



H Abdul Samad



Viswa Sadasivan

## CULTURAL COMMITTEE 2015 - 2017



Dinesh Kumar
**(Chairman)**



Rajesh Kumar



Ullas Kumar CS



Savant Raj



Dileep



Rajesh Chandran



Rajesh R Nair



Syam Kumar
Prabhakaran



Sreekanth APV



Anil Vattalai



Mujeeb Rahiman

# SMA KIDS' CLUB


Ambili Kishore


Indu Nair


Pramod RB


Dr. Sunitha Nair


Rajaneesh Krishnan


Sathian Pookkuttath

# PUBLICATIONS COMMITTEE


Krishna Kumar


Padma Nayar


Ullas


Geethakrishnan


Anil Kumar


Shreekanth


Pia Kumar


Padma Kumar


Muraleedharan


Dileep


Chandana Dileep


Jayakumar N BBM
**ex-officio**


Syam
**ex-officio**

# MEMBERSHIP COMMITTEE


Nithin S.


Padma Nayar


Muraleedharan


Shreekanth


Rajesh R Nair

# ORGANIZATION COMMITTEE


Jayakumar N BBM
**ex-officio**


Padma Naayar


Muraleedharan


Indu Jaydev


Sujatha Menon


P S Prem
**Vice President**


Syam
**ex-officio**

# CONSTITUTIONAL REVIEW COMMITTEE


Chandramohan Nair PBM


Rajesh Sreenivasan


Ullas Kumar CS


Naleeza Ebrahim


Jayakumar N BBM


Syam


P S Prem


Sambasivan


Raadhi Nayar

# VARNAM TEAM



**Varnam Artists**

**1st Row:** Jayanthi Menon, Dileep, Ashley, Jaleela Niaz, Sajeevkumar, Rajesh Paravoor
**2nd Row:** Rajaneesh, Anil Kariseril, Deepa Madan, Jayashankar, Radhika Suresh, Jithin James, Lakshmy Iyer
**3rd Row:** Sheena Bharathan, Anila Ayilliath, Navanitha, Suhas Sudhakaran, Bimalraj, Rahul Nair, Dhilna Amar
**4th Row:** Shreekant Plappally, Saranjith, Aswathi Raj, Latha Jayaram, Kalyani Anil, Jismon Thomas, Ramesh Karma.

# WELFARE COMMITTE



Badarudeen M
**(Chair Person)**



Kamala Nair



Ullas Kumar CS



Jayakumar N BBM



Rajesh Kumar



Dinesh Kumar



Indu Jaydev



Krishnalal PV



Rajamma Pillai



Sujatha Menon



Laila Karim



Sindhu




## SPORTS COMMITTEE


Rajesh Chandran
***sports secretary***


B. Suresh Kumar
***Badminton***


Pradeep Kumar
***Badminton***


Rajendran
***Badminton***


Savant Raj
***Badminton***


Jithin Raj
***Cricket***


Rakesh Panicker
***Cricket***


Sreejith Ganesan
***Cricket***


Johnwin Johnrose
***Cricket***


Johny Jacob
***Soccer***


Sreejith Ravi
***Soccer***


Ajith Puravankara
***Soccer***


Madhu Vadakkepat
***Volunteer***


Nowshad Ali
***Volunteer***


Rajesh Thaniyath
***Volunteer***


Ramalingom Iyer
***Volunteer***


Rajeev Variyar
***Sports Events Photography***

# LADIES WING WORKING COMMITTEE



***Sitting from L to R*** *- Dr Deepthy Nair (Chairperson); Padma Nayar; Rajamma Pillai (Vice President); Hema Shivaramakrishnan*

***Standing from L to R*** *- Gayatri Gopal; Sunita Nair; Indulekha Jeyadev*
***Not in Picture:*** *Lakshmy Iyer; Amala Menon; Chitra Krishnakumar; Rita Kurup; Bindhu Rajendran*

# SMA - LADIES WING



# Onam Nite 2015

## Bharatham Keralam

Esplanade Theatre, 13 Sep 2015
















































# Karunyam2016





# സാക്ഷി

ടി പത്മനാഭൻ

തടാകത്തിലേക്കും തടാകത്തിനപ്പുറമുള്ള കുന്നുകളിലേക്കും നോക്കിക്കൊണ്ടു വളരെ നേരമിരുന്നപ്പോൾ രൂപമില്ലാത്ത, കാണാൻ കഴിയാത്ത, ആരോ ഒരാൾ തന്നെ അകലെനിന്ന് വീണ്ടും വീണ്ടും വിളിക്കുന്നുണ്ടെന്ന് അയാൾക്ക് തോന്നി. അയാൾ കണ്ണടച്ച് അനങ്ങാതെ ചെവിയോർത്തുനിന്നു. ഒഴിവു ദിവസമായിരുന്നുവെങ്കിലും പണിക്കാർ പാറ പൊട്ടിക്കുന്ന ശബ്ദവും മണ്ണു നീക്കുന്ന യന്ത്രങ്ങളുടെ മുഴക്കവും ലോറികളിൽനിന്ന് ഇരുമ്പുപാളങ്ങൾ തള്ളിയിടുമ്പോൾ ഉണ്ടാകുന്ന ഘോഷവും സിമന്റും കരിങ്കൽച്ചില്ലുകളും വലിയ കടാഹങ്ങളിൽ....

പക്ഷേ, അതിന്റെയൊക്കെ മുകളിലായി അയാൾക്കുമാത്രം കേൾക്കാൻ കഴിയുന്ന, ഒരു കൊച്ചുപക്ഷി ആയാസരഹിതമായി തടാകത്തിന്റെ മുകളിലൂടെ വെള്ളം തൊട്ടുതൊട്ടില്ല എന്ന മട്ടിൽ അയാളുടെ നേരെ പറന്നുവരുന്നതുപോലെയുള്ള...

നേരം ഉച്ചയാകാറായിരുന്നു.

അടുക്കളയിൽനിന്നു വേലക്കാർ അമർത്തിപ്പിടിച്ച സ്വരത്തിൽ സംസാരിക്കുന്നതു വ്യക്തമായി കേൾക്കാം. മസാലയിൽ വേവുന്ന ഇറച്ചിയുടെ ഗന്ധം അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നു. അയാൾ അൽപനേരം എന്തോ ഓർത്തുനിന്നശേഷം വെളിയിലേക്കിറങ്ങി തടാകം ലക്ഷ്യമാക്കി നടന്നു.

അയാളുടെ ഭാര്യ മുറിയിൽ സുഖമായി കിടന്നുറങ്ങുകയായിരുന്നു.

വെയിലിനു നല്ല ചൂടുണ്ടായിരുന്നുവെങ്കിലും അൽപം മുമ്പുമാത്രം തോർന്ന മഴയുടെ തുള്ളികൾ തെറിപ്പിച്ചുകൊണ്ട് മഞ്ഞക്കിളികൾ പറന്നുപോയി. അയാൾ പാത വിട്ട് ഊടുവഴിയിലൂടെ നടന്നു. തമിഴ്നാട്ടിൽനിന്നും തെലുങ്കുനാട്ടിൽനിന്നും വന്ന പ്രാകൃതരായ ജോലിക്കാർ വലിയ `പൊക്കണ`ങ്ങളുമായി `കലപില`യെന്നു സംസാരിച്ചുകൊണ്ട് അയാളെ കടന്നുപോകുന്നതോ വേലിപ്പടപ്പുകൾക്കപ്പുറത്തുനിന്ന് കറമ്പിപ്പശുക്കൾ തലയുയർത്തി നോക്കുന്നതോ അയാൾ കാണുന്നുണ്ടായിരുന്നില്ല. അയാളുടെ മുമ്പിൽ തടാകമായിരുന്നു. വർഷത്തിൽ നിറഞ്ഞുനിൽക്കുന്നതും ഇരുണ്ടതുമായ തടാകം. തടാകത്തിലെ ജലത്തിൽ കുന്നുകൾ പ്രതിഫലിച്ചു നിന്നു. മേഘങ്ങളെ കെട്ടിപ്പുണർന്നു നിൽക്കുന്ന കുന്നുകളുടെ അടിവാരത്തിലുള്ള ശ്യ ാമവും നിബിഡവുമായ കാടുകളിൽ.... അയാളോർത്തു: കാടുകളിൽ ചെമ്പക പൂക്കൾ വിരിഞ്ഞു നിൽക്കുന്നുണ്ടാകും. ചെമ്പകാശോക പുന്നാഗസൗഗന്ധികലസൽകചാകുരുവിന്ദ മണി ശ്രേമീകനൽ കോടീരമണ്ഡിതാ...

അടഞ്ഞുകിടക്കുന്ന വാതിൽ തള്ളിത്തുറന്നുകൊണ്ട് ശീതക്കാറ്റ് മുറിയിലേക്ക് ആഞ്ഞടിക്കുന്നതുപോലെ മനസ്സിൽ പഴയ ഓർമ്മകൾ ഇരമ്പിക്കയറി. വർഷത്തിലെ മൂടിക്കെട്ടി നിൽക്കുന്ന സായംസന്ധ്യകൾ; പുറത്ത് ഒരു താളക്രമത്തിനനുസരിച്ച് കയറുകയും ഇറങ്ങുകയും ചെയ്യുന്ന മഴയുടെ സംഗീതവും ശ്രദ്ധിച്ചുകൊണ്ട് രാത്രി ഉറങ്ങാതെ കിടക്കുന്ന ഒരു കുട്ടി..

ഊടുവഴിയിൽനിന്ന് അയാൾ തടാകത്തിന്റെ കരയിലേക്കു പോകുന്ന പാതയിലേക്കിറങ്ങി. പണി പൂർത്തിയായിട്ടില്ലാത്ത പാതയിലൂടെ നടക്കുമ്പോൾ അയാൾ ആലോചിക്കുകയായിരുന്നു: എത്ര കൊല്ലമായി ഇവിടെ വന്നിട്ട്? നാലായോ....? ഇല്ല, നാലു തികയാൻ പോകുന്നു....

ആദ്യം അകലെയുള്ള കമ്പനിയുടെ മാനേജർമാർ വന്നു. അവരുടെ കൂടെ വെള്ളക്കാരും നാട്ടുകാരുമായ എഞ്ചിനീയർമാരുമുണ്ടായിരുന്നു. അയാളും ആ കൂട്ടത്തിലുണ്ടായിരുന്നു. അന്ന് അവിടെ തടാകമുണ്ടായിരുന്നില്ല. കുന്നുകൾക്കിടയിലായി നീണ്ടുകിടക്കുന്ന ഒരു താഴ്‌വര മാത്രമായിരുന്നു.

താഴ്‌വരയിൽ ആളുകൾ തലമുറകളായി കൃഷിചെയ്തു പോന്നു.

പക്ഷേ, അങ്ങനെ അധികനാൾ കൃഷിചെയ്തു പോരാൻ അവർക്കു കഴിഞ്ഞില്ല. പുതുതായി വെട്ടിയ പാതയിലൂടെ കൂറ്റൻ യന്ത്രങ്ങൾ ഞരങ്ങിക്കൊണ്ടു വന്നു. പാറപൊളിക്കുന്ന യന്ത്രങ്ങൾ; മണ്ണുനീക്കുന്ന യന്ത്രങ്ങൾ, കോൺക്രീറ്റ് കുഴയ്ക്കുന്ന യന്ത്രങ്ങൾ. കാണെക്കാണെ താഴ്‌വരയിലേക്കു വിലങ്ങനെ കരിങ്കല്ലുകൊണ്ടുള്ള ഒരണക്കെട്ട് ഉയർന്നുവന്നു. അകലെയുള്ള നദിയിൽനിന്ന് എഞ്ചിനീയർമാർ തോട്ടുകീറി വെള്ളം താഴ്‌വരയിലെത്തിച്ചു. അതോടൊപ്പം കോപാകുലയായി, അലറിപ്പാഞ്ഞു പോകുന്ന ഒരുന്മാദിയെപ്പോലെ കാലവർഷവും വന്നു.

പിന്നീട് അവിടെ താഴ്‌വര ഉണ്ടായിരുന്നില്ല.

പഴയ ഒരു ജനപദം അയാൾ നോക്കി നിൽക്കെ മാഞ്ഞുപോയി.

ഇരുപത്തിനാലു മണിക്കൂറും കള്ളുഷാപ്പിൽ കഴിയുന്നവനെങ്കിലും നല്ലവനും ഉപകാരിയുമായ ശങ്കർ; സർവസ്വവും കുടിച്ചു തുലച്ച കൃഷ്ണൻ നായർ ; ഒരു ജീവിതകാലം മുഴുവൻ `നാളത്തെ പൗരന്മാരെ` വാർത്തെടുക്കാൻവേണ്ടി അത്യധ്വാനം ചെയ്തതിനുശേഷം ഒടുവിൽ `ലാൻഡ് അക്വിസിഷൻ` ഉദ്യോഗസ്ഥന്മാരുടെ വെട്ടിൽ വീണുപോയ പിള്ളസാർ; ആദ്യമായി അവിടെ റബ്ബർതോട്ടം വെച്ച മത്തായി ; പുറമ്പോക്കു ഭൂമി കൈയ്യേറുന്നത് ഒരു കലയും ബിസിനസ്സുമാക്കി മാറ്റിയ മാത്യു; വഴി പിഴപ്പിക്കപ്പെട്ടു പോയ കുട്ടിയമ്മ; `ഒടുവിലത്തെ വിപ്ളവ`ത്തെക്കുറിച്ചു സങ്കൽപങ്ങൾ ചമയ്ക്കുന്ന പൊതുപ്രവർത്തകനായ പരമേശ്വരൻ നായർ; തന്നിലും എത്രയോ വയസ്സു കുറഞ്ഞ ഒരു പയ്യന്റെകൂടെ ഒളിച്ചോടിപ്പോയ അമ്മയെക്കുറിച്ചുള്ള അപമാനഭാരത്താൽ വെന്തുരുകി നടന്ന അയ്യപ്പൻകുട്ടി... അങ്ങനെ എത്രയെത്ര മുഖങ്ങൾ!

എല്ലാവരും പോയി.

പഴയ ശ്മശാനങ്ങൾക്കു മുകളിലായി ഒരു പുതിയ ഫാക്ടറിയും ഒരു പുതിയ ജനപദവും ഉയർന്നുവന്നു. കണ്ണൂരിൽനിന്നും കല്ലടയിൽനിന്നും വന്നവർ; ആന്ധ്രയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ഉത്തരപ്രദേശത്തുനിന്നും ബീഹാറിൽനിന്നും വന്നവർ. ചെറുപ്പക്കാർ, മദ്ധ്യവയസ്കർ...

അയാൾ എല്ലാറ്റിനും സാക്ഷിയായിരുന്നു. ആരുമറിയാതെ ആ മഹാനാടകത്തിന്റെ കൊച്ചുകുറിപ്പുകളെഴുതി ആത്മാവിന്റെ അഗാധതലങ്ങളിൽ അയാൾ ഒളിപ്പിച്ചുവെച്ചു.

ചിലപ്പോൾ പഴയ സുഹൃത്തുക്കളെ എവിടെവെച്ചെങ്കിലും കണ്ടുമുട്ടിയാൽ– അയാൾക്കു സുഹൃത്തുക്കൾ കുറവായിരുന്നു– അവർ ചോദിക്കും:

`തനിക്കൊരു നോവൽ എഴുതരുതോ?`

അയാൾ ഒന്നും പറയില്ല. സുഹൃത്തുക്കൾ വീണ്ടും പറയും:

`എത്ര കാലമായി എന്തെങ്കിലും എഴുതിയിട്ട്! നോക്കൂ, ആളുകൾ തന്നെ ഇപ്പോൾ ഓർക്കുന്നതേയില്ല. എഴുതു, എന്തെങ്കിലും എഴുതു...`

അയാൾ പുഞ്ചിരിക്കുക മാത്രം ചെയ്യും. പക്ഷേ, പുഞ്ചിരി പുറത്തു മാത്രമായിരുന്നു. ഉള്ളിൽ ഉമിത്തീയായിരുന്നു. ആരോടും ഒന്നും പറഞ്ഞില്ല. പറഞ്ഞാൽ ആർക്കും ഒന്നും മനസ്സിലാവുകയില്ല.

തീ സദാ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്നു.

അയാൾക്ക് എന്തെന്നില്ലാത്ത ഖേദമുണ്ടായിരുന്നു. പക്ഷേ, എന്നിട്ടും അയാൾ എഴുതിയില്ല. രാത്രിയുടെ ഏകാന്തനിശ്ശബ്ദതയിൽ അയാൾ എന്തിനെന്നില്ലാതെ ഞെട്ടിപ്പിടഞ്ഞെഴുന്നേൽക്കുമ്പോൾ വാരിയെല്ലുകൾക്കിടയിലൂടെ മൂർച്ചയേറിയ നാരായം പോലെ ആ ഓർമ്മ...

കുട്ടിയെ അരികിലിരുത്തി ഒരമ്മ വെയിലത്തു കരിങ്കൽച്ചില്ലുകൾ അടിച്ചടയ്ക്കുന്നുണ്ടായിരുന്നു. അവളുടെ വിയർത്തൊലിക്കുന്ന പുറവും ഒരേ ക്രമത്തിൽ പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്ന കോലുപോലുള്ള കൈയും മാത്രമേ അയാൾ ആദ്യം കണ്ടുള്ളു. പിന്നീട് കുട്ടിയെയും കണ്ടു. കുട്ടി നിവർത്തിവെച്ച ഒരു കീറക്കുടയുടെ തണലിലിരുന്ന് ഒരു പഴയ കുണ്ടൻ ഇനാമൽ പിഞ്ഞാണത്തിൽനിന്നും ചോറു വാരിത്തിന്നുകയായിരുന്നു. കുട്ടിയുടെ കുപ്പായം ചളിപുരണ്ടതും കീറിപ്പറിഞ്ഞതുമായിരുന്നു; കുട്ടി കുളിച്ചിട്ട് എത്രയോ ദിവസങ്ങളായിരുന്നു. എണ്ണ കാണാത്ത, മയമില്ലാത്ത ചെമ്പിച്ച മുടി കുട്ടിയുടെ തോളിൽ വീണുകിടക്കുന്നുണ്ടായിരുന്നു....

കുട്ടി പിഞ്ഞാണത്തിലെ ചോറിൽ മുഴുകിയിരിക്കയായിരുന്നു. കുനിഞ്ഞിരുന്ന് ഓരോ പ്രാവശ്യവും ഏതാനും വറ്റുകൾ മാത്രം പെറുക്കിയെടുത്തു തിന്നുകൊണ്ടിരുന്ന കുട്ടിയുടെ മുമ്പിൽ അയാൾ അനങ്ങാതെ നിന്നു. പെട്ടെന്നു കുട്ടി തലയുയർത്തി നോക്കി.

അപരിചിതനായ ഒരാൾ തന്നെത്തന്നെ നോക്കി നിൽക്കുന്നതു കണ്ടപ്പോൾ കുട്ടിക്കു പരിഭ്രമവും ഭയവുമുണ്ടായി. അയാൾ പുഞ്ചിരിച്ചുകൊണ്ടു കൈ നീട്ടിയപ്പോൾ കുട്ടി പതുക്കെ ചോറ്റുപാത്രം പുറകിലേക്ക് ഒളിപ്പിച്ചു വെച്ചു. സംശയം നിഴലിക്കുന്ന വലിയ കണ്ണുകൾ കുട്ടി അയാളുടെ മുഖത്തുനിന്നെടുത്തതേയില്ല.

പറഞ്ഞറിയിക്കാൻ കഴിയാത്ത ദുഃഖത്തിൻ കയത്തിൽ അയാൾ പതുക്കെ മുങ്ങിപ്പോയി.

നിലാവുള്ള രാത്രികളിൽ ചാണകം മെഴുകി വൃത്തിയാക്കിയ മുറ്റത്ത് മണ്ണെണ്ണ വിളക്കിന്റെ മുമ്പിലിരുന്നുകൊണ്ട് അമ്മ ചോറു വിളമ്പിത്തന്നിരുന്നത് അയാൾ ഓർത്തു.

(വീട് ഇപ്പോഴില്ല; ചാണകം മെഴുകി വൃത്തിയാക്കിയ മുറ്റവുമില്ല. അത്ര സ്നേഹത്തോടെ ചോറു വിളമ്പിത്തരുവാനും ആരുമില്ല. അമ്മ ഇപ്പോഴും ജീവിച്ചിരിക്കുന്നു. പക്ഷേ, അയാൾ അമ്മയിൽനിന്നും വളരെ

ടി. പത്മനാഭൻ
15, [illegible] നഗർ
പള്ളിക്കുന്ന്
കണ്ണൂർ - 670004

8-7-2016

പ്രിയസുഹൃത്തേ,

സിംഗപ്പൂർ മലയാളി
അസോസിയേഷൻ ഈ വർഷവും ഓണം
[illegible] പരിപാടികളോടെ [illegible]
ഭംഗിയായി കൊണ്ടാടുവാൻ തീരുമാനി-
ച്ചിട്ടുണ്ടെന്നറിയുന്നു. നിങ്ങളുടെ ഉദ്യമം
[illegible] എല്ലാവിധ ആശംസകളും നേ-
രുന്നു.

സ്നേഹപൂർവ്വം

നിങ്ങളുടെ
ടി. പത്മനാഭൻ

Phone
0497-2-746421

അകലെയാണ്. ദൂരംകൊണ്ടു മാത്രമല്ല, പ്രായംകൊണ്ടു മാത്രമല്ല...)

വേദനയോടെ അയാളോർത്തു: എനിക്കു കുട്ടികളുമില്ല...

സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന ചിറകുകളോടുകൂടിയ ഒരു ശലഭം ആകാശത്തുനിന്ന് അടർന്നു വീണതുപോലെ വന്ന് അയാൾക്ക് ചുറ്റും പറക്കുവാൻ തുടങ്ങി. അയാൾ കൈനീട്ടിയപ്പോഴൊക്കെ അതു തെന്നിമാറി. കുട്ടി അതുകണ്ടു ചിരിക്കുവാൻ തുടങ്ങി. അപ്പോൾ അയാളും ചിരിച്ചു. തിളങ്ങുന്ന ചിറകുകളോടുകൂടിയ ആ ശലഭവും കുട്ടിയും അയാളും...

കൊടുമുടിയിൽ കഴുകൻ വസിക്കട്ടെ.

കൊടുതാം സിംഹം ഗുഹയിലും വാഴട്ടെ.

വാടിവോലും തങ്കക്കുന്നേ നിൻ പൂന്തൊരീ

നെടിയ കാടാർന്ന സാനുവിൽ മേവും ഞാൻ...

വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ആലോചിക്കുകയായിരുന്നു. ഈ തങ്കക്കുന്നിന്റെ നെടിയ കാടാർന്ന സാനുവിൽ കുറച്ചുകൂടികഴിഞ്ഞാൽ പൂക്കൾ കാണുകയില്ല. ഫാക്ടറിയിൽനിന്നു വമിക്കുന്ന ഗന്ധകപ്പുകയേറ്റ് തളിരുകളും പൂക്കളും കരിഞ്ഞുപോകും. ഇവിടെ പക്ഷികളുണ്ടാവുകയില്ല; ശലഭങ്ങളുണ്ടാവുകയില്ല. ഈ കാടുപോലും ഒരു ഓർമ്മ മാത്രമായവശേഷിക്കും.

അയാൾ വീട്ടിലെത്തിയപ്പോൾ നേരം വൈകിയിരുന്നു. ഭാര്യ മുറിയിലിരുന്നു വേഷമണിയുകയായിരുന്നു.

ഭാര്യ പറഞ്ഞു:

`ഇന്ന് മിസ്സിസ് മുഖർജിയുടെ പാർട്ടിയാണ്. യു മസ്റ്റ് ഗെറ്റ് റെഡി സൂൺ...`

അയാൾ കണ്ണാടിയുടെ മുമ്പിലിരുന്നു പകലുറക്കംകൊണ്ടു വീർത്ത കൺപോളകളിലും കവിളത്തും ചായം പുരട്ടുന്ന സ്ത്രീയെ നോക്കി അത്ഭുതപ്പെട്ടു. ആരാണിത്?

എന്റെ ഭാര്യയോ?

അയാൾക്ക് എന്തെന്നില്ലാത്ത മടുപ്പുതോന്നി. അയാൾക്ക് ഒരു മുഖർജിയുടെ പാർട്ടിക്കും പോകണമെന്നുണ്ടായിരുന്നില്ല; ആരെയും കാണണമെന്നുമുണ്ടായിരുന്നില്ല; പക്ഷേ, വയ്യ, വയ്യ....

അന്തിമയങ്ങുന്നതിനുമുമ്പായി ഭാര്യയെയും കൂട്ടി പതിനെട്ടു നാഴിക അകലെയുള്ള തുറമുഖപട്ടണത്തിലെ വലിയ ഹോട്ടലിലേക്ക് അയാൾ കാറോടിച്ചു പോയി.

ഹോട്ടലിലെ രാത്രി.

സിഗാറിന്റെയും വിസ്കിയുടെയും രൂക്ഷമായ ഗന്ധം. അരിച്ചരിച്ചു വരുന്ന നേർത്ത സംഗീതം. സംഗീതത്തെ അമർത്തിക്കളയുന്ന പൊള്ളച്ചിരികൾ, കുശുകുശുക്കലുകൾ. വീരവാദങ്ങൾ, സ്കാൻഡലുകൾ...

ധ്യാനലീനനായ ഒരു യോഗിയെപ്പോലെ അയാൾ ജനലരികിലിരിക്കുന്നു.

മുമ്പിൽ മുക്കാലും തീരാറായ ഗ്ലാസ്; എരിഞ്ഞടങ്ങുന്ന സിഗാർ... ചുറ്റും ഡാക്രോൺ, ടെറിലിൻ, ലിപ്സ്റ്റിക്ക്, റൂഷ്, ഹേർസ്പ്രേ...

മിസ്സിസ് മുക്കർജി:

`ലെറ്റ് മി ഹേവ് എ ലിറ്റിൽ മോർ...`

`ഡാർലിങ്ങ്, യു മസ്റ്റ് നോട്ട്...`

മിസ്റ്റർ ശർമ്മ:

`ഡോണ്ട് ബി സില്ലി! ലെറ്റ് ഹേവ് ആഫ്റ്റ്റാൾ...`

മിസ്സിസ് പിള്ള:

`ഇവന്റെയൊക്കെ ഒരു കുന്ത്രാണ്ടം. കുട്ട്യോളുടെ അച്ഛനും എനിക്കും മാസത്തിലൊരിക്കൽ ഗുരുവായൂരിൽ പോയില്ലെങ്കിൽ...`

മിസ്സിസ് ശർമ്മ:

`ഐ സേ, വാട്ടീസ് റോങ് വിത്ത് യുവർ ഹസ്ബൻഡ്? ഹി ഹേസ് ബിക്കം സോ മൂഡി ആൻഡ് എല്യൂഫ്!`

മിസ്സിസ് മുക്കർജി:

`ഐ അണ്ടർസ്റ്റാൻഡ് ഹിയീസ് എ പോയറ്റ്. വാട്ട് ഡസ് ഹി റൈറ്റ്?`

അയാളുടെ ഭാര്യ:

`ഐ ഡോണ്ട് നോ`.

അകലെയുള്ള കപ്പലുകളിലെ വിളക്കുകൾ അയാളെ നഗ്നനാക്കി കണ്ണുചിമ്മി.

അയാൾ കുണ്ഠിതത്തോടെ നെടുവീർപ്പിട്ടു.

ശാന്തശീതസമീരനിൽ

ചാഞ്ചാടും പാതിരാദീപ

ജ്ജ്വാലാപത്മദളങ്ങളിൽ...!

ഗ്രീഷ്മത്തിലെ തെളിനീരുള്ള പുഴ; പുഴക്കരയിൽ അടിമുതൽ മുടിവരെ പൂത്തുനിൽക്കുന്ന നീർമരുതിൻ കൂട്ടങ്ങൾ; മുളങ്കാടുകൾ. കുളി കഴിഞ്ഞ് അമ്പലത്തിലേക്കു പോകുന്ന പ്രഭാതപുഷ്പംപോലെയുള്ള ഒരു പെൺകുട്ടി...

അയാളുടെ ഭാര്യ അയാളെ കുലുക്കിവിളിച്ച് എന്തോ ചോദിച്ചു.

അയാൾ പതുക്കെ പറഞ്ഞു: `ഒന്നുമില്ല, ഒന്നുമില്ല...`



# ടി. പദ്മനാഭൻ: ദൈവത്തിന്റെ തിടമ്പേറ്റുന്ന കൊമ്പൻ

**ടി. സുരേഷ്കുമാർ**
**സിങ്കപ്പൂർ മലയാളി സാഹിത്യ സമിതി**

എം. പി. പോളിന്റെ നിരൂപണസമ്പ്രദായത്തിന്റെ 'മാനിഫെസ്റ്റോ' എന്നു വിശേഷിപ്പിക്കപ്പെടുന്ന 'സൗന്ദര്യനിരീക്ഷണം' എന്ന കൃതി, സൗന്ദര്യത്തിന്റെ രഹസ്യമെന്തെന്ന അതിസങ്കീർണമായ വിഷയത്തെയാണ് വിശകലനം ചെയ്യുന്നത്. ഇത് സൗന്ദര്യം വസ്തുനിഷ്ഠമോ ആത്മനിഷ്ഠമോ എന്ന അന്വേഷണത്തെ താർക്കികകലയുടെ യുക്തിഭദ്രതയിൽ വായനക്കാർക്കു മുമ്പിൽ അവതരിപ്പിക്കുന്നു. മലയാളത്തിലെ ആദ്യത്തെ സൗന്ദര്യശാസ്ത്രഗ്രന്ഥമെന്നു കരുതപ്പെടുന്ന പ്രസ്തുത കൃതി സൗന്ദര്യത്തിന്റെ ഉത്പത്തിക്ക് അധിഷ്ഠാനമായ ബാഹ്യലോകത്തിലെ ചില ഭൗതികഗുണങ്ങളെപ്പറ്റി പരാമർശിക്കുമ്പോൾ, എം. പി. പോൾ പതിനെട്ടാം നൂറ്റാണ്ടിലെ പ്രസിദ്ധ ബ്രിട്ടീഷ് രാഷ്ട്രീയ ചിന്തകൻ എഡ്മണ്ട് ബർക്കിന്റെ 'On the Sublime and Beautiful' എന്ന പുസ്തകത്തിലെ ചില കാര്യങ്ങൾ സംക്ഷേപിച്ചവതരിപ്പിക്കുന്നുണ്ട്. തന്റെ ഗ്രന്ഥത്തിൽ 'രമണീയം', 'മഹനീയം' എന്നിവ തമ്മിലുള്ള വ്യത്യാസം പ്രകടിപ്പിക്കുന്നിടത്ത് ബർക്ക് പ്രാസംഗികമായി രമണീയത്തിന്റെ ചില ഭൗതികഗുണങ്ങളെ എടുത്തുകാണിക്കുന്നുവെന്ന് സൂചിപ്പിച്ച ശേഷം എം.പി. പോൾ അവയെ ഇങ്ങനെ ഉപവർണനം ചെയ്യുന്നു.

രമണീയമായ വസ്തുക്കൾ പ്രായേണ ചെറുതായിരിക്കണമെന്നാണ് ബർക്കിന്റെ ഒരു സിദ്ധാന്തം. ഇതിനെ എം.പി. പോൾ വിശദീകരിക്കുന്നതിങ്ങനെയാണ്. രമണീയവസ്തുക്കളിൽ ഏതാണ്ടൊരു ഒതുക്കവും കൃശത്വവും നാം ദർശിക്കുന്നു. വലിപ്പം കൂടുമ്പോൾ രമണീയതയല്ല, മഹനീയതയുടെ പ്രതീതിയാണ് നമ്മിലുളവാകുന്നത്. ഈ സിദ്ധാന്തമനുസരിച്ച് സൂര്യോദയമോ ഹിമാലയപർവതമോ രമണീയമായ കാഴ്ചയാണെന്ന് പറഞ്ഞുകൂടാ. അവ മഹനീയമായ കാഴ്ചകളാണ്. കാളിദാസന്റെ ഹിമാലയവർണനയിൽ, രമണീയമായ അംശങ്ങൾ അവിടവിടെ കാണുന്നുണ്ടെങ്കിലും ആകെക്കൂടി നോക്കുമ്പോൾ മഹത്വമാണു മുന്നിൽ നില്ക്കുന്നത്. "ദേവതാത്മാ ഹിമാലയോ നാമ നഗാധിരാജഃ" എന്ന പാദത്തിലെ ആകാരാന്തധ്വനിതന്നെ ഇതിനു ദൃഷ്ടാന്തമാണ്. 'സൗന്ദര്യനിരീക്ഷണ'ത്തിൽ എം. പി. പോൾ ബർക്കിനെ ഉദ്ധരിച്ചുകൊണ്ട് തുടർന്നുപറയുന്ന കാര്യങ്ങളൊന്നു ചിട്ടപ്പെടുത്തിയാൽ:

- സുന്ദര(രമണീയ)വസ്തുക്കൾ മനസ്സിനെ സുഖത്തിലാറാടിക്കുമ്പോൾ, വലിപ്പമുള്ള(മഹനീയ)വസ്തുക്കൾ മനസ്സിനെ പിടിച്ചുയർത്തുന്നു. രമണീയവസ്തുക്കൾ പ്രേമത്തോടു സാദൃശ്യമുള്ള ഒരു വികാരം നമ്മിൽ ജനിപ്പിക്കുന്നു. നമ്മിലുള്ള സ്ഥൂലതയെല്ലാം ദ്രവിപ്പിക്കുന്നു.
- രമണീയവസ്തുക്കളിൽ സൗന്ദര്യവും മഹനീയവസ്തുക്കളിൽ ശക്തിയും പ്രതിഫലിക്കുന്നു.
- സൗന്ദര്യത്തിനാസ്പദമായ മറ്റൊരു ഗുണം മാർദവമാണെന്നു ബർക്ക് കണക്കാക്കുന്നു. അഴകും പരുപരുപ്പും തമ്മിൽ പൊരുത്തമില്ല.
- ആകൃതിയെ സംബന്ധിച്ച ബർക്ക് പറയുന്നത് സുന്ദരമായ വസ്തുക്കളിലൊന്നിലും ഋജുരേഖ മുന്നിട്ടു നിൽക്കുന്നില്ല എന്നാണ്. അഴകുള്ള ഏതു വസ്തുവിലും വളവു കാണാതിരിക്കില്ലെന്നും ആ വളവ് പൊടുന്നനെയുള്ളതല്ലെന്നുമാണ് അദ്ദേഹത്തിന്റെ വാദം.

[ഈ ഭാഗം വിശദീകരിക്കുമ്പോൾ എം.പി. പോൾ ഈജിപ്റ്റിലെ സ്തൂപങ്ങളെയും നമ്മുടെ താജ്മഹലിനെയും താരതമ്യം ചെയ്യുന്നുണ്ട്. വലിപ്പംകൊണ്ട് രണ്ടും മഹനീയമെങ്കിലും, താജ്മഹൽ രമണീയമോ മഹനീയമോ എന്നു ബർക്കു സംശയിച്ചേക്കാമെന്ന് എം.പി. പോൾ അദ്ഭുതപ്പെടുന്നു. വലിപ്പംകൊണ്ടും ഋജുരേഖകൾ വക്കു തീർക്കുന്ന ജ്യാമിതീയ ഘടനകൊണ്ടും പിരമിഡ് മഹനീയവസ്തുക്കളുടെ വർഗീകരണത്തിൽപ്പെടുമ്പോൾ, മിനുസ്സമാർന്ന താഴികക്കുടങ്ങളുടെ വളവും അല്പം അകലെനിന്നു നോക്കുമ്പോൾ അംഗങ്ങളുടെ സമീചീനമായ പൊരുത്തംകൊണ്ടു തോന്നിയേക്കാവുന്ന ഓമനത്തവും താജ്മഹലിനെ രമണീയവസ്തുക്കളുടെ കൂട്ടത്തിൽ ബർക്ക് ഉൾപ്പെടുത്തിയേക്കാമെന്ന് അദ്ദേഹം അനുമാനിക്കുന്നു.]

- ഏറെക്കുറെയുള്ള ദുർബലത, കണ്ണു മഞ്ഞളിപ്പിക്കുന്ന വർണങ്ങളുടെ അഭാവം, വർണങ്ങളുടെ നാനാത്വം, സ്വച്ഛമായ വെളിച്ചം തുടങ്ങിയ ഭൗതികഗുണങ്ങളും സൗന്ദര്യത്തിന്നാധാരമായി സങ്കല്പിക്കപ്പെടുന്നു.

ഈ ഭൗതികഗുണങ്ങൾ ഇന്ദ്രിയമാർഗേണ നമ്മിൽ ജനിപ്പിക്കുന്ന വികാരമാണു സൗന്ദര്യബോധമെന്നും അവയുടെ സംയോഗത്തിൽ പ്രസ്തുത ഫലം ഉളവാകാതിരിക്കുകയില്ല; ഉളവായേ കഴിയൂ എന്നും പ്രസ്താവിച്ച് എം.പി. പോൾ തന്റെ പ്രബന്ധത്തെ മറ്റൊരു ദിശയിലേക്കു വഴിതിരിച്ചുവിടുന്നു.

ടി. പദ്മനാഭനെയും അദ്ദേഹത്തിന്റെ കലയെയും സംബന്ധിക്കുന്ന ഒരു ലേഖനത്തിന്റെ തുടക്കത്തിൽ, എം.പി. പോളിന്റെ 'സൗന്ദര്യനിരീക്ഷണം' എന്ന കൃതിയിലൂടെയും തദ്വാരാ എഡ്മണ്ട് ബർക്കിന്റെ രമണീയമെന്നും മഹനീയമെന്നുമുള്ള വസ്തുക്കളുടെ വർഗീകരണത്തിലൂടെയുമൊക്കെ കടന്നുപൊയ്ക്കൊണ്ടുള്ള ദീർഘമായ ഒരു പ്രവേശിക എന്തിനെന്ന സംശയത്തിന് തീർച്ചയായും ഇവിടെ സാംഗത്യമുണ്ട്. അതിലേക്കു വരാം.

ഇവിടെ പരാമർശിക്കപ്പെട്ട 'രമണീയം', 'മഹനീയം' തുടങ്ങിയ സംജ്ഞകളുടെ സ്വഭാവവിശേഷങ്ങൾ കാവ്യസാഹിത്യഭൂമികയിൽ പരാവർത്തനം ചെയ്യുമ്പോൾ, മഹാകാവ്യങ്ങൾ മഹനീയങ്ങളും ഭാവഗീതങ്ങളും ഖണ്ഡകാവ്യങ്ങളും രമണീയങ്ങളുമാണെന്നു പറയാവുന്നതാണ്. ആഖ്യായികയെങ്കിൽ, ബൃഹത്നോവലുകൾ മഹനീയങ്ങളും ചെറുകഥകൾ രമണീയങ്ങളും.

ടി. പദ്മനാഭന്റെ കലയിലേക്കു കടക്കുന്നതിനു മുൻപ് കുമാരനാശാനെപ്പറ്റി ചിലതു സൂചിപ്പിക്കുന്നതു സന്ദർഭോചിതമെന്നു തോന്നുന്നു. സംസ്കൃതത്തിലെ രൂപമാതൃകകൾക്കനുസൃതമായി മഹാകാവ്യങ്ങൾ രചിക്കുന്നവരെ മാത്രം മഹാകവികളായി പരിഗണിച്ചിരുന്ന ഒരു കാലഘട്ടത്തിൽ (വള്ളത്തോളും ഉള്ളൂരും കെ.സി. കേശവപിള്ളയും മഹാകാവ്യങ്ങൾ എഴുതിയവരാണ്) ആശാൻ ഗതാനുഗതികത്വത്തിൽനിന്നു മാറിനടന്നു ഭാവഗീതങ്ങളും ഖണ്ഡകാവ്യങ്ങളും മാത്രം രചിച്ച്, തന്നെ മഹാകവിയായി അംഗീകരിപ്പിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ആ വിദേശഭാഷാസാഹിത്യാഭിരുചികൾ പരിചയിച്ചുതുടങ്ങിയ ഒരു ആസ്വാദകലോകം മലയാളക്കരയിൽ സാർവത്രികമായിക്കൊണ്ടിരിക്കുമ്പോഴാണ് ആശാന്റെ സാഹിത്യജീവിതം തുടങ്ങുന്നത്. കവിയായിരിക്കെത്തന്നെ 'വിവേകോദയം' മാസികയുടെ പത്രാധിപരായ ആശാൻ ധാരാളം പുസ്തകനിരൂപണങ്ങൾ നടത്തിയിട്ടുണ്ട്. വള്ളത്തോളിന്റെ 'ചിത്രയോഗ'ത്തെപ്പറ്റി എഴുതിയ ഖണ്ഡനവിമർശനമാണ് ഒരു കാവ്യവിമർശകൻ എന്ന നിലയിൽ ആശാനുണ്ടായിരുന്ന അന്യാദൃശവൈഭവം വെളിപ്പെടുത്തിയതെന്ന് 'ത്രിമൂർത്തികളുടെ സാഹിത്യനിരൂപണം' എന്ന ലേഖനത്തിൽ എം.പി. അപ്പൻ എഴുതിയിരിക്കുന്നു. ആശാൻ പ്രസ്തുതവിമർശന ലേഖനത്തിൽ, മഹാകാവ്യം പഴയ അമ്പലങ്ങളിലെ 'കുതിരകെട്ടു'പോലെയുള്ള ഒരേർപ്പാടാണെന്നു വിലയിരുത്തുന്നു. കെട്ടുകുതിരകൾക്ക് കുതിരയുമായി യാതൊരു ബന്ധവുമുണ്ടാവുകയില്ല. അതുപോലെയാണു മഹാകാവ്യങ്ങളും സാഹിത്യവുമായുള്ള ബന്ധമെന്ന് ആശാൻ നിരീക്ഷിക്കുന്നു.

ടി. പദ്മനാഭൻ തന്റെ കവിയായി പലവുരു ഉദ്ധരിച്ചിട്ടുള്ളത് മഹാകാവ്യം എഴുതാതെതന്നെ മഹാകവിയായിത്തീർന്ന കുമാരനാശാനെയാണ്. ആശാന് മഹാകാവ്യങ്ങളോടുണ്ടായിരുന്ന കാഴ്ചപ്പാടുപോലെ, മലയാളത്തിൽ ആഖ്യായികാസാഹിത്യത്തിൽ തന്റേതായ ഒരു നിലപാടു സ്വീകരിച്ച എഴുത്തുകാരനാണു ടി. പദ്മനാഭൻ. ആഖ്യായികാസാഹിത്യത്തിൽ, ബർക്കിന്റെ വർഗീകരണപ്രകാരമുള്ള 'രമണീയ'ത്തിൽപ്പെടുത്താവുന്ന ചെറുകഥയിൽ മാത്രം തന്റെ സർഗചേതനയെ വ്യാപരിപ്പിക്കുകയും "വലിയ തറവാട്ടിൽ വിരുന്നിനു വന്ന ദരിദ്രനായ ബന്ധുവിനെപ്പോലെയായിരുന്ന ചെറുകഥ"യെ സാഹിത്യ

തറവാടിന്റെ പൂമുഖത്ത് ആഭിജാത്യപ്രൗഢിയോടെയിരുത്താൻ തന്റേതായ വഴികളിലൂടെ പോരാടുകയും ചെയ്ത ടി. പദ്മനാഭൻ മലയാളസാഹിത്യത്തിൽ എന്നും തലയുയർത്തിപ്പിടിച്ചു നിൽക്കുന്നു–ദൈവത്തിന്റെ തിടമ്പേറ്റുന്ന കൊമ്പന്റെ തലയെടുപ്പോടെയും ഗർവോടെയും. ഈ വിശേഷണം സാഹിത്യത്തിൽനിന്നു വിരമിച്ച് പൂജനീയഭാവം ധരിച്ചിരിക്കുന്ന മുതിർന്ന എഴുത്തുകാർക്ക് സാഹിത്യാസ്വാദകലോകം ഏറ്റിക്കൊടുക്കുന്ന തരത്തിലുള്ള അലങ്കാരഔപചാരികതയുടെ പൊന്നാടയല്ല. 'ഛത്രവും ചാമരവും' എഴുതിയ എം. പി. ശങ്കുണ്ണിനായർ വളരെ കൊല്ലങ്ങൾക്കു മുൻപ് അതുപോലൊരു വിശേഷണം ടി. പദ്മനാഭനു എങ്ങനെ കൊടുക്കാതിരുന്നില്ല എന്നറിയുമ്പോഴാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിശേഷണത്തിന്റെ ഔചിത്യം ശരിയെന്നറിയുന്നത്.

1958-ൽ സതേൺ ലാംഗ്വേജസ് ബുക് ട്രസ്റ്റിനുവേണ്ടി എം. പി. ശങ്കുണ്ണിനായർ തയ്യാറാക്കിയ കഥകളുടെ അന്തോളജിയിൽ ടി. പദ്മനാഭന്റെ കഥ ഉൾപ്പെടുത്തിയിട്ട് ഇരുപത്തേഴുകാരനായ കഥാകൃത്തിനെക്കുറിച്ച് ഇങ്ങനെ എഴുതി, "... അഭിഭാഷകവൃത്തി നോക്കുന്ന ഈ യുവാവ് പറയും തന്റെ കഥകൾ ലോകോത്തരമാണെന്ന്. പറയുന്നതു വെറും ഭോഷ്കല്ലതാനും..." ശങ്കുണ്ണിനായരിൽനിന്നു കിട്ടിയ ആ സർട്ടിഫിക്കേറ്റ് അന്നു മാത്രമല്ല ഇന്നും താൻ ഏറ്റവും അമൂല്യമായി കണക്കാക്കുന്നുവെന്നു പദ്മനാഭൻ 'പള്ളിക്കുന്ന്' എന്ന തന്റെ ലേഖനസമാഹാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

[ഇവിടെ എടുത്തുപറയേണ്ടുന്ന ഒന്നുണ്ട്. ടി. പദ്മനാഭൻ ആഖ്യായികാസാഹിത്യത്തിൽ വേറിട്ട

നിലപാടെടുത്തു എന്നു പറയുമ്പോൾ അദ്ദേഹം നോവലിനെ തള്ളിപ്പറഞ്ഞു എന്നർഥമില്ല. 'എന്റെ കഥ എന്റെ ജീവിതം' എന്ന തന്റെ ലേഖനസമാഹാരത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു, "ഇതുവരെ ഞാൻ എഴുതിയിട്ടുള്ളതു ചെറുകഥകൾ മാത്രമാണ്. എന്തുകൊണ്ട് നോവൽ എഴുതുന്നില്ല എന്നു പലരും ചോദിച്ചിട്ടുണ്ട്. നോവൽ എന്ന മാധ്യമത്തോടുള്ള മതിപ്പുകേടുകൊണ്ടല്ല ഞാൻ നോവൽ എഴുതാത്തത്. നോവൽ വളരെ മഹത്തായ ഒരു സാഹിത്യരൂപമാണ്. പക്ഷേ, ഒരു നോവൽ എഴുതിത്തീർക്കാനുള്ള ക്ഷമ എനിക്കുണ്ടോ എന്നു സംശയമാണ്. ഒരു ചെറിയ കഥ എഴുതിത്തീർക്കാൻതന്നെ ദിവസങ്ങളെടുക്കുന്ന ഞാൻ എങ്ങനെയാണ് ഒരു നോവൽ എഴുതി പൂർത്തിയാക്കുക?" സംക്ഷിപ്തരൂപത്തിൽ ഇങ്ങനെ പറയാവുന്നതാണ്: മലയാളത്തിൽ അക്കാലഘട്ടത്തിൽ എഴുതപ്പെടുന്ന മഹാകാവ്യങ്ങൾ എട്ടുകാലികൃതികളാണെന്ന് ആശാൻ പറഞ്ഞു എങ്കിലും മഹാകാവ്യം എന്ന സംസ്കൃതസാഹിത്യപ്രസ്ഥാനത്തെ ആശാൻ അനാദരിക്കുന്നില്ല. അതുപോലെതന്നെ ടി. പദ്മനാഭൻ ചെറുകഥ മാത്രം എഴുതിയത്, നോവൽ എന്ന സാഹിത്യരൂപത്തെ പുച്ഛിച്ചുകൊണ്ടല്ല. എങ്കിലും രണ്ടുപേരും തെരഞ്ഞെടുത്ത വഴികളെ തങ്ങളുടെ കാവ്യകുസുമങ്ങൾകൊണ്ടു പ്രശോഭിതമാക്കി.]

ബർക്കിന്റെ 'രമണീയത'യെ സംബന്ധിക്കുന്ന ലക്ഷണമാനകദണ്ഡ് പദ്മനാഭകഥാസൗന്ദര്യച്ചെപ്പിൽ മുഖത്തോടുമുഖം കോണോടുകോൺ ഒത്തിണങ്ങിനില്ക്കുന്നതായി കാണാം. അദ്ദേഹത്തിന്റെ കഥകളുടെ ദൈർഘ്യം–മൂന്നോ നാലോ പുറങ്ങൾക്കപ്പുറം പോകാറില്ല മിക്കവയും–ബർക്കിന്റെ സിദ്ധാന്തമനുസരിച്ച് രമണീയവസ്തുക്കളിൽ ദൃശ്യമാകുന്ന ഒതുക്കത്തെയും കൃശത്വത്തെയും ഓർമപ്പെടുത്തുന്നു. ഭാഷയിലോ കഥാതന്തുവിലോ ഋജുരേഖകളുടെ സാന്നിധ്യം കാണിക്കാത്ത ആ കഥനശൈലിയുടെ മാർദവവും ദുർബലതയും ആ കഥകളിൽ തുവിത്തുളുമ്പുന്ന സ്വച്ഛമായ വെളിച്ചവും ടി. പദ്മനാഭന്റെ കലയ്ക്ക് ആഖ്യായികാസാഹിത്യത്തിൽ വേറിട്ട അസ്തിത്വം നല്കുന്നു.

ഇവിടെ പ്രസക്തമായ മറ്റൊന്ന്, പദ്മനാഭസാഹിത്യത്തിന്റെ മുഖമുദ്ര അതിൽ പരന്നുകിടക്കുന്ന ചൈത്രനിലാവിന്റെ സ്വച്ഛമായ വെളിച്ചംതന്നെയാണെന്നതാണ്. അത് 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി'യെപ്പോലെ ഇരുൾവീണ സന്ദിഗ്ധപഥങ്ങളിൽ പ്രസാദാത്മകകിരണങ്ങൾ വീഴ്ത്തി സ്ഥൂലതയെ ദ്രവിപ്പിച്ച് ജീവിതത്തെ കൈപിടിച്ചു നടത്തുന്നു.

'പള്ളിക്കുന്നി'ൽ ടി. പദ്മനാഭൻ 'സ്നേഹത്തിന്റെ വെളിച്ചം' എന്ന ശീർഷകത്തിൽ തന്റെ അമ്മയെപ്പറ്റിയുള്ള ഓർമ പങ്കുവയ്ക്കുന്നുണ്ട്. ഹൈസ്കൂളിൽ പഠിച്ചിരുന്ന കാലത്ത് അദ്ദേഹം വിദ്യാർഥികോൺഗ്രസ്സിന്റെ സജീവപ്രവർത്തകനും ഭാരവാഹിയും ആയിരുന്നു. മിക്കപ്പോഴും വളരെ വൈകിയേ വീട്ടിലെത്താറുണ്ടായിരുന്നുള്ളൂ. മകന്റെ രാഷ്ട്രീയവിശ്വാസങ്ങളോടും പ്രവർത്തനങ്ങളോടും പൊരുത്തപ്പെട്ടുപോയിരുന്നെങ്കിലും വലിയ മൂർഖൻപാമ്പുകൾ പ്രത്യക്ഷപ്പെടാറുള്ള കാട്ടുകണ്ടിപ്പറമ്പിൽക്കൂടി (ജയിൽപ്പറമ്പിനും–കണ്ണൂർ സെൻട്രൽ ജയിൽ–പദ്മനാഭന്റെ വീടിനും ഇടയിലുള്ളത്) ഇരുട്ടത്തു വെളിച്ചമില്ലാതെയുള്ള നടത്തത്തോട് അല്പംപോലെ യോജിക്കാൻ അമ്മയ്ക്കു കഴിഞ്ഞിരുന്നില്ല.

ടി. പദ്മനാഭന്റെ വാക്കുകളിൽ:

"ഒരു ദിവസം രാത്രി ഏറെ വൈകി ഞാൻ വീട്ടിലേക്കു വരികയായിരുന്നു. ജയിൽവളപ്പു കഴിഞ്ഞ് കാട്ടുകണ്ടിപ്പറമ്പിലേക്കു കടന്നപ്പോൾ അദ്ഭുതകരമായ ഒരു കാഴ്ച കണ്ടു. കാട്ടുകണ്ടിയുടെ നടുവിൽ ഒരു എണ്ണവിളക്കു കത്തുന്നു! ആ വിളക്കിന്റെ പ്രകാശത്തിൽ ഒരേക്കറിൽ അധികം വലിപ്പമുള്ള പറമ്പ് നല്ലതുപോലെ തെളിഞ്ഞുനിൽക്കുന്നു! ഞാൻ അവിടെ കുറേനേരം സ്തബ്ധനായി നിന്നു. ദുഃഖം സഹിക്കാൻ കഴിയാതെ അമ്മ അവിടെ കൊണ്ടുവച്ച വിളക്കായിരുന്നു അതെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

അതിനുശേഷം കാലമെത്രയോ കഴിഞ്ഞിരിക്കുന്നു. അമ്മ ഇപ്പോൾ എന്റെകൂടെയില്ല. എങ്കിലും ആ രാത്രി കാട്ടുപറമ്പിൽ അമ്മ കത്തിച്ചുവച്ച വിളക്കിന്റെ വെളിച്ചം ഇപ്പോഴും എന്റെകൂടെയുണ്ട്. ഈ വെളിച്ചം കഥകളിലൂടെ മറ്റുള്ളവർക്ക് എന്റെ കഴിവിനനുസരിച്ചു പകർന്നുകൊടുക്കുകയും ചെയ്യുന്നുണ്ട്." ('കത്തുന്ന ഒരു രഥചക്രം' എന്ന കഥയിലൂടെ ഈ അമ്മയെ ടി. പദ്മനാഭൻ നമുക്കു കാട്ടിത്തരുന്നുണ്ട്.)

'പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക്' എന്ന കഥാസമാഹാരത്തിന്റെ മുഖമൊഴിയായി ചേർത്തിരിക്കുന്ന ഇടശ്ശേരിയുടെ വരികളിലൂടെ കഥാകൃത്ത് വിവക്ഷിക്കുന്നതും ഇതുതന്നെയാണ്.

"എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കാൻ
ഇതേതിരുൾക്കുഴിമേലുരുളട്ടേ
വിടില്ല ഞാനീ രശ്മികളെ."

ഘനീഭൂതമായ ഏതു തമസ്സിനെയും കീറിമുറിച്ചു പായുന്ന ആ രശ്മികൾ പകരുന്ന വെളിച്ചം പോലെതന്നെ അനുവാചകശ്രദ്ധയാകർഷിച്ചതാണു ടി. പദ്മനാഭന്റെ അനന്യാദൃശമായ കഥനശൈലിയും ഭാഷയും. (ഋജുരേഖകളുടെ സാന്നിധ്യമില്ലാതെ മിനുസമാർന്നതും മാർദവവും ദുർബലവുമായത്).

സ്കൂൾവിദ്യാർഥിയായിരിക്കേ കവിതകൾ എഴുതുമായിരുന്നു, ടി. പദ്മനാഭൻ. എങ്കിലും തന്നിലെ ആ കവിയെപ്പറ്റി അദ്ദേഹം അധികമൊന്നും വാചാലനായതായി കാണാൻ കഴിയില്ല. ഇതേപ്പറ്റി ഡോ. സി. ആർ. സുശീലാദേവി 'ടി. പദ്മനാഭൻ, കഥയിലെ കാലഭൈരവൻ' എന്ന തന്റെ പുസ്തകത്തിൽ പറയുന്നത്–"... പദ്മനാഭൻ പറയാതെതന്നെ അസ

ന്ദിഗ്ധമായ ഒരു വസ്തുതയുണ്ട്. അദ്ദേഹത്തിന്റെ കഥനകലയ്ക്ക് അന്തർധാരയായി വർത്തിക്കുന്ന ഒരു കവിത്വം അദ്ദേഹത്തിനുണ്ട്; ആ കഥനശൈലിയിലുടനീളം കാവ്യഭംഗികളുണ്ട്; സർവോപരി ആ കഥകളിൽ ആരെയും ആകർഷിക്കുന്ന ഭാവഗീത സൗന്ദര്യമുണ്ട്. അവയെല്ലാം പദ്മനാഭൻ എന്ന 'കഥാകൃത്തിലെ കവി'യെ പ്രത്യക്ഷാനുഭവമാക്കി മാറ്റുന്നു. കഥാകൃത്തിനാവശ്യമായ കഥനവൈദഗ്ധ്യത്തിൽ കവിത്വം അടിസ്ഥാനഘടകമാണ്. കഥാകൃത്തും കവിയും വിരുദ്ധധ്രുവങ്ങളല്ല..." രണ്ടു വാക്കുകൾ ചേർന്നാൽ മൂന്നാമതൊരു അർഥമല്ല നക്ഷത്രമാണ് ഉണ്ടാകുന്നതെന്ന ബ്രൗണിങ്ങിന്റെ ഭാഷാദർശനം അന്വർഥമാക്കുന്നു, കാവ്യഭംഗിയാർന്ന ടി. പദ്മനാഭന്റെ കഥനശൈലി. അവിടെ വാക്കുകൾ നക്ഷത്രശോഭയാർന്ന് അനുവാചക ബോധനഭസ്സിൽ അനുഭവൈകവേദ്യമായ അനുഭൂതി സൃഷ്ടിക്കുന്നു. ഒരിക്കൽ സിനിമാ സംവിധായകൻ ഷാജി എം. കരുണിനോട് കഥാകൃത്ത് ചോദിച്ചു: "എല്ലാവരും ക്യാമറ ചലിപ്പിക്കും, ഷാജിയും. എങ്കിലും ഷാജിയുടെ ചിത്രങ്ങൾ മാത്രമെന്തേ ഇത്രയും മനോഹരമാകുന്നു". ഷാജിയുടെ മറുപടി ഇങ്ങനെയായിരുന്നു: "എല്ലാവരും പേനകൊണ്ട് എഴുതുന്നു. പപ്പേട്ടൻ എഴുതുമ്പോൾ മാത്രമെന്തേ വാക്കുകൾ ഇത്രയ്ക്കു മനോഹരമാകുന്നു?"

കെ. പി. അപ്പൻ 'അധരസിന്ദൂരംകൊണ്ടെഴുതിയ കഥ' എന്നു വിശേഷിപ്പിച്ച 'ഗൗരി', അതിന്റെ അനുവൃത്തി (extension) എന്നു പറയാവുന്ന 'കടൽ', "ഓരോരുത്തരും ഈ ജന്മത്തിൽത്തന്നെ നമ്മുടേതായ കാശികൾ കണ്ടെത്തുകയല്ലേ ചെയ്യുന്നത്" എന്നു കാണിച്ചുതന്ന 'കാലഭൈരവൻ', കലാകാരന്റെ ആന്തരികമായ അന്യഥാബോധത്തെ കാട്ടിത്തന്ന 'ഒരു കഥാകൃത്തു കുരിശ്ശിൽ', ടി. പദ്മനാഭൻ എന്ന പേരിന്റെ അന്വയമായി മാറിയ 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി', ആസുരമായ വർത്തമാന കാലത്തിൽ ജീവിക്കുന്ന നമ്മളിൽ അല്പമായെങ്കിലും അവശേഷിക്കാവുന്ന ഭൂതകാലാർജിതമായ നന്മയുടെ ഉറവ കാട്ടിത്തരുന്ന 'കത്തുന്ന ഒരു രഥചക്രം', ഏകാകിതയുടെ തീക്ഷ്ണത ആവിഷ്കരിക്കുന്ന 'കറുത്ത കുട്ടി', സഹജാവബോധത്തെ വിളംബരം ചെയ്യുന്ന 'പൂച്ചകളുടെ വീട്', 'ശേഖൂട്ടി'... മറ്റു പ്രശസ്തരായ എഴുത്തുകാരോട് താരതമ്യം ചെയ്യുമ്പോൾ കുറച്ചുമാത്രമേ എഴുതിയുള്ളൂ, ടി. പദ്മനാഭൻ. എങ്കിലും 'മലയാളകഥയിലെ ഒന്നാമൻ പദ്മനാഭനാണെ'ന്നു ഡി.സി. ബുക്സിന്റെ ഇരുപതാം വാർഷികാഘോഷച്ചടങ്ങിൽ തകഴി അംഗീകരിച്ചു.

**'സാക്ഷി' യെപ്പറ്റി**

ടി. പദ്മനാഭന്റെ 1948-ൽ തുടങ്ങുന്ന എഴുത്തുജീവിതത്തിലെ ഒരു പ്രത്യേക ഘട്ടത്തെ അടയാളപ്പെടുത്തുന്ന കഥയാണ് 'സാക്ഷി'. എഴുത്തുകാരൻ എന്ന നിലയിൽ സർഗാത്മകരചനയിൽ പൂർണമൗനത്തിന്റെ ഒരു കാലഘട്ടമുണ്ടായിരുന്നു, പദ്മനാഭന്. 'എന്റെ കഥ എന്റെ ജീവിത'ത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "1963 മുതൽ 69 വരെ ഞാനൊന്നും എഴുതിയില്ല. മൗനം; പൂർണമായ മൗനം. കൈയ്ക്ക് വാതമോ മറ്റെന്തെങ്കിലും സുഖക്കേടോ വന്നിട്ടായിരുന്നില്ല. മാനസികമായ തകരാറുകളും ഉണ്ടായിരുന്നില്ല. എഴുതിയില്ല. മരിച്ചാൽ എഴുതുമോ?" എങ്കിലും, ആ മൗനം പലതിനോടുമുള്ള പ്രതികരണമായിരുന്നു. ആറു വർഷത്തെ മൗനം ഭഞ്ജിച്ച് ടി. പദ്മനാഭൻ 'സാക്ഷി' എഴുതുമ്പോൾ അതിൽ തന്റെ മൗനത്തിന്റെ അനുരണനങ്ങൾ കഥാകാരൻ ഇങ്ങനെ ചേർത്തു വെയ്ക്കുന്നു:

"തനിക്കൊരു നോവൽ എഴുതരുതോ?"

അയാൾ ഒന്നും പറയില്ല. സുഹൃത്തുക്കൾ വീണ്ടും പറയും.

"എത്ര കാലമായി എന്തെങ്കിലും എഴുതിയിട്ട്! നോക്കൂ, ആളുകൾ തന്നെ ഇപ്പോൾ ഓർക്കുന്നേയില്ല. എഴുതൂ... എന്തെങ്കിലും എഴുതൂ..."

അയാൾ പുഞ്ചിരിക്കുക മാത്രം ചെയ്യും. പക്ഷേ പുഞ്ചിരി പുറത്തു മാത്രമായിരുന്നു. ഉള്ളിൽ ഉമിത്തീയായിരുന്നു. ആരോടും ഒന്നും പറഞ്ഞില്ല. പറഞ്ഞാൽ ആർക്കും ഒന്നും മനസ്സിലാകുകയില്ല.

തീ സദാ ഉള്ളിൽ എരിഞ്ഞുകൊണ്ടേയിരുന്നു.

അയാൾക്ക് എന്തെന്നില്ലാത്ത ഖേദമുണ്ടായിരുന്നു. പക്ഷേ, എന്നിട്ടും അയാൾ എഴുതിയില്ല...

പരിസ്ഥിതി-പ്രകൃതിവിഭവച്ചൂഷണപ്രശ്നങ്ങളോട് സർഗാത്മകമായി പ്രതികരിക്കുന്ന മലയാളത്തിലെ ആദ്യത്തെ സൃഷ്ടിയായ 'സാക്ഷി', മണ്ണും മനുഷ്യജീവിതവും തമ്മിലുള്ള പ്രഗാഢമായ പാരസ്പര്യത്തിൽ വന്നുഭവിക്കുന്ന വിള്ളലിന്റെ വേദന നമ്മെ അറിയിക്കുന്നു. 1966-ൽ ഫാക്ടിലെ കൊച്ചിൻ ഡിവിഷനിൽ നിയമിതനായ പദ്മനാഭൻ, അവിടത്തെ ആദ്യകാല വികസനപ്രവർത്തനങ്ങളിൽ പങ്കാളിയായിരുന്നു. അന്നത്തെ അനുഭവങ്ങളുടെ കലാത്മകാവിഷ്കരണമാണ് 'സാക്ഷി' എന്ന കഥ.

1973-ലെ മികച്ച കഥാസമാഹാരത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് 'സാക്ഷി' നേടിയെങ്കിലും ടി. പദ്മനാഭൻ അതു നിരസ്സിക്കുകയായിരുന്നു-അതിനു മുൻപെടുത്തിരുന്ന ചില നിലപാടുകളുടെ അടിസ്ഥാനത്തിൽ. (ഭാവിയിൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചാലും സ്വീകരിക്കയില്ലെന്ന് അന്ന് വ്യക്തമാക്കിയ പദ്മനാഭൻ, 1996-ൽ അക്കാദമി അവാർഡും നിരസ്സിച്ച് തന്റെ വാക്കു പാലിച്ചു). 1974-ൽ സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ എം.പി. പോൾ പ്രൈസും 'സാക്ഷി' എന്ന കഥാസമാഹാരത്തിനായിരുന്നു.

'സാക്ഷി' എന്ന കഥ അവസാനിക്കുന്നതിങ്ങനെയാണ്:

ഗ്രീഷ്മത്തിലെ തെളിനീരുള്ള പുഴ; പുഴക്കരയിൽ

അടി മുതൽ മുടി വരെ പൂത്തുനിൽക്കുന്ന നീർമരുതിൻക്കൂട്ടങ്ങൾ; മുളങ്കാടുകൾ. കുളികഴിഞ്ഞ അമ്പലത്തിലേക്കു പോകുന്ന പ്രഭാതപുഷ്പംപോലെയുള്ള ഒരു പെൺകുട്ടി...

അയാളുടെ ഭാര്യ അയാളെ കുലുക്കിവിളിച്ച് എന്തോ ചോദിച്ചു.

അയാൾ പതുക്കെ പറഞ്ഞു: 'ഒന്നുമില്ല, ഒന്നുമില്ല...'

സുവ്യക്തമായ പരിണാമഗുപ്തി പദ്മനാഭന്റെ മിക്ക കഥകൾക്കുമുണ്ടാകുകയില്ല. അതുതന്നെയാണ് 'സാക്ഷി'യിലും കാണുന്നത്. ടി. പദ്മനാഭന്റെ വാക്കുകളിൽ:

"ജീവിതത്തിലുണ്ടാവുന്ന എല്ലാ സംഭവങ്ങളെയും യുക്തിയുടെ വെളിച്ചത്തിൽ വിശദീകരിക്കാൻ കഴിയുന്നില്ല. പക്ഷേ, വിശദീകരിക്കാൻ കഴിയുന്നില്ല എന്നതുകൊണ്ടു മാത്രം അവ സംഭവിക്കാതിരിക്കുന്നില്ല. ഇത്തരം സംഭവങ്ങളെക്കുറിച്ച് കഥകൾ എഴുതിക്കൂടേ? എഴുതാം; ഞാൻ എഴുതിയിട്ടുണ്ട്.

എന്റെ കഥയിലെ സംഭവങ്ങളെ എന്റെ കഥാപാത്രങ്ങളുടെ വിചിത്രമായ അനുഭൂതിമണ്ഡലങ്ങളിലേക്ക് വായനക്കാരെ കടത്തിവിടുന്ന വാതിലുകളായി മാത്രമേ ഞാൻ കണക്കാക്കുന്നുള്ളൂ.

ഒരു കഥ പൂർണമായും കടലാസ്സിൽ പകർത്തപ്പെടണമെന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം മിക്കപ്പോഴും അതു പൂർത്തിയാവുന്നത് സഹൃദയനായ വായനക്കാരന്റെ മനസ്സിൽവച്ചു മാത്രമാണ്. ഈ ഒരു പ്രക്രിയ മനസ്സിൽ കണ്ടുകൊണ്ടാണ് ഞാൻ കഥകളെഴുതുന്നത്. അനുവാചകനെയും കൂട്ടി അല്പദൂരം സഞ്ചരിക്കുമ്പൊഴേക്കും എനിക്കറിയാൻ കഴിയും, എത്തേണ്ടിടത്തെത്തിയോ എന്ന്. പെട്ടെന്നു ഞാൻ നിന്നുകളയുന്നു. പക്ഷേ, കഥ അവസാനിക്കുന്നില്ല--കടലാസ്സിൽ പിന്നീട് നിങ്ങളൊന്നും വായിക്കുന്നില്ലെങ്കിലും!"

"മനുഷ്യരഹസ്യം നിലനില്ക്കുന്നു. അതിനാൽ കഥപറച്ചിലിന്റെ സാധ്യത മരിക്കുന്നില്ല. ആ രഹസ്യത്തിലേക്കു കടക്കാനുള്ള പ്രതിഭയാണു വേണ്ടത്. പ്രതിഭ തളരുമ്പോൾ അതിസാങ്കേതികത കടന്നുവരുന്നു. രൂപമാത്രവാദത്തിൽ കഥാകാരൻ വീണുപോകുന്നു." ബെൻ ഓക്രിയുടെ ഈ വാക്കുകളുടെ നേർസാക്ഷ്യമാണ് രൂപത്തിനുവേണ്ടി പരീക്ഷണങ്ങളിലേർപ്പെട്ടിട്ടില്ലാത്ത ടി. പദ്മനാഭന്റെ കല. ഒരു പ്രത്യേക ഭാവത്തിന്റെ ആവിഷ്കരണത്തിനു താൻ ഒരു പ്രത്യേക രീതി അവലംബിച്ചുവെന്നും തന്റെ കഥകളെ പരീക്ഷണങ്ങളെന്നു വിളിക്കപ്പെടാൻ ഇഷ്ടപ്പെടുന്നില്ലെന്നും പരീക്ഷണങ്ങൾ ഒരിക്കലും സൃഷ്ടികളാകുകയില്ലെന്നും ടി. പദ്മനാഭൻ പറയുമ്പോൾ, മറ്റെല്ലാം മറന്ന് മനുഷ്യനെയും അവന്റെ അവസ്ഥകളെയുംപറ്റി മാത്രമല്ല പൂച്ചകളും പട്ടികളും ഉൾപ്പെടുന്ന ജീവലോകത്തെയും പറ്റി വ്യാകുലപ്പെടുന്ന സമഷ്ടിബോധമുള്ള ഒരു മനസ്സിനെ നാം കാണുന്നു.

"എന്റെ അടുക്കൽ ചെറിയൊരു തിരിയേയുള്ളൂ. നിങ്ങളുടെ പക്കൽ പന്തങ്ങളുണ്ടാകട്ടെ." എന്നാശംസിച്ച് മലയാള ചെറുകഥാപ്രസ്ഥാനത്തിന്റെ ദീപ്തമായ ഭാവിയിൽ വിശ്വാസമർപ്പിക്കുന്ന ടി. പദ്മനാഭൻ 1988-ൽ നടത്തിയ വളരെ പ്രശസ്തമായ കാരൂർ സ്മാരകപ്രഭാഷണം അവസാനിപ്പിക്കുന്നത് മലയാള എഴുത്തുലോകത്തിലെ ഇന്നത്തെയും വരാനിരിക്കുന്ന തലമുറകളോടാകമാനമുള്ള ഇങ്ങനെയൊരു ആശംസയോടെയാണ്:

"നിങ്ങളുടെ ലക്ഷ്യം നക്ഷത്രങ്ങളാകട്ടെ. നക്ഷത്രങ്ങളിലെത്തുവാൻ വളരെ പ്രയാസമാണെന്നറിയാം. എങ്കിലും ലക്ഷ്യം നക്ഷത്രങ്ങൾതന്നെയാകട്ടെ. Hitch your wagons to the stars".

അത്, അങ്ങനെതന്നെയാകട്ടെ!



# ജപ്തി

## കുരീപ്പുഴ



മുകിൽട്രാക്റ്റർ ഓട്ടി വന്ന
പുലരിക്കാറ്റ്
ഒരു മൺസൂൺ പ്രസാദത്താൽ
കുളിർത്തിരുന്നു.

മഴവിത്ത് വാരിവാരി
എറിഞ്ഞു പോകെ
നിറചിരി മിന്നലായി
പടർന്നിരുന്നു.

അടുത്ത കൊയ്ത്തു കാലത്തു
നരിബാങ്കുകൾ
പ്രളയ ജപ്തിയുമായി
പക പോക്കുന്നു.





എല്ലാ
സിംഗപ്പൂർ മലയാളികൾക്കും
പ്രവാസിയായ മാവേലിയുടെ
ഓർമ്മയിൽ, എന്റെ ഹർഷഭരിതമായ
ഓണം ആശംസകൾ.
– കുരീപ്പുഴ ശ്രീകുമാർ

# ശ്രീലകത്തെ സാളഗ്രാമങ്ങൾ



അഷ്ടമൂർത്തി



ശ്രീലകത്തേയ്ക്കു കടക്കാറുള്ളത്. വെള്ളരിയ്ക്കയും ചക്കത്തുണ്ടവും കൊന്നപ്പൂവും ചെറുതാലിക്കുട്ടവും നാളികേരമുറിയും നിലവിളക്കുമായി സബിതയൊരുക്കിയ കണി കാണാൻ വേണ്ടി മാത്രം. കഴിഞ്ഞ മൂന്നു കൊല്ലമായി വിഷു ഭാര്യവീട്ടിലായതിനാൽ അടുത്ത കാലത്തൊന്നും ഞാൻ ശ്രീലകം കണ്ടിട്ടില്ല.

കലവറയോടും മേലടുക്കളയോടും ചേർന്ന് ദീർഘചതുരാകൃതിയിലാണ് ശ്രീലകം. അമ്മയുടെ ലോകമായിരുന്നു അത്. മേലടുക്കള ഞങ്ങൾ കാര്യമായി ഉപയോഗിയ്ക്കാറില്ല. വല്ലപ്പോഴും വല്ല അതിഥികളും വരുമ്പോൾ മാത്രം. അതിഥികളുടെ വരവ് അന്ന് ഒരുത്സവമായിരുന്നു. അത്താഴത്തിന് പ്രത്യേകിച്ച് വിഭവങ്ങളൊന്നുമുണ്ടാകാറില്ലെങ്കിലും പതിന്നാലാം നമ്പർ വിളക്ക് കത്തിയ്ക്കും. കമ്പിറാന്തലിനേക്കാൾ പത്തിരട്ടി വെളിച്ചം. കപ്പിയുപയോഗിച്ച് അത് താഴേയ്ക്കു വലിച്ചു നിർത്തുമ്പോൾ മേലടുക്കളയിൽ ഒരലൗകികപ്രകാശം പരക്കും. ഞങ്ങൾ മാത്രമുള്ളപ്പോൾ അടുക്കളയിലെ നിലത്ത് പലകയിട്ടിരുന്നായിരുന്നു ഊണ്. ഊണ്പാത്രങ്ങൾ എടുക്കാനും വെയ്ക്കാനും പാത്രങ്ങൾ കഴുകാനും എളുപ്പം. പിന്നെ അച്ഛൻ വലിയൊരു ഊണ് മേശ പണിയിപ്പിച്ച് പുറത്തളത്തിൽ സ്ഥാപിച്ചതോടെ മേലടുക്കളയുടെ ഉപയോഗം ഇല്ലാതായി. അച്ഛന്റെ മരണശേഷം അത് അമ്മയുടെ കിടപ്പുമുറിയായി മാറി.

അമ്മയ്ക്ക് അവശത ഏറിയേറി വന്നിരുന്നു. കിടപ്പുമുറിയ്ക്കു തൊട്ടുതന്നെ അമ്മയ്ക്ക് ഉപയോഗിയ്ക്കാൻ പാശ്ചാത്യരീതിയിലുള്ള ക്ലോസെറ്റ് ആവശ്യമായപ്പോൾ ശ്രീലകം രണ്ടായി പകുത്തു. അതിലൊന്ന് ആധുനികരീതിയിലുള്ള ക്ലോസെറ്റ് ആക്കി. ഒരു കാലത്ത് എപ്പോഴും ശ്രീലകത്തിരിയ്ക്കാറുള്ള അമ്മ ശങ്ക തീരാതെ അതിനോട് തൊട്ടുള്ള ക്ലോസെറ്റിൽ ഇരിപ്പായി അധികനേരവും. ജലപിശാച് ബാധിച്ചിരുന്നതുകൊണ്ട് കാല് എത്ര കഴുകിയാലും മതിവരാതെ ഇടയ്ക്കിടെ കുളിമുറിയിൽ കയറിയിറങ്ങി. കാൽവിരലുകളിൽ വ്രണം നിറഞ്ഞു.

എന്റെ ഓർമ്മയിലുള്ള അമ്മയുടെ മൂന്നാമത്തെ ഘട്ടമായിരുന്നു അത്. രാവിലെ നേരത്തെ എഴുന്നേറ്റ് പുഴയിൽ പോയി കുളിച്ചു വരുന്ന അമ്മയാണ് എന്റെ മനസ്സിൽ ആദ്യമുണ്ടായിരുന്നത്. കുളിച്ച് ഈറൻ മുണ്ടുമായാണ് അമ്മ പുഴയിൽനിന്നു കയറി വരിക. തൊട്ട് അശുദ്ധമാക്കാൻ ഞങ്ങളെ ആരെയും അനുവദിയ്ക്കില്ല. ശ്രീലകത്തേയ്ക്കു കടന്ന് നേദിയ്ക്കാനുള്ള വട്ടം കൂട്ടലുകൾക്കിടയിൽ അമ്മ ദേവീമാഹാത്മ്യം ഉരുവിട്ടുകൊണ്ടേയിരിയ്ക്കും. കമഴ്ത്തി വാങ്ങിയ കൊട്ടക്കോരികയിൽ അടുക്കളക്കിണറ്റിൽനിന്ന് വെള്ളം കോരിയെടുക്കും. അതിൽ പിച്ചളപ്പീഠവും ഓട്ടു വിഗ്രഹങ്ങളും മുക്കിയെടുക്കും. വടക്കേ ഇറയത്തേയ്ക്കു കടന്ന് ചാണയിൽ ചന്ദനമരയ്ക്കും. മാധവി പൊട്ടിച്ചു

കൊണ്ടുവന്ന നന്ത്യാർവട്ടവും മന്ദാരവും അശോകവും തെച്ചിപ്പൂവും പൂപ്പാലികയിൽ വെയ്ക്കും. പിന്നെ എട്ട്- എട്ടര വരെ അമ്മ ശ്രീലകത്തായിരിയ്ക്കും. നേദിച്ച ശർക്കരയും നാളികേരപ്പൂളും കിട്ടാൻ വേണ്ടി ഞങ്ങൾ കാത്തിരിയ്ക്കും.

നാലു പെൺമക്കൾ ഉണ്ടായത് അമ്മയ്ക്കു സൗകര്യമായി. കല്യാണം കഴിഞ്ഞു പോവും വരെ അവർ രാവിലത്തെ നേരം അടുക്കളയിലെ കാര്യങ്ങൾ നോക്കും. എട്ടരയോടെ അമ്മ അടുക്കളയിലെത്തും. ചോറും കൂട്ടാനും ഉപ്പേരിയുമൊക്കെ ഉണ്ടാക്കുന്നത് അമ്മ തന്നെ. ഉച്ചയൂണിനു ശേഷം അമ്മ വീണ്ടും ശ്രീലകത്തേയ്ക്കു തന്നെ വലിയും. ദേവീമാഹാത്മ്യവും രാമായണവും വായിച്ചുകൊണ്ട് ഇരിയ്ക്കും. അതിനിടയ്ക്ക് വീട്ടും തൊടിയും ഉച്ചമയക്കത്തിൽ അമരുമ്പോൾ വലത്തെ കൈത്തണ്ട തലയണയാക്കി മേലടുക്കളയിലെ വെറുംനിലത്ത് അമ്മയും ഒന്നു മയങ്ങും.

ശ്രീലകത്തിന് അന്ന് കളഭത്തിന്റേയും ഭസ്മത്തിന്റേയും വാസനയായിരുന്നു. അമ്മയ്ക്കും.

പ്രായമേറിയതോടെ പുഴയിലിറങ്ങി കുളിയ്ക്കാൻ അമ്മയ്ക്കു വയ്യാതായി. കുളിമുറിയിൽ കുളിച്ചാൽ ശുദ്ധമാവില്ല എന്നു വിശ്വസിച്ച അമ്മ അതോടെ നേദിയ്ക്കൽ നിർത്തി. പെൺമക്കളുടെ കല്യാണം കഴിഞ്ഞു പോവുന്നതു വരെ ഓരോരുത്തരായി ആ കടമ നിറവേറ്റി. അല്ലെങ്കിൽത്തന്നെ മാസത്തിൽ നാലു ദിവസം അത് അവരുടെ ചുമതലയായിരുന്നല്ലോ. അവർക്കു ശേഷം അത് എന്റെ തലയിൽ വീണു.

അന്ന് (ഇന്നും) തരിമ്പും ഈശ്വരവിശ്വാസമില്ലാത്ത എനിയ്ക്ക് അത് വലിയ ഒരു ഭാരമായി തോന്നി. ഇഷ്ടക്കേടുമായി. അമ്മയെ അനുസരിയ്ക്കാതെയും വയ്യ. അതുകൊണ്ട് എങ്ങനെയെങ്കിലും അൽപനേരം ശ്രീലകത്തു കഴിച്ചു കൂട്ടി ഞാൻ പുറത്തു കടന്നു. അകത്തെ കാര്യമങ്ങനെയായിരുന്നെങ്കിലും മറ്റുള്ളവർ കാണുമല്ലോ എന്നു വെച്ച് വിഗ്രഹങ്ങൾ കഴുകലും ചന്ദനമുട്ടി അരയ്ക്കലും ഒക്കെ നിഷ്കർഷയോടെ നടത്തി. വിഗഹങ്ങൾ മനസ്സിലാക്കാം. അത് മനുഷ്യസൃഷ്ടിയാണ്. പക്ഷേ സാളഗ്രാമങ്ങൾ? എന്താണ് അവയ്ക്കുള്ള ദൈവികത്വം എന്ന് എനിയ്ക്കു മനസ്സിലായതേയില്ല. എന്നിലെ അവിശ്വാസി എല്ലാം സംശയത്തോടെ മാത്രം നോക്കിക്കാണുന്ന കാലമായിരുന്നു. അമ്മ അതിലെന്ത് പവിത്രതയാണ് കാണുന്നതെന്ന് അത്ഭുതപ്പെട്ടു.

അമ്മയ്ക്ക് ഈശ്വരവിശ്വാസം ഉണ്ടായിരുന്നുവോ? ഇടയ്ക്കൊക്കെ ഞാൻ സ്വയം ചോദിച്ചിരുന്നു. സംശയത്തിന് കാരണമുണ്ടായിരുന്നു. ഏതെങ്കിലും അമ്പലത്തിൽ തൊഴാൻ പോവുന്നത് അമ്മയുടെ ശീലമായിരുന്നില്ല. കുറുമ്പു പോരാ എന്ന കുണ്ഠിതത്തോടെ എന്നെ കുന്നിക്കുരു വാരിയ്ക്കാൻ വല്യച്ഛൻ നേർന്ന വഴിപാട് നടത്താനാണ് അമ്മ ആകെ ഗുരുവായൂര് പോയിട്ടുള്ളത്. ഞങ്ങളുടെ പരദേവതയായ പിഷാരിയ്ക്കൽ ഭഗവതിയെ അമ്മ തൊഴുതിട്ടുണ്ടോ എന്നു പോലും സംശയമാണ്. ആറാട്ടുപുഴ ശാസ്താവിനെ തൊഴുന്നത് കൊല്ലത്തിൽ ഒരിയ്ക്കൽ പൂരത്തിനു പോവുമ്പോൾ മാത്രം.

അതിഥികൾക്കു വിളമ്പിക്കൊടുത്ത് ശാസ്താവിന്റെ പൂരം പകുതിയിലേറെ കഴിയുമ്പോഴാണ് ഞങ്ങൾ പൂരപ്പറമ്പിലെത്തുക. പൂരത്തിന് അമ്മയ്ക്കു കമ്പമുണ്ടായിരുന്നോ എന്നു നിശ്ചയമില്ല. എന്നാലും പൂരം മുടക്കിയിരുന്നില്ല. വാടകയ്ക്കെടുത്ത കട്ടിലിൽ കൂട്ടിയെഴുന്നെള്ളിപ്പിന് ദേവീദേവന്മാർ നിരക്കുന്നതു വരെ ഒരു പോള കണ്ണടയ്ക്കാതെയിരുന്ന് അമ്മ പൂരം കാണും. ഒരു കൊല്ലം ചേറ്റുപുഴയിലെ കണ്ണുപുരത്ത് ഒരാലിൻ കൊമ്പിൽ 'പ്രത്യക്ഷപ്പെട്ട' കൃഷ്ണനെ കാണാൻ അമ്മയുടെ അച്ഛൻപെങ്ങൾ എത്തി. അന്ന് ആറാട്ടുപുഴ പൂരമായിരുന്നു. അമ്മയ്ക്ക് അവരോടൊപ്പം പോവേണ്ടി വന്നു. മടങ്ങിയെത്തിയപ്പോഴേയ്ക്കും പൂരം പകുതി കഴിഞ്ഞിരുന്നു. ആലിലക്കൊമ്പത്ത് കൃഷ്ണനെ കണ്ടുവോ എന്ന് അന്വേഷിച്ചപ്പോൾ അമ്മ സങ്കടത്തോടെ പറഞ്ഞത് ഇപ്പോഴും ഓർമ്മയുണ്ട്: "നിശ്ശല്യ. എന്റെ മനസ്സു മുഴോനും ഇവടെയായിരുന്നു."

ഷെൽഫിന്റെ ഉൾഭാഗം തുടയ്ക്കുമ്പോൾ കുട്ടികളുടെ ഇൻസ്ട്രുമെന്റ് ബോക്സിന്റെ വലിപ്പത്തിലുള്ള ആ മരപ്പെട്ടി കയ്യിൽ തടഞ്ഞു. ഒരു കാലത്ത് അമ്മയുടെ സമ്പാദ്യം സൂക്ഷിച്ചിരുന്ന പെട്ടിയായിരുന്നു അത്. പറമ്പിലെ പട്ടയും ചകിരിയും ചക്കക്കുരുവും വിറ്റു കിട്ടുന്ന കാശ് അതിലാണ് സൂക്ഷിച്ചിരുന്നത്. മനസ്സിൽ ആധി നിറച്ച ചെറിയ ചെറിയ കാര്യങ്ങൾക്ക് അമ്മ ആരുമറിയാതെ ചോറ്റാനിക്കരയ്ക്ക് വഴിപാടുകൾ നേർന്നിരുന്നു. അതു നിറവേറ്റാനുള്ള പണമായിരുന്നു അത്. പക്ഷേ അതിനൊന്നുമായിരുന്നില്ല അത് അധികവും ഉപയോഗിയ്ക്കപ്പെട്ടത്. മാസാവസാനം അച്ഛന്റെ മണിപ്പേഴ്സ് കാലിയാവുമ്പോൾ ഇരുപതോ മുപ്പതോ ഉറുപ്പിക വായ്പ എടുക്കാനുള്ള ഖജനാവായിരുന്നു അത്. ശമ്പളം കിട്ടുമ്പോൾ അത് മുടങ്ങാതെ തിരിച്ചു വെയ്ക്കാൻ അച്ഛൻ നിഷ്കർഷിച്ചിരുന്നു. പക്ഷേ ഇടയ്ക്കെപ്പോഴോ ആ പണം തിരികെ വെയ്ക്കാൻ അച്ഛന് കഴിഞ്ഞില്ല. അച്ഛൻ പിന്നീട് ആ കടം വീട്ടുകയുണ്ടായോ? അറിയില്ല. നിത്യദാരിദ്ര്യത്തിൽ പെട്ട് ഉഴലുന്ന അച്ഛന് അതു തിരിച്ചു കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. അമ്മ ചോദിച്ചിട്ടുമുണ്ടാവില്ല. ചോറ്റാനിക്കരയ്ക്കുള്ള വഴിപാട് എന്തായാലും നിറവേറിയില്ല. വഴിപാടിനേക്കാൾ വലുത് മറ്റു പലതുമാണെന്ന് അമ്മയ്ക്കു ബോധ്യം വന്നിട്ടുണ്ടാവാം. ഏതായാലും ഇപ്പോൾ ആ പെട്ടിയിൽ ഒരു സൂക്ഷിപ്പും ബാക്കിയില്ല.

ആ പെട്ടിയിലെ സമ്പാദ്യത്തേക്കുറിച്ചുള്ള വേവലാതി കാരണമാവാം പറമ്പിൽനിന്ന് ആരൊക്കെയോ പട്ട വലിച്ചു കൊണ്ടു പോവുന്നതായി അമ്മ ഇടയ്ക്കിടെ സംശയിച്ചു. ഉച്ചമയക്കത്തിൽനിന്നുണർന്ന് ജനലിലൂടെ പുറത്തേയ്ക്കു നോക്കി അമ്മ ഉറക്കെ വിളിച്ചു ചോദിയ്ക്കും: "ആരാ പട്ട വലിച്ചോണ്ടു പോണത്?" പിന്നെപ്പിന്നെ അതൊരു മാനസികരോഗം പോലെയായി.

അച്ഛന്റെ മരണശേഷം പതുക്കെപ്പതുക്കെ മറവി രോഗത്തിലേയ്ക്കു കടന്ന അമ്മ ശ്രീലകത്തേയ്ക്കു കയറാതായി. അവിടെ അമ്മയെ കാത്തിരിയ്ക്കുന്ന ദേവീദേവന്മാരെ മറന്നു. ദേവീമാഹാത്മ്യവും മറന്നു. പിന്നെ ഞങ്ങളെ ഓരോരുത്തരെയായി മറന്നു. മരിയ്ക്കുന്നതിന് ഏകദേശം രണ്ടു കൊല്ലം മുമ്പു തന്നെ അമ്മ ഈ ലോകം വിട്ടു പോയിരുന്നു.

അമ്മയുടെ കാലശേഷം ഞങ്ങൾ ശ്രീലകം മോടി പിടിപ്പിച്ചു. ഫോർമൈക്ക കൊണ്ട് തട്ടിട്ടു. അതോടെ ഓട്ടുമ്പുറത്തുനിന്നു കരടുകൾ വീഴാതായി. സിമന്റു നിലത്ത് തിളങ്ങുന്ന വിട്രിഫൈഡ് ഇഷ്ടികകൾ വിരിച്ചതോടെ കഴുകി വൃത്തിയാക്കാൻ എളുപ്പവുമായി. കൃത്യമായ ഇടവേള വെച്ച് തുടച്ചു വൃത്തിയാക്കി സബിത ശ്രീലകത്തിന്റെ ശ്രീത്വം കാത്തുസൂക്ഷിച്ചു.

ശുദ്ധാശുദ്ധങ്ങൾ ഇനി നോക്കേണ്ടതില്ല. ഇറയത്തെ ടാപ്പു തുറന്ന് അതിനു താഴെ പിടിച്ച് വിഗ്രഹങ്ങൾ കഴുകി വൃത്തിയാക്കി. മനുഷ്യസ്പർശവും ചന്ദനലേപനവുമില്ലാത്തതു കൊണ്ട് അവയിൽ കാര്യമായ അഴുക്കുകളൊന്നും ഉണ്ടായിരുന്നില്ല. ഓരോന്നോരോന്നായി കഴുകി തിണ്ണയിലേയ്ക്കു വെച്ചു. ഇനിയത്തെ ഊഴം സാളഗ്രാമങ്ങളുടേതാണ്.

അവ കഴുകുമ്പോൾ വീണ്ടും ആലോചിച്ചു. വല്യച്ഛൻ എവിടെനിന്നോ കൊണ്ടുവന്നു കൊടുത്തതാണ് ഈ കല്ലുകൾ എന്ന് അമ്മ പറയാറുണ്ടായിരുന്നു. എന്നാലും എന്താണ് ഈ സാളഗ്രാമങ്ങൾ? ഇത്രയും കാലം ഇത് അന്വേഷിച്ചിട്ടില്ല. കഴുകുന്ന പണി നിർത്തി ആചാര്യ നരേന്ദ്രഭൂഷൺന്റെ 'ഹിന്ദു എൻസൈക്ലോപീഡിയ' എടുത്തു നോക്കി.

"വിഷ്ണുശില എന്നറിയപ്പെടുന്ന ഒരു തരം ശില. സാളഗ്രാമി എന്നും പേരുണ്ട്...... ദശലക്ഷക്കണക്കിനു വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഒരു തരം ജീവികളുടെ പുറന്തോടിന്റെ ഫോസിൽ രൂപമാണിത്. ഗണ്ഡകീനദിയുടെ ഉത്ഭവസ്ഥാനത്തുള്ള ഒരു സ്ഥലത്തിന്റെ പേരാണ് 'സാ(ശാ)ലഗ്രാമി' എന്നത് (ആധുനിക നേപ്പാളിൽ). ആ സ്ഥലത്തു കാണുന്ന ശിലയായതിനാൽ സാളഗ്രാമം എന്നു പേരു വിളിയ്ക്കുന്നു. ഗണ്ഡകീനദി വിഷ്ണുവിന്റെ ഗണ്ഡത്തിലെ (കവിളിലെ) വിയർപ്പിൽനിന്ന് ഉത്ഭവിച്ചതാണെന്നും അതിനാൽ സാലഗ്രാമം വിഷ്ണുവിനു പ്രിയംകരമാണെന്നും പുരാണം."
വിശ്വാസത്തിന്റെ വഴികൾ വിചിത്രമാണ്. ഒരു ജീവിയുടെ പുറംതോടാണ് എന്നറിഞ്ഞിരുന്നെങ്കിൽ ഒരുറുമ്പിനെ കൊല്ലാൻ പോലും മനസ്സുറപ്പില്ലാത്ത അമ്മ ഒരു പക്ഷേ ഇത് കൈകൊണ്ടു തൊടാൻ പോലും അറയ്ക്കുമായിരുന്നു. പക്ഷേ പരമപവിത്രമായ എന്തോ ആണെന്ന വിശ്വാസത്തിൽ അമ്മ അത് കഴുകി വൃത്തിയാക്കി. ചന്ദനം തൊടുവിച്ചു. പൂക്കൾ അർച്ചിച്ച് ആരാധിച്ചു. ഒരായുസ്സു മുഴുവൻ.

ടാപ്പിലെ വെള്ളത്തിൽ കഴുകിയെടുക്കുമ്പോൾ ഇതുവരെ തോന്നിയിരുന്ന അവിശ്വാസത്തിന് തല്ക്കാലം ഞാൻ അവധി കൊടുത്തു: വിഷ്ണുശിലയല്ലായിരിയ്ക്കാം. ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമായ ഏതോ ജീവിയുടെ പുറംതോടായിരിയ്ക്കാം. എന്നാലും അമ്മയുടെ മനസ്സിന് കുറച്ചു കാലം ആശ്വാസം നൽകാനെങ്കിലും അവയ്ക്കായല്ലോ!

ശ്രദ്ധയോടെ കഴുകി വൃത്തിയാക്കി ഞാനവയെ പീഠത്തിലെ രണ്ടാം തട്ടിൽത്തന്നെ പ്രതിഷ്ഠിച്ചു.

---

അഷ്ടമൂർത്തി : കേരള വർമ കോളേജിലെ വിദ്യാഭ്യാസാനന്തരം ബോംബേയിൽ ജോലി ചെയ്തു. ഇപ്പോൾ തൃശ്ശൂരിലെ എസ് എൻ എ ഔഷധശാലയിൽ ജോലി ചെയ്യുന്നു. കുങ്കുമം അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ.



# REFLECTIONS ON SINGAPORE'S LEE KUAN YEW

**Dr VP Nair** ***PBM, MBBS, MRCP-UK, MRCP- Ireland, MRCGP – UK FAMS- Cardiology, Singapore, FRCP-London, FRCP-Ireland, FRCGP-UK, FRCP-Edinburgh, FCCP-USA, FACC-USA, FESC-Europe, FSCAI-USA.***

***Cardiologist, Mount Elizabeth Hospital (Orchard & Novena) Singapore***

At the end of World War II, many countries including Singapore were hallmarked by the struggle for independence, marked by the rise of political visionaries and marred by their varying inability to transition from vision to mission. The young Lee Kuan Yew was chiselled by these tumultuous times. From Japan's brief supremacy in Asia he realised the fallibility of Asia's imperial masters, from the freedom fighters of Asia and Africa he fathomed people power and from the British he favoured good governance and the rule of law. He conspired to align what he had learnt in adversity to shape the society he was destined to lead – Singapore.

In time to come Lee Kuan Yew – like all leaders – will be judged by history. But well before then, following his death on 23 March 2015, the outpouring of grief and gratitude in equal measure has bestowed him with an internationally recognised and acknowledged title: "founding father of modern Singapore". I am convinced that it is a title even Sir Stamford Raffles, who founded Singapore in 1819, would wholeheartedly agree.

Lee Kuan Yew's success in transforming Singapore is arguably unrivalled and meteoric. His heart and spirit was fully committed to the cause, and it was no political rhetoric when he uttered those famous words: "Even from my sickbed, even if you are going to lower me into the grave and I feel that something is going wrong, I will get up." - *National Day Rally of 1988 (14.08.1988 Kallang theatre), two years before he stepped down as Prime Minister.* I had the privilege to attend the rally and during the rally, Mr. Maniam, a grass root leader who was unknown to me and sitting few seats behind me had a cardiac arrest at the theatre, when I resuscitated him, and facilitated specific treatment. The patient is still alive and healthy. The memories and experience of the important rally are still lingering in me.



*Mr and Mrs Lee*




*Rotary World Understanding & Peace Day 23 Februrary 1992*

**A Karma Yogi**

In my mind, Lee Kuan Yew was a Karma Yogi. Based on the teachings of the Bhgavad Gita, the sacred Sanskrit scripture, Karma Yoga is a way of behaving, thinking and performing by which one orientates oneself towards realization of truth by acting in accordance with one's duty without self-centred desires. Lee's selfless dedication to the development of Singapore and its manifestation as a leading global city is testimony of this fact.

On the occasions I met with Lee Kuan Yew – at his Tanjong Pagar Constituency tree planting, Rotary events, and, community and medical functions, he struck me as a giant among men with an astute sense of the present. He did not ramble into chatter, it was always pointed questions that reflected his appetite for information, and more so, distilled knowledge.

Of all these personal encounters, my most memorable and thought provoking one was at the Rotary International event in Singapore, in 1992. He addressed the "World Understanding and Peace Day of Rotary International". As Chairman of the organising committee, I had the opportunity to welcome Mr and Mrs Lee as our Guests of Honour. In his speech Mr Lee gave









an overview of Singapore's progress, prosperity and development. He emphasised the need for education and health for all Singaporeans, and he highlighted that meritocracy was the golden yardstick for Singapore's rapid progress and sustained prosperity. As part of the ceremonies, Lee Kuan Yew was bestowed with the Honorary PHF (Paul Harris Fellow) by Rotary International. During dinner Lee discussed with me the prevalence of coronary artery disease. He was particularly interested in the reasons for its high incidence among Indians in Singapore. I was amazed by his in-depth knowledge of risk factors and management of coronary artery disease. More so, I was touched by his implied direction to me to do something about it, to help the health of the Singapore community. The special guests, the then US Ambassador to Singapore Mr Robert D.Orr and Mrs Orr were highly impressed by Mr Lee who elevated Singapore from third world to first world in a matter of five decades.

During SG 50, Singapore`s Golden Jubilee in 2015, all Singaporeans came together as one people, one nation, one Singapore. It highlighted the year of reflection, celebration, inspiration and the recognition of an ever glowing light that illuminates the way forward as we turn into a new era. The general election result of 11 September 2015 which gave a thumping majority to our Prime Minister Mr Lee Hsien Loong shows the people`s trust and love for the government and its pragmatic policies. Lee`s legacy will reflect and illuminate Singapore for ever.



*Dinner with Senior Minister and former Prime Minister Lee, Mrs Lee; American Ambassador to Singapore Mr David D. Orr and Mrs Orr and Dr and Mrs V P Nair*






Tribute to Mr Lee after his demise



# ഒരുമയുടെ ഓർമപ്പെരുന്നാൾ

## നാരായണൻ കാവുമ്പായി

നിറഞ്ഞിരിക്കിലും ദരിദ്രമീ രാജ്യം,
നിറന്നിരക്കിലും വികൃത,മെങ്കിലും
ഇവിടെ സ്നേഹിപ്പാ,നിവിടെയാശിപ്പാൻ
ഇവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം!`

മലയാളിയുടെ മനസ്സാണ് `ആസ്സാം പണിക്കാർ` എന്ന കവിതയിലെ ഈ വരികളിൽ വൈലോപ്പിള്ളി ആവിഷ്കരിച്ചത്. പരാധീനതകളേറെയുണ്ടെങ്കിലും മലയാളിക്കെന്നും പിറന്ന നാടിനോട് പറഞ്ഞറിയിക്കാനാകാത്ത മമതയുണ്ട്. നാട്ടിലെ ദാരിദ്ര്യമാണ് അസമിലേക്ക് കുടിയേറാൻ അക്കാലത്ത് മലയാളിയെ പ്രേരിപ്പിച്ചത്. പശിയകറ്റാൻ ദേശാതിർത്തികൾ താണ്ടുമ്പോഴും അവരുടെ മനസ്സിൽ തളിരിട്ടുനിൽക്കുന്ന പിറന്നത് വീടും നാട്ടുമാണ്. ദുരിതപൂർണമായ ദുരവസ്ഥകൾ നിറഞ്ഞതെങ്കിലും മലയാളിക്കെന്നും അത്രമേൽ പ്രിയതരമാണ് മലയാളമണ്ണ്. അത് സ്വർഗത്തേക്കാൾ മഹത്തരമാണ് എന്നു കരുതിയ ഒരു തലമുറ നമുക്കുണ്ടായിരുന്നു.

ഇന്ന് പഴയ ദുരിതമില്ലെങ്കിലും ജീവിതായോധനത്തിനായി രാജ്യാന്തരങ്ങളിൽ തൊഴിൽ തേടിപ്പോകുന്നവർ നിരവധി. പ്രവാസജീവിതത്തിരക്കുകൾക്കപ്പുറത്ത് അവരുടെ മനസ്സിൽ ഗൃഹാതുരതയുണർത്തുന്ന വികാരമാണ് മലയാളത്തനിമ. മലയാളത്തിന്റെ മണ്ണിലും മനസ്സിലും നിറഞ്ഞുനിൽക്കുന്ന സവിശേഷ വികാരത്തെയാണ് മലയാളത്തനിമയെന്നു വിളിക്കുന്നത്. അത് രൂപപ്പെടുത്തിയതിൽ ഇവിടുത്തെ ആചാരാനുഷ്ഠാനങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കും പ്രകൃതിക്കും വലിയ പങ്കുണ്ട്. അതിൽ ഏറ്റവും പ്രധാന ഉത്സവമാണ് ഓണം.

മലയാളിയുടെ മണ്ണിലും മനസ്സിലും സംഋദ്ധിയുടെ പൂക്കാലമൊരുക്കുന്ന വസന്തോത്സവമാണ് ഓണം. കർക്കടകത്തിന്റെ കള്ളകരിമേഘങ്ങളകന്ന് ചിങ്ങത്തിന്റെ പൊൻവെയിൽ പരക്കുന്ന നാളുകൾ!

എല്ലാവരും ആഘോഷിക്കുന്ന ഉത്സവമാണ് ഓണം. അതുകൊണ്ടാണ് ഓണത്തെ കേരളത്തിന്റെ ദേശീയോത്സവമായി വിശേഷിപ്പിക്കുന്നത്. ഓണം കേരളത്തിന്റെ കാർഷികോത്സവമായിരുന്നു. ഇടവപ്പാതിപ്പെരുമഴയെല്ലാമൊഴിഞ്ഞ് മാനം തെളിയുന്ന കാലം. രോഗങ്ങളും വറുതിയും ഒഴിഞ്ഞുപോകുന്ന കാലം. കർക്കടകം കഴിഞ്ഞാൽ ദുർഘടം തീർന്നു എന്നൊരുചൊല്ലുതന്നെയുണ്ട്. വിളവെട്ടുപ്പുകഴിഞ്ഞ് കർഷകർ വിശ്രമിക്കുന്ന കാലം. അപ്പോഴാണോണം. പത്തായം നിറയുന്ന കാലം.

കൃഷിയായിരുന്നു നമ്മുടെ പ്രധാന തൊഴിൽ. കർക്കടകത്തിനൊടുവിൽ വിളവെട്ടുപ്പ് കാലമാണ്. വിളവെട്ടുപ്പിനു ശേഷമുള്ള ആഘോഷക്കാലമാണ് ഓണക്കാലം. കാർഷികോത്സവം എന്ന നിലയിൽ എല്ലാവരും കൊണ്ടാടിയിരുന്ന ഓണത്തിന് പിന്നീടെപ്പോഴോ ചിലർ മതപരിവേഷം ചാർത്തിയതാകാം. മാവേലി മഹാബലിയായതും വാമനൻ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയതുമെല്ലാം പിൽക്കാലത്തുണ്ടായ കഥകളാകാം.

കഥകൾ പലതുണ്ട്. അജയ്യനാകാനുള്ള യാഗം നടത്തിക്കൊണ്ടിരുന്ന മഹാബലിയുടെ അടുത്തേക്ക് മഹാവിഷ്ണു വാമനരൂപത്തിൽ വന്നുവെന്നും യാഗശാല പണിയാൻ മൂന്നടി മണ്ണ് ചോദിച്ചുവെന്നും മൂന്നാമത്തെ കാലടി വയ്ക്കാൻ മഹാബലി തന്റെ ശിരസ് കാണിച്ചുകൊടുത്തുവെന്നും വാമനൻ മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയെന്നുമാണ് ഒരു കഥ. ചിങ്ങമാസത്തിലെ തിരുവോണനാളിൽ നാട് കാണാൻ മഹാബലി വരുന്നുവെന്നാണ് വിശ്വാസം.

പരശുരാമൻ കേരളം സന്ദർശിക്കാനെത്തുന്നതിന്റെ ഓർമ്മയ്ക്കായാണ് ഓണം കൊണ്ടാടുന്നതെന്നാണ് മറ്റൊരു കഥ. പണ്ട് കേരളത്തിൽ പ്രചരിച്ചിരുന്ന ബുദ്ധമതത്തിന്റെ സംഭാവനയാണ് ഓണമെന്നും കരുതപ്പെടുന്നു. കേരള ചക്രവർത്തിയായ മഹാബലി പെരുമാൾ നടത്തിയ 28 ദിവസം നീളുന്ന തൃക്കാക്കര ക്ഷേത്രോത്സവത്തിന്റെ അവസാന ദിനത്തിലാണ് തിരുവോണം എന്നും അഭിപ്രായമുണ്ട്. കേരളത്തിൽ ബുദ്ധമതത്തിന്റെ പ്രചാരത്തിന് ശേഷം വന്ന ഒരാഘോഷമാണ് ഓണമെന്ന് ഒരു വിഭാഗം അഭിപ്രായപ്പെടുന്നു. ശ്രാവണത്തിലെ (ചിങ്ങം) ഓണമാണല്ലോ നാം കൊണ്ടാടുന്ന തിരുവോണം. ശ്രാവണം എന്ന പദം തന്നെ ബൗദ്ധമാണെന്നും ബുദ്ധൻ ശ്രമണപഥത്തിലേക്ക് പ്രവേശിപ്പിച്ചവർക്ക് മഞ്ഞ വസ്ത്രം നൽകിയതിനെയാണ് ഓണക്കോടിയായി നൽകുന്ന മഞ്ഞമുണ്ടും ഓണത്തിന് വിശേഷമായി കണക്കാക്കുന്ന ഓണപൂക്കളും സൂചിപ്പിക്കുന്നത് എന്നുമാണ് ഒരുപക്ഷം.

അവസാന കേരളചക്രവർത്തിയായിരുന്ന ചേരമാൻ പെരുമാൾ ഇസ്ളാംമതം സ്വീകരിച്ച് മക്കയിലേക്ക്

യാത്രയായത് ചിങ്ങമാസത്തിലെ തിരുവോണനാളിലായിരുന്നു എന്നും അതിനെ അനുസ്മരിച്ച് അതൊരു പുതുവത്സരപ്പിറവിയായി കേരളീയർ കൊണ്ടാടുകയാണെന്ന് മറ്റുചിലർ അഭിപ്രായപ്പെടുന്നു.

കേരളത്തിന് പുറത്ത് ഉണ്ടായിരുന്ന ആഘോഷമായിരുന്നു ഓണം എന്ന നിഗമനം ചില ചരിത്രകാരന്മാർക്കുണ്ട്. കവിയും പണ്ഡിതനുമായിരുന്ന എൻ വി കൃഷ്ണവാര്യരുടെ നിരീക്ഷണത്തിന്റെ ചുരുക്കമിതാണ്. പ്രാചീന അസീറിയയിൽ നിലനിന്നിരുന്ന ആഘോഷമാണ് ഓണം. അവിടത്തെ ക്ഷേത്രങ്ങളായ `സിഗുറായി` യുടെ ആകൃതിയിൽ ഇവിടെ പൂക്കളത്തിന് നടുവിൽ വയ്ക്കുന്ന തൃക്കാക്കരയപ്പന്റെ ആകൃതിയും സദൃശ്യങ്ങളാണ്. ഭാരതത്തിലെ പൂർവികരായ അസുരന്മാർ അസീറിയക്കാരാണ്. അസീറിയ, അസുരൻ എന്നീ വാക്കുകളിലെ സാമ്യം നോക്കുക. അവർ ഭാരതത്തിലേക്ക് കുടിയേറിവരാണ്. അവരുടെ ആഘോഷവും അവർ ഒപ്പം കൊണ്ടുവന്നതാണ്. ആന്ധ്ര, കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിൽ പണ്ട് ഓണാഘോഷം ഉണ്ടായിരുന്നു. പ്രാചീന തമിഴ് ഗ്രന്ഥമായ തൊൽക്കാപ്പിയത്തിന് നച്ചിനാർക്കിനിയാർ എഴുതിയ വ്യാഖ്യാനത്തിൽ ആന്ധ്രയിലെ തിരുപ്പതി ക്ഷേത്രത്തിലെ പ്രതിഷ്ഠ വാമനനാണെന്ന് അഭിപ്രായപ്പെടുന്നു. തിരുപ്പതി, തൃക്കാക്കര എന്നീ പദങ്ങളുടെ സാമ്യവും അവയ്ക്ക് വാമനന്റെ പാദവുമായുള്ള ബന്ധവും ശ്രദ്ധേയമാണ്. ഓണത്തിന്റെ പിറവിയെങ്ങനെയായിരുന്നാലും ലോകത്തിന്റെ ഏതു കോണിലുള്ള മലയാളിയുടെയും പ്രിയപ്പെട്ട ആഘോഷമാണ് ഓണം

ഇന്ന് കൃഷിയെല്ലാം പോയി. എല്ലാമെന്ന് പറഞ്ഞുകൂടാ. പേരിനുമാത്രം ചില നാണ്യവിളകളുമായി കഴിയുകയാണ് കർഷകർ. നാട് വളരെ വേഗത്തിലാണ് മാറിക്കൊണ്ടിരിക്കുന്നത്. `ഇത്തിരിവട്ടം മാത്രം കാണുകയും ഇത്തിരിവട്ടം ചിന്തിക്കുകയും` ചെയ്യുന്നവരുടെ എണ്ണം പെരുകിവരുന്നു. മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേരാൻ സമയവും സന്മനസ്സുമുള്ളവർ ചുരുങ്ങിവരുന്നു. മനുഷ്യപ്പറ്റില്ലാത്ത, പരസ്പരം മത്സരിക്കുന്ന ജനതയായി നമ്മൾ മാറുകയാണ്. അന്യരുടെ കണ്ണീരും പുഞ്ചിരിയും കാണാൻ കഴിയുമ്പോഴേ നമ്മൾ മനുഷ്യരാവൂ.

ഓണം ഇന്ന് വിപണിയുടെ ഉത്സവമാണ്. കച്ചവടത്തിന്റെ ഉത്സവം. ഇലക്ട്രോണിക് ഉപകരണങ്ങളും ഫർണിച്ചറുകളും പച്ചക്കറിയും എന്നുവേണ്ട എല്ലാം വാങ്ങിക്കൂട്ടുന്ന കാലം. കോടിക്കണക്കിന് രൂപ വ്യാപാരികൾ കേരളത്തിൽനിന്ന് വാരിയെടുത്തുപോകുന്ന കാലം. കച്ചവടമേളകളും വഴിവാണിഭങ്ങളും അരങ്ങുതകർക്കുന്ന നാളുകൾ. ഓണപ്പൂക്കളും ഓണസദ്യയും ഓണക്കോടിയുമെല്ലാം വിലകൊടുത്തു വാങ്ങാനാണ് നമുക്കിഷ്ടം! കാർഷിക വിളകളുടെയും നാട്ടുപൂക്കളുടെയും സമൃദ്ധിയിൽ പൂത്തുലഞ്ഞുനിന്ന കേരളം അന്നത്തിനായി അന്യനാടുകളെ ആശ്രയിക്കുകയാണ്. പൂക്കളമൊരുക്കാൻ അയൽനാട്ടിൽ നിന്ന് പൂക്കളെത്തണം.

ഇങ്ങനെയൊക്കെയാണെങ്കിലും ഓണം നമുക്ക് മധുരമായ ഒരു ഓർമ്മയാണ്. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഒരു നല്ല കാലത്തിനായി നമുക്കു കാത്തിരിക്കാം. അതിനുവേണ്ടി പ്രയത്നിക്കാം.

---

നാരായണൻ കാവുമ്പായി

മാധ്യമപ്രവർത്തകനും എഴുത്തുകാരനും. കണ്ണൂർ ജില്ലയിലെ കാവുമ്പായിയിൽ ജനനം. ദേശാഭിമാനി ചീഫ് സബ് എഡിറ്റർ. കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെയും ദേശാഭിമാനി അക്ഷരമുറ്റത്തിന്റെയും എഡിറ്റർ ഇൻ ചാർജ്.

ഇരുപത് ബാലസാഹിത്യകൃതികളും ഒരു ചരിത്രഗ്രന്ഥവും രണ്ടു ജീവചരിത്രവും രചിച്ചു. പത്ത് പുസ്തകങ്ങളുടെ എഡിറ്ററാണ്. നവോത്ഥാന കഥകൾ എന്ന കൃതിക്ക് അബൂദാബി ശക്തി അവാർഡ് ലഭിച്ചു. മാധ്യമപ്രവർത്തനത്തിനുള്ള സുരേന്ദ്രൻ നീലേശ്വരം സ്മാരക പത്രപ്രവർത്തക അവാർഡും ബാലസാഹിത്യത്തിന് ഡോ. ടി പി സുകുമാരൻ സ്മാരക അവാർഡും ലഭിച്ചു. പുരോഗമന കലാസാഹിത്യസംഘം സംസ്ഥാനസമിതി അംഗമാണ്.

ഭാര്യ: റീന, മക്കൾ: സിദ്ധാർഥ്, സച്ചിത്ത്

വിലാസം: കേദാരം, കീച്ചേരി, പാപ്പിനിശേരി പോസ്റ്റ്, കണ്ണൂർ ജില്ല

മൊബൈൽ: 9447779875, Email: kavumbayi@gmail.com



# ഓർമകളിലൂടെ.. ഒ എൻ വി കുറുപ്പ്

## വി വി മുരളീധരൻ

മൺമറഞ്ഞ മലയാളത്തിന്റെ മഹാകവി ശ്രീ ഒ എൻ വി ക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം.

കൊല്ലം ജില്ലയിൽ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ എൻ കൃഷ്ണകുറുപ്പിന്റെയും ലക്ഷ്മികുട്ടിയമ്മയുടെയും പുത്രനായി ആയിരത്തിത്തൊള്ളായിരത്തി മുപ്പ ത്തൊന്നു മെയ് മാസം ഇരുപത്തേഴാം തീയ്യതി ജനനം. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിത രചന തുടങ്ങിയ ഒ എൻ വി, പതിനഞ്ചാം വയസ്സിൽ തന്നെ തന്റെ ആദ്യ കവിതയായ "മുന്നോട്ട്" എഴുതി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ആയിരത്തി തൊള്ളായിരത്തി അൻപത്തി രണ്ടിൽ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും ആയിരത്തി തൊള്ളായിരത്തി അമ്പത്തഞ്ചിൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി ആയിരത്തി തൊള്ളായിരത്തി അൻപത്തെട്ടു മുതൽ ഇരുപത്തഞ്ചു വര്ഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും, കേരളത്തിലെ മറ്റു കോളേജുകളിലും മലയാള വിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു

ആറുപതിറ്റാണ്ടു നീണ്ട സാഹിത്യജീവിതത്തിൽ, നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ചു രണ്ടായിരത്തിയേഴിൽ ജ്ഞാനപീഠ പുരസ്ക്കാരം നൽകുകയുണ്ടായി. ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി എട്ടിൽ പദ്മശ്രീ, രണ്ടായിരത്തി പതിനൊന്നിൽ പദ്മവിഭൂഷൺ എന്നീ പുരസ്കാരങ്ങൾ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു

അദ്ദേഹത്തിന്റെ കവിതാ സമാഹാരങ്ങളിൽ പ്രധാനപെട്ട ചിലതാണ്, ഭൂമിക്കൊരു ചരമഗീതം, ഉപ്പ്, ഉജ്ജയിനി, പാഥേയം, സ്നേഹിച്ചു തീരാത്തവർ എന്നിവ. ആദ്യകാല കെ പി എ സി യുടെ ചില നാടകങ്ങൾക്കും പിന്നീട് മലയാള സിനിമകൾക്കും വേണ്ടി ഗാനരചന നടത്തിയിട്ടുണ്ട്. പച്ചമനുഷ്യരോട് സംവദിക്കുന്ന തരത്തിൽ "പൊന്നരിവാൾ അമ്പിളിയിൽ കണ്ണെറി യുന്നോളെ...., "എഴുതിയ അതെ തൂലികയിൽ ഋശ്യ ശൃംഗന്റെ കഥ പറഞ്ഞ വൈശാലിയിലെ സാഹിത്യം തുളുമ്പുന്ന ഗാനങ്ങളും കുമാരസംഭവത്തിലെ "പൊൻ തിങ്കൾ കല പൊട്ടുതൊട്ട ഹിമവത്...." പിറന്നിട്ടുണ്ട്. അങ്ങിനെ ഒ എൻ വി, എല്ലാ തലമുറയുടെയും ഇഷ്ടകവിയും ഗാനരചയിതാവും ആയി മാറി.

ടോൾസ്റ്റോയിയുടെ നൂറ്റിഅൻപതാം പിറന്നാൾ ആഘോഷങ്ങളിൽ പങ്കെടുക്കാൻ റഷ്യ സന്ദർശന



വേളയിൽ എഴുതിയ പതിനൊന്നു റഷ്യൻ യാത്രാ ഗീതങ്ങൾ അദ്ദേഹത്തെ വയലാർ അവാർഡിന് അർഹനാക്കി. മലയാളത്തിലുള്ള പ്രായോഗിക പരിജ്ഞാനം ഉദ്യോഗാർത്ഥികൾക്ക് വേണമെന്ന് ഒ എൻ വി നിർബന്ധിച്ചത് പെറ്റമ്മയോടും, മണ്ണിനോടും, ഭാഷയോടുമുള്ള സ്നേഹം കൊണ്ട് മാത്രമല്ല, അത് ജനാധിപത്യ മര്യാദയുടെ ഒരു ഭാഗമായത് കൊണ്ടുമാണ്.

ദേവരാജൻ മാസ്റ്റർ, എം ബി ശ്രീനിവാസൻ സർ, സലിൽദാ, എന്നീ കൂട്ടുകെട്ടിൽ പിറന്ന ജനപ്രീതി നേടിയ ഒത്തിരി സിനിമാ ഗാനങ്ങളിൽ "സന്ധ്യേ കണ്ണീരിതെന്തേ.... , ശരബിന്ദു മലർദീപനാളം നീട്ടി...., അരികിൽ നീ.... തുടങ്ങി പഴശ്ശിരാജയിലെയും കളിമണ്ണിലെയും ഗാനങ്ങൾ വരെ എത്തി നിൽക്കുന്നു. പിന്നീട് അദ്ദേഹത്തിന് വാർധക്യ സഹജമായ അസ്വസ്ഥതകൾ മൂലം കാര്യമായ സംഭാവനകൾ നൽകുവാൻ സാധിച്ചില്ല. രണ്ടായിരത്തിപതിനാറു ഫെബ്രുവരി പതിമൂന്നിനു ശ്രീ ഒ എൻ വി നമ്മെ വിട്ടു പിരിഞ്ഞു.

അദ്ദേഹത്തിന്റെ വിയോഗം മലയാള കവിതകളെയും മലയാളത്തെയും സ്നേഹിക്കുന്ന എല്ലാവർക്കും ഒരു തീരാനഷ്ടമായി തന്നെ നിലനിൽക്കും.

"സ്നേഹിച്ചു തീരാത്തവർ" എന്ന കവിതയിൽ നിന്ന്

എന്റെ മനസ്സിൽ തങ്ങിയ ചില വരികൾ:
"ജന്മങ്ങൾ കാറ്റൂതിയ വയൽ പൂവുകൾ പോലെ
ഇമ്മണ്ണിൽ കൊഴിയുന്നു പിന്നെയും വിരിയുന്നു
വേറിട്ടകഥകളാണോരോ ജന്മവും അതിൽ
മാറുന്ന വേഷങ്ങളാർന്നരങ്ങിലെത്തുന്നു നാം
സഖി നിനക്കായി ഞാൻ പാടിയ പാട്ടെല്ലാം
അഗതികളായലഞ്ഞിടുന്നു
തിരയുന്നു ഞാനുമെൻ ഗാനവും നിന്നെ
വേർപിരിയുന്നു വീണ്ടും നാമീയിരുളിൽ"
മലയാളി ലോകത്തിന്റെ എവിടെയായാലും അവരുടെ ഹൃദയത്തിൽ മായാതെ കിടക്കുന്ന നാലുവരികൾ ശ്രീ ഒ എൻ വിയുടേതായിരിക്കും. ഒ എൻ വി സാറിന്റെ ഈ വരികൾ അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികളായി അർപ്പിക്കുന്നു..

"അരികിൽ നീ ഉണ്ടായിരുന്നെങ്കിലെന്നു ഞാൻ
ഒരു മാത്ര വെറുതെ നിനച്ചുപോയി. . . . .

"വെറുതെയീ മോഹമെന്നറിയുമ്പോഴും
വെറുതെ മോഹിക്കുവാൻ മോഹം. . . . . . . .



# അനശ്വരതയുടെ പുല്ലാങ്കുഴൽ

## എം കെ ഭാസി

ജീവിതോൽസവങ്ങളിൽ
പങ്കു കൊള്ളുവാൻ വന്നു
കൂടിയീമനോഹര
നൃത്തമണ്ഡപത്തിൽ ഞാൻ.

കാൽച്ചിലമ്പൊലികളാൽ
ഗാനമാധുരികളാൽ
ഈമരുഭൂവിൽപ്പോലും
പുളകം വിരിയുമ്പോൾ

എന്നെയിന്നലെയൊരു
കൽത്തുറുങ്കറയ്ക്കുള്ളിൽ
തള്ളിയിട്ടെൻ കാൽകളിൽ
ചങ്ങലയിട്ടു നിങ്ങൾ.

കണ്മതിൽക്കെട്ടാലെന്റെ
മുന്നി, ലീവിരിയുന്ന
സുന്ദരപ്രപഞ്ചത്തെ
മൂടുവാൻ കഴിഞ്ഞാലും

എന്റെ ചേതനയിലും
എന്റെ സങ്കൽപത്തിലും
എങ്ങിനെ വീഴ്ത്തും നിങ്ങ –
ളീക്കരിം തിരശ്ശീല?

ഈനല്ല മണ്ണിൽ, ചാലു –
കീറുവാൻ, വിതയ്ക്കുവാൻ

ഈ വയൽ വരമ്പത്തു
കൊയ്യുവാൻ, മെതിക്കുവാൻ

നീണ്ടൊരീശ്ശതാബ്ദങ്ങ –
ളൊക്കെയും ഞങ്ങൾക്കായി
പൂക്കണിയൊരുക്കിയോ –
രീലതാ നികുഞ്ജത്തിൽ

മുന്തിരി വനങ്ങളിൽ ,
പൂനിലാവലകളിൽ
മുങ്ങിയ മനോഹര
താഴ്‌വരത്തടങ്ങളിൽ

ജീവിതോൽസവത്തിന്റെ
കാകളി പാടാൻ , മധു –
രോജ്ജ്വലമീമണ്ണിലും
സ്വപ്നങ്ങൾ വിരിയിക്കാൻ

എന്റെ ഭാവനകളു –
മെന്റെ കൈവിരൽത്തുമ്പു –
മെന്തിനു പേടിക്കണം
നിങ്ങളെ, ക്കാവൽക്കാരേ!

എന്റെ കാൽച്ചവിട്ടടി –
ക്കുള്ളിലുണ്ടുറങ്ങുന്നു
പിന്നിട്ട നൂറ്റാണ്ടിന്റെ
തേങ്ങലു, മമർഷവും.



# EMPATHY REQUIRED!!!

## Dr Chitra Krishnakumar

It was a bright Sunday morning, a day you felt nothing could possibly go wrong. The day had begun just nice with friends sending you good morning messages telling you to smile at the world at large, to throw despondency to the winds, and to treat life in all its positivity. You have to create your own sunshine! Determined I had set out to do just that.

Moving into the market place busy buying stuff I bumped into this lady literally on the verge of tears. She was lost. She was unable to give any useful replies, and sounded very vague. She tried hard to give the right answers but consistently failed. Finally I was able to get some pointers and with some help from people who recognised her I was able to lead her to her house.

When we reached her place she moved into the house with relief but before entering she gave my hand a reassuring squeeze. As she moved in I was pretty sure that I was already forgotten. At least I had been useful. The family thanked me but not so profusely, perhaps they were tired of her wanderings. I could still feel the pressure of her fingers on my hand and that gave me a sense of warmth.

**Emotional bonding**

As I moved on with my chores I kept thinking of my mother and her struggle with Alzheimer's.

My mother stricken by Alzheimer's had been bedridden for a while. It deteriorated through the years. Stiffness had developed in my mother's limbs and she had lost mobility and could not move them on her own.

It wrung our hearts to see her in this state. Once Alzheimer's had set in she had given up speaking altogether. It was like ages since she had spoken to us or recognised us. She used to just look at us when we bathed her, fed her, talked to her. But she



never uttered a word. Sometimes she used to wince which made us to stop quickly what we were doing and to check what was hurting her.

My sister used to have long conversations with her in the hope that she was listening. A few times my sister used to exclaim delightedly," When I talked to *amma* today she pressed my hand!"
And this incident happened one of the days as related by my sister.

It was one of the usual days and *amma* was in bed after being bathed and fed.

My sister's daughter thought she will do some skipping in her grandmother's room. In this way she thought she can give her grandmother some company.

As she was skipping she realized that her grandmother was struggling with her body, squirming, looking up and down rapidly. When she stopped skipping to watch her grandma to see what was wrong, grandma also stopped squirming. When she continued grandma was disturbed.

Curiously she looked up and found that the skipping ropes had been hitting against the blades of the ceiling fan and the fan seemed to be now at a curious angle. Probably grandma was trying to tell her to stop, as it was proving dangerous.

She ran out and called her mother and my sister decided not to switch the fan on and when she got the electrician to take a look at it he explained that the wiring had got loose and if they had switched it on, it would have got short circuited.

The other day I was chatting with a care giver and she explained that her mother too had never communicated for a long time but one day as she was wheeling her across the road close to their place her mother suddenly started to convulse and move vigorously. She stopped pushing her wondering what was wrong when she saw a snake slithering away just a little distance from where she had stopped. Probably if she hadn't stopped then, because of her mother's actions she would have probably run over it. And both of them, mother and daughter were animal lovers too.

Another caregiver explained how her mother who hardly communicated started to gesticulate to catch her attention to attend to a wounded cat lying in their void deck.

And one of nurses mentioned that when she sat once crying thinking of her some personal problem beside a patient with dementia the patient kept looking at her face with concern and then started to tear up herself.

There are many such instances recounted by caregivers about the compassion shown by persons with dementia. They say they have found their loved ones tearing up listening to a song or during some conversations. They say sometimes person with dementia responds by pressing their caregiver's hands as a sign of acknowledgment. They seem to freeze in time reacting only to pictures or dialogues that has happened to them some time in the past. They are found to come alive briefly at some old memories which were dear to them, forgetting recent ones. Emotional bonding persists.

**Be empathetic!**

We must be aware that in Singapore one in every 10 persons aged above 60 years and above have dementia and one in every two persons above 85 years and above have dementia and from a recent report there are 45,000 people with dementia and it



is projected that this figure will more than double to 103,000 by 2030 (forgetusnot.sg).

In a conversation we had with Dr Philip Yap, Director, Geriatric Centre of Khoo Teck Puat Hospital, Yishun, he explained that Alzheimer's patients live in the collective psyche of people around them. So what we know of the person with Alzheimer's should be used for his or her advantage to help them overcome their worries and reservations.

Even if the person with Alzheimer's does not visibly react to touch of the hand, conversations, it does mean that the person is totally unaware. Even patients in coma stages have proved to have been aware of their surroundings.

With no medical help available to treat Dementia and Alzheimer's all that can be done is to mitigate their silent suffering and help them cope with the degenerating disease. So frequent social interactions, visits, long conversations, music, dance, their favourite food, walks, exercise, love, care and hugs can trigger emotional reactions and could leave long lasting positive emotions and impact on their wellbeing.

**Dr Chitra Krishnakumar is passionate about dance and music. Presently, President of Soorya (Singapore), a performing arts focussed Society showcasing and promoting fine Indian classical and traditional arts. She volunteers with the Alzheimer's Disease Association (Singapore) as well as Welfare Committee of SMA. She is also a freelance writer.**

# SG 50 Celebrations Malayalee Carnival

SG50 Malayalee Carnival was a collaborative event by over 25 Malayalee Organizations in Singapore in conjunction with the SG50 and Onam celebrations. The event was planned to inaugurate a Bursary that the Malayalee Community wishes to set up as an everlasting contribution to celebrate our nation's 50th Anniversary. The event was held on 06th September 2015 at Naval Base Secondary School.

The Carnival was inaugurated by Mr Vikram Nair and Mr Ong Ye Kung followed by lamp lighting ceremony by social and religious leaders. As part of opening ceremony, a group of 50 ladies performed Singapore's largest Thiruvaathira ever. An outstanding Athapookalam in the form of Singapore's map was put up to welcome the guests to the Carnival.

In the afternoon, GOH Minister of Foreign Affairs and Law Mr K Shanmugam inaugurated the Singapore Malayalee – NUS Bursary in the presence of Mr Gopinatha Pillai BBM(L), Mr P K Koshy, Mr Jayakumar BBM and leaders of other organizations.

The event also witnessed unprecedented cooperation between the various Malaylee organizations that resulted in the largest attendance in a Malayalee event in recent times. Over 2500 guests and participants attended the event supported by over 450 volunteers. The key highlights of the events included the following:

- Cultural Extravaganza
  - Malayalee Got Talent – Talent exhibition in the model of a reality show with 50 contestants.
  - Singapore Through Five Decades – Theme show by over 20 Malayalee Associations and 175 performers
- Carnival in a tent with the following
  - Heritage wall featuring contribution of Malayalees in Singapore.
  - Activity Corners.
  - Games Corner.

## FOLLOWING 26 MALAYALEE ORGANIZATIONS TOOK PART IN THE JOINT SG50 INITIATIVE

Amriteswari Society
Bhaskar's Academy
Immanuel Congregation (Singapore) Church of South India
Indian Cultural Association
Jurong Beats
Kerala Art Lovers Association
Malayalam Language Educational Society
Malayalee Muslim Community
Malayalees in Singapore
Mar Thoma Syrian Church
Media5 Entertainment Factory
Mudra
Music Minds
Naval Base Kerala Library
Pravasi Express
Prenevam Sangeetha
Singapore Coliseum
Singapore Malayalee Association
Singapore Malayalee Hindu Samajam
Soorya @ Singapore
Sree Narayana Mission
St.Mary's Jacobite Syrian Cathedral
St.Thomas Orthodox Syrian Cathedral
Starvision
Udaya Library
World Malayalee Council

# SG50 Celebrations

# NUS Bursary Award

The Malayalee community of Singapore decided to celebrate the 50th year of Singapore's birth as a Nation with a Singapore Malayalee Bursary at the National University of Singapore for Singaporeans with priority for Indian students. This was announced as successfully completed at a dinner cum networking session on 09 Jan 2016. This is the contribution of the Malayalee community led by its core association, the Singapore Malayalee Association (SMA), towards the larger cause for the SG50, which concluded on 31 Dec 2015. The event marked the completion of the Bursary fund raising efforts by the community and included handing over the contribution to NUS and also recognizing the key donors. Participants included, Guest of Honour, Mr Ong Ye Kung, Acting Minister for Education and Senior Minister of State, Ministry of Defense, Mr Vikram Nair, MP for Sembawang GRC, Mr Gopinath Pillai BBM(L) Ambassador at Large and Advisor to SMA, Prof Bernard Tan, Vice Provost (Undergraduate Education), NUS, main donors, SMA trustees, Mr Jayakumar BBM, President of SMA, SMA committee members, representatives from other Malayalee organizations and well-wishers.

The event was held as below:
Date & Time: Saturday, 9 January 2016, 7pm
Venue: Orchid Country Club.
Guest of Honour: Mr Ong Ye Kung, Acting Minister for Education (Higher Education and Skills) and Senior Minister of State, Ministry of Defense

Background: Singapore Malayalee Bursary was setup as part of SG50 celebrations by the Malayalee Community in Singapore to make a long lasting contribution by the entire community towards the larger national objective of supporting tertiary education targeting Singaporean students with priority to Indians. The decision to institute such a bursary was the result of a series of brainstorming sessions within the community leaders led by Singapore Malayalee Association under the guidance of Mr Gopinath Pillai BBM(L), the advisor of Singapore Malayalee Association and a highly respected community pioneer and leader. The bursary for students was decided so as to give maximum support for the future generation, so as to create a bright future for Singapore.

Rationale behind the bursary : According to 2005 STUDIES, only 11% of Indian students from the primary one cohort got admission into Singapore Universities compared to the national average of 21%. It is widely understood that one of the major concerns facing a family that decides to enrol a family member into University is the cost of university education. To address this concern, the Malayalee Community in Singapore decided to raise S$500,000 in an endowed fund, which will generate an annual interest of about $20,000 to provide financial support to 4-5 students.

# SG 50 Celebrations

# NUS Bursary Award

















# SG 50 Celebrations Malayalee Carnival

























AIR TICKET


Singapore Malayalee Association


SG 50
MALAYALEE CARNIVA

Building

SG 50
MALAYALEE CA

SG 50
MALAYALEE CARNIVAL

Caring Citizens
Future Leaders









# Nataka Mela 2016








© Rajeev Variyar Photography













IATAKA MELA
2016

Travel the world




## Our Services

- Air Ticketing
- Inbound/Outbound Tours
- Bus Charter
- Premium Bus Services
- Batam/Bintan Tours
- Hotel Bookings
- Limo Services

For Enquiries
Call : +65 67530506
www.saex.com.sg

BUSHUB SERVICE PTE LTD & Gemini Travel n Tours *Experience Life*

**Wish You A Happy Onam**

48 Serangoon Road,
Little India Arcade #01-74
Singapore (217959)
enquiry@bushub.com.sg

Like Us On facebook
facebook/saex.sg



# Nair Cardiac & Medical Centre

**Mount Elizabeth Hospital, Orchard**
**3 Mount Elizabeth #16-08, Mount Elizabeth Medical Centre,**
**Singapore 228510**
**Tel: 62359226/28 Fax: 62354509**
**Mount Elizabeth Novena Hospital**
**38 Irrawaddy Road #07-35, Mount Elizabeth Novena Specialist Centre,**
**Singapore 329563**
**Tel: 65702901/03 Fax: 65702927**



**DR V P NAIR**
Interventional Cardiologist

PBM, MBBS, MRCP-UK, MRCGP (UK), MRCP-Ireland, FAMS (CARDIOLOGY-SINGAPORE), FRCP (Ireland), FRCP-Edinburgh, FRCGP-UK, FRCP (LONDON), FCCP (USA), FACC (USA), FESC (France), FSCAI (USA)

## Our Services

- Specialist Consultation
- Complete Cardiac & Medical Assessment/ Screening
- Comprehensive Blood & Urine Investigations
- 12-Lead Electrocardiogram (ECG)
- 2D-Echocardiography
- Stress Echocardiography
- Carotid & Abdominal Ultrasound
- Treadmill Stress Test
- Ambulatory ECG & BP Monitoring (Holter & AMBP)
- CT Coronary Angiogram With calcium score
- Coronary Angiogram, Balloon Angioplasty &Stenting
  - Radial Artery (Wrist) Approach
  - Femoral Artery (Groin) Approach
- Myocardial Perfusion PET Scan
- Renal Artery Stenting / Denervation
- Peripheral Artery stenting

Email : naircardiac@yahoo.com.sg, dr.vp.nair@heartmatters.com.sg



# ഓണപ്പൊട്ടൻ

## വെണ്മണി ബിമൽ രാജ്



മഴവീണ പൊടിമരിച്ച നടവഴിയിൽ
മഴത്താളം തോൽക്കും മണി ഓളമോടെ
വാക്കില്ലാ കോലം കെട്ടിയ പൊട്ടൻ
ഓടി നടന്നോണം കാണാൻ വരുന്നു നേരിൽ.

മലനാടിൻ മടിശീല ചൂട്ടും മണത്തട്ടി.ൽ.
ആരവമില്ലാതെ അനുഗ്രഹമരുളാൻ
മാവേലി തന്നെയായ് പൊട്ടൻ വരുന്നു
ഓണനാളിൽ ഓല ചാർത്തിയ ഓണപ്പൊട്ടൻ.

ചേലിൽ ആട കെട്ടി പീലി കിരീടവും ചൂടി
ശീവേലി പാട്ട് കേട്ടണയുമീ തൊടിയിൽ സമൃദ്ധി
ചെഞ്ചായം പൂശി , ചെമ്പട്ട് ചുറ്റി പൊട്ടൻ
മാലോകരെല്ലാം ഒന്നായി കാണുന്ന മന്നൻ.

ഉത്രാടം കെട്ടിയ വാമൂടിയ രൂപം
പടി വാതിലിൽ പാടുന്നു മൌനമായ്
ഓതുന്നു നന്മതൻ കൺ പദങ്ങൾ.
നല്ല നാളിൻ നേര് ചൊല്ലുമാൾ രൂപമായ് .



വാ മൂടിയ മന്നൻ നെടുനീളൻ താടിയിൽ.
കാണുന്നു ദുഖവും നന്മയുമാഘോഷവും
ചാമരമാട്ടി ദുരിതമില്ലാ മാറാപ്പും പേറി
വീട് കേറും ഒണേശ്വരനായ് ഓണപ്പൊട്ടൻ.

ഉരിയാട്ടമില്ലാതെ കാണുമോരോ കാഴ്ചതൻ.
അവസ്ഥാന്തരങ്ങളീ, ചുവന്ന മുഖമതിൽ
സമൃദ്ധിതൻ, ഓണശീലുമായ് വരുന്നീ വഴി
ദൈവത്താൻ ഓണപ്പൊട്ടൻ മാവേലി തമ്പുരാൻ.

ഇട വഴിയിലോല കുട ചൂടി അഴകിൽ
ദ്രുത  പാദനായ്, മണിനാദ രൂപിയായ്
വീണ്ടും ഓണം സ്മൃ തികളിൽ പാടി
നല്ല നാളിൻ രൂപമായ് ഒരു പൊട്ടൻ.

നെല്ലേറിഞ്ഞു നന്മതൻ നിറകാലം തന്നു
മണി കിലുക്കി കുടമാറി പോകും
കാലം കെട്ടുമൊരു കഥയിൽ മന്നനായ്, മാവേലി–
കാലത്തിനായ് നടക്കുന്നു പോകുന്ന പൊട്ടൻ.

---

ബിമൽ രാജ് ആലപ്പുഴ,ചെങ്ങന്നൂർ, വെണ്മണി സ്വദേശിയാണ്. എ എസ് എൽ എന്ന സ്ഥാപനത്തിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ആണ്. ദേവ മേഘങ്ങൾ എന്ന കവിതാ സമാഹാരം സിങ്കപ്പൂരിൽ നിന്നും പ്രസിദ്ധീകരിച്ചു. സിംഗപ്പൂർ മലയാളി പത്രം  പ്രവാസി എക്സ്പ്രസ്സ്  എഡിറ്റോറിയൽ അംഗമാണ്.  മൈൻഡ് ആൻഡ് തോട്സ് പെയിന്റിംഗ് സീരീസ്, ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട് . നിരവധി ആനുകാലികങ്ങളിൽ കഥകൾ, കവിതകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



# തിരിച്ചു വരവ്

ബാബു എഴുമാവിൽ

വാതിലിൽ ആരോ തട്ടുന്നു. രജനി വിളിച്ചു പറഞ്ഞു, "ഒന്നു നോക്കു, ആരാന്ന്". കയ്യിലെ ചായക്കപ്പ് താഴെ വെച്ച് എണീറ്റു. വാതിൽ പഴുതിലൂടെ കണ്ടു. പുറത്ത് ഇന്ദിര. വാതിൽ തുറന്നു,

"ഇന്ദിര വരു, എന്താ ഈ സമയത്ത്?" റബ്ബർ മരങ്ങളും പൊങ്ങല്യങ്ങളും ഇടതൂർന്നു നിൽക്കുന്ന പറമ്പിൽ ആദ്യകിരണങ്ങൾ പടർന്നു തുടങ്ങുന്നതേയുണ്ടായിരുന്നുള്ളു. അന്ത്യനക്ഷത്രത്തിനു മേൽ സൂര്യകിരണം തട്ടുമ്പോൾ അതും താഴെ വീഴുന്നതായിതോന്നും.

ഇന്ദിരയുടെ മുഖത്തെ മാംസപേശികൾ ഒരു ദീർഘകാലത്തിന്റെ ഏകാന്തത വിളിച്ചറിയിക്കുന്നുണ്ടായിരുന്നു. "ദിവാകരേട്ടൻ തിരിച്ചെത്തീട്ടുണ്ട്." അത് കേട്ടുകൊണ്ടാണ് രജനി വന്നത്, "ഉവ്വോ, എപ്പഴാ വന്നത്?" "എപ്പഴാന്നറിയില്ല. രാവിലെ ഞാൻ സൊസൈറ്റിയിൽ പാലുകൊടുത്തു വരുമ്പോഴാണ് ആരോ ഒരാൾ വരാന്തയിൽ കെടക്കണ കണ്ടേ. ലൈറ്റിട്ട് നോക്കിയപ്പോൾ അത് ദിവാകരേട്ടനാന്ന് മനസ്സിലായി. ചായേണ്ടാക്കി കൊടുത്തു.? ഇന്ദിര പറഞ്ഞത് രജനിയോടായിരുന്നു.

ഇന്ദിരയും ദിവാകരനും, അക്കാലത്തെ അഭ്യസ്തവിദ്യരായ ഇണപ്രാവുകൾ. ജോലി അന്വേഷിച്ചു നടന്ന് അവർ തളർന്നു. പ്രേമവിവാഹമായിരുന്നതിനാൽ ബന്ധുക്കൾ അൽപം അകന്നു നിന്നു. ഇന്ദിരയുടെ അമ്മ നന്നെ ചെറുപ്പത്തിലെ മരിച്ചു. അച്ഛൻ അദ്ദേഹത്തിന്റെ വീട്ടിൽ. വിശേഷദിവസങ്ങളിൽ കോടിവസ്ത്രങ്ങളുമായി വരും. സ്കൂൾ ഫീസ് കൊടുക്കുന്നതും അദ്ദേഹം തന്നെ. ഇന്ദിരയുടെ താമസം ചിറ്റമാരുടെ കൂടെ.

ദിവാകരനുമായുള്ള വിവാഹം ഞങ്ങൾക്കിഷ്ടമായി. രണ്ടുപേരും പഠിയ്ക്കാൻ മിടുക്കർ. പക്ഷേ അവരുടെ പഠിത്തം കൊണ്ട് ഒരു ജോലി നേടാൻ കഴിഞ്ഞില്ല. രജനി പറയുമായിരുന്നു, "സ്വയംവരം". അവാർഡുകൾ വാരിക്കൂട്ടിയ സിനിമ. രണ്ടുമൂന്ന് പ്രാവശ്യം വളരെ ആവേശത്തോടെ കണ്ട ആ സിനിമയിലെ ഓരോ രംഗവും ഇന്നും മനസ്സിൽ തളിർത്തു നിൽക്കുന്നു.

സിനിമയെ കുറച്ച് പ്രേക്ഷകർ പ്രശംസിച്ചു. അഭിനയപാടവവും സംവിധാന പാടവും തെളിയിച്ച അക്കാലത്തെ ആ നല്ല സിനിമ, ആസ്വാദനത്തിന് മറ്റൊരു വശം കൂടി ഉണ്ടെന്ന് തെളിയിച്ചു. ഇന്ദിരയുടെയും ദിവാകരന്റെയും ജീവിതം ഇതുപോലെ ആയിരുന്നു. കുറച്ച് പേർക്ക് സ്നേഹവും ആദരവും. ദാരിദ്ര്യത്തിന്റെ ഇരുളിൽ നാട്ടുവെളിച്ചത്തിലിരുന്നാണ് അവർ പഠിച്ചത്. ദാരിദ്ര്യത്തിന്റെ അളവുകോലായ രേഖകൾ ഹാജരാക്കിയാൽ കിട്ടുന്ന മണ്ണെണ്ണ, അരി, ഗോതമ്പ്; അതിനൊപ്പം കിട്ടുന്ന പഞ്ചസാര വരയുടെ മുകളിലുള്ളവർക്ക് കൊടുക്കും. അതായിരുന്നു ജീവിത രീതി. ഏതോ വര വരച്ചിട്ട് അതിന്റെ താഴെയും മുകളിലുമായി ജനങ്ങളെ അന്യോന്യം പരിചയപ്പെടുത്തിയപ്പോൾ മുകളിലെ തട്ടുകാർക്ക് പഞ്ചസാര കൂടുതൽ, അരി കുറവ്. എന്താണ് മാനദണ്ഡമെന്നറിയില്ല. കള്ളരേഖകളുടെ പിൻബലത്താൽ അർഹതകൾ മാറിമറഞ്ഞു കൊണ്ടിരിക്കുന്നു, ഒരു പക്ഷേ ഇന്നും.



ഇന്ദിര പോയിട്ടില്ല. അവിടെത്തന്നെ നിൽക്കുന്നു. രജനിയിൽ നിന്നെന്തെങ്കിലും പ്രതീക്ഷിക്കുന്നുണ്ടാവും. അവരുടെ ബന്ധത്തിന് മറകളും മതിലുകളും ഇല്ല. ഏതോ ഒരു രോഗം അവളെ കാർന്നു തിന്നുണ്ടായിരുന്നു. കാലം വില്ലുകുലച്ചതുപോലെ വളഞ്ഞ ദേഹം. അതേ കാലം തന്നെ ആഴക്കിണറുകൾ കുഴിച്ച കവിളും അതിനു മുകളിലൂടെ ഈ കാലത്തിനെ എത്തിനോക്കുന്ന

കണ്ണുകളും. പരിചിതമായ ലോകത്തെ അപരിചിതർ. ഇവക്കിടയിൽ ജീവിതം വെമ്പുന്നു.

രജനിയും ഞാനും ഇന്ദിരയും ദിവാകരനും കളിക്കൂട്ടുകാർ എന്ന് പറയാൻ കഴിയില്ലെങ്കിലും ഒരേ സ്കൂളിലായിരുന്നു. രജനിയെ ഒന്നാംക്ലാസ്സിൽ ചേർക്കാൻ അവളുടെ അച്ഛനാണ് വന്നത്, അന്ന് മൂന്നാംക്ലാസിൽ ഞാൻ. എന്റെ പിന്നിലെ അഞ്ചാംക്ലാസിലെ മിടുക്കരായ കുട്ടികൾ ഇന്ദിരയും ദിവാകരനും. അവരുടെ പരീക്ഷയുടെ പേപ്പറുകൾ കാണിക്കുമ്പോൾ അദ്ധ്യാപകർ മാർക്കുകൾ ഉറക്കെ വായിക്കും. അന്നൊക്കെ അമ്പതിലായിരുന്നു. ഒരാൾക്ക് ഒരു വിഷയത്തിൽ നാൽപതെങ്കിൽ മറ്റേയാൾക്ക് നാൽപത്തഞ്ച്. മാറിമാറിയുന്ന മാർക്കുകൾ ഞങ്ങളെ അസൂയാലുക്കൾ ആക്കും. പട്ടിണിയുടെ മടക്കുകളിൽ നിന്ന് അറിവിന്റെ ചുരുകൾ നിവരുന്നതു കൊണ്ട് വിസ്മയത്തോടെ, ആരാധനയോടെ അവരെ മനസ്സാ അഭിനന്ദിക്കും. യു പി സ്കൂളും ഹൈസ്കൂളും കഴിഞ്ഞു. ദിവാകരൻ പത്താംതരം പാസ്സായത് ഫസ്റ്റ് ക്ലാസ്സിൽ. ഇന്ദിരക്ക് പത്തു മാർക്ക് കുറവ്, ഫസ്റ്റ് ക്ലാസ് നഷ്ടമായി, വെറും നാലു മാർക്കിന്. അന്നൊക്കെ പേപ്പർ നോക്കുന്നവർ പിശുക്കരായിരുന്നു.

ദിവാകരന്റെ അച്ഛൻ പേരുകേട്ട കയ്യാല വെപ്പുകാരനായിരുന്നു. ഗോപാലച്ചാർ എന്നാണ് ഗ്രാമവാസികൾ അദ്ദേഹത്തെ വിളിച്ചിരുന്നത്. അത് ഒരു കലാവിരുതാണ്. കൊച്ചു കൊച്ചു കല്ലുകൾ പെറുക്കി വെച്ച് കയ്യാല ഉയരുന്നത് കണ്ടു നിൽക്കാൻ നല്ല രസം. കല്ലുതൂക്കിയിട്ട കയർ കയ്യിൽ പിടിച്ച് വളവുകളും ചെരിവുകളും നിവർത്തും. പണിതു കഴിയുമ്പോൾ ഒരു നേർ രേഖയിൽ നിൽക്കും ആ കയ്യാല. വീടുകൾ ഭാഗം വെക്കുമ്പോൾ ഗോപലച്ചാർ ഒഴിവാക്കാനാവാത്ത പണിക്കാരനായിരുന്നു. അദ്ദേഹം പറയുമായിരുന്നത്രെ, എന്തിനീ അതിർത്തിക്കയ്യാലകൾ, കൂടപ്പിറപ്പുകളല്ലേ, അതിർത്തികൾ വരച്ചിട്ടാൽ പോരേ, കയ്യാലകൾ ഒഴിവാക്കിക്കൂടെയെന്നൊക്കെ. പലപ്പോഴും അതിർത്തിത്തർക്കങ്ങളിൽ ഈ കയ്യാലക്കല്ലുകൾ പെറുക്കിയാണ് വഴക്കിടുന്നത്. തകർന്ന കയ്യാലകൾ വീണ്ടും കെട്ടാൻ ഇദ്ദേഹം തന്നെ. അദ്ദേഹത്തിന് സമയം ഒരു പ്രതിബന്ധമായിരുന്നില്ല, ജോലിക്ക്. എടുത്ത പണിയവസാനിക്കാൻ സന്ധ്യ തുടങ്ങിയാലും പിന്മാറില്ല.

അദ്ദേഹം ഒരിക്കലും പേപ്പർ വായിക്കാറില്ല. മകന്റെ വിജയം അദ്ദേഹം കണ്ടത് ഒരു ചിത്രത്തിന്റെ രൂപത്തിലായിരുന്നു. അക്കങ്ങളും അതിനൊപ്പമുണ്ടായിരുന്ന നക്ഷത്രചിഹ്നവും എന്തിന്റെയോ കലാരൂപം മാത്രം. കോളേജിലയച്ചു പഠിപ്പിക്കാൻ മാത്രം ധനവാനായിരുന്നില്ല. അത് അറിയിച്ച ദിവസം ദിവാകരൻ ഒഴുക്കിയ കണ്ണുനീർ കരിയാറിലൂടെ ഒഴുകി വേമ്പനാട്ട് കായലിൽ ലയിച്ചു. ഇന്നും ആ കരച്ചിലിന്റെ ശബ്ദം ചെവിയിൽ മുഴങ്ങുന്നുണ്ട്.

നാട്ടിലെ പ്രൈമറി സ്കൂൾ ഹെഡ് മാസ്റ്റർ അന്ന് ഗോപാലച്ചാരെ വിളിച്ചു, "മകനെ കോളേജിലയക്കണം. അവന് സ്കോളർഷിപ്പുകിട്ടുമല്ലൊ." "നടക്കില്ല, ചെലവു താങ്ങാൻ കഴിയില്ല. ഈ കയ്യാല വെപ്പ് എന്നും ഉണ്ടാവില്ലല്ലോ. എല്ലാവരും കുമ്മായത്തിന്റെ മതിൽ കെട്ടാൻ തുടങ്ങിയില്ലെ. പഠിച്ചിറങ്ങിയാൽ തന്നെ ജോലി കിട്ടാൻ വിഷമമാവും. സാമ്പത്തികാടിസ്ഥാനത്തിലല്ലല്ലൊ സംവരണം. മകളെ കെട്ടിച്ചയക്കണം. ദീനം പിടിച്ചു കിടക്കുന്ന അമ്മ അങ്ങനെ പോകുന്ന നീണ്ട പ്രാരബ്ധങ്ങൾ. വേണ്ട, മറ്റെന്തെങ്കിലും പഠിക്കട്ടെ." ദിവാകരൻ പഠിച്ചു. ഹിന്ദി ഭാഷ. അതും തുണച്ചില്ല. അച്ഛന്റെ അമ്മ മരിച്ചു.

അഞ്ചാം ക്ലാസു വരെ അമ്മയുണ്ടായിരുന്നു. അമ്മ മരിച്ചപ്പോൾ ഞങ്ങളൊക്കെ അവന്റെ വീട്ടിൽ ജാഥയായി പോയിരുന്നു. പായയിൽ പൊതിഞ്ഞ മൃതദേഹത്തിനു മുകളിലൂടെ വെള്ളമുണ്ട്. വാവിട്ട് കരയുന്ന അവന്റെ മുഖത്തെ അങ്കലാപ്പും അമ്പരപ്പും അന്നു വായിച്ചത് മാറ്റൊരമ്പരപ്പോടെ ആയിരുന്നു. ദിവാകരന്റെ അമ്മക്ക് വട്ടിയും പായയും നെയ്ത്തായിരുന്നു. നല്ല ഭംഗിയുള്ള വട്ടികൾ. മുഖം ചെറുതായിരിക്കും. ഒരു പറ, രണ്ടു പറ എന്നൊക്കെയാണ് കണക്കുകൾ. പായ നെയ്യുന്നത് കൈതയോലയും ഇളം പനയോലയും കൊണ്ടാണ്. പായയുടെ അരികുകൾ പൂട്ടിട്ടതുപോലെ മുഴമിപ്പിക്കുന്നതും ഒരു കല തന്നെ. പറ്റിയ കൈത തേടിപ്പോയ അവരെ കൈതപ്പൊന്തൻ കൊത്തി. ഏതോ ഒരാൾ പറഞ്ഞു പോസ്റ്റ് മോർട്ടം നടത്തണമെന്ന്. വാഗ്വാദം പിന്നെ വാശിയായി. മനസ്സില്ലാമനസ്സോടെ ആ മൃതശരീരം ഒരു വള്ളത്തിൽ കയറ്റി അടുത്തുള്ള സർക്കാർ ആസ്പത്രിയിലേക്ക് കൊണ്ട് പോയി. ദിവാകരന്റെ കൂട്ടുകാരായി ഞങ്ങൾ അന്നും മനസ്സിലാവാതെ നിന്നു. ഇന്നും അത് മനസ്സിലായിട്ടില്ല, ആരോട് ചോദിക്കാൻ. നാലുമൈൽ വള്ളത്തിൽ സഞ്ചരിച്ചാലെ ആസ്പത്രിയിൽ എത്തുകയുള്ളു. വള്ളമടുത്തപ്പോൾ അവിടെ പോലീസ്സുകാരും ഉണ്ടായിരുന്നു. ഇതിലപ്പുറം ഞങ്ങൾക്കൊന്നും മനസ്സിലായിട്ടില്ല. ആരും പറഞ്ഞതുമില്ല. ആ ശവശരീരം ആസ്പത്രിയിൽ നിന്ന് പായയിൽകെട്ടി കൊണ്ടുവന്നപ്പോൾ അതിൽ മറ്റൊരുബന്ധം. അവർ നെയ്ത പായയിൽ. ആസ്പത്രിയിലെ രോഗികൾക്കുപയോഗിക്കാൻ അത് നൽകിയിരുന്നു. പോസ്റ്റ്മോർട്ടം ചെയ്ത ശവശരീരങ്ങൾ പായയിൽ കെട്ടിയാണ് ബന്ധുക്കളെ അന്നൊക്കെ ഏൽപിച്ചിരുന്നത്. വീടിന്റെ തെക്കേ ഭാഗത്ത് ഒരുക്കിയിരുന്ന ചിതയിലേയ്ക്ക് ആ എല്ലുന്തിയ ശരീരം ദിവാകരനുൾപ്പടെയുള്ളവർ എടുത്തു വെച്ചു. അൽപനേരത്തിനുള്ളിൽ ആളിപ്പടർന്ന അഗ്നി ആ ശരീരത്തെ സംസ്കരിച്ച് പുണ്യാത്മാവായി പരലോകത്തെത്തിച്ചു. വീട്ടിൽ നിന്നാൽ കാണാമെല്ലാം.

"രജനീ, നിങ്ങൾ രണ്ടുപേരും ഒന്നു വരുവൊ അത്രടം. ദിവാകരൻ എന്തേങ്കിലും പറയുവോന്നറിയാനാ. ഇത്രയും നാൾ എവിട്യായിരുന്നൂന്ന്." പ്രഭാതം വളരാൻ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു. നെല്ലിമരത്തിനിടയിലൂടെയും മൂവ്വാണ്ടൻ മാവിന്റെയും

ചില്ലുകൾക്കിടയിലൂടെയും വന്നിരുന്ന കിരണങ്ങൾ വെളിച്ചം തളിക്കുന്നു.

“ഇന്ദിരേ ഞാൻ ഇപ്പൊ വന്നാൽ ദിവാകരന് എന്തെങ്കിലും തോന്നും. എന്താണ് അയാളുടെ മനസ്സിൽ എന്നറിയില്ല്യല്ലൊ. ഞങ്ങളെ വിളിച്ചോണ്ടു വന്നതാണെന്ന് ചിന്തിച്ചാൽ അത് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാക്ക്യാലൊ. ഇത്തിരി കഴിഞ്ഞ് വരാം, സാധാരണ പോലെ, അധികം വൈകില്ല്യ.”

പുലർകാല സന്ധ്യയിലും പുല്ലിന്റെ മുകളിലൂടെ വഴി തെളിഞ്ഞു കിടക്കുന്നു. വെറും നടവഴി. ഞങ്ങളുടെ വീട്ടിൽ നിന്ന് നോക്കിയാൽ ആ വീട് കാണാം. ഇന്ദിര പോകുന്നതും നോക്കി, രജനി പറഞ്ഞു, “ദിവാകരൻ എവിട്യാർന്നു ആവോ?”

ഉറങ്ങാൻ കിടന്നപ്പോളും ആ മുഖങ്ങൾ ഓർമ്മയിൽ തെളിഞ്ഞുനിന്നു. എണ്ണതേച്ച് മിനുക്കിയ മുടി, നെറ്റിയിലെ ചന്ദനക്കുറി. ചെവിക്കിടയിൽ തിരുകിവെച്ചിരുന്ന തുളസിപ്പൂക്കൾ. കാക്കി ട്രൗസർ, ചന്ദനനിറമുള്ള ഷർട്ട്. ഇതായിരുന്നു ദിവാകരൻ ഒമ്പതാംക്ലാസ്സു വരെ. പത്തിലെത്തിയപ്പോൾ മുണ്ടുടുത്തു, ഒറ്റക്കരയൻ മുണ്ട്. ഷർട്ടിന്റെ നിറം അപ്പോളും ചന്ദനനിറം തന്നെ. നീലം മുക്കണ്ട, പിന്നെ അൽപം മുഷിഞ്ഞാലും സാരമില്ല, അതൊക്കെ ആയിരുന്നു, അവന്റെ അഛന്റെ അഭിപ്രായങ്ങൾ.

അമ്മ മരിച്ചതിന്റെ പിറ്റേ ദിവസം അവൻ ക്ലാസ്സിൽ വന്നില്ല. വരുമെന്നാരും പ്രതീക്ഷിച്ചതുമില്ല. ആ കുടുംബത്തിന്റെ മറ്റൊരു വരുമാനമാർഗ്ഗം അതോടെ ഇല്ലാതായി. ഗോപാലച്ചാരുടെ വരുമാനം മതിയായിരുന്നു അവർക്ക് ജീവിക്കാൻ. പക്ഷേ ഒന്നും മിച്ചം വെയ്ക്കാൻ കഴിയില്ലെന്ന് എപ്പോഴും പറയും.

ഇന്ദിരയുടെ വീട് കുന്നിൻ ചെരുവിലായിരുന്നു. ആ നാട്ടിലെ മരുമക്കത്തായത്തിന്റെ അവസാനത്തെ കണ്ണിയായിരുന്നു, അമ്മാവന്മാർക്കൊപ്പം താമസം. അത്ര കണിശക്കാരല്ലായിരുന്നു അവരൊന്നും. മക്കളേയും മരുമക്കളേയും പഠിപ്പിച്ചു. പത്താംക്ലാസുവരെ പെൺകുട്ടികളെ പഠിപ്പിക്കുന്നത് അനാവശ്യമാണെന്ന് വാദിച്ചിരുന്നവരെ എതിർത്തുകൊണ്ടാണ് ഇന്ദിര യേയും ഇന്ദിരയുടെ കസിൻ ചന്ദ്രികയേയും പഠിപ്പിച്ചത്. പിന്നെ അവർ ടൈപ്പും ഷോർട്ട് ഹാൻഡും പഠിച്ചു. ആങ്ങളമാരൊക്കെ കേരളം വിട്ടു. ചന്ദ്രികയും അവർക്കൊപ്പം പോയി. കാലം ചെന്നപ്പോൾ ആ കുടുംബത്ത് ഇന്ദിര മാത്രമായി. ഈ സാഹചര്യം ആ കുട്ടിയെ ദിവാകരനൊപ്പം പോകാൻ പ്രേരിപ്പിക്കുകയും ചെയ്തു.

എതിർപ്പിന്റെ കാര്യമില്ലായിരുന്നെങ്കിലും എതിർത്തു. ഇന്ദിരയുടെ ഏറ്റവും ഇളയ അമ്മാവൻ ചന്ദ്രൻ പറഞ്ഞു “നിന്റെ ഇഷ്ടത്തിന് തെറ്റില്ല. പക്ഷേ ഭാവിയിലെ അനുഭവം നമുക്കാർക്കും മുൻ കൂട്ടി കാണാൻ പറ്റില്ല. അതുകൊണ്ട് ചില കണക്കുകൂട്ടലുകൾ മാത്രമാണെല്ലാം. ഒരു കെട്ടുറപ്പുള്ള ജീവിതമാണെല്ലാവരും കാംക്ഷിക്കുന്നത്”. കുഞ്ഞമ്മാവന്റെ വാക്കുകളെ ഇന്ദിര അവഗണിച്ചില്ല, അവൾ ദിവാകരനുമായി സംസാരിച്ചു. ഒരു തൊഴിൽ കിട്ടുമെന്നുള്ള പ്രതീക്ഷ. അതായിരുന്നു അവരെ നയിച്ചത്.

കാലത്തിന്റെ വലിയ സൂചി ചെറിയ സൂചിയെ മുന്നോട്ട് നയിക്കുന്നതു പോലെ, പ്രതീക്ഷകളും മോഹങ്ങളും ആ ചെറിയ മനുഷ്യരെ ജീവിക്കാൻ പ്രേരിപ്പിച്ചു. അപേക്ഷകളും ടെസ്റ്റുകളും മുറപോലെ നടന്നു. പരീക്ഷാ സെന്ററുകളിൽ നിന്നു പുറത്തു വരുന്ന അനേകായിരങ്ങളിൽ അവരും ഉണ്ടായിരുന്നു. തുടർക്കഥ ആയിരുന്നു, ആ ടെസ്റ്റുകൾ. ജോലി കിട്ടിയവർ പൊഴിഞ്ഞു പോയി. ഒപ്പം തന്നെ പുതിയവർ വന്നു.

പ്രായ പരിധിവരെ എഴുതി. എന്തോ ഒന്നും നടന്നില്ല. അപ്പോഴാണ് സർക്കാറിന്റെ സഹകരാണ ടിസ്ഥാനത്തിൽ ഡയറി ഫാം തുടങ്ങിയത്. ദിവാകരൻ ഇതിനിടയിൽ എന്നോ അപ്രത്യക്ഷനായി. ആരും അന്വേഷിച്ച് പോയില്ല. ഇന്ദിരയൊഴികെ മറ്റാരും വേദനിച്ചു കാണില്ല. ഫാം പച്ച പിടിച്ചു വന്നു. പക്ഷെ ആ സന്തോഷജീവിതം അനുഭവിക്കാൻ ദിവാകരൻ ഉണ്ടായില്ല. വീണ്ടും പ്രതീക്ഷകളുമായി ഇന്ദിര ജീവിച്ചു. പോകപ്പോകെ അവരിൽ നിസ്സംഗത കുടിയേറി. ജീവനുള്ള ഒരു യന്ത്രം. എല്ലാം നിത്യതകളായി. നാലു മണിക്കു തുടങ്ങുന്ന ദിവസം പത്തുമണി വരെ. ഇപ്പോൾ മൂന്ന് എരുമകൾ സ്വന്തമാണ്. കടമില്ല. വീടു പുതുക്കി പണിതു. എന്നും പ്രതീക്ഷിക്കും, ഒരു കത്തോ, അല്ലെങ്കിൽ ദിവാകരനെക്കുറിച്ചുള്ള എന്തെങ്കിലും വാർത്ത, അല്ലെങ്കിൽ അയാളെ തന്നെ.

കാത്തിരിപ്പിന്റെ സുഖം. അന്തിത്തിരി കൊളുത്തുമ്പോൾ, ഉഷസ്സിൽ, അവൾ കാത്തു. ദാ ഇപ്പോൾ ഈ പ്രഭാതത്തിൽ അയാൾ വന്നു. എന്നിട്ടും ഇന്ദിരയുടെ മറുപടിയിൽ സന്തോഷം കണ്ടില്ല. കാൽ നൂറ്റാണ്ടോളമായുള്ള കാത്തിരിപ്പിനു അന്ത്യം.

രജനി പറഞ്ഞു, “വരു നമുക്ക് പോയിട്ട് വരാം”.

മടിച്ചു മടിച്ചാണ് ആ തുറന്ന് മുറ്റത്തെത്തിയത്. എന്തായിരിക്കും അയാളുടെ ഭാവമെന്നറിയില്ലല്ലോ. കയർത്തു സംസാരിക്കുമോ, അതോ ഒന്നും മിണ്ടാതെ നിസ്സംഗനായി ഇരിക്കുമോ, ഒന്നും അറിയില്ല. പുറത്തെ തിണ്ടിന്മേൽ അയാൾ ചാരിയിരിക്കുന്നുണ്ടായിരുന്നു. കുണ്ടിലാണ്ട കണ്ണുകൾ. ഒട്ടിയ കവിളുകൾ. ജഡ പിരിഞ്ഞ മുടി. ചെമ്മണ്ണും ചെളിയും പുരണ്ട വസ്ത്രം. ജീവിതവും ശരീരവും വസ്ത്രവും മുഷിഞ്ഞിരിക്കുന്നു. ഒറ്റ നോട്ടത്തിൽ പണ്ടു കണ്ട സിന്ദൂരച്ചെപ്പ് സിനിമയിലെ “ഈ ആന മൂന്നാളെ കൊല്ലും” എന്നു പ്രവചിച്ച സന്യാസിയുടെ രൂപം.

“ദിവാകരാ”. അയാൾ വിളികേട്ടു കണ്ണുകൊണ്ട്. ഞങ്ങളെ അടിമുടി നോക്കി. നടാടെ കാണുന്നതു പോലെ. ഒരു വശത്തേക്ക് ഒതുങ്ങിയിരുന്നു, ഞങ്ങൾക്ക് നിൽക്കാനൊ ഇരിക്കാനോ സ്ഥലം തരുന്നതു പോലെ. “അഛൻ മരിച്ചു അല്ലെ?”. ക്ഷീണിതമായ സ്വരത്തിൽ അയാൾ

ചോദിച്ചു. ഞങ്ങൾക്ക് ആ ചോദ്യം അമ്പരപ്പുണ്ടാക്കി. "ഉവ്വ്, 10-12 കൊല്ലമായി." "ഞാനറിഞ്ഞില്ല, അല്ല അറിയാനും അറിയിക്കാനും മാർഗമില്ലായിരുന്നല്ലൊ." ദിവാകരന്റെ ക്ഷമാപണം നിറഞ്ഞ് സ്വരം.

ഇന്ദിര പുറത്തു വന്നു. "രജനീ, ദിവാകരൻ ഒന്നും പറയുന്നില്ല. ഇപ്പോഴാ ശബ്ദം കേട്ടത്. ഹാവൂ സമാധാനമായി, സംസാരിക്കുന്നുണ്ട്."

ഞാൻ അയാളുടെ അടുത്തെക്ക് സ്വൽപം നീങ്ങി ചെന്നു. "എവിടെയായിരുന്നു, ഇതു വരെ? ഒരു പോസ്റ്റ് കാർഡ് ഇടാമായിരുന്നില്ലെ, അത് ഇന്ദിരക്കൊരു സാന്ത്വനമായിരുന്നേനെ."

"ഞാനൊന്നും ഓർക്കാൻ താൽപര്യപ്പെടുന്നില്ല. കിഴക്കൻ മലയോരത്ത് കുറേ നാളുണ്ടായിരുന്നു. പിന്നെ അവിടം വിടേണ്ടി വന്നു. പത്തു മൈലുകൾക്കപ്പുറമായിരുന്നു പോസ്റ്റോഫീസ്. അതു കൊണ്ട് എഴുത്തെഴുതുക, അയക്കുക എന്ന പരിപാടി നടന്നില്ല. അവിടം വിട്ടു കഴിഞ്ഞപ്പോൾ, ഒരിക്കൽ എഴുതാൻ തുനിഞ്ഞു. പക്ഷെ വാക്കുകൾ വരുന്നില്ലായിരുന്നു. അങ്ങനെ പേനയും കടലാസ്സുമായുള്ള ബന്ധം അകന്നകന്നു പോയി. ഒരിക്കലും എഴുതാനും തോന്നാതായി."

രജനി ചോദിച്ചു "അക്ഷരങ്ങളും വാക്കുകളും മറന്നപ്പോ അക്കൂടെ ഇന്ദിരയും?..." ദിവാകരൻ ഒന്നനങ്ങി, "ഇല്ല ഇന്ദിരയെ എന്റെ മനസ്സിന്റെ കോണിൽ താരാട്ടു പാടി ഉറക്കി കിടത്തി. അവളെ ഞാൻ ഉണരാൻ അനുവദിച്ചില്ല. അങ്ങനെ വഴിവക്കിൽ കിടന്നുറങ്ങുമ്പോൾ ഒരു ദിവസം ഭയാനകമായ ഒരു കാഴ്ച കണ്ടു. നിരത്തിൽ തെറിച്ചു വീണ രക്തത്തുള്ളികൾ. എനിക്കു തോന്നി എന്റെ ഹൃദയഭിത്തികളിലാണ് പതിച്ചതെന്ന്. ജീവൻ പിടയുന്നതു കണ്ടു. കബന്ധങ്ങൾ ഓടുന്നതു കണ്ടു. ഞാൻ അതിനും മുന്നിൽ ഓടി. എത്രദൂരമെന്നോ, ഏതു ദിശയെന്നോ മനസ്സിലായില്ല. വിശപ്പും ദാഹവും ഇരുളും വെളിച്ചവും എല്ലാം കൂടിക്കുഴഞ്ഞു. ഒന്നും മനസ്സിലാവാത്ത ഒരു കാലം. ഓർമ്മ നഷ്ടപ്പെട്ട ദിവസവും വീണ്ടുകിട്ടിയ ദിവസത്തിനുമിടയിൽ എത്ര വർഷങ്ങൾ കടന്നു പോയി എന്നറിയില്ല. മുടിയിഴകൾ നരച്ചു. ഞാൻ ആരെന്നു തിരിച്ചറിയാൻ സമയം പിടിച്ചു." രജനിയെ ഇന്ദിര താങ്ങി. എല്ലുന്തിയ ശരീരത്തിനുള്ളിലെ മനസ്സ് അശക്തമായിട്ടില്ല. ഇന്ദിര രജനിയെ തലോടി.

"കാഴ്ച മങ്ങി. ഉണങ്ങി വരണ്ട ജീവിതവും. ആരോ ഉന്തിത്തള്ളി എന്നെ ഇവിടെ എത്തിച്ചു. എന്റെ വീടിന്റെ വരാന്തയാണെന്നറിഞ്ഞില്ലായിരുന്നു. കയറിക്കിടന്നു. ആരോ തട്ടി വിളിച്ചു. പതറാത്ത ആ ശബ്ദം ഞാൻ തിരിച്ചറിഞ്ഞു. എന്റെ ഇന്ദിര."

ഇപ്പോൾ ഇന്ദിരയെ രജനി താങ്ങി. അതു കണ്ടിട്ടാവും ദിവാകരൻ പറഞ്ഞു, "നിങ്ങൾ ഇന്നും അങ്ങനെ തന്നെ അല്ലേ? അന്യോന്യം ഒരു താങ്ങ്." രജനി ഉടനെ മറുപടി പറഞ്ഞു, "അല്ലല്ല, അവൾ ആരുടെയും മുന്നിൽ കൈ നീട്ടിയിട്ടില്ല. ഒപ്പം എന്നും ദിവാകരനുണ്ട് എന്നുള്ള ദൃഢവിശ്വാസം അവളെ തളർത്തിയില്ല. രോഗത്തിനു പോലും കീഴ്പ്പെടുത്താൻ കഴിഞ്ഞിട്ടില്ല."

ഇന്ദിരയുടെ താഴ്ന്നു പോകുന്ന ദൃഷ്ടികളിലേക്ക് ദിവാകരൻ സ്വയം ഇറങ്ങിച്ചെന്നു. അവൾ അതറിഞ്ഞു. കൈ കുത്തി ഇന്ദിര എഴുന്നേറ്റു. "നിങ്ങൾക്ക് ഞാൻ ഒരു സാധനം തരാം, ഇരിക്കൂ." അടുക്കളയിൽ നിന്ന് മൂന്നു നാലു സ്റ്റീൽ ഗ്ലാസ്സുകൾ ഒരു വലിയ ഡവറയുമായി തിരിച്ചു വന്നു. മണം തിരിച്ചറിഞ്ഞ രജനി പറഞ്ഞു "പാൽപ്പായസം". ഇന്ദിരയുടെ മന്ദഹാസം, ദിവാകരൻ വിസ്വസിക്കാനാവതെ നോക്കി. ശരിയാണ്.

ഗ്ലാസുകളിലേക്ക് ഒഴിച്ച് എല്ലാവർക്കും നീട്ടി. "ഓ കഥാകാരന് മധുരം ഇഷ്ടമല്ലല്ലൊ"

"ഞാൻ ഒന്നുറക്കെ ചിരിച്ചോട്ടെ, ഇത്രയും പറയാനേ എനിക്കു കഴിയുള്ളൂ. ജീവിതം എന്നും മധുരിക്കുന്നതു തന്നെ. ഒരുകാലപ്പഴക്കത്തിനും അതിന്റെ സ്വാദ് നഷ്ടപ്പെടുത്താനാവില്ല.." പറഞ്ഞു തീരുന്നതിനു മുൻപേ രജനി പറഞ്ഞു "കല്യാണ വർത്തമാനം പറയല്ലെ."

ഊതിയൂതിക്കുടിച്ചു ആ പഞ്ചാരപ്പായസം. ദിവാകരന്റെ പുതപ്പ് ദേഹത്ത് നിന്ന് ഊർന്നു പോയി. എല്ലുകുപ്പായം. ഇന്ദിരയും അതുപോലെ തന്നെ. അവർ എന്നും സമരാണ്.

ഗ്ലാസ്സ് താഴെ വെച്ചു ഞങ്ങൾ ഇറങ്ങി. ദിവാകരൻ തിരിച്ചു വിളിച്ചു, "കഥാകാരൻ ഒന്നു നിന്നേ."

നിന്നു. അയാൾ അടുത്തു വന്നു. "ശരിക്കും പറയാം, നാം നാലുപേരുംകൂടി ഒത്തുകൂടിയപ്പോൾ ഞാൻ ക്ഷീണം മറന്നു. ഇന്ദിരയുടെ പഞ്ചാരപ്പായസവും കൂടിയായപ്പോൾ ജീവിതം തിരിച്ചു പിടിച്ച പ്രതീതി."

ഒന്നും മിണ്ടാതെ കേട്ടു നിന്നപ്പോൾ അയാൾ വീണ്ടും പറഞ്ഞു. "നിനക്ക് കഥയെഴുതാൻ ഒരു ചരട് കിട്ടി. നോവലോ അതോ ചെറുകഥയോ?" രജനി ചാടിക്കേറിപ്പറഞ്ഞു, "ഇത്ര സംശയം എന്താ, ചെറുകഥ തന്നെ. ഏതു വലിയ സംഭവത്തേയും അഞ്ചാറു പേജിൽ ഒതുക്കില്ലെ! നോവൽ എഴുതാൻ ക്ഷമ വേണം അതില്ലെന്ന് നമുക്കറിയാമല്ലോ!"

മഴക്കാർ ഇരുണ്ടുകൂടി. കൊള്ളിയാൻ മിന്നി. രാവിലെ തന്നെ മഴ. കാലവർഷത്തിന് സമയം നഷ്ടപ്പെട്ടിരിക്കുന്നു.

തൊഴുത്തിലെ എരുമ അമറി. പക്ഷേ അത് സ്വാഗതഗാനമാവാം. അവരുടെ തോഴിയുടെ തോഴന്റെ തിരിച്ചു വരവ്.

---

**Babu Ezhumavil**: Professionally a Foreign Trade Consultant, writes business articles in English and Short Stories and social articles in Malayalam. So far more than 500 business articles and three Books in Malayalam are published. Living in Gujarat almost for four decades".



# MEMOIRS: MY DAYS AS A NATIONAL SERVICEMAN

## R Asokan

***"History doesn't repeat itself but it often rhymes," - Mark Twain***

National service (NS) was introduced in post-independence Singapore when the National Service (Amendment) Act came into effect on 17 March 1967. Mr Goh Keng Swee, then Defence Minister, announced that all 18 year old male citizens or permanent residents must be enlisted for this compulsory national service. This was seen as part of nation building and a quicker way of establishing Singapore's defence forces without overstraining the country's financial and manpower resources

**Basic Military Training**

I was enlisted for National Service on 23 July 1970 at the age of eighteen when I was just fresh out of school. I was living in Nee Soon then. On that day, in the morning, I had to report to the Chong Pang Community Centre where the enlistees were given a tea reception and a send-off ceremony in the presence of the Member of Parliament for the area. I was so apprehensive and rocked with fear of the unknown. It was also the first time in my life that I was separated from my parents and siblings. I felt a tinge of sadness when I was led away.



*During training at SAFTI in 1970*

I was taken to the SAFTI (Singapore Armed Forces Training Institute) at Pasir Laba Camp where I spent the next twelve weeks doing my basic military training (BMT). I was posted to the Romeo Company and I remembered that the barracks where I stayed in, faced the SAFTI Parade Square. My Officer Commanding (OC) was LTA Barom who was a young and jovial Malay officer and the Director of SAFTI was COL Ronald Wee. My company comprised of about 180 men and it was a mixed lot, ranging from university graduates to those with just primary education. We were only permitted to leave the camp on weekends and must report back by 11.00 p.m. on Sunday. My monthly allowance was a princely sum of $90.

**Life in the Camp**

A typical day would begin at 5.30 a.m. when all men would fall in at a particular spot for the morning physical training (PT). Thereafter, it was breakfast, area cleaning, drawing of personal weapons, muster parade followed by various other forms of training. When the training ended at 5.30 p m, we would oil our personal weapons and returned them to the armory. For dinner, we were issued with stainless steel trays and we had to queue up at the dining hall for our meals. The food was prepared by cooks who were national service men like me. The food was never palatable to my taste but I had to eat as we were not_allowed to consume outside food. Incidentally, the canteen in our camp sold only beverages and snacks.



*Taking a break after training*

I had to do guard duties often and we would go on a prowl for two hours, in a team of two, for two hours followed by four hour rest. The safety measures in those days were not so good as we are required to go for training even during inclement weather. Our personal weapon was the SLR (Self Loading Rifle) which was much heavier and longer than their successors. This type of rifle was very popular during the 1950s.

During my stay in SAFTI, all non-Chinese recruits were required to attend Mandarin speaking classes. I tried my best at acquiring this language skill and eventually managed to speak some simple Mandarin words.

We recruits had to pass three tests at the end of the training. One was a marksman test and the others were to complete an obstacle course and a 4.8 km running test in 30 minutes, both in full battle order. On completion of my BMT training in SAFTI, I was posted to Hill Street Camp for my vocational training. I was trained as a clerk and learned typewriting as well as carrying out administrative and office duties.

**Posting to Unit**

Thereafter, I was posted to 4 SAB (4th Singapore Armored Brigade) at Keat Hong Camp under Brigade Commander LTC Richard Jumbu, a Eurasian man. I was attached to the Recce (Reconnaissance) Company and I remembered clearly that the barrack I stayed in had zinc roof, wooden walls and the floor was not cemented at all. My uniform was Temasek green , made of thick cotton and it had two pockets on the shirt and three pockets on the trousers. I also had to don a black beret. During this period we were allowed to leave the camp at 5.30 p.m. if we were not on duty and but had to return to camp by 11.00 p.m. I was promoted to a Lance Corporal and my allowance increased to $150 per month.

There were many Israeli officers in my Unit who served as advisors to SAF officers These officers were veterans of the Arab Israeli war in 1967 and they usually don kaki uniform with black beret. I still could remember some of their names, such as Kali, Narpan, Zamir, Karen and Avisha. During this period our Brigade conducted field exercises often and I was involved in them. We had to camp in the jungle up to two days in a row. I had to sleep on the ground in ponchos which were issued to us and in spite of this I was bitten by mosquitos all night.

**Tree Planting**

Singapore's first Tree Planting Day was held on Sunday, 7 November 1971. It was supposed to be an off day for all of us. However, it was cancelled and we had to return to camp on that Sunday morning and spent the day planting trees in the camp.

In Sept 1971, the 4th Singapore Armored Brigade (4 SAB) celebrated the first anniversary. It was marked with pomp and splendor with the muster parade, special dinner and other activities. We visited Red



*The Platoon. I was standing in the back row 4th from the left*



*At the Red Cross Children's Home in 1971, with my OC, CPT Sheares (middle)*

Cross Home for disabled children to befriend and share our joy with the crippled children.

**Memories**

I have many memories of my two-year stint in the army. Some were memorable while others still haunt me to this very day. One unforgettable memory was during a commissioning parade for officer cadets. I had the opportunity of seeing the then Prime Minister of Singapore, Mr Lee Kuan Yew in person, at close range. He was such a distinguished man and he was the guest-of-honour. He had brought his family to watch the parade and also delivered a speech to the newly commissioned officers.

Another quotable memory was that I had a close friend, Padat Devadas Menon, who was also a Malayalee, in my platoon. He was a bright and capable soldier who was selected for the officer cadet course and eventually went on to become an officer. After his national service, he migrated to Sydney, Australia and the last I heard, he had passed away in January 2013. I was so heartbroken over the news.

On an unhappy note, there was a traumatic incident during my in-camp training in SAFTI, which make me shudder even today. At a live grenade throwing practice, a trainee panicked and dropped a live grenade onto the ground. The officer who was guiding him seized it and tried to hurl out into the clear. Unfortunately, it exploded in his hand before he could throw it and the officer was killed was on the spot. This incident was reported in the Straits Times and had caused much anxiety among Singaporeans, especially those who had sons serving national service.

**Epilogue**

My two years of national service ended and my R O D (Run out Date) was on 22 July 1972. Thereafter, I did six stints of Reservist in-camp training. I received two medals; the Singapore Armed Forces Good Service Medal and the Singapore Armed Forces Reserve Service medal. Upon my R O D, I signed up as a member of SAFRA (Singapore Armed Forces Reservist Association) and for my long standing membership I was made a Life Member (Life Members need not pay subscription).

---

The writer is a Life Member of the Singapore Malayalee Association. He had served in various capacities in the years of 1977, 1978, 1980 and 1987.



# IMPROVE OUR QUALITY OF LIFE AND HEALTH THROUGH LEISURE SPORTS ACTIVITIES

## G V Nathan

It is important to understand that the lifestyle chosen by a person has an impact on his health condition, through the risk behaviors (alcohol, tobacco, drugs etc.). The main component of the quality of life, health, can be maintained and improved through practicing sports activities, where the basic means is represented by the physical exercise. The latter, performed on a long-term basis, improves physical and mental health, contributing to the development of one's personality, to diminishing the risk of physical and mental disorders associated to the modem lifestyle.

It is worthy to note is the fact that the making of the modern man consists of his development from a physical, mental, social, intellectual, ethical and aesthetical point of view, in relation to society demands, depending on his abilities, leading to a higher living standard and socio-human development. One of the oldest forms of human personality shaping is the physical education, which brings significant contributions to the development of the human being, by finding a balance between the physical and mental side, sports and intellect, sensibility and emotions.

Sports for all or sports for health, represents a state policy in the most developed countries in terms of economy, because it is one of the factors influencing the health condition and the population development. If free time is spent wisely, it becomes an opportunity to shape a human personality, to educate oneself on a regular basis. These leisure activities must be organized along with colleagues, friends, family, both as non-competitive actions (walks, trips, dynamic games, swimming etc.), and as competitions. It is essential for these sports activities to be included in each individual's life, on a daily basis. The lack of physical activity leads to excessive weight, obesity and chronic diseases, which have a negative impact on the quality of life, endanger human lives and weaken the economy and the health budget of a nation.

The health problems encountered increasingly often have raised many questions and brought people to acknowledge the importance of practicing. In this way they gradually rediscovered the joys and benefits of an active and healthy life. Practicing leisure sports refreshes the body, maintains a good physical and mental tonus, makes us more confident and creates a warm and friendly environment for those who have the same interests.

The SMA does provide sporting activities to help our community to participate, socialize and develop a more healthy body and mind. Sport is an integral part of a full and healthy life, it is the tool of choice not only for the prevention of diseases, but also in the complex process of recovery. Sport is a natural need and at the same time a lifeline for all of us who swim in the ocean of fried, greasy, sweet, rich food preservatives, immobilization, dirty air, stress. Sport is the key that opens the door to longevity and health and well-being of people of all ages. I would like to request all our members to participate or come forward and organize an interest group such as "The Walking Club" with families and friends. Let's live in harmony with nature.

---

**G V Nathan:**

- *Former Chief Operating Officer, NTUC Thrift Co-operative Ltd*
- *Former Manager, NTUC Sports, Youth and Workplace Health*
- *Former Vice-President, Singapore Tae-kwon-do Federation;*
- *Former Deputy Secretary-General, Singapore Dragon Boat Association*
- *Currently, Associate Lecturer in HRM and Strategic Management, James Cook University (Singapore)*



# പൌലോ കൊയ്‌ലോ (വായന)

## പിയ കുമാർ (ആത്മ)

പൌലോ കൊയ്‌ലൊയുടെ കഥകൾ (The Alchemist,The Zahir, Brida, The Pilgrimage etc..) വായിക്കുമ്പോഴൊക്കെ അദ്ദേഹം എന്തോ മഹത്തായ സന്ദേശം വെളിപ്പെടുത്താൻ പോകുമ്പോലെ തോന്നാറ്. അദ്ദേഹം കഥകളിൽ ഹിന്ദുക്കളുടേയും ബുദ്ധിസ്റ്റുകളുടെയും ക്രിസ്ത്യൻസിന്റെയും എന്നുവേണ്ട മിക്ക മതങ്ങളിലേയും നല്ല സന്ദേശങ്ങൾ വെസ്റ്റേൺ കൾച്ചറിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ളതുകൊണ്ടാവാം അദ്ദേഹത്തിന്റെ കഥകളൾക്ക് ഇത്ര പ്രചാരം.



അൽകെമിസ്റ്റിൽ, സാന്റിയാഗോ എന്ന ആട്ടിടയന് തന്റെ ജന്മ നാടായ സപെയിനിൽ നിന്നും നിധി തേടി ഈജിപ്റ്റിലെ പിരമിഡ് അന്വേഷിച്ചുള്ള യാത്രയും വഴിയിലുടനീളം നേരിടുന്ന പതിസന്ധികളും അതിനെ സമർത്ഥമായി നേരിട്ട് മുന്നേറി ഒടുവിൽ ഈജിപിറ്റിൽ, പിരമിഡിനടുത്ത് എത്തുന്നതുമാണ് കഥ. ഒടുവിൽ പിരമിഡിൽ എത്തുമ്പോൾ അറിയുന്നത് നിധി താൻ യാത്രതുടങ്ങിയ പാഴടഞ്ഞ കോട്ടയ്ക്കടിയിൽ ആണ് എന്നതും. എന്നാൽ ആ ദൂരയാത്ര ചെയ്തില്ലായിരുന്നില്ലെങ്കിൽ നിധിനിക്ഷേപം ഉള്ള വിവരം അറിയാനും സാധ്യമല്ലായിരുന്നു താനും.

ഇവിടെ നിധിതേടലിനെ ഒരു തരം ആത്മീയാന്വേഷണം ആയും എടുക്കാം. ഓരോർത്തർക്കും ഓരോ ജീവിത ലക്ഷ്യങ്ങൾ കാണും. അതെന്തെന്നറിഞ്ഞ് അതിനായി പ്രയത്നിച്ച് മുന്നേറുക എന്ന് സന്ദേശം ആണ്. അതിൽ നിന്ന്പിന്തിരിഞ്ഞ് ഉള്ളതിൽ തൃപ്തിപ്പെടാൻ നോക്കുമ്പോൾ പിന്നീടുള്ള ജീവിതത്തിൽ മുഴുവനും താൻ തന്റെ ലക്ഷ്യത്തിനായി പരിശ്രമിച്ചില്ലല്ലൊ എന്ന നിരാശ പിടികൂടിക്കൊണ്ടിരിക്കും. (വിവേകാനന്ദസ്വാമി കർമ്മയോഗത്തിലും ഇതുതന്നെയാണ് പറയുന്നത്)




കഥയിലുടനീളം ആത്മീയമായ അറിവുകളും പ്രശ്നങ്ങളെ നേരിടേണ്ട വിധവും ആത്മസംയമനവും ഒക്കെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജീവിതയാത്രയിലും ഈ നിയമങ്ങൾ ഒക്കെ അനുശാസിച്ചാലേ ജീവിതം അർത്ഥപൂർണ്ണമാവൂ . ഒരു സ്പിരിച്വൽ ജേർണി ആയി എടുക്കാം അൽകെമിറ്റിലെ കഥയും.

നാം ശാന്തി തേടി ലോകമെങ്ങും അലയുന്നു. ഒടുവിൽ തിരിച്ചറിയുന്നു അത് നമ്മുടെ ഉള്ളിൽ തന്നെ ഉണ്ടായിരുന്നു എന്ന്. ഭഗവത് ഗീതയും മറ്റു പല പുരാണഗ്രന്ഥങ്ങളും പറയുന്നുണ്ട് ഈശ്വരൻ ഉള്ളിൽ ആണ് എന്നും പ്രകൃതിയും നാമും ഒന്നാണെന്നും ഒക്കെ. പൌലോയുടെ കഥകളിലൊക്കെയും കഥയോടൊപ്പം ഇത്തരം ആത്മീയതകളും ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നതാണ് അദ്ദേഹത്തിന്റെ കഥകളുടെ തന്നെ പ്രത്യേകത.

'Like the Flowing River' എന്ന ബുക്കിൽ അദ്ദേഹത്തിന്റെ ജീവിതത്തോടുള്ള കാഴ്ച്ചപ്പാടുകൾ മുഴുവനും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കാഴ്ചപ്പാടുകളൊക്കെ തന്നെയാണ് തന്റെ കഥകളിൽ മിക്കതിലും പ്രതിഫലിച്ചു കാണുന്നതും. നോവലുകളെക്കാളൊക്കെ എനിക്ക് ഇഷ്ടമായതും ഈ ബുക്ക് ആണ് . 'Warrior of the Light' എന്ന ബുക്കും ഇത്തരത്തിൽ ആത്മീയമായും പ്രായോഗികമായും ഒട്ടേറെ അറിവുകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു ബുക്ക് ആണ്.)

പൌലോയോട് അദ്ദേഹത്തിന്റെ അമ്മ ആരാകണം എന്നു ചോദിച്ചപ്പോൾ 'ഒരെഴുത്തുകാരനാകണം' എന്നായിരുന്നുവത്രെ അദ്ദേഹത്തിന്റെ മറുപടി!

'എഴുത്തുകാരൻ' എന്നാൽ ആരാണ് എന്ന് കണ്ടുപിടിച്ചു വരാൻ അമ്മ പറഞ്ഞപ്പോൾ, അദ്ദേഹം എഴുത്തുകാരന്റെ ലക്ഷണങ്ങൾ കണ്ടുപിടിച്ചു

1. എഴുത്തുകാരൻ കണ്ണാടിവച്ചവനായിരിക്കും, അയാൾ മുടി നന്നായി ചീകിയൊതുക്കില്ല, പകുതിസമയവും അയാൾക്ക് ലോകത്തോടാകമാനം

ദേഷ്യമായിരിക്കും ബാക്കി പകുതി നിരാശയും.. അയാൾ ജീവിതത്തിന്റെ അധികസമയവും വല്ല ബാറുകളിലും ഇരുന്ന് അയാളെപ്പോലുള്ളവരോട് വാദപ്രതിവാദങ്ങൾ ചെയ്യുകയാവും.. അയാൾ വളരെ ഉൾക്കാഴ്ച്ചയോടെ സംസാരിക്കുന്നു.. അയാളുടെ മനസ്സ് താൻ പ്രസിദ്ധീകരിച്ചു കഴിഞ്ഞ ബുക്കിനോട് വെറുപ്പും എന്നാൽ ഇനി എഴുതാൻ പോകുന്ന നോവലിനെക്കുറിച്ച് നിറയെ ഐഡിയകളും കൊണ്ടു നിറഞ്ഞിരിക്കും..

2. അയാളെ തന്റെ സമാന തലമുറ ഒരിക്കലും അംഗീകരിക്കുകയോ ആദരിക്കുകയോ ചെയ്യില്ല, തന്നെ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്താൽ അത് തന്റെ ഇനിയുള്ള പുരോഗമനത്തിന് തടസ്സമാകുമെന്ന് അയാളും കരുതും.

3. മറ്റ് എഴുത്തുകാർക്ക് മാത്രമേ ഒരു എഴുത്തുകാരൻ എന്തുദ്ദേശിച്ചാണ് സംസാരിക്കുന്നതെന്ന് വ്യക്തമാകു.എന്നാൽ അയാൾ അവരെയൊക്കെ ഉള്ളിൽ ഇഷ്ടപ്പെടുകയുമില്ല കാരണം അവരെല്ലാവരും ഒരേ സ്ഥാനത്തെത്താനായി മത്സരിക്കുന്നവരാണെന്ന അറിവ്.

4. പെണ്ണുങ്ങളെ വശീകരിക്കാനായി എഴുത്തുകാരൻ ഞാൻ ഒരെഴുത്തുകാരനാണ് എന്ന വാക്ക് ഉപയോഗപ്പെടുത്തുന്നു എന്നിട്ട് ഒരു കൊച്ചു കവിതയും കൂടി കുറിച്ചാൽ എല്ലാമായി.

5. അദ്ദേഹത്തിന് എഴുത്തുകാരെ വിമർശിക്കാനും കഴിയും തന്റെ വിശാലമായ അറിവും പിന്നെ മറ്റുള്ളവരുടെ കൊട്ടേഷനും ഒക്കെ കൊണ്ട് വളരെ കട്ടിയുള്ള വാക്കുകൾ ചേർത്ത് അയാൾ എഴുതും. പക്ഷെ അയാൾക്കുപോലും ആ വാക്കുകൾ കാണുമ്പോൾ അയാൾ എഴുതിയത് വായിക്കാൻ തോന്നില്ല.

6. എന്താണ് വായിക്കുന്നതെന്ന് ആരെങ്കിലും ചോദിച്ചാൽ ആരും കേട്ടിട്ടില്ലാത്ത ഒരു ബുക്കിന്റെ പേര് പറയാൻ ശ്രമിക്കും.

7. 'എല്ലാ എഴുത്തുകാരും വായിച്ചിരിക്കേണ്ട ബുക്ക് ഏതെന്നു' ചോദിച്ചാൽ എതിരഭിപ്രായമില്ല, ഉല്ലിസീസ് എന്നാവും ഐക്യകണ്ഠേന ഉത്തരം പറയുക. എന്നാൽ അതിൽ എന്തിനെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത് എന്നു ചോദിച്ചാൽ ഉത്തരം പറയാൻ അറിയുകയുമില്ല കാരണം മിക്കവരും അത് വായിച്ചുകാണില്ല!

ഇത്രയുമാണ് ഒരു എഴുത്തുകാരന്റെ ഗുണങ്ങളായി പൌലോ കണ്ടുപിടിച്ചത്!

പൌലോ ജീവിതത്തെ മലയകറ്റവുമായി താരതമ്യം ചെയ്യുന്നത് വളരെ രസാവഹം ആണ്!

1. ആദ്യമായി നാം ഏതുമലയാണ് കയറുന്നതെന്ന് തിരയണം..(ലക്ഷ്യം എന്തെന്ന് വ്യക്തമായി തിരിച്ചറിയുക). മറ്റാരെങ്കിലും പറഞ്ഞെന്നു കരുതി അങ്ങ് കയറിയേക്കരുത്..നാം മാത്രമേ ഉള്ളൂ ഈ കയറ്റത്തിൽ എന്നും, നമ്മുടെ ജീവിതത്തിലെ ഒരുപാട് സമയവും എനർജിയും ഈ മലകയറ്റത്തിനായി വേണം എന്നും ഉള്ളതുകൊണ്ട് നന്നായി ചിന്തിച്ച് ഉറച്ചിട്ട്, കയറുക..



**3 PAULO COELHO QUOTES**

YOU MUST UNDERSTAND TO MAKE YOUR DREAMS COME TRUE

Whoever you are, or whatever it is that you do, when you want something, it is because that desire originated in the soul of the Universe. It is your mission on earth.

The soul of the Universe nourished by people's happiness.

To realize one's destiny is a person's only real obligation. All things are one. When you want something; all the universe conspires in helping you to achieve it.

2. എങ്ങിനെ മലയിൽ കയറാമെന്നുള്ള ശരിക്കുള്ള പാത മനസ്സിലാക്കുക. ദൂരെനിന്നും നോക്കുമ്പോൾ മല മനോഹരമായിരിക്കും എന്നാൽ അടുക്കുന്തോറും ഒരുപാട് തടസ്സങ്ങൾ കാണും നിറയെ റോഡും കാടും ഒക്കെയായി. ഏതുവഴിയിലൂടെ നടന്നാൽ മലയിൽ എത്താം എന്നു തിരഞ്ഞ് കണ്ടെത്തി മുന്നേറുക.

3. മുൻപ് കയറിയിട്ടുള്ളവരിൽ നിന്നുമുള്ള അനുഭവങ്ങൾ ഷെയർ ചെയ്യുക് (മുൻപ് ജീവിച്ചവരുടെ അനുഭവങ്ങൾ)

4. സൂക്ഷിച്ച് കാൽ വയ്ക്കുക.. അപകടങ്ങൾ അടുത്താകുമ്പോൾ നമുക്ക് തരണം ചെയ്യാൻ കുറച്ചുകൂടി എളുപ്പമാണ്.. കൂർത്തുമൂർത്ത കല്ലുകളോ, വിള്ളലുകളോ ഒക്കെ ഉണ്ടോന്ന് നോക്കി കാൽ വയ്ക്കുക..

5. ദൂരം താണ്ടും തോറും കാണുന്ന പ്രകൃതി ദൃശ്യങ്ങൾക്കും മാറ്റം വരും. അത് ആസ്വദിക്കാൻ ശ്രമിക്കുക. (ജീവിതം ആസ്വദിച്ച്, റിലാക്സ് ആയി ജീവിക്കുക)

6. നമ്മുടെ ശരീരത്തെ സൂക്ഷിക്കുക അധികം ആക്രാന്തവും പാടില്ല അധികം മെല്ലെയുമാകരുത്.. ഇടക്ക് നല്ല തെളിനീരൊക്കെ കുടിച്ച്, നല്ല

The two hardest tests on the
*spiritual road*
are the patience to wait for
the right moment
and the courage not to be disappointed
with what we encounter.

— *Paulo Coelho*

പഴവർഗ്ഗങ്ങളോക്കെ ശാപ്പിട്ട്.. എൻജോയ് യുവർ ട്രിപ്പ്..

7. നമ്മുടെ ആത്മാവിനെ സംരക്ഷിക്കുക.. നടക്കുന്നത് ഒരു വലിയ പാടായി കരുതാതെ റിലാക്സ് ചെയ്ത് നടക്കുക..അത് ആത്മാവിന് സന്തോഷം നൽകും.
8. എപ്പോഴും ഒരടികൂടി അധികം വയ്ക്കാൻ തയ്യാറായി നടക്കുക..(എക്സ്ട്രാ എഫർട്ട് )
9. മുകളിലെത്തുമ്പോൾ സന്തോഷിക്കുക!
10. ഇപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ കഴിവിൽ അഭിമാനിക്കാം. ഇത് ദിവസം മുഴുവൻ ഈ ആത്മവിശ്വാസം നിലനിർത്തുമെന്നും അത് അടുത്ത മല കയറ്റത്തിനു പ്രേരകമാകും എന്നും പ്രതിജ്ഞ ചെയ്യുക..
11. നിങ്ങളുടെ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുക (ജീവിതവിജയത്തെപ്പറ്റി)

അദ്ദേഹം നമ്മുടെ ജീവിതത്തെ ഒരു പെൻസിലുമായി ഉപപിച്ചിരിക്കുന്നത് നോക്കുക! (പെൻസിലിനെ നാമായി കരുതുക)

1. ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യാനാകും പക്ഷെ എപ്പോഴും ഓർക്കുക പെൻസിലിനെ പിടിക്കാൻ ഒരു കൈവേണം.. ആ കൈ ദൈവമായി കരുതുക
2. വേദന സഹിച്ചെങ്കിലും ഇടയ്ക്കിടെ പെൻസിൽ മൂർച്ച കൂട്ടിയാലേ എഴുതാനാകൂ (പരുക്കൻ യാധാർഥ്യങ്ങൾ നമ്മെ കൂടുതൽ മികച്ചവരാക്കും)
3. തെറ്റുകൾ തിരുത്താനുള്ള സന്ന്ദ്ധത. (പെൻസിലിന്റെ തെറ്റുകള് ഇറേസര് കൊണ്ട്ട് മായ്ക്കാനാകും അതുപോലെ നമ്മുടെ തെറ്റുകൾ മാച്ച് ശരികളാക്കാനുള്ള മനസ്സ്)
4. ഉള്ളിലെ കാമ്പാണ് പ്രധാനം! അതുകൊണ്ട് ഓരോ പ്രവർത്തിയും നമ്മുടെ ആത്മാവിനെ എങ്ങിനെ ബാധിക്കുന്നു എന്ന് ശ്രദ്ധാവത്താകുക..
5. പെൻസിൽ ഒരു മാർക്ക് ശേഷിപ്പിക്കും .. അത്പോലെ നമ്മുടെ ഓരോ പ്രവർത്തിയും എവിടെയെങ്കിലും ഒരു പാട് ഉണ്ടാക്കും.. അതറിഞ്ഞ്, ആ പാടുകൾ നാല്ലവയാക്കാൻ ശ്രദ്ധിച്ച് ജീവിക്കുക

എത്ര നല്ല സന്ദേശങ്ങൾ അല്ലെ?!

---

പിയ കുമാർ:
മുന്ന എന്ന പേരിൽ സിംഗപ്പൂരിൽ കഥകളും ലേഖനങ്ങളും എഴുതിയിരുന്നു. ആത്മ എന്ന പേരിൽ ബ്ലോഗ് എഴുതുന്നുണ്ട്. Poetry.com ലും കലാകൌമുദി ആഴ്ച്ചപതിപ്പിലും കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതൃഭൂമിയുടെ ബ്ലോഗനയിൽ ബ്ലോഗ് വന്നിട്ടുണ്ട്.



Hari Kumar

# Exile and Emptiness

April is the cruellest month, needing
Parkas in a wintry spring, nixing
Hope and passion, blurring
Windshields with ice stain.
Winter kept us warm, discovering
Love under soft duvets, seeding
Grey sheets with careless spills.
Summer deflated us, coming over Point Pelee
Wearing bermudas; we sipped in the lemonade,
And when sunlight slanted, began Hoegaarden,
Then coffee-in-rum, garnished with a flower.
*Om poornamadah poornamidam poornaat*
*poornamudachyate.*
And when we were children, staying at the
tharavaad, My cousin's, he took me out on a
swing,

And I was frightened. He said, Hari,
Hari, hold on tight. And up we went.
In the clouds, there you feel free,
I see much light, but go northwest in winter.

What are the roots that clutch, what hands sow
These grains of longing? Wanderer without a
plan,
You cannot stay as guest; you are exiled eternally,
A grip of sighs lead you through surreal streets,
And the read tea yields no dreams; the cicada,
only grief,
And the dry bones thirst for water. Slowly
There is void in this meat smock,
(Come in within the void of this meat smock),
And I will show you something different from
either
Your void at dawn ensconced in you
Or your void at dusk overwhelming you;
I will show you despair in a fistful of rust.
*Parannu poyi nee parind*
*polay. Thirike vilikunnu*
*Ninte naad innu*
*Varumo nee, ivide onnu?*
"You saved me water lilies eons ago;
They called me the lily's pearl."
—Yet when we came back, late, from the temple
pond,
With dusk-bells marking the distance, I could not
Speak, and my eyes failed, I was neither
Living nor dead, yet I knew the Infinite,
Looking into the blinding light of you.
*Nee yenna Nishabdhatha.*

**Comments from the author**:
The poem, titled "Exile and Emptiness," is a personalization of "The Burial of the Dead," the first part of T. S. Eliot's, famous poem "The Waste Land." You may also take it as my way of paying homage to the one of the greatest poems in English ever written. I have only used the first two stanza's of Eliot's poem. Here, I am looking at certain aspects of my life through the eyes of Eliot's poem. Hence it rigidly follows the structure of "The Burial of the Dead," to the extent of borrowing some of its famous lines, while being intimately connected to my life.

I have replaced the German lines with Sanskrit and Malayalam (my first language). The meanings are also provided below. Also, please read the Eliot's poem side by side with this to fully appreciate this.

Point Pelee: The Southernmost tip of mainland Canada. It is in Ontario and less than four hours drive from Toronto. We were there last October; Hoegaarden: A brand of beer

---

Hari Kumar lived in Singapore for eighteen years, before he relocated to Canada in 2010. He was a Senior Engineer in the Land Transport Authority during his last ten years in Singapore. He works in a similar position in the Toronto Transit Commission. He is also a published writer. He is originally from Trivandrum.



# അശുദ്ധി

## ഡി. സുധീരൻ

അന്നെനിക്ക് ഏതാണ്ട് അഞ്ചു വയസ്സു കാണും. ഞാനും അച്ഛനും അമ്മയും അപ്പച്ചിയുടെ കൂടെയായിരുന്നു താമസം. അച്ഛന്റെ ഏറ്റവും മൂത്ത സഹോദരിയായിരുന്ന അപ്പച്ചിയുടെ ഭർത്താവ് ചെറുപ്പത്തിലേ മരിച്ചു പോയിരുന്നു. അദ്ധ്യാപകനായിരുന്ന അച്ഛന്റെ സ്കൂൾ അടുത്തായതു കൊണ്ട് അവർക്കൊരു കൂട്ടായിട്ടായിരുന്നു ഞങ്ങളുടെ അവിടത്തെ താമസം. സ്ഥലത്തെ വില്ലേജ് ഓഫീസറായിരുന്നു അപ്പച്ചി. അപ്പച്ചിക്ക് ഒരേ ഒരു മകൾ, അമ്മയും മകളും മാത്രമുള്ള ഒരു ചെറിയ കുടുംബം.

എഴാം ക്ളാസ്സിൽ പഠിച്ചിരുന്ന, എന്നേക്കാൾ എട്ടു വയസ്സു മൂപ്പുള്ള അപ്പച്ചിയുടെ മകൾ എനിക്ക് അക്കമ്മയായിരുന്നു. ചേച്ചിയെപ്പോലെയും അമ്മയെപ്പോലെയും എന്നെ സ്നേഹിച്ചിരുന്നവൾ. കണ്ണിമാങ്ങയും കാട്ടുനെല്ലിക്കയും പൂക്കളുമൊക്കെ പറിച്ചു തന്നവൾ, കടംകഥകളും നാടൻപാട്ടുമൊക്കെ പറഞ്ഞു തന്നവൾ, മഴയത്ത് ഇടവഴിയിലെ ചെറു വെള്ളച്ചാട്ടത്തിൽ കടലാസുതോണിയൊഴുക്കാൻ പഠിപ്പിച്ചവൾ, അക്കവും ഗുണനപ്പട്ടികയും പരിശീലിപ്പിച്ചവൾ, അക്ഷരം തെറ്റായുച്ചരിച്ചാൽ നിശിതമായി കളിയാക്കുന്നവൾ......

അപ്പച്ചിയുടെ വീടിന് കിഴക്കും വടക്കും വശങ്ങളിൽ ആൾ താമസമില്ലാത്ത തുറന്ന പുരയിടങ്ങളായിരുന്നു. അവിടമായിരുന്നു, അക്കമ്മയ്ക്ക് സ്കൂളില്ലാത്ത സമയങ്ങളിൽ നമ്മുടെ പ്രധാന വിഹാര സാമ്രാജ്യം. വീടിന് പടിഞ്ഞാറ് പടികളും, ചരിവുകളും, രണ്ട് കലുങ്കുകളും, ഇരു വശത്തും മതിലുകളും, ഓടകളുമുള്ള ഇടവഴി. ഒളിച്ചുകളിക്കാനും മഴവെള്ളത്തിൽ കടലാസുതോണി വിടാനുമുള്ള സങ്കേതമായിരുന്നു ഈ ഇടവഴി. ദീർഘചതുരാകൃതിയിലുള്ള പുരയിടത്തിന്റെ തെക്കു വശത്തായിരുന്നു കിഴക്കുപടിഞ്ഞാറായ റോഡ്. ചാവടിമുക്ക് തൊട്ട് അപ്പച്ചിയുടെ വീടു വരെ, ഏതാണ്ട് അര മൈൽ ദൂരം നല്ല ഇറക്കമുണ്ടായിരുന്നു ഈ റോഡിന്. രാവിലേയും വൈകിട്ടും പോകുന്ന നാലുബസ്സുകൾ കഴിഞ്ഞാൽ ഈ വഴിയിലൂടെ നിരന്തരം പൊയ്ക്കൊണ്ടിരുന്നത് തൊണ്ട് നിറച്ച കാളവണ്ടികളായിരുന്നു. ടാ–ട്ട, ടാ–ട്ട എന്നും കീ–കീ, കീ–കീ യെന്നും ശബ്ദിച്ചു കൊണ്ട്, രാത്രിയും പകലുമെന്നില്ലാതെ സാവധാനം പോകുന്ന കാളവണ്ടികൾ. ഈ റോഡിലായിരുന്നു അക്കമ്മയുടെ സഹായത്തോടെ ഞാൻ സൈക്കിളിന്റെ റിമ്മും, ടയറും, അരിപ്പിന്റെ വളയവുമൊക്കെ ഉരുട്ടിക്കളിക്കാൻ പഠിച്ചത്.

എനിക്ക് പ്രൈമറിസ്കൂളിൽ ചേരേണ്ട സമയത്തു അച്ഛനു കൊല്ലത്തേയ്ക്ക് സ്ഥലം മാറ്റമായി. അങ്ങനെ ഞാനും അച്ഛനും അമ്മയും കൊല്ലത്ത് ആശ്രാമം എന്ന സ്ഥലത്തിലായി താമസം. എന്നാലും ഓണം, ക്രിസ്തുമസ്, വേനൽക്കാലാവധി തുടങ്ങിയ സമയങ്ങളിൽ ഞങ്ങൾ അപ്പച്ചിയുടെ വീട്ടിൽ കണിശ്ശമായും എത്തിയിരിക്കും. അല്ലാത്തപ്പോൾ ആഴ്ചയിൽ ഒരിക്കലെങ്കിലും ഞാൻ അക്കമ്മയുമായി ടെലിഫോണിൽ സംസാരിക്കുമായിരുന്നു.

കഴിഞ്ഞ ഓണാവധിക്ക് അക്കമ്മയും ഞാനും കൂടി കപ്പലണ്ടി ഗോപിയണ്ണന്റെ കടയിൽ സാധനങ്ങൾ വങ്ങാൻ പോയി. അക്കമ്മ സൂക്ഷിച്ചു വച്ചിരുന്ന സൈക്കിൾ റിമ്മും ഓടിച്ചാണ് ഞാൻ കൂടെപ്പോയത്. കടയിൽ വച്ച് സാധനം എടുത്തു കൊടുക്കുന്നയാൾ അക്കമ്മയുടെ നെഞ്ചത്ത് നോക്കിക്കൊണ്ട് എന്തോ പറഞ്ഞു. അമാന്തിച്ചില്ല, അവന്റെ ചെകിട്ടത്ത് അക്കമ്മ അടിയും പറ്റിച്ചു. എന്തിനാ ആ പാവത്തിനെ അടിച്ചത് എന്നു ചോദിച്ചപ്പോൾ "അതോ.. അതേ.. അത്.. അവന് നിന്റെ സൈക്കിൾ റിം വേണം പോലും, അപ്പോൾ വന്ന ദേഷ്യത്തിനാ അടിച്ചത്", എന്നു പറഞ്ഞു. സത്യമാണോ അക്കമ്മ പറഞ്ഞത്, ഏയ് ഇല്ല എന്റെ അക്കമ്മ ഒരിക്കലും കള്ളം പറയില്ല. അടി കൊണ്ട ജോലിക്കാരനെ പിന്നെ ആ കടയിൽ കണ്ടിട്ടേയില്ല.

എന്റെ രണ്ടാം ക്ളാസ്സിലെ വർഷാവസാന പരീക്ഷ കഴിഞ്ഞുള്ള വേനൽക്കാല അവധിസമയം. അച്ഛന്റെ കുടുംബക്ഷേത്രത്തിലെ ഉത്സവത്തിൽ പങ്കെടുക്കാൻ കൂടിയാണ് ഇത്തവണ ഞങ്ങൾ അപ്പച്ചിയുടെ വീട്ടിൽ എത്തിയത്. ഒരു ദിവസം രാവിലെ ഉറക്കച്ചടവോടെ പല്ലു തേച്ചു കൊണ്ടിരിക്കുമ്പോൾ അമ്മയും അപ്പച്ചിയും എന്തോ പിറു പിറുക്കുന്നതു കേട്ടു. ഞാൻ ശ്രദ്ധിക്കുന്നു എന്നു കണ്ടപ്പോൾ, അക്ഷരങ്ങൾക്ക് മുൻപ് "സ" ചേർത്തുള്ള അവരുടെ ഗൂഢ ഭാഷയിലായി സംസാരം. കൂടുതൽ ശ്രദ്ധിച്ചപ്പോൾ അക്കമ്മയെപ്പറ്റിയാണു പറയുന്നത് എന്നു മനസ്സിലായെങ്കിലും ഒന്നും പിടികിട്ടിയില്ല. രണ്ടു പേരും ചേർന്ന് അക്കമ്മയെ കിണറ്റിനടുത്തുള്ള കുളിപ്പുരയിൽ കൊണ്ടു പോയി കുളിപ്പിക്കുന്നതും പിന്നെ പാവാടയും ജാക്കറ്റും ധരിപ്പിക്കുന്നതും കണ്ടു. സാധാരണ അക്കമ്മ ഫ്രോക്കാണ് വീട്ടിൽ ധരിക്കാറ്.

അല്പം കഴിഞ്ഞ് മഞ്ഞളും അരിമാവും കരുപ്പട്ടിയും തേങ്ങാപ്പാലുമൊക്കെ ചേർത്തു കുറുക്കിക്കൊടുക്കുന്നതും കണ്ടു. എനിക്കും കുറച്ച് കുറുക്ക് അക്കമ്മ തന്നു, അതിന്റെ അല്പം എരിയുള്ള ചുവ എനിക്കത്ര പിടിച്ചില്ല. അന്നു മുഴുവനും അക്കമ്മ വരാന്തയിലും അപ്പച്ചിയുടെ മുറിയിലും ആണ് കഴിച്ചു കൂട്ടിയത്. അച്ഛന്റെ മുറിയിൽ വരാൻ ഞാൻ വിളിച്ചപ്പോൾ, പൂജാ സ്ഥലം അതിനകത്ത് ആയതുകൊണ്ട് വരില്ലായെന്നു പറഞ്ഞു. കാരണം ചോദിച്ചപ്പോൾ പിന്നെപ്പറയാമെന്നു പറഞ്ഞു ഒഴിഞ്ഞു മാറി. എത്രവിളിച്ചിട്ടും എന്റെ കൂടെ കളിക്കാൻ വരാതെ, അക്കമ്മ പണ്ട് ജാനമ്മ സാറിന്റെ പുരയിടത്തിൽ നിന്ന് പച്ചക്കശുവണ്ടി പറിച്ചതും അവർ ഓടിച്ചതും ഒക്കെ പറഞ്ഞു കുറേ നേരം ചിരിച്ചു. ഏറ്റവും തമാശ, അന്ന്

ജാനമ്മ സാറിനെ പറ്റിക്കാൻ വേണ്ടി വീട്ടിലേയ്ക്കോടാതെ മറ്റു പുരയിടങ്ങളിലൂടെ കറങ്ങിത്തിരിഞ്ഞു കുറേനേരം കഴിഞ്ഞു വീട്ടിലെത്തുമ്പോൾ അവർ അപ്പച്ചിയോട് പരാതി പറഞ്ഞു കൊണ്ട് നിൽക്കുന്നു. ഇതു പറഞ്ഞ് അക്കമ്മ കുടുകുടാചിരിച്ചു. ചായ കുടിക്കു ശേഷം അക്കമ്മ എനിക്ക് ഒരു കഥ പറഞ്ഞു തന്നു, രാവണൻ പിടിച്ചു കൊണ്ടു പോയ സീതയുടെ കഥ. അശോകവനത്തിൽ ദുഃഖിച്ചിരിക്കുന്ന സീതയുടെ കഥ. കഥ പറയാൻ അക്കമ്മയ്ക്ക് പ്രത്യേക കഴിവായിരുന്നു. ദുഃഖപര്യവസായിയായ കഥയാണെങ്കിൽ അക്കമ്മയുടെ കരച്ചിലും കണ്ണീരും കണ്ട് കേൾവിക്കാരും കരഞ്ഞു പോകും.

സന്ധ്യക്ക് നാമം ചൊല്ലാൻ ഞാൻ പലപ്രാവശ്യം വിളിച്ചിട്ടും അക്കമ്മ വന്നില്ല. എന്താണ് വരാത്തത് എന്നു ചോദിച്ചപ്പോൾ, തൊണ്ടയ്ക്ക് സുഖമില്ലല്ലായെന്നു പറഞ്ഞു. അങ്ങിനെ ആദ്യമായി ഒറ്റയ്ക്ക് നാമം ചൊല്ലി, പലയിടത്തും തെറ്റുകയും ചെയ്തു. അത്താഴത്തിനു ശേഷം അന്ന് ഞാൻ അപ്പച്ചിയുടെ കൂടെയാണ് ഉറങ്ങിയത്. എന്നത്തെയും പോലെ അക്കമ്മയുടെ കൂടെ ഉറങ്ങാൻ അമ്മയും അപ്പച്ചിയും സമ്മതിച്ചില്ല. ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ, കാര്യങ്ങൾ ശരിക്ക് മനസ്സിലാകാതെ അന്നു രാത്രി കുറേ നേരം ഞാൻ ഉറങ്ങാതെ കിടന്നു. ഉറക്കത്തിൽ സ്വപ്നം കണ്ട് കരയുകയും ചെയ്തു.

പിറ്റേന്ന് അക്കമ്മയുടെ എല്ലാ ആവശ്യത്തിനും, അല്പം ഗമയിൽ ഞാനാണ് കിണറ്റിൽ നിന്ന് വെള്ളം കോരിക്കൊടുത്തത്. കളിക്കാൻ വിളിച്ചപ്പോൾ രണ്ട് മൂന്നു ദിവസം കഴിഞ്ഞ് അസുഖം ഭേദമായിട്ടാകട്ടേയെന്നു പറഞ്ഞു. അന്നും അക്കമ്മ വെളിയിലും അപ്പച്ചിയുടെ മുറിയിലുമൊക്കെയായിട്ടാണ് കഴിച്ചു കൂട്ടിയത്. കൂട്ടിനിരുന്നപ്പോൾ സമയം ചിലവാക്കിയത് കടംകഥ പറഞ്ഞും കവിത ചൊല്ലിയും ഒക്കെയായിരുന്നു. കൂട്ടത്തിൽ ജാനമ്മ സാറിനെ വീഴ്ത്താൻ പ്ലാവിലയും, ഈർക്കിലും, മണലും കൊണ്ട് മറച്ചിരുന്ന ചെറിയ കുഴിയിൽ പാവം മുരുകൻ ചെട്ടിയാർ വീണു കാലു ചിറമ്പിയ കാര്യവും പറഞ്ഞ് കുറേ നേരം അന്നും ചിരിച്ചു. വഴക്കിനു വന്ന ചെട്ടിയാർക്ക് അപ്പച്ചി കുറച്ചു ധന്വന്തരം കുഴമ്പ് കൊടുത്താണ് പരാതിക്ക് പരിഹാരം കണ്ടത്. ചായ കുടിക്കു ശേഷം അക്കമ്മ അന്നും എനിക്കൊരു കഥ പറഞ്ഞു തന്നു, പാഞ്ചാലിയുടെ ശപഥം.

അച്ഛന്റെയും അപ്പച്ചിയുടെയും കുടുബക്ഷേത്രത്തിലെ ഉത്സവം അന്നാണ് തുടങ്ങുന്നത്. അതുകൊണ്ട് അത്താഴം നേരത്തേ കഴിച്ച് എല്ലാവരും കോവിലിൽ പോകാൻ തയ്യാറായി. അക്കമ്മയ്ക്ക് കോവിലിൽ വന്നുകൂടെന്നും അതു കൊണ്ട് ഒറ്റയ്ക്ക് വീട്ടിൽ ഇരിക്കണമെന്നും അല്ലെങ്കിൽ നേരത്തേ ഉറങ്ങണമെന്നും അപ്പച്ചി പറഞ്ഞപ്പോൾ അക്കമ്മ കരച്ചിലും ബഹളവുമൊക്കെയായി. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അച്ഛന്റെ ഹാൻഡ് ഫോണിൽ വിളിച്ചാൽ മതിയെന്നൊക്കെ പറഞ്ഞിട്ടും അക്കമ്മ സമ്മതിച്ചില്ല. അവസാനം അക്കമ്മയുടെ നിർബന്ധത്തിനു വഴങ്ങി അപ്പച്ചിയും വീട്ടിലിരുന്നു. ഞങ്ങൾ മൂന്നു പേരും ഉത്സവത്തിനു പോയി. ഗാനമേളയും കഥാപ്രസംഗവുമായിരുന്നു പരിപാടികൾ. അക്കമ്മയുടെ അഭാവത്തിൽ ഗാനമേള കഴിഞ്ഞുള്ള കഥാപ്രസംഗം എനിയ്ക്ക് ബോറായിത്തോന്നി. കൊറിക്കാൻ കപ്പലണ്ടി വാങ്ങിച്ചതിൽ ഒരു പൊതി അക്കമ്മയ്ക്കായി ഞാൻ സൂക്ഷിച്ചു. രാത്രിയിൽ തിരിച്ചു വരുമ്പോൾ അപ്പച്ചിയും അക്കമ്മയും നല്ല ഉറക്കമായിരുന്നു.

പിറ്റേന്ന് രാവിലെ അക്കമ്മ അത്ര ഉന്മേഷവതിയല്ലായിരുന്നു. കപ്പലണ്ടിപ്പൊതി കൊടുത്തിട്ടും വലിയ താല്പര്യമൊന്നും കാണിച്ചില്ല. എന്തായാലും ഉച്ചയൂണ് കഴിഞ്ഞപ്പോൾ അക്കമ്മ സ്വതസിദ്ധ ഉത്സാഹഭാവത്തിലായി. കഴിഞ്ഞ വർഷത്തെ ഉത്സവത്തെപ്പറ്റി പറഞ്ഞകൂട്ടത്തിൽ കൂർപ്പിച്ച നഖം കൊണ്ട് ഒരു പ്രാവശ്യം ബലൂൺ പൊട്ടിച്ചതും ബലൂൺകാരന്റെ സങ്കടം കണ്ട് പിന്നെ പൊട്ടിക്കാതിരുന്നതും പറഞ്ഞ് അക്കമ്മ ചിരിച്ചു.

അന്ന് പ്രദോഷപൂജയ്ക്ക് മുൻപുള്ള പ്രത്യേക ചടങ്ങിൽ പങ്കെടുക്കാൻ ഞങ്ങളെല്ലാം വൈകിട്ട് നാലു മണിക്ക് കോവിലിൽ എത്തണമെന്ന് പൂജാരി വന്നു പറഞ്ഞു. അതനുസരിച്ച് അക്കമ്മയൊഴിച്ച് എല്ലാപേരും പോയി. അപ്പച്ചിയുമായി വഴക്കിട്ട് കരഞ്ഞുകൊണ്ട് ജനാലയുടെ പിറകിൽ നിന്ന അക്കമ്മയെക്കണ്ട് എന്റെ കണ്ണും നിറഞ്ഞു. അക്കമ്മയ്ക്ക് ഞാൻ കൂട്ടിനിരിക്കാം എന്നു പറഞ്ഞിട്ട് ആരും സമ്മതിച്ചില്ല.

പ്രത്യേക പൂജയും ഹോമവുമൊക്കെ കഴിഞ്ഞപ്പോൾ പൂജാരി എനിയ്ക്ക് ചെറിയ തലപ്പാവും അമ്മയ്ക്കും അപ്പച്ചിക്കും താലത്തിൽ പട്ടും നൽകി. അച്ഛന് തലപ്പാവു കെട്ടുന്ന സമയത്ത് ഹാൻഡ്ഫോൺ ഒരു പ്രവശ്യം ശബ്ദിച്ചു നിന്നു. എന്തായാലും ആ ചടങ്ങു കഴിഞ്ഞപ്പോൾ കോൾ വീട്ടിൽ നിന്നായിരുന്നു എന്നു അച്ഛൻ പറഞ്ഞതനുസരിച്ച് അപ്പച്ചി വീട്ടിലേയ്ക്ക് വിളിച്ചു. പലപ്രവശ്യം വിളിച്ചിട്ടും അക്കമ്മയുടെ മറുപടി ഇല്ലാത്തത് കൊണ്ട് അപ്പച്ചി പെട്ടെന്ന് വീട്ടിലേയ്ക്കു പോയി.

ക്ഷേത്രപ്രദക്ഷിണവും, ദക്ഷിണകൊടുക്കലും പ്രസാദവിതരണവുമൊക്കെ കഴിഞ്ഞപ്പോൾ അച്ഛന്റെ ഫോൺ വീണ്ടും ശബ്ദിച്ചു. ഉത്തരം പറയുമ്പോൾ അച്ഛൻ വല്ലാതെ വിറയ്ക്കുകയും വികാരഭരിതനാവുകയും ചെയ്യുന്നത് കണ്ടു. അച്ഛൻ അമ്മയോട് രഹസ്യമായി പറഞ്ഞപ്പോൾ അമ്മ പെട്ടെന്ന് നിലവിളിച്ചുപോയി. എന്താണു കാര്യമെന്നറിയാതെ, ചോദിച്ചിട്ട് ഉത്തരം പറയാതെ വേഗത്തിൽ നടക്കുന്ന അച്ഛന്റെയും അമ്മയുടെയും പിറകെ ഞാൻ ഓടുകയായിരുന്നു. ഇടയ്ക്കിടയ്ക്ക് അമ്മ പൊട്ടിക്കരയുന്നുണ്ടായിരുന്നു.

അപ്പച്ചിയുടെ വീട്ടിലെത്തുമ്പോൾ, മുറ്റത്തും വരാന്തയിലും പോലീസിന്റെയും മറ്റ് ആൾക്കാരുടെയുമൊക്കെതിരക്കുംബഹളവുമായിരുന്നു. അപ്പച്ചി നെഞ്ചത്തടിച്ച് കരയുന്നു. പൊട്ടിക്കരയുന്ന അമ്മയുടെ കൈ വിടുവിച്ച് ഞാൻ ഓടി അപ്പച്ചിയുടെ മുറിയിൽ ചെന്നു. തറയിൽ, വസ്ത്രങ്ങൾ കീറിപ്പറിഞ്ഞ് അർദ്ധനഗ്നയായി രക്തത്തിൽ കുളിച്ചു കിടക്കുന്ന അക്കമ്മയെക്കണ്ട് ഞാൻ നിലവിളിച്ചു പോയി. ശരീരം തളർന്ന് താഴെ വീഴുമോയെന്നെനിക്ക് തോന്നി.

അവിടെ നിന്ന് എന്നെ പിടിച്ചു കൊണ്ടു വന്ന അമ്മയോടു ചോദിച്ചപ്പോൾ, അക്കമ്മ മരിച്ചു എന്നു പറഞ്ഞു. ആരോ കൊന്നതാണു പോലും. നെഞ്ചുപൊട്ടിക്കരഞ്ഞുകൊണ്ടു നിൽക്കുമ്പോൾ അക്കമ്മയുമായുള്ള അനേകം സുന്ദരനിമിഷങ്ങൾ, ഒരു ചലച്ചിത്രത്തിലെന്ന പോലെ മനസ്സിൽ ഓടി മറഞ്ഞു, ഇനിയൊരിക്കലും, ഒരിക്കലും സംഭവിക്കാത്തവ. ഞാൻ എന്നും മാതൃകയാക്കാൻ ആഗ്രഹിച്ചിരുന്ന എന്റെ അക്കമ്മ മരിച്ചു, വിശ്വസിക്കാൻ കഴിഞ്ഞില്ല. നിറഞ്ഞൊഴുകിയ കണ്ണ് പുറം കൈ കൊണ്ട് തുടച്ചിട്ട് നോക്കുമ്പോൾ ഒരു കഷണം തുണി മണത്തിട്ട് കിഴക്കുവശത്തെ അതിരു കടന്ന് തുറന്നപറമ്പിലൂടെ അരണ്ട വെളിച്ചത്തിൽ ഓടിപ്പോകുന്ന പോലീസ് നായയെ കണ്ടു....

ആരാണ് ശരിക്കും കുറ്റവാളികളെന്നറിയാതെ നായ്ക്കൾ ഇന്നും മണത്തുകൊണ്ട് ഇരുട്ടിൽ ഓടിക്കൊണ്ടേയിരിക്കുന്നു. ■

---

ഡി. സുധീരന്: തിരുവനന്തപുരം ജില്ലയില് വക്കത്ത് ജനനം. തിരുവനന്തപുരം എന്ജിനിയറിംഗ് കോളേജില് നിന്ന് ബിരുദം. ബ്രിട്ടനിലെ ഹള് യൂനിവേര്സിറ്റിയില് എം ബി എ യും നേടി. സിംഗപ്പൂര് പാനസോണിക് കമ്പനിയില് 30 വര്ഷം സേവനം അനുഷ്ഠിച്ചു. 1980 മുതല് സിംഗപ്പൂരിലെ മിക്കവാറും മലയാളി സംഘടനകളിലും പ്രവര്ത്തിച്ച് വരുന്നു. കവിത, ഗാനം, സംഗീതം, നാടകം ഇവയാണ് പ്രവര്ത്തന മേഘലകള്. കോളേജ് മാഗസീനുകള്, സിംഗപ്പൂരിലെ മലയാള പ്രസിദ്ധീകരണങ്ങള് ഓണ് ലൈന് മാഗസീനുകള് മുതലായവയില് കവിതകള് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സിംഗപ്പൂര് മലയാളി ലിറ്ററി ഫോറത്തിന്റെ ആഭിമുഖ്യത്തില് 2014 നവംബറില് ആദ്യ കവിതാ സമാഹാരമായ ഷിമസക്കി പ്രസിദ്ധീകരിച്ചു.



# "ECHO"

## Dr C N N Nair

Amidst the savage roaring of the seven seas
and the howling, deafening tempests;
Amidst the clashing thunders of the
wild galloping clouds;
I lost my voice long ago
before Time began.

It was my mission to regain my voice
lost many ages ago,
In all earnest, therefore, I set forth
As soon as I was born.

The sweet lullabies I heard in my cradle
Mingled with laughter light and vain
The muffled cries of frustration and
Wailings of sad, dejected hopes,
Discordant though, were my guides
And unwearied companions
In my relentless, solitary pursuit-
Faster than Jove's thunderbolt.

At Infinity's gate, where stood Time still
I saw . . . and heard
My long lost melody and hailed –
'O, come unto me!'
But it was a derisive laughter I heard
In answer to my cries.

" Whither movest thou?' – I heard;
'I'm the voice
Whose echo thou art. Like shadow,
Why chase? "

And I heard and learnt and paused
In stupefied silence
I felt, I melt. . . . I heard, so I thought
And became one with my shadow:

Never to part again!



# SULEKHA

## Azeena

The svelte girl stared at the colossal school building that towered over her. It seemed larger than life and she had not seen anything so majestic in her village, Kampong Buangkok. It was her first day in junior college and the first time a girl had left the village for an education on the mainland. This was 1969 Singapore when industrialization, urbanization and modernization were the catch words of the day.

With her doe-like eyes and tresses that cascaded down her spine, it was no wonder why the village boys wolf- whistled or sang out songs that featured Jayalalitha and Padmini- South Indian actresses who reigned Kollywood in their prime days, whenever she walked past. Her olive brown skin was smooth and her teeth resembled precious pearls that were painstakingly obtained from the depths of the Indian Ocean. Her face bore no marks of adolescence and her symmetrically arched eyebrows completed a picture of perfection. Her eyes moistened as they travelled all over the new school environment while her mind flooded with memories of Kampong Buangkok.

While much of Singapore had started to get a taste of development, Kampong Buangkok where Sulekha hailed from was still pristine and untouched by urbanization. Children caught tiny fish from running streams and young girls with thick plaited hair chatted their afternoons away while chewing on bamboo shoots. Education levels of the local men were not very high, much less that of women. Sulekha's father, Kamal however, was a man with a progressive mind.

Fresh out of Teachers' Training College (TTC) at 25, Kamal received a marriage proposal from the maternal uncle of seventeen-year-old Surumi, a doe-eyed beauty with porcelain-like skin. Surumi had completed her 'O' levels and could speak tolerable English-traits very rarely found in the other girls his relatives had proposed. These, coupled with the fact that Surumi's aunts had sung praises of her outstanding culinary skills and humble personality drew Kamal to Surumi instantly. A date was fixed and their wedding took place with great merriment. Surumi's belly soon swelled with sign of life and in the thick of the North-east monsoons that brought relief from prolonged heatspells, she delivered Sulekha, a beautiful baby girl whom the entire village fussed over.

Sulekha formed the core of her parents' life and they channeled their energy and resources to grooming her into a well-heeled and refined young woman. While women's education or emancipation was not ranked highly on the minds of many, Kamal harboured hopes of Sulekha graduating from the university and seeking a professional career.

However, fate took a cruel twist three months before Sulekha's 'O' level examinations. On that Sunday morning, just as Surumi stepped out of her house to do her usual marketing, a motorcyclist in the prime of his youth, knocked her down with such callousness before speeding off that Sulekha and Kamal could only look on in utter disbelief and helplessness as Surumi hemorrhaged to death.

Surumi's untimely death threw the entire village into shock yet raised the respect they had for Kamal whom they affectionately addressed as "Teacher Sahib" when he refused to pursue the errant motorcyclist.

Surumi, the sun whose luminance Sulekha took to guide herself, had suddenly been painfully exterminated. O, the unpredictable ways of fate!

Following Surumi's 40th day prayers, Saleem, Kamal's uncle stayed behind to speak with him.

"Kamal?"
"Yes, Mama?"

"Without Surumi, it's going to be really tough running your home. Sulekha's not a child anymore. At 16, it is best she startx preparing herself to be a good wife and mother- not for an office career or

how to outwit men in the corporate world. I have said my piece. The rest is up to you." Saleem stood up and gulped down the tea that had lost its warmth in the somberness that hung in the room.

As Saleem faded into the distant fields, Sulekha approached her father.

"Pappa?"

Kamal looked at Sulekha with downcast eyes knowing full well that she had overheard Saleem in the kitchen. He simply could not bring himself to meet Sulekha in the eye.

"I'll stop school and help around the house. As Saleem Uppa said, things are tough without Mamma. I'm old enough to look after the house, anyway."

Sulekha's words stumped him. Despite the glistening gold medals and trophies on the shelf that bore testimony to the fact that she was a high-achiever, not once did her heart swell with the arrogance of being gifted. Giving up her goal of ultimately entering the university was totally unfathomable to Kamal.

"No,daughter. I will be by your side to achieve your dreams!" Kamal embraced Sulekha, providing momentary comfort to the motherless child.

With the 'O' levels drawing closer, Kamal took every effort to ensure that Sulekha could study well without distractions. Despite being plagued by memories of her mother, Sulekha studied conscientiously and remained unwavering in her zeal to enter the junior college- which she knew would render her the first female from Kampong Buangkok to do so if she made it.

The cool winds of the North-east monsoons fanned her worries during the examinations, making her hopeful for the best. The following March saw an elated Sulekha when her name was announced as her school's top 'O' level student with eight distinctions! Things were starting to pick up and future seemed bright when she received the scholarship letter from the Education Ministry informing her that they would cover her fees from first-year junior college to university subject to sustained good academic performance.

Sulekha was thrilled and no one could have been happier than Kamal who was teary-eyed when his daughter's humility, achievements and resilience during her mother's sudden demise were highlighted at her scholarship ceremony.

"Sulekha Beevi Kamal Ahsan of Class 3S70, please report to your classroom now. Your Civics Tutor is waiting for you." The loud voice over the PA system snapped Sulekha out of her thoughts. This wasn't the time to get teary. There were only goals to achieve. "Mamma and Pappa, I'm going to make you proud."

---

Azeena Badarudeen is a Singaporean whose ancestral roots trace back to Varkala and Kaayilvaaram in Trivandram, Kerala. Highly passionate about language learning, she is a polyglot who speaks fluent English, Tamil, Malayalam and a smattering of Mandarin, Malay and Hindi. Azeena has a penchant for writing and is a member of the Writing Enthusiasts' Club (WEC) in the Indian Women's Association (IWA).



# ബന്യാമിൻ- ഒരു അവലോകനം

സുധാദേവി



അറബ് വസന്തം പൊട്ടിവിരിഞ്ഞത് ടുണീഷ്യ എന്ന ഉത്തരാഫ്രിക്കൻ രാജ്യത്താണ്. പക്ഷെ, ആ വസന്താഗമനത്തിൽ പൂത്തുതളിർത്ത ഒരായിരം വൃക്ഷലതാദികളിൽ നിന്നും പൂക്കളിൽ നിന്നും ഉണ്ടാകുന്ന സുഗന്ധമോ മൃദുമന്ത്രണങ്ങളോ അല്ല, മറിച്ച് ആ വസന്തമുണ്ടാക്കിയ "ഇടിമുഴക്ക"മാണ് മറ്റു അറേബ്യൻ നാട്ടുകളിൽ പ്രതിദ്ധ്വനിച്ചത്.

ലോകമെമ്പാടുമുള്ള രാഷ്ട്രീയ, മാധ്യമ, മനുഷ്യാവകാശപ്രവർത്തകർ "മുല്ലപ്പൂവിപ്ലവം" എന്നു പേരിട്ട ആ വിപ്ലവത്തിന്റെ അലയൊലികൾ മറ്റൊരു മദ്ധ്യപൂർവ്വേഷ്യൻ രാജ്യത്തുണ്ടാക്കിയ പ്രകോപനങ്ങളെയും സംഭവങ്ങളെയും സമരങ്ങളെയും അവ മാറ്റി മറിച്ച ജീവിതശൈലികളെയും കാഴ്ചപ്പാടിനെയും കുറിച്ചൊക്കെ മനോഹരമായി പറയുന്നതാണ് ബെന്യമെന്റെ ഈ രണ്ടു പുസ്തകങ്ങളും – അൽ 'അറേബ്യൻ നോവൽ ഫാക്ടറി'യും 'മുല്ലപ്പൂനിറമുള്ള പകലുകൾ' ഉം.

ഒരു തരത്തിൽ പറഞ്ഞാൽ ഇവ ചരിത്രനോവലുകളാണോ എന്ന് സംശയിക്കാം. കാരണം, അത്രമാത്രം ചരിത്രാവബോധം ഈ പുസ്തകങ്ങളിൽ നിന്ന് നമുക്ക് ലഭിക്കും. വസ്തുനിഷ്ഠമായ വിവരണങ്ങൾ ഒരു ചരിത്ര പുസ്തകത്തിന്റെ അനുഭവം നൽകും. ഇസ്ലാം മതത്തിന്റെ ഭിന്നരൂപങ്ങളെക്കുറിച്ചും അതിലെ ഭിന്നവിശ്വാസങ്ങളെക്കുറിച്ചും അവ തമ്മിലുള്ള കടുത്ത ശത്രുതയെക്കുറിച്ചും വളരെ ആധികാരികമായി വിവരിച്ചിരിക്കുന്നു.




അറബ് രാജ്യങ്ങളിൽ നിലനില്ക്കുന്ന മതാധിപത്യ പ്രവണതകൾ, ഏകാധിപത്യ ശൈലികൾ, ജനാധിപത്യമെന്ന മുഴുത്ത നുണ, ഭരണഘടന നാനുസൃതമെന്ന വലിയ പൊള്ളത്തരം– ഇവയെക്കുറിച്ചൊക്കെ തന്റെ പുതുമയാർന്ന ശൈലിയിൽ ബെന്യാമിൻ വിവരിക്കുന്നു.

ബെന്യാമിന്റെ 'ആടുജീവിതം' മാത്രമേ ഇതിനുമുമ്പ് ഞാൻ വായിച്ചിട്ടുള്ളൂ. ആ വായന മനസ്സിലുണ്ടാക്കിയ നൊമ്പരം ചെറുതല്ല. ആ വായനാനുഭവം നൽകിയ തീവ്രമായ വികാരവിചാരങ്ങൾ എത്രയോ ദിവസങ്ങൾ എന്നെ അലട്ടിക്കൊണ്ടിരുന്നു. എന്നാൽ ഈ രണ്ടു പുസ്തകങ്ങൾ തന്ന അനുഭവം മറ്റൊന്നാണ്. ഒരു അറബ് രാഷ്ട്രത്തിലെ വിദേശിയുടെ ജീവിതം എത്രമാത്രം അടിമത്തത്തിൽ ആണ്ടുകിടക്കുന്നു എന്നും ഭരണവർഗ്ഗത്തിന്റെ അഹന്തയും സ്വാർത്ഥതയും കൊണ്ട് ഒരു ജനതയെ എങ്ങനെ നിശ്ശബ്ദരാക്കാമെന്നും ഒക്കെ മനസ്സിലാകുമ്പോൾ എന്തോ ഒരു ഭയമാണുണ്ടാവുക. 'അറബ് വസന്തം' ഉണ്ടാക്കിയ ഇടിമുഴക്കത്തിന്റെ പ്രകമ്പനം സിരകളിലേയ്ക്ക് പടർന്ന് സമരത്തീയിലേയ്ക്ക് എടുത്തുചാടി ജീവിതം ഹോമിച്ച അനേകം യുവാക്കളുടേയും, മോഹഭംഗത്തിന്റെയും സ്വപ്നത്തകർച്ചയുടെയും പടുകുഴിയിൽ വീണുപോയവരുടെയും, ഇതെല്ലാം കണ്ട് ഭയന്ന് മരവിച്ചുപോയവരുടെയും ഒക്കെ യഥാതഥചിത്രങ്ങളാണ്– ആ ജീവിതസമരങ്ങളുടെ ഒരു ദൃക്സാക്ഷിവിവരണം പോലെയാണ്– ഈ നോവലുകൾ എന്നു പറയാം.

എന്നാൽ, അവ അരോചകമല്ല താനും. സമരത്തെക്കുറിച്ചും മതാധിപത്യത്തെക്കുറിച്ചും ഉള്ള വസ്തുതകളുടെ നൂലിഴകളൊടൊപ്പം തന്നെ പ്രണയത്തിന്റെയും സ്വപ്നത്തിന്റെയും സ്വപ്നഭംഗങ്ങളുടെയും പട്ടുനൂലിഴകൾ കൂടി നെയ്ത് ഈ നോവലുകളെ ജീവൻ തുടിയ്ക്കുന്ന കലാസൃഷ്ടികളാക്കിയിരിക്കുന്നു. ഒരു ചലച്ചിത്രമോ നാടകമോ കാണുന്നതുപോലെ അത്ര വ്യക്തതയോടെ ഓരോ രംഗവും നമുക്ക് ഹൃദ്യമായി അനുഭവവേദ്യമാകുന്നു.

"അൽ അറേബ്യൻ നോവൽ ഫാക്ടറി" വായിച്ചശേഷം "മുല്ലപ്പൂനിറമുള്ള പകലുകൾ" വായിക്കുകയാണ് അഭികാമ്യം. ആദ്യത്തേതിൽ വിവരിക്കുന്ന പല സംഭവങ്ങളും അടുക്കും ചിട്ടയുമായി രണ്ടാമത്തേതിൽ പറയുന്നു. "നോവൽ ഫാക്ടറി" യിൽ പരാമർശിക്കുന്ന നിരോധിക്കപ്പെട്ട പുസ്തകമാണ് രണ്ടാമത്തേത്. അത് രണ്ടാമത് വായിക്കുന്നത് എന്തുകൊണ്ടും സസ്പെൻസ് നിലനിർത്താൻ നല്ലതാണ്.

കാനഡയിൽ നിന്നും വന്ന പ്രതാപ് എന്ന പത്രപ്രവർത്തകന്റെ അനുഭവങ്ങളിലൂടെ, കാഴ്ചപ്പാടിലൂടെ വളർന്നു വികസിക്കുന്നതാണ് 'അൽ അറേബ്യൻ നോവൽ ഫാക്ടറി'യിലെ കഥ. ഒരു വിദേശ നോവലിസ്റ്റിന് നോവലെഴുതാൻ വേണ്ട വസ്തുതാ ശേഖരണത്തിനായി സമരാനന്തര അറബ് നഗരത്തിൽ എത്തിച്ചേരുന്ന കുറച്ച് എഴുത്തുകാരുടെ അനുഭവങ്ങളാണ് ഈ നോവലിലെ പ്രമേയം. – പ്രതാപ് എന്ന മലയാളിയെ സഹായിക്കാൻ ഒരു ഇംഗ്ലീഷുകാരനും പാക്കിസ്ഥാനിയും ബോംബേക്കാരനും – എല്ലാവരും പത്രപ്രവർത്തകരാണ്. നോവലെഴുതി പരിചയമില്ല. നഗരത്തിലെ മുന്തിയ സൗകര്യങ്ങളുള്ള ഒരു അപ്പാർട്ട്മെന്റിൽ താമസം തുടങ്ങുന്നു. പക്ഷെ, ഇംഗ്ലീഷുകാരൻ സ്വന്തമായി ഒരു ഫ്ലാറ്റ് വേണമെന്ന് നിർബ്ബന്ധം– അത് അനുവദിച്ചു. പാശ്ചാത്യരോട് അറബികൾ കാട്ടുന്ന ബഹുമാനം, എവിടെയും അവർക്ക് കൊടുക്കുന്ന ഒന്നാംസ്ഥാനം ഇതെല്ലാം പ്രതാപ് അല്പം വിഷമത്തോടെ മനസ്സിലാക്കുന്നു. ഒന്നാം ലോകത്തിന്റെ പാസ്പോർട്ടുമായി (കാനഡ) വന്നിറങ്ങിയതുകൊണ്ട് പ്രതാപിന് എയർപോർട്ടിൽ നിന്ന് പുറത്തിറങ്ങാൻ നിമിഷങ്ങളേ വേണ്ടിവന്നുള്ളൂ. പാവപ്പെട്ട ഏഷ്യൻ രാജ്യങ്ങളിൽ നിന്നും വന്നവർ കാലിക്കൂട്ടങ്ങളെപ്പോലെ ക്യൂവിലേക്ക് തെളിയിയ്ക്കപ്പെടുന്ന കാഴ്ച പ്രതാപിന്റെ മനസ്സിനെ അലട്ടുന്നു. അറബിയുടെ ഗർവ്വിന്റെയും വിവേചനത്തിന്റെയും അവജ്ഞയുടെയും അടയാളം കണ്ടുതുടങ്ങുകയാണ്.

സമ്പൽസമൃദ്ധമായ സ്വന്തം രാജ്യത്ത് ഗവണ്മെന്റിനെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുന്ന ജനതയെ പെട്ടെന്ന് മനസ്സിലാക്കാൻ ഈ എഴുത്തുകാർക്ക് കഴിയുന്നില്ല. കാരണം അന്വേഷിച്ച് പലതുറകളിൽപ്പെട്ട ആൾക്കാരിൽ എത്തപ്പെടുന്നു. ഷിയ–സുന്നി പോരാട്ടത്തെ ക്കുറിച്ചും മതാധിപത്യ സർക്കാരിനെപ്പറ്റിയും അറിയുന്നു. ബ്രിട്ടീഷുകാരെ തുരത്തി സ്വാതന്ത്യം നേടിയപ്പോൾ അധികാരം ഒരു കുടുംബത്തിലേക്ക് കൈമാറുകയായിരുന്നെന്നും രാജ്യത്തിന്റെ സമ്പത്ത് ആ കുടുംബവും പിണിയാളുകളും കയ്യടക്കി വെച്ചിരിക്കുകയാണെന്നും മനസ്സിലാക്കുന്നു. ഭരണം കയ്യാളുന്ന മതന്യൂനപക്ഷം ഭൂരിപക്ഷത്തിനെതിരെ ആക്രമണം നടത്തുകയാണെന്നും, ജനഹിതത്തെ അടിച്ചമർത്തി, മാധ്യമ സ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും നിഷേധിച്ച്, എല്ലാ കുതന്ത്രങ്ങളും ഉപയോഗിച്ച് ഭരണത്തിൽ തുടരുകയാണെന്നും മറ്റുമുള്ള വിവരങ്ങൾ ഇവർ പലരിൽ നിന്നും മനസ്സിലാക്കുന്നു. ജനങ്ങൾക്ക് എല്ലാവിധ സുഖഭോഗങ്ങളും നല്കി, ചിന്തിക്കാനോ ചോദ്യം ചെയ്യാനോ അവസരം നല്കാതെ, അവരെ അടിമകളാക്കി വെച്ചിരിക്കുകയാണത്രെ. പഴയ സ്വാതന്ത്ര്യപ്പോരാളികളെയും പുതുതലമുറയിലെ യുവാക്കളെയും കണ്ട് സംസാരിക്കുന്നു.

അഹമ്മദ്–അൽ–ഖൈദ് എന്ന കമ്മ്യൂണിസ്റ്റ് കവിയുടെയും ഹിസ് മജസ്റ്റിയുടെ കൊട്ടാരംവൈദ്യനായ ഡോക്ടർ മാമുജിയുടെയും നഴ്സ് സൈനബയുടെയും ബാബയുടെയും മറ്റനവധി വ്യക്തിത്വങ്ങളിലൂടെയും നാം കടന്നുപോകുന്നു.

മനുഷ്യാവകാശപ്രവർത്തനങ്ങളെ നിഷ്കരുണം അടിച്ചമർത്തി, എല്ലാ പ്രവർത്തകരേയും തടവറയിലാക്കി, ചെയ്യാത്ത കുറ്റങ്ങൾ അവർക്കുമേൽ ചാർത്തി വിചാരണചെയ്യുന്നു. പക്ഷേ, സർക്കാരിന്റെ പാവകളായി വർത്തിക്കുന്ന ന്യായാധിപന്മാർ 'ഹിസ് മജസ്റ്റി' പറയുന്നതുപോലെ വിധിയെഴുതും. സ്വതന്ത്രമല്ലാത്ത നീതിന്യായവ്യവസ്ഥ നിലനില്ക്കുന്നിടത്ത് എല്ലാ വിധികളും മുൻ കൂട്ടി തയ്യാറാക്കിയിരിക്കും.

നഗരത്തിൽ ഇടയ്ക്കിടെ അക്രമങ്ങൾ പൊട്ടിപ്പുറപ്പെടുന്നു. ബോംബേറും, തീവെയ്പ്പും നിത്യസംഭവങ്ങൾ. ആരേയും വിശ്വസിക്കാൻ പറ്റാത്ത അവസ്ഥ– പോലീസിന്റെയോ സമരക്കാരുടെയോ ചാരന്മാരാകാം ഓരോരുത്തരും– ആരും ആരെയും ഒറ്റികൊടുത്തേക്കാം. ആവേശത്തിരയിൽ സമരത്തിലേക്ക് എടുത്തെറിയപ്പെട്ട ചെറുപ്പക്കാർ പലതരത്തിലുള്ളവരാണ്. ഷിയ–സുന്നി പോരാട്ടം തലയ്ക്ക് പിടിച്ചവർ, അവർക്കും കൂടി അവകാശപ്പെട്ട സമ്പത്ത് ഒരു കുടുംബക്കാർ കയ്യാളുന്നതിനെയും അവർക്കും കൂടി അവകാശപ്പെട്ട തൊഴിലിടങ്ങൾ വിദേശികൾ കയ്യേറുന്നതിനെയും എതിർക്കുന്നവർ, ദാരിദ്യംമൂലം സർക്കാർ വിരോധികളായവർ, മതതീവ്രവാദികൾ– ഇങ്ങനെ സമരാനുകൂലികൾ പലതരക്കാരാണ്.

സർക്കാരിന്റെ 'കൂലിപ്പട്ടാളം' എന്ന് ആക്ഷേപിയ്ക്കപ്പെടുന്ന വിദേശികൾ– ഇന്ത്യാക്കാർ, പാക്കിസ്ഥാനികൾ, ശ്രീലങ്കക്കാർ തുടങ്ങിയവർ സമരങ്ങളിലൊന്നും പെടാതെ, സ്വന്തം നിലനില്പ്പ് മാത്രം നോക്കി, അഭിപ്രായമൊന്നും പറയാതെ ജീവിക്കുന്നു. അവരുടെ കൂട്ടത്തിൽ എഴുത്തുകാരും കമ്മ്യൂണിസ്റ്റുകാരുമുണ്ട്. സ്വന്തം നാട്ടിൽ വിപ്ലവപ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്തവരും ഫാസിസത്തിനും സവർണ്ണ വർഗ്ഗമേല്ക്കോയ്മയ്ക്കും എതിരെ ഘോരഘോരം പ്രസംഗിക്കുന്നവരും മനുഷ്യാവകാശങ്ങൾക്ക് വേണ്ടി പോരാടുന്നവരും എല്ലാം അറബ് നാട്ടിൽ ചെന്നാൽ "മൌനം വിദ്വാന് ഭൂഷണം" എന്ന മട്ടിൽ കഴിയുന്നു. എന്തിന് അവരെ കുറ്റം പറയണം? UN, Amnesty International ഇവർക്ക് പോലും ധൈര്യമായി ഇടപെടാൻ പറ്റുന്നില്ല പല അറബ് രാജ്യങ്ങളിലും.

അറബ് ഭരണകൂടങ്ങൾ എത്രതന്നെ പിന്തിരിപ്പനും ഫാസിസ്റ്റും മതാധിഷ്ഠിതവും സ്വേച്ഛാധിപതികളും ആണെങ്കിലും എല്ലാ വിദേശീയ എഴുത്തുകാരും (മലയാളികൾ ഉൾപ്പെടെ) ആ ഭരണകൂടങ്ങളെ പ്രകീർത്തിച്ചാണ് എഴുതുന്നത്.

ഇത്രയൊക്കെ പറയുമ്പോൾ ഈ നോവലിന് ഒരു രാഷ്ട്രീയ നോവലിന്റെ ഛായയുണ്ടെന്ന് തോന്നും. പക്ഷെ, വളരെ തന്മയത്വത്തോടെ പ്രധാന കഥാതന്തുവിലേയ്ക്ക് ഗൃഹാതുരത്വത്തിന്റെയും പ്രണയത്തിന്റെയും സ്വപ്നങ്ങളുടേയും ഇഴകൾ കൂടി നെയ്ത് ചേർത്തിരിക്കുന്നു.

വർഷങ്ങൾക്ക് മുൻപ് വേർപിരിഞ്ഞ തന്റെ പ്രണയിനിയെ കണ്ടെത്തുവാനും കൂടിയാണ് കാനഡയിൽ നിന്നും പ്രതാപ് ഈ നഗരത്തിലെത്തുന്നത്. നഷ്ടപ്രണയത്തിന്റെ ദീപ്തമായ ഓർമ്മകൾ മനസ്സിലുണ്ടാക്കുന്ന ആവേശവും ആകുലതയും ആ ഓർമ്മച്ചെപ്പ് തുടക്കുമ്പോൾ കിനിയുന്ന മാധുര്യവും എല്ലാം പൂവിലെ സുഗന്ധം പോലെ നോവലിൽ സമ്മേളിച്ചിരിക്കുന്നു.

നഗരം വിട്ടുപോകുന്നതിന് തൊട്ടുമുമ്പ് വളരെ അപ്രതീക്ഷിതമായി തന്റെ കാമുകിയെ പ്രതാപ്




കണ്ടുമുട്ടുന്ന രംഗം വളരെ മനോഹരമായിരിക്കുന്നു. അവരുടെ പുനഃസമാഗമം, വാക്കുകൾ വികാരങ്ങൾക്ക് വഴിമാറിക്കൊടുക്കുന്ന ഉജ്വലമായ ആവേശപ്രകടനങ്ങൾ, സ്നേഹപാശത്താൽ വരിഞ്ഞുമുറുക്കപ്പെട്ട ഹൃദയങ്ങളും ബന്ധങ്ങളുടെ ചങ്ങലയിൽ കുരുങ്ങിയ കാലുകളുമായി അവർ വീണ്ടും വേർപിരിയുന്ന കാഴ്ച ഇവയൊക്കെ വായനക്കാരെ വളരെ ആകർഷിക്കുകതന്നെ ചെയ്യും.

ബെന്യാമിന്റെ എഴുത്തിന്റെ പ്രത്യേകമായ ശൈലി വളരെ ആകർഷകമാണ്. "ഗോസ്റ്റ് റൈറ്റിംഗ്" (ghost writing) ഇന്ന് പ്രചാരത്തിലായിക്കഴിഞ്ഞു. പക്ഷെ, നോവൽ ഒരു ഫാക്ടറി പ്രോഡക്ട് ആണെന്ന ബെന്യമിന്റെ നൂതന ആശയം വായനക്കാരന് നല്കുന്നത് വളരെ വിപ്ലവകരമായ ഒരു സന്ദേശമാണ്. ഒരാളുടെ മാത്രം ചിന്തകളുടെയും ഭാവനയുടെയും മനീഷിയുടെയും തപസ്സിന്റെയും ഒന്നും ഫലമല്ല ഇന്നത്തെ നോവൽ. ഇന്ന് എല്ലാ ഒന്നാംകിട എഴുത്തുകാർക്കും സ്വന്തമായി study team ഉണ്ടത്രെ. എഴുത്തുകാരൻ വേണ്ട എല്ലാ പാഠങ്ങളും വിഷയത്തെക്കുറിച്ചുള്ള ആധികാരിക രേഖകളും ചരിത്രവും ഭൂമിശാസ്ത്രവും ജീവിതശൈലിയും എല്ലാം സമാഹരിച്ചു കൊടുക്കുന്നത് ഈ study team ആണത്രെ. ബെന്യാമിൻ പകർന്നുതരുന്ന ഈ അറിവ് പലർക്കും വളരെ നൂതനമായി തോന്നാം.

രണ്ടാമത്തെ പുസ്തകമായ 'മുല്ലപ്പൂമണമുള്ള പകലുകൾ" ആദ്യത്തെ നോവലിൽ പലപ്പോഴായി പരാമർശിക്കപ്പെടുന്നുണ്ട്. പ്രതാപിന് തന്റെ സുഹൃത്തായ പാക്കിസ്ഥാനി എഴുത്തുകാരന്റെ മുറിയിൽ നിന്നും യാദൃശ്ചികമായി കിട്ടിയ പുസ്തകമാണ് "A spring without smell". സമീറ പർവീൺ എഴുതിയ ആ പുസ്തകത്തിന്റെ ഒരു proof copy ആയിരുന്നു അത്. അത് വായിച്ചു മുഴുമിപ്പിക്കാൻ പ്രതാപിന് സാധിക്കുന്നേയില്ല. പലതവണ ആ പുസ്തകം തിരഞ്ഞ് സുഹൃത്തിന്റെ മുറിയിൽ ചെല്ലുന്ന പ്രതാപ് അതൊരു നിരോധിക്കപ്പെട്ട പുസ്തകമാണെന്ന് അറിഞ്ഞതോട് അത് വായിച്ചേ അടങ്ങൂ എന്ന വാശിയിലായി. ഭ്രാന്തമായ ആവേശത്തോടെ ആ പുസ്തകം എങ്ങനെയൊക്കെയോ കൈയ്ക്കലാക്കി വായിച്ചു തീർക്കുന്നു. പക്ഷെ, അതിൽ നിരോധിയ്ക്കപ്പെടേണ്ട യാതൊന്നും ഉള്ളതായി പ്രതാപിന് തോന്നുന്നില്ല. നഗരത്തിലെ സമരങ്ങളെക്കുറിച്ചും പോലീസ് തേർവാഴ്ചയെക്കുറിച്ചുമൊക്കെ വിവരിച്ചിട്ടുണ്ടെങ്കിലും രാജ്യദ്രോഹപരമോ തീവ്രവാദത്തെ പിന്തുണയ്ക്കുന്നതോ ആയിരുന്നില്ല ആ പുസ്തകം. പക്ഷെ, പല ദിവസങ്ങളിലും ഉണ്ടായ അനുഭവങ്ങൾ, പോലീസിന്റെ ചോദ്യം ചെയ്യൽ, സുഹൃത്തുക്കളുടെ അനുഭവങ്ങൾ ഇവയൊക്കെ ആ പുസ്തകം ഒരു ഭീകരസംഭവമാണെന്ന തോന്നലുണ്ടാക്കുന്നു.

തിരിച്ച് കാനഡയിലേക്ക് പോകാനായി വിമാനത്തിലിരിക്കുമ്പോൾ പ്രതീക്ഷിക്കാതെ ഡോക്ടർ മാമുജിയെ അടുത്ത സീറ്റിൽ കാണുന്നു. അദ്ദേഹവും കാനഡയിലേക്ക് migrate ചെയ്യുകയാണ്. അദ്ദേഹം പ്രതാപിന് ഒരു പുസ്തകം സമ്മാനിക്കുന്നു. തുറന്നു നോക്കുമ്പോൾ പ്രതാപ് വിസ്മയിച്ചുപോകുന്നു – അത് ആ ഭീകരപുസ്തകമായിരുന്നു– A spring without smell.

പിന്നീട് ഒരു യാത്രയ്ക്കിടയിൽ, അറബ് നഗരത്തിൽ വെച്ചു പരിചയപ്പെട്ട ഒരു മലയാളി കഥാകൃത്തിന് പുസ്തകം കൈമാറുന്നു, വിവർത്തനത്തിനായി – അങ്ങനെ വിവർത്തനം ചെയ്യപ്പെട്ട പുസ്തകമായാണ് നാം വായിക്കുന്നത്.

സമീറ എന്ന radio jockey യുടെ ദൈനംദിനജീവിതവും അറബ് വസന്തത്തിന്റെ പ്രതിദ്ധ്വനി മുഴങ്ങുന്നതോടെ മാറിമറിഞ്ഞ അവളുടെ ജീവിതത്തിലുണ്ടാകുന്ന സംഭവങ്ങളും മറ്റുമാണ് ഈ നോവലിലെ പ്രതിപാദ്യം. ആദ്യപുസ്തകത്തിൽ പരാമർശിക്കുന്ന സമരങ്ങളുടെയും പോലീസ് മർദ്ദനങ്ങളുടെയും മതവൈരത്തിന്റെയും ഒക്കെ തുടർക്കഥകളും നേർസാക്ഷ്യങ്ങളുമാണ് ഈ പുസ്തകത്തിൽ. ആദ്യത്തെ പുസ്തകത്തിൽ പറയുന്ന പല കാര്യങ്ങളും കുറച്ചുകൂടി അടുക്കും ചിട്ടയുമായി ഒരു chronological order ൽ ഇതിൽ പറയുന്നു.

സമീറയുടെ കുടുംബം പാക്കിസ്ഥാനിൽ നിന്നും തൊഴിൽ തേടി അറബ് നഗരത്തിലെത്തിയതാണ്. പഠനം കഴിഞ്ഞ് സമീറയും അവിടെയെത്തുന്നു. ഹിന്ദി അനായാസം കൈകാര്യം ചെയ്യുന്ന സമീറയ്ക്ക് റേഡിയോ സ്റ്റേഷനിൽ ഹിന്ദി FM ചാനലിൽ ജോലി ലഭിക്കുന്നു.

സമാധാനമായി ജീവിച്ചിരുന്ന അവരുടെ ജീവിതത്തെയാകെ മാറ്റിമറിക്കുന്നു സമരവും അതിനോടനുബന്ധിച്ചുണ്ടായ സംഭവങ്ങളും. രാജ്യത്തിലെ ഭൂരിപക്ഷമായ 'ഷിയ' വിഭാഗം 'സുന്നി' വിഭാഗക്കാരായ ഭരണപക്ഷത്തിനെതിരെ തുറന്ന പ്രക്ഷോഭം ആരംഭിക്കുന്നു. മുല്ലപ്പൂവിപ്ലവമെന്ന പേരിൽ ടുണീഷ്യയിൽ

തുടങ്ങിയ ജനകീയ സമരം അറബ് രാജ്യങ്ങളിലും ആളിപ്പടരുകയായിരുന്നു. ജനവിരുദ്ധ സർക്കാരുകൾ ഉലയാൻ തുടങ്ങി.

രാജ്യത്തെ പത്രമാധ്യമങ്ങളും മറ്റു വാർത്താവിനിമയ സ്ഥാപനങ്ങളും സർക്കാരിന്റെ നിയന്ത്രണത്തിലാണ്. സമീറ ജോലിചെയ്യുന്ന റേഡിയോ നിലയവും അങ്ങനെ തന്നെ. സർക്കാർ നടത്തുന്ന ജനവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചും മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും ലോകത്തെ അറി യിക്കണമെന്ന് സമീറ ആഗ്രഹിക്കുന്നു. പക്ഷെ, ആഭിപ്രായ സ്വാതന്ത്ര്യം നഷ്ടപ്പെട്ടതോടെ അവൾ സുഹൃത്തായ ജാവേദിന് മെയിലുകൾ അയയ്ക്കാൻ തുടങ്ങി. നഗരത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും അന്നന്ന് അവൾ ജാവേദിനെ അറിയിച്ചുതുടങ്ങി.

സമീറക്ക് റേഡിയോ സ്റ്റേഷനിൽ ധാരാളം സുഹൃത്തുക്കളുണ്ടായിരുന്നു. മലയാളവും ഹിന്ദിയും പ്രക്ഷേപണം ചെയ്യുന്ന 2 FM ചാനലുകളായിരുന്നു ആ റേഡിയോ നിലയത്തിലുണ്ടായിരുന്നത്. വളരെ പുതുമയാർന്ന ശൈലിയിൽ നർമ്മത്തിന്റെ മേമ്പൊടിയുമായി പരിപാടികൾ അവതരിപ്പിക്കുന്ന സമീറ ശ്രോതാക്കൾക്ക് ഏറെ പ്രിയങ്കരിയായിത്തീർന്നു. സംഗീതപ്രേമിയായ അവൾ അലിഫർദാൻ എന്ന സുഹൃത്തിന്റെയൊപ്പം 'string walkers' എന്ന music club ൽ അംഗമാകുന്നു. അവളുടെ ജീവിതം സംഗീതവും റേഡിയോ പരിപാടികളുമായി മുന്നോട്ടുപോയി.

അപ്പോഴാണ് പ്രതിഷേധ സമരങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്. ജനങ്ങൾക്ക് നല്ല ജോലിയും ശമ്പളവും മെച്ചപ്പെട്ട സൌകര്യങ്ങളും എല്ലാം നല്കുന്ന ഈ സർക്കാരിനെതിരെ എന്തിനാണീ സമരം എന്ന് അവൾ സുഹൃത്തായ അലിയോട് ചോദിക്കുന്നു. അലിയുടെ വിശദീകരണം അവളെ ഭയപ്പെടുത്തുന്നു. 'ഹിസ്ബുള്ള' ഷിയ–സുന്നി വൈരം ഇവയെപ്പറ്റിയൊക്കെ ആദ്യമായി അവൾ കേൾക്കുകയാണ്. അവളുടെ നാടായ പാക്കിസ്ഥാനിൽ ഇതൊന്നും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത സമീറയ്ക്ക് അലിയെ ഭയമായിത്തുടങ്ങി. അവളുടെ അച്ഛനും വല്യച്ഛനും സർക്കാർ ജോലിക്കാരാണ്. 'ഹിസ് മജസ്റ്റി' അവർക്കെല്ലാം കാണപ്പെട്ട ദൈവമാണ്. സർക്കാരിനോട് വിധേയത്വമുള്ള ഒരു കുടുംബത്തിൽ നിന്നും വന്ന സമീറയ്ക്ക് പുറത്ത് കണ്ടതും കേട്ടതും എല്ലാം അത്ഭുതമുളവാക്കുന്നവയായിരുന്നു. അലിയുടെ വിശദീകരണങ്ങൾ കേൾക്കുന്നതോടെ ഭയം അവളുടെ സിരകളിലേക്കും മനസ്സിലേക്കും നീരാളിയെപ്പോലെ പിടികൂടുന്നു.

ഭരണകൂടം സ്വന്തം ജനങ്ങളെ ശത്രുക്കളായി കാണുന്ന രാജ്യം – അതെത്രകണ്ട് സമ്പന്നമായാലും അവിടെ അസമത്വം മാത്രമേ ഉണ്ടാവൂ– എന്നും വിദേശി കൂലിപ്പട്ടാളത്തെക്കൊണ്ട് സ്വന്തം ജനതയെ തോല്പ്പിക്കാൻ ശ്രമിക്കുന്ന 'ഹിസ്മജസ്റ്റി' ഒരു 'കഴുക'നാണെന്നും 'കഴുകന്റെ' അടിമപ്പണി ചെയ്യുന്നവരാണ് തന്റെ കുടുംബവും മറ്റു ലക്ഷക്കണക്കിന് വിദേശികളെന്നും ഉള്ള പുതിയ അറിവുകൾ അലിഫർദാൻ സമീറയ്ക്ക് മനസ്സിലാക്കിക്കൊടുക്കുന്നു.

ദാരിദ്ര്യം കൊണ്ടല്ല, മറിച്ച് ഷിയ ഭൂരിപക്ഷം അനുഭവിക്കുന്ന വിവേചനത്തിനെതിരെയാണ് ജനങ്ങൾ സമരം ചെയ്യുന്നതെന്ന് സമീറ മനസ്സിലാക്കുന്നു. ഷിയ ആയതുകൊണ്ടുമാത്രം അവർക്ക് പലതും നിഷേധിക്കപ്പെടുന്നു. പൌരത്വം, നല്ല സർക്കാർ ജോലി, വിദേശയാത്രയ്ക്കുള്ള അനുമതി അങ്ങനെ പലതും – പല തൊഴിൽ മേഖലകളിലും അവർക്ക് പ്രവേശനമില്ല. സ്വന്തം അവകാശങ്ങൾ നേടിയെടുക്കാൻ, ആത്മാഭിമാനത്തോടെ പൊരുതുന്ന ഒരു ജന സമൂഹത്തെ അവൾ മനസ്സിലാക്കുന്നു, മനസ്സുകൊണ്ട് ഒപ്പം നില്ക്കുന്നു.

അവളുടെ നീതിബോധവും യുക്തിബോധവും അവളെ ഒരു സമരാനുകൂലിയാക്കുന്നു. പക്ഷേ, കയ്യും വായും കെട്ടിയ അവസ്ഥയിലായിരുന്നു എല്ലാ മാധ്യമ പ്രവർത്തകരും അവളുടെ ചാനലിലൂടെ രാജ്യത്തെ അക്രമങ്ങളെ ലോകത്തിന് കാട്ടിക്കൊടുക്കാൻ അവളുടെ ഹൃദയം വെമ്പുന്നു. പക്ഷെ, കൂട്ടിലടച്ച കിളിയെപ്പോലെ ചിറകടിക്കാനേ കഴിയുന്നുള്ളൂ. അവളുടെ വേദനയും രോഷവും ഇ–മെയിലുകളായി സുഹൃത്തായ ജാവേദിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു.

യുദ്ധം മുറുകിയപ്പോൾ, സർക്കാരിന്റെ പോലീസ് പരാജയഭീതിയിൽ പിൻവാങ്ങിത്തുടങ്ങി. അപ്പോൾ 'കഴുകൻ' അയൽ രാജ്യത്തെ പട്ടാളത്തെ സഹായത്തിന് വിളിച്ചു. പതിന്മടങ്ങ് ആയുധശേഷിയുള്ള അവർ വന്ന് ജനങ്ങളെ തുരത്തിയോടിച്ചു. അനേകം പേരെ കൊന്നു. മറ്റുള്ളവരെ തുറുങ്കിലടച്ചു. ഇതിനിടയിൽ സർക്കാരിന് രക്തസാക്ഷിയെ ഉണ്ടാക്കാനായി സമീറയുടെ ബാബയെ ബലികൊടുത്തു. അവളുടെ സുഹൃത്തായ അലിയാണ് ബാബയെ വണ്ടിയിടിച്ച് കൊലപ്പെടുത്തിയതെന്ന് പരസ്യപ്പെടുത്തി.

ചാനലുകളും നവമാധ്യമങ്ങളും സമീറയുടെ ബാപ്പയുടെ കൊലപാതക വാർത്തയ്ക്ക് വലിയ പ്രചാരം കൊടുത്തു. യൂട്യൂബിൽ ദൃശ്യങ്ങൽ പ്രചരിക്കുന്നു. പക്ഷെ, സമീറ അത് വിശ്വസിക്കാൻ കൂട്ടാക്കുന്നില്ല. വിചാരണ കാത്ത് ജയിലിൽ കിടക്കുന്ന അലിയ്ക്ക് അവൾ മാപ്പുകൊടുക്കുമോ എന്നതായി നഗരത്തിലെ പ്രധാന ചർച്ചാവിഷയം. അലിയോട് അവൾക്കുള്ള സ്നേഹവും സഹതാപവും മനസ്സിലാക്കുന്ന കുടുംബാംഗങ്ങൾ അവളെ ഒറ്റപ്പെടുത്തുന്നു.

ബാബയുടെ മരണത്തിന് പകരം വെച്ചുനീട്ടിയ പാരിതോഷികങ്ങൾ വാങ്ങാൻ അവൾ കൂട്ടാക്കിയില്ല. പണവും വാങ്ങി നാടുവിടണമെന്നായിരുന്നു സർക്കാരിന്റെ നിർദ്ദേശം. അവളുടെ നുറുങ്ങുന്ന മനസ്സിന്റെ വിങ്ങൽ മുഴുവൻ മെയിലുകളായി ജാവേദിലേക്ക് എത്തുന്നു– അപ്പോഴേയ്ക്കും അവൾ വീട്ടുതടങ്കലിലാകുന്നു. താൻ എഴുതിയതൊക്കെയും ഒരു നാൾ പുസ്തകമാവുമെന്നും അതിനുമുമ്പ് താൻ നാടുകടത്തപ്പെടണമെന്നും അവൾ ആശിക്കുന്നു.

സുഹൃത്ത് ആ മെയിലുകൾ കോർത്തിണക്കി പുസ്തകരൂപത്തിലാക്കിയതൊന്നും അവൾ അറിഞ്ഞതേയില്ല.

നോവൽ അവിടെ അവസാനിക്കുന്നു.

ഈ രണ്ടു നോവലുകളിലെയും പ്രമേയം അറബ് നാടുകളിലെ വിപ്ലവമാണ്. അവിടങ്ങളിൽ നടക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളെപ്പറ്റിയും ഷിയ–സുന്നി പോരാട്ടത്തെപ്പറ്റിയും

ഒരു ഏകദേശരൂപം നമുക്ക് ലഭിക്കുന്നു. ഒരു ഏകാധിപതിയെ ഭരണത്തിൽ നിന്നും പുറത്താക്കിയാൽ തക്കം പാർത്ത് നില്ക്കുന്ന മതതീവ്രവാദികൾ ഭരണത്തിൽ പിടിമുറുക്കുകയും മതനേതാക്കൾ ഭരണം നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു കാഴ്ചയാണ് സമരാനന്തരഫലമായി മിക്ക അറബ് നാട്ടുകളിലും കണ്ടത്.

വ്യക്തിസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും മാധ്യമസ്വാതന്ത്ര്യവും പാടേ നിഷേധിക്കപ്പെടുന്ന ഒരു രാജ്യത്തെ ജനങ്ങളുടെ ദൈന്യത നമുക്ക് ഈ പുസ്തകങ്ങളിൽ കാണാം.

എൻ. സുധാ ദേവി കേരള ഹൈക്കോടതിയിൽ അഭിഭാഷകയാണ്. സാഹിത്യത്തിലും സംഗീതത്തിലും നൈപുണ്യമുള്ള സുധ ദേവി കൃഷിയിലും അതീവ തല്പരയാണ്. സ്വന്തം നാടായ തിരുവല്ലയിൽ താമസിക്കുന്ന സുധാ ദേവിയുടെ ഏകമകൾ അപർണ്ണ കുടുംബമായി സിങ്കപ്പൂരിൽ വസിക്കുന്നു.



# കേൾക്കാതിരുന്ന തുടി

## ശ്രീകൃഷ്ണദാസ് മാത്തൂർ

നെഞ്ചത്തൊരുട്ടുക്കു
കേട്ടകാലം മറന്നു,
നേരം പുലരുന്നതിൻ
നാദമോദങ്ങളും .

ജിമ്മിൽ, ട്രെഡ്മില്ലിൽ
ചെണ്ടകൊട്ടി 'തളർ'മതി,
നെഞ്ചിൽ പലസേനകൾ
ബൂട്ടു താളം ചവുട്ടി
കൊല്ലിച്ചവർക്കെല്ലാം
അന്ത്യയാത്രകൾ നൽകിയും,
വീണു പൊട്ടിയും,
പൊട്ടിയതിൽ ജീവനുൾപ്പടെ
തുത്തു വാരിയും,
ചേർത്തുടുത്തും
അടർന്നിട്ടും
ചേർന്നിരുന്നും
അണഞ്ഞിട്ടും
നീറിപ്പുകഞ്ഞും
പലർ രാവു താണ്ടി
പടവുകൾകേറി
നടയ്ക്കലിട്ടു കുത്തി-
ക്കെട്ടുത്തിയതിൻ
ബാക്കി ച്ചുട്ടുകറ്റയായും,
ലൈറ്റണയ്ക്കാൻ ഭയന്ന്
കിടന്നുറങ്ങിയും....
നെഞ്ചത്തൊരുട്ടുക്കു
കേട്ടകാലം മറന്നു
മർദ്ദനങ്ങളുച്ചത്തിലാക്കും
ചെണ്ടമേളമല്ലാതെ.

തുട പൊളിച്ചൊരു ട്രെയിൻ
'ആഞ്ചിയോ' എന്ന് കൂവി
ഹൃദയത്തിലിടിക്കും
നിർഘാതമല്ലാതെ,
പുതിയരോഗ പ്രതിസന്ധിമേൽ
കുടിയിരുന്നോളും
സൂചി മുനകളല്ലാതെ,
അവസാന സ്വാദും
ച്ചുണ്ടത്തിരുന്നെരിയും
കനലനക്കങ്ങളല്ലാതെ,
മനുഷ്യാവർത്തത്തിൻ
തുടിമുറുക്കങ്ങൾ
കേട്ട കാലം മറന്നു.

മഴയിൽ നിന്നേറ്റു വരും
കാറ്റത്തിരിക്കുവാൻ
ഉയിരും മറിച്ചു വിറ്റാണീ വരത്തം.
സ്റ്റേഷനിറക്കമേ
യാത്ര ശുഭമാക്കൂ,
വീട്ടുപടി കയറ്റമേ
എരിതീയിലെണ്ണ കോരു,
രക്തം മണക്കാത്ത
കാലം മറന്നു,
സ്വസ്ഥത എന്ന വിഭ്രാന്തിക്ക്
പ്രായമായതും മറന്നു..

ശ്രീകൃഷ്ണദാസ് മാത്തൂർ :: പത്തനംതിട്ടയിലെ മാത്തൂർ ഗ്രാമത്തിൽ ജനനം. ആനുകാലികങ്ങളിൽ കവിത എഴുതുന്നു. അമ്മയുടെ സ്വന്തം, ഭ്രമുഖം, ഫ്ളവർവേസ്, ലോഹപ്പുള്ളിമാൻ എന്നീ കവിതാസമാഹാരങ്ങൾ. ആത്മായനങ്ങളുടെ ഖസാഖ് അവാർഡ് ലഭിച്ചിട്ടുണ്ട്



# ...AND TIME STOOD STILL
## Nirmala Menon



"..........and time stood still"
The wind whispering among the leaves
paused, entranced .....,
The birds on the trees gazed in
amazement,
The peacock on its perch,
bewitched by the sheer beauty of the
moment......
The animals stood still, spellbound.... ,
Taking in the sweet nectar enveloping
them...
The ducks gazed in wonder,
The fishes stop midstream ,
The little Turtle in a trace...
As time stood still ....
All was bathed in eternal bliss .....
Nothing moved ...
Lest they disturb this moment of pure
joy engulfing the universe.

---

"Art to me is a joy that comes from within. It gives me a sense of fulfilling freedom of expressing what I feel". Having completed a few certificate courses in art from NAFA, I am grateful to have won the SG50 competition for my watercolor - Colors of Singapore-. Some of my artworks have been displayed at the Marina Bay floating platform as part of SG50 celebration and I also have been a part of a few group exhibits, my most recent one being at The Central library, Singapore from 12 Aug-04 Sep 2016. I commission a wide range of art in different media including the divine Kerala murals.

I work with various mediums such as watercolors, acrylic, oil paints and ink on various subjects. Especially dear to me, is my painting of frescos (Kerala Murals) depicting the ancient temple mural art form, which goes back to many centuries and celebrates the most glorious forms of Lord Krishna and other divine characters.



# Kathodu Kathoram






# a trust that binds

**STAMFORD PRESS PTE LTD**
*Printers & Publishers since 1963*

*A Company of Stamford Media International*

**Stamford Press Centre**
209 Kallang Bahru
Singapore 339344
Tel: (65) 6294 7227
Fax: (65) 6294 4396/6294 3319
e-mail: stamford@singnet.com.sg

www.stamford.com.sg/look/index.html

Enterprise 2000 Celebrating Singapore's Enterprising Spirit · ISO 9000 PSB · the GREEN LEAF AWARD 1999 · SINGAPORE QUALITY CLASS

# Snehatheerangal





Singapore Malayalee Association
SOCCER
TOURNAMENT 2016
Naval Base Secondary School, Yishun. 23, 24 July 2016
SINGAPORE MALAYALEE ASSOCIATION
















# SMA Soccer

























PRODUCTION

# SMA Futsal






















Singapore Malayalee Association

# SMA Badminton









# Varnam 2015







# Varnam Workshop






# Artists & their Works





# Artists @ Varnam

**ANIL KARISERIL**
Born at Haripad in Kerala and spent most of his childhood days at Parumala near Panayannar Kavu Devi temple, popular for traditional Kerala mural painting. Influenced and inspired by the amazing beauty of the murals on temple walls, picked up drawing skill in school days. Living in Singapore for past 15 years, actively leading an artist group 'Varnam' of Singapore Malayalee Association. He conducts exhibitions for the group. A naval trainer for Singapore Navy since 2002

**RADHIKA SURESH**
I come from a family with an artistic background. Art is something that I have always been passionate about, but never gave a serious thought to. It is only quiet recently that i decided to brush up this dormant skill and passion of mine. I draw inspiration from the colours of nature. Painting gives me great satisfaction and indeed, has a therapeutic effect. I enjoy doing both oil and acrylic. The subjects of my work are varied, my interest is more in abstract forms but I like experimenting with mixed medium and textures.

**RAJANEESH KRISHNAN**
Born and brought up in Kannur, Kerala the land of looms and lore. Started drawing at early age, tracing everything that he found interesting. Great admirer of Van Gogh and El Salvador Dali he frequently drew abstract illustrations and paintings and worked with watercolor, acrylic and oil paintings. Completed training in Fine Arts graduating with a Bachelor of Fine Arts degree from College of Fine Arts, Thiruvananthapuram, Kerala in 1997. An IT consultant in Tata Consultancy Services, Singapore.

**RAMESH KARMA**
Passion of painting started from early school days. Graduated in Design & Arts and continued to grow as an artist/designer, and started work on Visual media. Over 18 years of experience as a creative designer and visual media artist providing concepts, design, art, animation and prototype development in the field of Entertainment and Education. Experienced in information architecture, user- interface and website design, as well as branding, corporate identity, communications design, and marketing for print. Works are on oil and acrylic on canvas.

**RAJESH PARAVOOR**
Art Teacher at SIFAS since 2015. He is a well-known artist from Kerala. Secured First Class in National Diploma in Fine Arts and Applied Art from RLV Govt Fine Arts College, Tripunithura. An artist and an award winning professional photographer whose paintings are among the collections of film industry veterans. His painting "God Is Now Here" was selected in Jakarta show 2012. He is winner of Academy Award from Kerala Lalithakala Academy and winner of Art Maestro Award. He won FEFKA Mohanlal Photography Award In 2014 by the Malayalam Film Industry.

**SHEENA BHARATHAN**
An artist born in Kerala. Previously based in Dubai, she spent her early professional years as an educator and a Child Psychologist. Relocating to Singapore four years ago rejuvenated her pursuit for arts and trained under reputed artists in Singapore. Human forms are a central theme in her artworks depicting the figures in varying degrees of simplification. Her primary medium is acrylic on canvas and her images include textural additions. Participated in the Exhibition, The Enlightened One, Images Of Gautama Buddha In Contemporary Art by Gnani Arts. (May 2015). Featured in Singapore Art Gallery Guide (June/July 2015)

**BIMALRAJ**
A System Administrator in ship building industry by profession. Picked up painting skill since school days. Use abstract painting style to express mind and thought through brush in Oil and acrylic. Actively involved with art network group. Conceptual type of painting titled "Mind and Thoughts" is in exhibition.

**ASHLEY CHRISTUDASON**
Has been refining his practice of digital collage art for past 10 years. Hyper-manipulating existing art and photography into reconfigured conceptualizations that he sees both in dreams and visions, piecing them together layer by layer to create new realities. An English teacher passionately pursuing his art and hoping to create more works that will continue to speak to his audience.

**JISMON THOMAS**
Senior Business Analyst in Wealth Management for BNP Paribas Singapore. Started painting since childhood days. Loves painting nature and human

# Artists @ Varnam

portraits, each painting being a new adventure and its completion, another learning experience in the world of painting. His paintings are interpretations of what he perceives – the magnificence, the unique forms, the shades – articulating those using light and shadows.

**JAYANTHI MENON**
Grew up juxtaposing the Indian culture with others in multicultural Singapore. Foray into the art world began in 2005 at Arts Students League of New York. Picked up paintbrushes again after a long break and learnt how to mix colours on a palette unleashing the dormant passion to paint. Versatile in subjects and varied in style. A diplomat's spouse whose experience and exposure to diversity has contributed largely to her inability to develop a signature style, Uses bold colours and work on canvas. Participated in 22 exhibitions in Singapore and abroad.

**LAKSHMY IYER**
Style of artwork includes mythological Kerala mural paintings and abstract spiritual art in acrylic on canvas. Has always doodled on the backs of school notebooks. Art is her medium of reflection and source of peace. Painted with various mediums on different themes until she found her passion in Kerala murals, legends and stories. An Instructional Designer and Trainer by profession.
Participated in the Exhibition, Varnam 2014 &2015, The Enlightened One, Images Of Gautama Buddha In Contemporary Art by Gnani Arts. (May 2015).

**ANILA AYILLIATH**
Born in India and a resident of Singapore, Anila Ayilliath is an Engineering graduate. After working in the technical field for more than a decade, she pursued art as her career after completing Western Art courses from NAFA, Singapore for three years. She uses different mediums, techniques and her passion lies in delivering conceptual based themes based on philosophical and spiritual ideas with canvas and colours. Participated in, Affordable Art fair: 100th Feature Exhibition, Varnam 2015, The Enlightened One-Images of Gautama Buddha in contemporary art 2015@ION Art Gallery, Singapore, Voices, Right Side 2016, Singapore

**JALEELA NIAZ**
A Freelance Art Teacher who expresses emotions through art in various mediums. Developed passion for painting seriously after post-graduation. Inspired and encouraged by art lovers and renowned artists. Positive reviews encouraged and drove her to continue the journey in art. Her style is mostly abstract, landscapes and depicts the various emotions called "Mindscapes". Participated in 21 art exhibitions in Singapore, UAE and India.

**JITHIN JAMES**
Learning and experimenting with a wide variety of mediums ranging from colour pencils to oil colour. Artworks include detailed and realistic colour pencil portraits to impressionist landscapes in oil paint.As a self learning artist, I aspire to discover my own style through continuous exploration and experimentation.

Medium : Charcoal, Colour pencil, Acrylic and Oil
Subjects : Landscapes, Still Life, Portraits and Abstract

**SHREEKANT P**
Passionate about art for over 15 years, Shreekant loves to experiment with different media, including acrylic, charcoal, and pastels. He is a banking technology consultant by profession, but makes time to paint the pastoral landscapes from Kerala and Maharashtra, create expressive portraits and to reinterpret ancient Indian rock-art forms, sculptures and murals onto canvas. Participated Varnam 2014 and 2015

**JAYASHANKAR**
I am a self taught artist , presently working for a semiconductor firm in singapore, painting is my hobby , I am completely captivated by people, absorbed by portraits and their feeling , Whether just for my own enjoyment or for private commission, I love to use my brush and paints to creatively capture a feeling . I like to make marks with my painting which create varied expressions. From time to time I vary my subject matter with a landscape or some aesthetic art, but people remain my true obsession.

# Artists @ Varnam

**DILEEP PRASANNAN**
Born in Tripunithura, Kerala, a place well known for all traditional forms of arts and culture.Painting and drawing has been my passion ever since my childhood. My inspiration was my art teacher in school, Sir Krishnan Namboothiri.I've tried many mediums like Charcoal, Pencil, Oil, Pastel, Clay-modelling/ sculpturing, wood carving sculpture etc.I had also attended workshop under Mr. Marwin Chew (Singapore Watercolor society ). When time permits, I used to do Plein Air along with Urban sketchers Singapore.

**SUHAS SUDHAKARAN**
A Software User Experience Designer and Architect working in Singapore since the last 7 years. Born in an artistic family, I had my initial training on painting and drawing from my father, who is a well-known artist in Bangalore. I am fortunate to have come across several art groups and panels since my childhood. Despite being busy as an IT professional, I keep in touch with artists groups in Singapore and keep practicing my art whenever time permits. My works are in Charcoal, Oil and Pastels as the medium of creation.

**NAVANITHA**
Working in a black and white piece is a great way to challenge my mind to see the colorful world in a different perspective as it will sharpen my eye for details in everyday life. 'Ink on paper' idea occurred to me almost naturally because scribbling in my notebooks was a regular chore during college days. Being the most easily portable and convenient art style, all I needed to enjoy creating art was a pen, a pencil and a paper. I feel that monochromatic artworks, especially black and white ones allow the audience to focus on the details they may have easily overlooked in a color version.

LATHA JAYARAM
A self-taught artist have polished her talents in NAFA. I am interested in all types of art & craft form that soothes my mind. Though my favourite medium is acrylic on canvas, I still love working on fabric, paper, embroidery and recycled craft. Acrylic painting would still be my forte as its versatility allows me to explore the mind of a true artist limitlessly.

**KALYANI ANIL**
Kalyani, Sec 3 student is daughter of Anil. Grown up watching her father doing kerala mural painting. Inspired by friends and teachers she is experimenting her own styles in different medium. Enjoy doing pencil sketch potraits and watercolour. Participated in Varnam 2015 exhibition.

**SARANJITH**
A theatre artist who actively involved in directing and performing drama. Pursuing Professional Diploma in Theatre Acting from ITI Singapore. His artworks are in oil and acrylics.

**SAJEEVKUMAR**
My canvas embraces a wide spectrum of paintings from traditional murals to vibrant wildlife. Every art piece is an outcome of the journey through various phases of research, experiments on medium, challenging themes and techniques. My work conveys to the audience messages of love, beauty, philosophy and conservation of life. My works are mostly in oil. Specialised in Wildlife Paintings and also enjoy doing Kerala Mural Paintings.

**DHINA AMAR**
Her paintings mainly influenced by the captivating beauty of the figurative and enchanting beauty of nature and textural illusion. Works mostly in Acrylic and Oil medium. Though highly influenced by realistic art, she is not confined to any particular style Participated in "The Enlightened One "a Gnani Arts exhibition in 2015, Art Expo, Malaysia 2015 and Varnam 2015

**ASWATHi RAJKUMAR**
A computer engineering professional and anaspiring student Artist, skilled in numerous media, including watercolour, acrylics and coloured pencil. Successfully creates portraits, still life, and landscapes utilizing all subject matter.

When away from painting, enjoys photography and music. Goal is to become a professional artist and also to help guide younger talents. Coloured pencil and watercolour are favorites but is always open to new ideas and medium.



# ടോക്കർ

സി.പി.കൃഷ്ണകുമാർ

യൂറോപ്യൻ വിസയ്ക്ക് പലവട്ടം അപേക്ഷിത് വ്യത്യസ്ത കുടുംബങ്ങൾക്ക് ഒപ്പമാണ്. അപേക്ഷകൻറെ വരുമാന മാർഗം "ടോക്കർ" എന്ന അസാധാരണമായ ഒരു തൊഴിൽ. ഈ ആളിനെ പറ്റി സംസാരിക്കാൻ അല്ല ഇൻർലിജൻസ്ബ്യൂറോ ഡയറക്ടറുടെ ഓഫിസിൽ നിന്നും ആളുകൾ എംബസിയിൽ വന്നത്. എംബസ്സിയിലെ ഒരു ഉദ്യോഗസ്ഥൻ യാദ്രിശ്ചികമായി ഇയാളെ പറ്റി പറയാനിടയായി. സാധാരണം അല്ലാത്തത് കേൾക്കാനുള്ള ഔത്സുക്യം മാത്രം ആയിരുന്നു ഉദ്യോഗസ്ഥർക്ക് അപ്പോൾ. കുറ്റാന്വേഷകരുടെ മനസ്സിലെ പുനർ ചിന്തകളിൽ സംശയം. ഈ മനുഷ്യനിൽ എന്തൊക്കെയോ ദുരൂഹതകൾ ഉണ്ടായിക്കൂടെ? അസ്വഭാവികഥകൾ അന്വേഷകന് ചിലപ്പോഴൊക്കെ വീണു കിട്ടുന്ന അവസരം ആവാറുണ്ട്. ഇനി ഒരു വട്ടം കൂടി വിസയ്ക്ക് അപേക്ഷിക്കുക ആണ് എങ്കിൽ അറിയിക്കണം എന്ന ഇന്റലിജൻസ് ബ്യൂറോയുടെ ഔദ്യോഗിക സന്ദേശം അങ്ങനെയാണ് വിവിധ യൂറോപ്യൻ എംബസ്സികൾക്ക് കിട്ടിയത്.

വീണ്ടും ഇയാൾ യൂറോപ്പിലേക്ക് പോകുവാനുള്ള വിസയ്ക്ക് അപേക്ഷിക്കുന്നു. ഒരിക്കൽ പോലും രാജ്യത്തിനു പുറത്ത് പോയിട്ടില്ലാത്ത ഇയാൾ മറ്റൊരു കുടുംബത്തിനൊപ്പം സഞ്ചരിക്കാൻ ആണ് ആഗ്രഹിക്കുന്നത്.

ചോദ്യം ചെയ്യുന്നവർക്ക് മുൻപിൽ പ്രസന്നവദനനായി അയാൾ പ്രതികരിക്കാൻ തുടങ്ങി.

"ചോദിച്ചോളൂ......അറിയാവുന്ന എല്ലാം വിശദമായി തന്നെ പറഞ്ഞു തരാം ."

" പല വട്ടം ഷെൻഷെൻ വിസയ്ക്ക് അപേക്ഷിച്ചു ?".

"ശരിയാണ് ".

"ഓരോ പ്രാവശ്യവും വേറെ വേറെ കുടുംബങ്ങൾക്ക് ഒപ്പം ?".

"അതും ശരിയാണ് ".

"ടോക്കർ എന്നതാണ് നിങ്ങളുടെ തൊഴിൽ ?".

"ഉം...." ഉറപ്പിച്ചുള്ള മൂളൽ.

"നിങ്ങളുടെ തൊഴിൽ എന്താണ് എന്ന് ഒന്ന് വിശദമായി പറയണം " ഓഫീസറുടെ ശബ്ദം അല്പ്പം കനത്തത് ആയിരുന്നു.

"സംസാരിക്കുക. മറ്റാരും സംസാരിക്കാൻ ഇല്ലാത്തവർക്ക് ഒപ്പം ഇരുന്നു സംസാരിക്കുക"

"എന്നിട്ട് ?".

"ഒഴിവാക്കപ്പെടലും, അവഗണിക്കപ്പെടലും ഉണ്ടാക്കുന്ന ഒറ്റപ്പെടലും അവഹേളനവും സഹിക്കുന്നവരുടെ നാവുകൾക്കും കാതുകൾക്കും ഇമ്പം ഉണ്ടാക്കുവാൻ ഉള്ള ശ്രമം. മരിക്കും മുൻപ് മൌനികളായി ജീവിതത്തെയും മനുഷ്യരെയും ശപിച്ചു കൊണ്ടിരിക്കുന്നവരുടെ മനസ്സിനെ ഇത്തിരി ശാന്തം ആക്കാൻ"

"റിട്ടയർ ആയ ഒരു ബാങ്ക് ചെയർമാനും അദ്ദേഹത്തിന്റെ മകനും കുടുംബത്തിനും ഒപ്പം ഫ്രാൻസിലേക്ക് പോവാൻ ശ്രമിച്ചു. അതിനെ പറ്റി പറയൂ." ഉദ്യോഗസ്ഥൻറെ വാക്കുകൾക്ക് പരുഷത കൂടി

"ജോലി ചെയ്ത കാലത്തെ സാമാന്യം വലിയ ബാങ്കിന്റെ ചെയർമാൻ ആയിരുന്നു അദ്ദേഹം. ജോലിയിൽ നിന്ന് വിരമിച്ചിട്ടു ഏറെ നാളായി . കാലം മാറി. അദ്ദേഹം മാറിയില്ല. മകൻ പതിന്നാല് കമ്പനികളുടെ ഉടമ, കൊച്ചു മക്കൾ രണ്ടുപേരും സ്വന്തം മുറികളിൽ സൈബർ ലോകത്ത്. മരുമകൾക്ക് ഓഫീസിലെ കാര്യങ്ങളും സാമൂഹ്യ പ്രവർത്തനങ്ങളും. വൃദ്ധൻറെ സാന്നിദ്ധ്യം പലപ്പോഴും അരോചകമായി അനുഭവപ്പെടാറുണ്ട് എന്നത് മറയില്ലാതെ പറഞ്ഞിട്ടും ഉണ്ട്. മകൻ സമ്പന്നൻ ആയപ്പോൾ ഫ്ലാറ്റിൽ നിന്നും സ്വന്തം ബംഗ്ലോയിലേക്ക് താമസം മാറി. ഒപ്പം വൃദ്ധനും. ഫ്ലാറ്റിൽ ആയിരുന്നപ്പോഴും കെട്ടിടത്തിലെ മറ്റാരുമായും കാര്യമായ ബന്ധം ഒന്നും ഉണ്ടായിരുന്നില്ല . എങ്കിലും ലിഫ്റ്റിൽ വച്ച് ആരെ ഒക്കെയോ കാണുമായിരുന്നു. ഇപ്പോൾ അങ്ങനെ ആരെയും കാണണ്ട. കാലിന് ബലം കുറഞ്ഞതിൽ പിന്നെ മുറിയ്ക്ക് പുറത്തേക്കും ഇറങ്ങാൻ ആവാതായി. വീട്ടിൽ ആർക്കുംവൃദ്ധൻറെ മുറിയിൽ വന്നിരുന്നു സംസാരിക്കാൻ സമയം കിട്ടാതെ വന്നപ്പോൾ ടോക്കറുടെ സേവനം ഉപയോഗിക്കാൻ തുടങ്ങി. ആഴ്ചയിൽ മൂന്നു ദിവസം രാവിലെ നാലുമണിക്കൂർ വൃദ്ധന് ഒപ്പം സംസാരിച്ചിരിക്കും. വൃദ്ധൻ പറയുന്ന പഴയ അനുഭവങ്ങൾ കേൾക്കും. ലോകത്തെ ഒട്ടേറെ കാര്യങ്ങളെ പറ്റി അദ്ദേഹത്തിനുള്ള അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ പിന്നെ ജീവിതത്തിൽ അദ്ദേഹം ആർജ്ജിച്ച ദാർശനികതയുടെ പാഠങ്ങൾ. ഇടയ്ക്ക് ചില ചോദ്യങ്ങൾ ചോദിച്ചാൽ വൃദ്ധൻ കൂടുതൽ ഉഷാറാവും. അദ്ദേഹത്തോട് പുത്തൻ പല കാര്യങ്ങളും പറയുമ്പോൾ അദ്ദേഹം കേട്ടിരിക്കും. ജീവിതത്തിൽ രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ വേണ്ടി കഷ്ടപ്പെടുന്ന ആളുകളെ പറ്റി;പുതിയ സാങ്കേതിക വിദ്യകളും അറിവുകളും സ്വായത്തമാക്കി പെട്ടെന്ന് ജീവൻ കരുപ്പിടിപ്പിക്കുന്നവരെ പറ്റി; വാർധക്യത്തിൽ ഈ വൃദ്ധനെക്കാൾ കൂടുതൽ ഒറ്റപ്പെടുകയും മരുന്നിനു വേണ്ട വകപോലും ഇല്ലാതായിട്ടും പ്രതീക്ഷ കളയാതെ ജീവിക്കുന്നവരെ പറ്റി .........

വൃദ്ധാൻ മുറിയ്ക്ക് പുറത്തു ഇറങ്ങുന്നില്ല എങ്കിലും ഈ ലോകത്തിന്റെ മാറിയ രൂപം വൃദ്ധാന് അപരിചിതം അല്ലാതായി. മകനും കുടുംബത്തിനും ഒപ്പം പാരീസിലേക്ക് പോവണം എന്ന് ആഗ്രഹിച്ച വൃദ്ധാന് ടോക്കാർ കൂട്ടിനുണ്ടാവണം എന്ന് ആഗ്രഹം തോന്നിയതിൽ അത്ഭുതപ്പെടാൻ തക്കതായി ഒന്നുമില്ല. ടോക്കർക്ക് വിസ കിട്ടാതെ വന്നതിനാൽ വൃദ്ധാൻറെ യാത്രയും മുടങ്ങി. വീട്ടിലെ കാവല്ക്കാരുടെയും പാചകക്കാരൻറെയും ശ്രദ്ധയിൽ വൃദ്ധാൻ കഴിഞ്ഞു. ഞാൻ, ആഴ്ചയിലെ മൂന്നു ദിവസത്തെ സന്ദർശനം തുടർന്നു. എൻറെ കഥകളും തമാശകളും കേട്ട് വൃദ്ധാൻ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു. മകനോ കൊച്ചു മക്കളോ അടുത്തില്ലാത്തതിനാൽ വൃദ്ധാന് തൻറെ സന്തോഷ പ്രകടനങ്ങളെ നിയന്ത്രിക്കേണ്ട ആവശ്യം ഉണ്ടായില്ല.

അന്ന് വിസയ്ക്ക് അപേക്ഷിച്ചത് വൃദ്ധാൻറെ ആഗ്രഹ പ്രകാരം ആണ്. വിസ കിട്ടിയില്ല യാത്ര ചെയ്തില്ല . അത്രമാത്രം. "

"ഒറ്റയ്ക്ക് താമസിക്കുന്ന ഒരു വൃദ്ധനൊപ്പം താങ്കളും രണ്ടു ജോലിക്കാരും കൂടി റോമിലേക്ക് പോവാൻ വിസയ്ക്ക് അപേക്ഷിച്ചു."

"ശരിയാണ്."

"വൃദ്ധാന് രണ്ടു പെൺ മക്കൾ ഉണ്ട്. ഭർത്താവിനും മക്കൾക്കും ഒപ്പം താമസിക്കുന്നവർ. അവരെ ഒഴിവാക്കി രണ്ടു ജോലിക്കാരെയും ടോക്കറയും കൂട്ടി പുറം രാജ്യത്ത് പോവാൻ; നടക്കാൻ കൂടി ആവാത്ത വൃദ്ധാന് എങ്ങനെ ആഗ്രഹം ഉണ്ടായി.?"

"ഒറ്റപ്പെടുമ്പോൾ ആശ്വാസം തരാൻ ആവുന്നവരുടെ സാമീപ്യം ആഗ്രഹിക്കുന്നത് സ്വാഭാവികം. മക്കളുടെ സാമീപ്യം ഒട്ടെല്ലാ വൃദ്ധർക്കും ഇഷ്ടവുമാണ്. പക്ഷെ അത് സാധിക്കില്ല എന്ന് വൃദ്ധാന് ഉറപ്പുണ്ട്. ഒപ്പം അല്ലാ താമസിക്കുന്നത് എങ്കിലും വൃദ്ധാന് പേര കിടാങ്ങളോടു വലിയ സ്നേഹം ആണ് . പക്ഷെ നാല് വർഷമായി വൃദ്ധാനെ ഒരിക്കൽ പോലും സന്ദർശിക്കാൻ സമയം കണ്ടെത്താൻ ആവാത്തവരാണ് കൊച്ചു മക്കൾ. വർഷത്തിൽ പലവട്ടം കൂട്ടുകാരുമൊത്ത് പുറം രാജ്യങ്ങളിൽ പോവാറുള്ള അവർ തനിക്കൊപ്പം വരും എന്ന അതിമോഹം ഒന്നും വൃദ്ധാന് ഇല്ല. സ്വന്തം മുറി വിട്ടു പുറത്ത് പോവാൻ ആവാത്ത വൃദ്ധാന് രണ്ടു ജോലിക്കാർ ഒപ്പം വേണം എന്നത് ഒരു ആവശ്യം മാത്രം. വൃദ്ധാൻ പറയുന്നത് കേൾക്കാനും മനസ്സിലാക്കാനും അതിനോടു പ്രതികരിക്കാൻ ആവുകയും ചെയ്യുന്ന ടോക്കർ ഒപ്പം വേണം എന്നത് വൃദ്ധാന്റെ ആഗ്രഹം. കോടികളുടെ ആസ്തിയും പിന്നെയും ഒരുപാടു കോടികൾ ബാങ്ക് നിക്ഷേപവും ഉള്ള വൃദ്ധാന് വിസ നിഷേധിച്ചത് വൃദ്ധാൻ ആ രാജ്യത്തിനു ഒരു ഭാരം ആവുമോ എന്ന സംശയത്താൽ ആവില്ല. ഒപ്പം നൽകിയ എല്ലാ അപേക്ഷകളും തിരസ്കരിച്ചു. ഒപ്പം വൃദ്ധാനും യാത്ര നിഷേധിക്കപ്പെട്ടു."

"പിന്നെയും താങ്കൾ ലണ്ടനിലെക്കും മറ്റു ചില യൂറോപ്യൻ നഗരങ്ങളിലേക്കും പോകുവാൻ ഉള്ള വിസയ്ക്ക് ശ്രമിച്ചു".

"ശരിയാണ്."

"എല്ലാം ഏതെങ്കിലും വൃദ്ധന്മാർക്ക് ഒപ്പം."

" അതും ശരിയാണ്."

ഇപ്പറഞ്ഞ വൃദ്ധന്മാരെ കൂടാതെ മറ്റു വൃദ്ധന്മാർക്കും നിങ്ങൾ ടോക്കർ ആയി സേവനം നൽകുന്നുണ്ടോ .

"ഉണ്ട്. ചിലർ ജീവനോടെ ഉണ്ട്. ചിലർ മരിച്ചു പോയി."

"ഒരേ സമയം നിങ്ങൾ എത്ര പേർക്ക് സേവനം നൽകും ?"

"നാല് അല്ലങ്കിൽ അഞ്ചു ആളുകൾക്ക് വരെ സേവനം നൽകാൻ ആവും. ആഴ്ചയിൽ മൂന്നു ദിവസം മൂന്നു മണിക്കൂർ അല്ലങ്കിൽ നാല് മണിക്കൂർ വരെയാണ് ഒരാൾക്ക് ഒപ്പം സംസാരിച്ചിരിക്കുക."

" നിങ്ങൾ പണക്കാരായ വൃദ്ധന്മാരെ മാത്രമാണ് തിരഞ്ഞെടുക്കുന്നത്."

"അവർ എല്ലാം വല്ലാത്ത പണക്കാർ തന്നെ. ഏകാന്തതയിൽ അവർക്ക് പണം കൂട്ട് ആവുന്നില്ല. ഒറ്റയ്ക്ക് ഇരിക്കുമ്പോൾ ഒപ്പം എത്തി സംസാരിക്കുന്ന ആൾ അവർക്ക് ഒരുപാടു വിലപ്പെട്ടവനും. ചെയ്യുന്ന ജോലിക്ക് ഞാൻ ശമ്പളം വാങ്ങും. അതല്ലാതെ ഒരു സൌജന്യവും വാങ്ങില്ല. വലിയ വരുമാനവും മറ്റു ആനുകൂല്യങ്ങളും കിട്ടുന്ന ജോലികൾ കിട്ടാനുള്ള യോഗ്യത ഉണ്ട് എങ്കിലും അത്തരം ജോലികൾ എനിക്ക് വേണ്ട. ഒപ്പം വന്നിരുന്നു സംസാരിക്കാൻ ആരും ഇല്ലാത്ത വൃദ്ധരുടെ അവസ്ഥ മരിക്കും മുൻപ് ഒരാൾ എഴുതി വച്ചത് ഞാൻ മാത്രമാവും വായിച്ചിട്ടുള്ളത്. ഭാര്യ മരിച്ചു. മകനെ ആട്ടി ഓടിച്ചു. സമ്പത്ത് കൊണ്ട് എല്ലാം നേടാം എന്ന് വിശ്വസിച്ച് നിസ്വനായി മാറിയ വൃദ്ധാൻ എഴുന്നേല്ക്കാൻ ആവാത്ത അവസ്ഥയിൽ സംസാരിക്കാൻ ആരെങ്കിലും ഉണ്ടെങ്കിൽ എന്ന് കൊതിച്ചു. മൃതദേഹം അഴുകിയിരുന്നു എങ്കിലും ബന്ധുക്കൾക്ക് അത് ഏറ്റെടുത്തു സംസ്കരിക്കാൻ മുനിസിപ്പാലിറ്റി ഒരു ദിവസം കൂടി നൽകിയാതിനാൽ, ചിതയ്ക്ക് തീ കൊളുത്തിയത് മകനാണ്."

"നിങ്ങളുടെ തൊഴിൽ, പ്രവർത്തികൾ ....ഒക്കെ ന്യായമായും ചില സംശയങ്ങൾ ഉണ്ടാക്കുന്നു. വെറുതെ ആരോടെങ്കിലും സംസാരിച്ചിരിക്കാൻ ആരെങ്കിലും ജീവിതം പാഴാക്കുമോ?.പണക്കാരുമായി അടുക്കാനും അവരെ ചൂഷണം ചെയ്യാനും ഉള്ള നിങ്ങളുടെ ഒരു കുറുക്കു വഴി ആണ് ഈ തൊഴിൽ എന്ന് ന്യായമായും സംശയിക്കാം. നിങ്ങൾ ഒരു ഫ്രോഡ് ആണ് എന്ന് തോന്നി. എന്നാൽ നിങ്ങൾ ഇടപെട്ട ഒരു വൃദ്ധന്മാരുടെയും വീടുകളിൽ നിന്ന് പരാതികൾ ഒന്നും ഇല്ല. ദുരൂഹത കുറയുകയാണോ ...അതോ കൂടുകയാണോ?. ഞങ്ങൾ താങ്കളെ പഠിക്കും. സംശയം തീരും വരെ."

"മനസ്സ് തുറന്നു സംസാരിക്കുക എന്നത് ചികിത്സയും വരവുമായി അനുഭവിക്കുന്ന അവസ്ഥ നിങ്ങൾക്കും ഉണ്ടാവും. വിലപ്പെട്ടത് എന്ന് നിങ്ങൾ കരുതുന്ന അറിവും അനുഭവവും ചുറ്റും ഉള്ളവർക്ക് തുലോം നിസ്സാരമായി മാറുക . നിങ്ങൾ പറയുന്നത് കേൾക്കാനോ അതിനോടു പ്രതികരിക്കാനോ ഒരാൾ പോലും ഇല്ലാതാവുക.

നിങ്ങളും നിങ്ങളുടെ പിൻ തലമുറയും ഉണ്ടാക്കിയ സമ്പത്ത് നിങ്ങളെ ഒരുപാടു പേരിൽ നിന്നും അകറ്റുന്ന വേലിക്കെട്ട് ആയി മാറിയിരിക്കും. നിങ്ങൾ മുറി വിട്ടു പുറത്ത് പോവാൻ ആവാത്ത ആരോഗ്യ സ്ഥിതിയിൽ . നിങ്ങൾ ഉപേക്ഷിക്കുകയും നിങ്ങളെ ഉപേക്ഷിക്കുകയും ചെയ്യുവർക്ക് ഇനി നിങ്ങളെ വേണ്ട. നിങ്ങൾ അധികം വൈകാതെ ആ അവസ്ഥയിൽ എത്തുമ്പോൾ എന്നെ ഫ്രോഡ് എന്ന് സംശയിച്ചതിനു നിങ്ങൾ ലജ്ജിക്കും. പശ്ചാത്തപിക്കും. പൊട്ടി പൊട്ടി കരയും. അപ്പോൾ എന്നെ ഫോൺ ചെയ്ത്തു വിളിക്കണം ഇതാ എൻറെ വിലാസവും ഫോൺ നമ്പരും ഈ കാർഡിൽ ഉണ്ട് സൂക്ഷിച്ചു വച്ചോളൂ. താങ്കളെ പോലെ ഉള്ളവർക്കാവും എൻറെ സേവനം കൂടുതൽ അത്യാവശ്യമായി വരുക.“

**C P Krishnakumar:** A former Singapore PR, Extensively travalled to various countries. Education: Post graduate in Physics & Postgraduate in Management Studies. Family: Wife - Preetha; Daughter - Dr. Krupa Krishnakumar, Son - Karun .

Novels: Swathwam, UYARANGALILEKKU, Janithakangalil; Short story collection: SALUTE. Awards: SK Pottakkad Sahithya Award, Madhavikkutty smaraka cherukadha puraskaram, Kottarakkara Thampuran smaraka Novel puraskaram, VT Gopalakrishnan smaraka purakaram etc......



# മാതൃത്വം

## ഉമ

അസ്തിത്വമില്ലാതലയുന്ന കാലം,
സ്വത്വമെന്തെന്നറിയാത്ത പ്രായം,
നിശ്ചിന്തമീമനം വ്യാപരിക്കും നേരം,
നീയങ്കുരിച്ചോമനേ ചെറുബീജമായി!

നീയാരെങ്ങനെയെന്നറിഞ്ഞീലഞാനന്ന്,
സംഭ്രമം വൈഷമ്യമായിരുന്നെനിക്കന്ന്,
മന്ദമന്ദമായുണർത്തി നീ കണ്മണീ,
മാതൃത്വമാമനുഭൂതി പകർന്നു നീ!

പയ്യെ നീയെന്നുദരത്തിൽ ചലിക്കവെ,
എന്നെയറിയാതെയെൻ മുലകൾ
ചുരക്കവെ,
ദാഹിച്ചുവെന്നാത്മാവാദ്യമായിട്ടന്ന്,
പുണരുവാൻ നിന്നെ, എന്നുണ്ണിക്കണ്ണനെ!

മെല്ലെവളർന്നുവെന്നുദരത്തിലോമലെ,
വന്നാണഞ്ഞാനാൾ – വേർപെടും വേള!
പൊക്കിൾക്കൊടി മുറിച്ചാലുമെന്നുണ്ണീ –
നിന്നെ ചുമക്കുന്നു, നിത്യമെന്നുള്ളിൽ!



Born in Ernakulam. Graduated from Govt Engrg College Thrissur. Resident of Singapore since 1996. Working in IT sector with a global Shipping firm. Active in Singapore Malayali Literary Forum. Directed a drama in 2016 for SMA Womens' wing.



# തുമ്പപ്പൂ

## ഡിജി സുഹാസ്

കൂട്ടുകാരികളൊക്കെ അത്തം തുടങ്ങുന്നതിനു രണ്ടു നാൾ മുൻപ് തന്നെ വീട്ടുകളിലേക്ക് പോയി. ഓണമായിട്ട് കുട്ടിക്കാലത്തെ  ഉത്സാഹമൊന്നും തോന്നുന്നില്ല. രാത്രി എട്ടിനാണ് ട്രെയിൻ.

ദേവു ബാഗിൽ കുറച്ചു പുസ്തകങ്ങളും, വസ്ത്രങ്ങളും എടുത്തുവെച്ചു. പത്തു മിനുട്ട് നടക്കേണ്ട ദൂരമേ ഉള്ളൂ ഹോസ്റ്റലിൽ നിന്നും റെയിൽവേ സ്റ്റേഷനിലേക്ക്.

ട്രെയിനിൽ കയറി തിരിഞ്ഞും, മറിഞ്ഞും കിടന്നിട്ടും ഉറക്കം വരുന്നില്ല. അറിയാതെയൊന്നു മയങ്ങിയപ്പോഴേക്കും സ്റ്റേഷൻ എത്തി. അവിടെ നിന്നും വീട്ടിലേക്ക് ബസിൽ പോകണം. ഗതാഗതക്കുരുക്കൊന്നും ഇല്ലെങ്കിൽ ഒരു മണിക്കൂർ കൊണ്ട് വീട്ടിലെത്താം. ബസ് സ്റ്റോപ്പ് എത്താറായപ്പോൾ കണ്ടക്ടർ വിളിച്ചു. പലപ്പോഴും വരുന്ന ബസ് ആയതു കാരണം നല്ല പരിചയമുണ്ട് അവരെയെല്ലാം.

ബസ് ഇറങ്ങി പാട വരമ്പിലൂടെ കുറച്ചു ദൂരം  നടക്കണം. അഞ്ചേക്കറോളം വരുന്ന നെൽപ്പാടത്തിന്റെ ഒരറ്റത്താണ് വീട്. ദൂരെ നിന്ന് തന്നെ കാണാം വീടിന്റെ ചെറിയ ഭാഗം. എന്നാലും നടക്കാൻ തുടങ്ങിയാൽ കുറച്ചുണ്ട്, കാണുന്നത് പോലെയല്ല.

"ദേവു എന്തേ ഇപ്പോഴാണോ വരുന്നത്?"

വിളികേട്ടു തിരിഞ്ഞു നോക്കിയപ്പോൾ ബസ് സ്റ്റോപ്പിൽ തൊട്ടടുത്ത വീട്ടിലെ മാധവേട്ടൻ നിൽക്കുന്നു.

"നല്ല ജോലിത്തിരക്കാണു മാധവേട്ടാ, രശ്മി വീട്ടിലുണ്ടോ?"

"അവൾ അവിടെ പൂക്കളമൊരുക്കുന്ന തിരക്കിലാണ്. ഞാൻ കുറച്ചു പച്ചക്കറി വാങ്ങിക്കാൻ മാർക്കറ്റിൽ പോകുകയാ. ഇപ്പോൾ പോയാൽ നല്ല ഫ്രഷ് സാധനങ്ങൾ കിട്ടും. ശ്രീധരേട്ടൻ ബാംഗ്ലൂർ നിന്നും മോൾ വരുന്നതും നോക്കിയിരിക്കുകയാണു".

"മും...ശരി ചേട്ടാ, ഞാൻ നടക്കട്ടെ. കുറച്ചു കഴിഞ്ഞു വീട്ടിലേക്ക് വരാം".

മാധവേട്ടന്റെ മകൾ രശ്മി എന്റെ കൂടെയാണ് പഠിച്ചിരുന്നത്. ചെന്നൈയിൽ ഒരു കമ്പനിയിൽ ജോലി ചെയ്യുകയാണു അവളിപ്പോൾ. വീടിനടുത്താണ് അവരുടെ വീട്.

ചിങ്ങ വെയിലിന് പ്രത്യേക ഭംഗിയാണ്. ഇളം വെയിലിൽ പാടം കാണാൻ നല്ല രസം. പാടത്തിനു അരികിലെ പറമ്പിൽ കുറച്ചു കുട്ടിപട്ടാളം പൂക്കൾ പറിക്കുന്ന തിരക്കിലാണ്. പേരിനു മാത്രമുള്ള തുമ്പപ്പൂ കിട്ടാൻ അവിടെ നല്ല മത്സരമാണ്. ചിലർ തുമ്പ വേരോടെ പിഴുതെടുക്കാനുള്ള ശ്രമമാണ്. അതിലധികം ബഹളം പാടത്തും. വരി എടുക്കുന്നതോടൊപ്പം കുറെ കുട്ടികൾ പാടം മെതിക്കുകയാണ്. പാടം ഉടമ കണ്ടാൽ വഴക്ക് കിട്ടുമെന്ന് ഉറപ്പ്.

"ഹഹ..."

അന്ന് ഓടിയ ഓട്ടം ഇപ്പോഴും മനസ്സിലുണ്ട്...

ഓണക്കാലം വരവേൽക്കാൻ വീട്ടിലെ പൂന്തോട്ടത്തിൽ നിറയെ പൂക്കളൊരുങ്ങിയിരിക്കും, എന്നാലും തിരുവോണത്തിന് കൈക്കുടന്ന നിറയെ തുമ്പയും, മുക്കുറ്റിയും, കാക്കപ്പൂവും, കണ്ണാന്തളിയും, കൃഷ്ണമുടിയും, അരളിപ്പൂവുമൊക്കെ പറിച്ചെടുക്കാൻ ഞങ്ങൾ സൂര്യനുദിക്കും മുൻപ് തന്നെ പുറപ്പെടും. കളം വരയ്ക്കാൻ വരി ശേഖരിക്കുന്നതാണ് ഏറ്റവും സാഹസികം.

എന്തൊരു പേടിയായിരുന്നു എനിക്ക് അന്ന് പാടത്തിലിറങ്ങാൻ. നീർക്കോലിയെ പേടിച്ചു ഞങ്ങൾ കുറച്ചുപേർ വയൽ വരമ്പത്ത് തന്നെ നിൽക്കും. ഒരിക്കൽ എല്ലാവരും കൂടെ നിർബന്ധിച്ചപ്പോൾ ഞാനും ഇറങ്ങി. പാടം നോക്കുന്ന രഘുവേട്ടൻ വന്നു വഴക്ക് പറഞ്ഞ നേരം എല്ലാവർക്കുമൊപ്പം പാടത്തിന്റെ ഒത്ത നടുവിൽ വരി പറിക്കുന്ന തിരക്കിലായിരിന്നു ഞാനും.

പൂക്കളം ഒരുക്കാനും, മുറ്റത്തെ മാവിൽ ഊഞ്ഞാലു കെട്ടിയാടാനും, ഓല പന്ത് കളിക്കാനുമൊക്കെ എന്ത് രസമായിരുന്നു. അപ്പു ഊഞ്ഞാലിൽ നിന്ന് ഇറങ്ങില്ല. അതാണ് ഒരു പ്രശ്നം. ഇളയ കുട്ടി ആയതു കൊണ്ട് എല്ലാം വിട്ടു കൊടുക്കണം.

അമ്മ ഒരുക്കുന്ന ഓണ സദ്യ, അതിലും സ്വാദുള്ള ഒന്നും എവിടെയും ഇല്ല എന്ന്

പലപ്പോഴും തോന്നിയിട്ടുണ്ട്.

അച്ഛൻ ഓണക്കോടിയായി എന്നും വാങ്ങിച്ചു തരുന്നത് പട്ടു പാവാടയാണ്.തിരുവോണമാകാൻ കാത്തിരിക്കും പട്ടുപാവടയുടുത്ത് എല്ലാവരെയും കാണിച്ചു നടക്കാൻ.

അറിയാതെ മനസ്സ് വർഷങ്ങൾക്കു പുറകിലേക്ക് പോയി.

"ദേവൂ വാ നമുക്ക് പൂവ് പറിച്ചു വരാം. വൈകിയാൽ ഒന്നും കിട്ടില്ല. തൊടിയിൽ ഉള്ള പൂക്കൾ വന്നിട്ടെടുക്കാം".

"വല്ല്യേച്ചി ഞാനും വരുന്നു". അപ്പു കണ്ണ് തിരിമ്മിക്കൊണ്ട് എണീറ്റ് വന്നു.

"വേണ്ട ഞാനും, ചേച്ചിയും പോയി കൊണ്ട് വരാം. നീ ഉറങ്ങിക്കോ".

"ഞാനും വരുന്നു". അപ്പു കരയാനുള്ള ഭാവമാണ്.

"എങ്കിൽ വേഗം വാ". വല്ല്യേച്ചി പറഞ്ഞു.

ഞങ്ങൾ മൂന്നു പേരും കാലത്ത് തന്നെ ഇറങ്ങി. അയൽപക്കങ്ങളിൽ ഉള്ള കുട്ടികൾ ഓരോന്നോരോന്നായി വരാൻ തുടങ്ങിയിരുന്നു.

വല്ല്യേച്ചി രണ്ടു ഇലക്കുമ്പിൾ എന്റെ കയ്യിൽ തന്നു. ഞങ്ങൾ വയൽ വരമ്പത്തെ തുമ്പപൂക്കൾ ഒക്കെ നുള്ളിയെടുത്തു.

"ദേവൂ വേഗം, തുമ്പ പിന്നെ കിട്ടില്ല, ഞാൻ ഇത്തിരി വരി എടുത്തു വരാം".

"അപ്പൂ, ഇതു പിടിച്ചിവിടെ നിൽക്കണേ. ചേച്ചി മേലേ പറമ്പിൽ ഇനിയും കിട്ടുമോയെന്നു നോക്കി വരാം".

ഒരു കുമ്പിൾ നിറയെ തുമ്പ പൂവുകൾ അപ്പുവിനെ ഏൽപ്പിച്ചുകൊണ്ട് ദേവു തുമ്പ അന്വേഷിച്ചു പോയി.

തിരിച്ചു വന്നപ്പോൾ ആളെ കാണാനില്ല.

"അപ്പൂ!!! നീയെവിടെ ?"

"അപ്പൂ ..." ദേവു അപ്പുവിനെ ഉച്ചത്തില് വിളിച്ചു.

"ദേവു ചേച്ചി ഞാനിവിടെ ഉണ്ടേ".

പാടത്തു കൂടെ ഒഴുകുന്ന നീരൊഴുക്കിന്റെ അരികത്തു നിന്ന് അവൻ വിളിച്ചു പറഞ്ഞു.

"നിന്നോടിവിടെ നിൽക്കാൻ ആരാണു പറഞ്ഞത്?"

"ദേവു ചേച്ചി, ദേ നോക്ക് താറാവുകൾ !!"

നോക്കിയപ്പോൾ ദേഷ്യവും, സങ്കടവും അടക്കാനായില്ല.

കയ്യിൽ കൊടുത്ത തുമ്പ പൂവൊക്കെ വെള്ളത്തിൽ ഇട്ടു താറാവെന്നു പറഞ്ഞു കൈയ്യുമടിച്ചു കണ്ടു കൊണ്ടിരിക്കുകയാണു അപ്പു. ദേഷ്യം വന്നു കയ്യിൽ കിട്ടിയ ചെടിയുടെ തണ്ട് കൊണ്ട് നല്ല അടിവച്ചു കൊടുത്തു. ബഹളം കേട്ട് വല്ല്യേച്ചി ഓടിയെത്തി.

"രണ്ടും കിട്ടിയ സമയത്ത് തല്ലു പിടിത്തം. നമുക്ക് വേറെ പൂ പറിക്കാലോ. ഇനി പറഞ്ഞിട്ടെന്താ".

"മോങ്ങുന്നത് കണ്ടില്ലേ ഉണ്ടക്കണ്ണൻ, നിന്നെയിന്ന് ഓണപൊട്ടന് കൊടുക്കും".

ഓണപൊട്ടൻ വരുമ്പോഴുള്ള മണി കിലുക്കം കേൾക്കുമ്പോഴേ അപ്പു ഓടി ഒളിക്കും. അത്ര പേടിയാ അവനു ഓണപൊട്ടനെ.

അപ്പു നിന്ന് കരയുകയാണ്.

കിട്ടിയ പൂവൊക്കെ കൊണ്ട് ഞങ്ങൾ വീട്ടിലെത്തി. പൂക്കളമൊരുക്കി.

"എന്നോട് പിണക്കമാണോ ചേച്ചി, ഇനി മിണ്ടില്ലേ?" അപ്പു കൊഞ്ചിക്കൊണ്ട് ചോദിച്ചു.

"പോയ്ക്കോ എന്റെ അടുത്ത് നിന്ന്, നിന്നോട് ഞാൻ ഒരിക്കലും മിണ്ടില്ല".

"ഹാ..."

മുന്നിലിരുന്ന കല്ലിൽ കാൽ വിരൽ തട്ടിയപ്പോഴാണ് ഓർമ്മകളിൽ നിന്നും ഉണർന്നത്. വീടെത്തിയിരിക്കുന്നു. ദേവു പാടത്ത് നിന്നും വീട്ടിലേക്കുള്ള മൂന്നു നാല് കൽപ്പടവുകൾ പതുക്കെ കയറി. തൊടിയാകെ വരണ്ടു കിടക്കുന്നു. പൂക്കളില്ല. മുറ്റത്തെ തൈമാവിൽ ഊഞ്ഞാലുമില്ല.

ഉമ്മറ കോലായിൽ അമ്മ കാത്തിരിക്കുകയായിരുന്നു എന്ന് തോന്നി.

"എന്ത് പറ്റി ദേവൂ കാലിന്?".

"ഒന്നുമില്ല അമ്മെ, കാൽ കല്ലിൽ ചെറുതായൊന്നു തട്ടി".

"മോളു കാൽ കഴുകി വാ, അമ്മ ഇത്തിരി മരുന്നു പുരട്ടിത്തരാം".

കയ്യിലെ ബാഗ് വാങ്ങിച്ചു അമ്മ അകത്തേക്ക് നടന്നു.

വീട്ടു പടികൾ കയറുമ്പോൾ ഹൃദയത്തിൽ എന്തോ ആളിക്കത്തിയത് പോലെ. ചങ്കിനകത്ത് വല്ലാത്തൊരു വിങ്ങൽ. ഭിത്തിയിലെ ഫോട്ടോയ്ക്കകത്ത് നിന്ന് അവൻ എന്തോ പറയുന്നത് പോലെ...

അറിഞ്ഞിരുന്നില്ല ഞങ്ങൾ, അറിയുമ്പോഴേക്കും ഏറെ വൈകിയിരുന്നു.

"ദേവു ചേച്ചീ.. ദേ താറാവ്".

അപ്പു മോന്റെ ശബ്ദം കേട്ടതുപോലെ!!!.

ദേവു അപ്പുവിനരികിലേക്ക് ഹൃദയമിടിപ്പോടെ നടന്നു.

അരികിൽ, അപ്പു ഉറങ്ങുന്ന മണ്ണിന് മുകളിൽ, ഒരു കുഞ്ഞു തുമ്പത്തൈ... നിറയെ പൂക്കളുമായ് വിരിഞ്ഞു നിൽക്കുന്നു. ആ പൂവുകൾ ദേവൂനെ നോക്കി ചിരിച്ചു. കരച്ചിലടക്കാനാകാതെ ദേവു അവിടെ മുട്ടുകുത്തി ഇരുന്നു തേങ്ങി.

---

I am Diji Suhas from Singapore, a software professional and writer for magazines and newspapers. My passion towards writing started way back during my childhood days where I had won several awards for essay writing and poems. As days and years passed by, I continued my journey in writing and now I've been very active in writing articles, poems, stories, news and interviewing popular personalities in the areas of music, movies, art etc. I've also started to get my pen moving towards the music industry where I've written lyrics for 2 Malayalam songs recently.



# SEEDLESS GUAVA

## Rajashekaharan Pillai

What is the significance of the name- "Seedless Guava"? As any public speaker would attempt to do in their endeavour to catch the attention of the audience, grab their mind and tie them down to their seats for an hour or two, I too wanted to create curiosity in the minds of the audience but without inducing complexity. We all are in this luxurious world with pleasures around, striving and thriving for more and more enjoyable tasty guavas and other fruits. We are not in agreement with the idea of biting and chewing the seeds in it as it hinders the process of enjoying the juicy guava. Many in the new generation don't like the seeds as it bothers them while tasting the short lived pleasure. We ignore the long term purpose of the seeds- those are responsible to keep the generations going on this planet. Do we bother? Do we realize that seeds are the ones those prove to this world that once up on a time there lived a sweet Guava. Seeds are the characters that we leave behind for the world to nurture and grow through generations. Seedless-ness is the short term focused ignorance of the future thereby we lose the ability to reproduce and define a future. We cannot grow a worthwhile Guava tree that can feed many. My father used to say, we are eating the fruits of the trees planted by someone whom we have never seen, whom may not be even alive. Our job is to plant more seeds that would feed the future generation.

Anything that is easy to achieve or that brings pleasure to our life without much struggles are short lived. Once I asked the question to my audience, what is the opposite of "happiness"? Many answered – sadness, unhappiness, fear and a few more. In my view, the opposite of "happiness" in human life is "pleasure". I have learned that a happy activity or something ending with happiness, gives a lot of struggle during the process and a lot of rejoice at the end or afterwards, whereas a pleasure activity will be a lot of fun and enjoyment through the process and tiring and exhausting afterwards. The "Tendulkars" and the "Ronaldos" are developed when they practiced with purpose with a long term vision - not when they played just for pleasure.

With a lot of gratitude to all the mentors in my life, the books that I read and the business system I am part of (especially those written by the leadership Guru John C Maxwell) let me lay out 6 insights or approaches to life that youth of this generation (and elders too can choose to apply those but I do not consider myself to be wise enough to advise them) can practice in order to prevent seedless-ness happening to them. These are the same approaches that I have discussed with my children too.

### 1. ALWAYS STRIVE TO BE A ROLE MODEL- CHOOSE THE HARD WAY TO STAY THAT WAY

Our world is not short of Engineers or Doctors or consultants, but it has acute shortage of good quality leaders who set very high aspiration to achieve, translate that to visions that their followers can see vividly, have earned the trust and command the respect to mobilize them to achieve those vision. The most important approach they have chosen to lead their life is to be a "role model"- the machine that walks that talk. Let me explain some of the qualities they have acquired from their life to stay as Role models. There are several qualities if we study those great men very closely, but let me list down 10 of them I have found very effective.

- **Adaptability**: The world is changing at a pace that many of us cannot comprehend. We need to change with the change happening around so that we stay relevant at all times. When you lead people, we need to develop the quality of understanding them and change with them. It is natural to have the first reaction of resistance to change but with acquiring more knowledge about the new situation it can fade away. In the new business environment, with rapidly evolving technology solutions, people belonging to all generations should continuously learn and upgrade at least at a user level to cope with the change in technology. Being emotionally secure in a challenging situation is critical to manage and lead the situation. Finding mentorship elsewhere for different topics and being teachable to that higher plane of wisdom will always be the differentiator to be adaptable quickly. And adaptability it begins from home especially when you have new generation children.
- **Collaboration**: It is said that "working together

can lead to winning together". The new world is a market place of collaboration. The advantage of sellers who possessed secretive information does not exist anymore in this information age. Buyers are empowered with almost all the information that sellers may have. Competitiveness in business is redefined as "win-win" not "win-lose". Co-existence is the only way businesses can survive. In society, helping each other is becoming a norm. In education systems in most part of the world, ranks are being abolished and grades are being established. One's success or failure does not relationally impact his or her colleague's success except the way you associate with each other and influence each other. When there is more collaboration encouraged institutionally, people tend to influence each other positively making a high performing team- whether in schools, offices of corporations and community work. It is important to note that if one horse can pull 5 Tons, two horses together can pull 15 Tons or more. Collaboration increases synergy

- **Commitment and hard work**: It is interesting to note that human beings are "hardwired" to work hard for other's success than for their own. Parents working hard for children's success, teachers working hard for pupils' success, leaders working hard for their nations' success and their team's success. When we stop working hard, we put water on the fire that others have. Joseph Schooling the first ever Olympic Gold medal winner who made all Singaporeans proud, has mentioned in a post victory interview that his ability to commit and work hard stayed at higher level because he wanted to do this achievement for the people who supported all these while – not just for himself.
- **Simple and Clear Communication** : Our nervous system is controlled by the brain sending appropriate and accurate communication signals to all organs to function properly, Communication is the glue that makes a group of people a high performing team and the leader a good role model. I clearly remember a senior director of the firm I was part of, answering a CEO question to define the most important quality of a leader as "a leader is one who simplifies a complex situation". A leader should have strong skills of problem solving and communication in a way that his team can join the effort as well as understand the process. Good communicators are great listeners. Listening is the first step for problem solving. It takes a lot of practice to develop the art of listening to others.
- **Competence to Excel:** Many of us misread excellence as the end stage and hence lack self-belief to try. Different people have different benchmarks of excellence hence excellence is not an absolute thing or level of achievement. In my view excellence is in the journey. When we put the best effort we can put and be the best we can be our journey becomes excellent. When a complete man breaking the world record for running a marathon versus a man with artificial limbs coming close to the last finisher in the same race; excellence is appreciated in the second case much more because he strives to become the best he can be even though his absolute achievement is far lower than the best the world has seen. Consistency in practice to develop competence is one way (may be the only way) to stay excellent, not always at the moment of obtaining the grades or medals.
- **Discipline:** During hundreds of opportunities to interact with my audience I have learned that "discipline" is the horrifying animal that they could not tame themselves. However they don't realise the fact they are disciplined by their jobs, diseases, unpleasant situations, fear of losing life and what not. If we can train us to do what we do not want (not enjoy) to do, then we can do what we truly want to do. I have a great friend in the film industry. During several conversations, I have realised that he goes through a lot of hardships as part of his profession- staying out in the heat even suppressing high fever health situation, not eating properly and timely, not just for days but for months and years at different times. No one really wants to go through such situations, but he does it because through the success he has achieved, he is able to do many things that he truly wants to do. Some of you who read this article might not have enjoyed waking up early and staying up late sacrificing your sleep and leisure hours to study well and obtain strong educational and professional qualifications would agree that it is worth to train our mind to focus on some difficult task to have a much happier life ahead. What is important is to train your mind to discipline your thoughts. Keep your thoughts in your captivity. Thoughts lead to emotions and emotion lead to actions. What is important is to control and navigate the conversation that is happening inside you, between you and you.
- **Game Changeability**: I was struggling to find an appropriate name for this quality and hence I had to stick with this until I find a more appropriate one. To be a good role model one should be adding value to other's life-especially in a team

environment (that is what every profession is becoming to in this networking world). A good leader shall develop the ability to enlarge the vision of his society or community to lift their game- both in the impact and quality of the team. It is always possible to do so when we invest in the individuals as the microcosm to develop them that form the large team.

- **Enthusiasm:** As legendary sales guru Frank Bettger in his famous book "How I raised myself from failure to success in selling" clearly details without exaggeration the importance of enthusiasm as a quality that leads us to success and happiness. We have seen many successful people who are enthusiastic. But for most of them enthusiasm is an outcome of their success. But enthusiasm needs to be an input to develop your way to success. It is contagious. You can change the world with it. What does it mean by making enthusiasm as an input? When we jump around with happiness after winning a sports match, the feeling of victory has given us the energy to be enthusiastic. But do we also realise that we can act the way into your feelings with conscious effort choosing to be happy and sharing enthusiasm to your environment. The whole philosophy behind "method acting school" is the same. We can clap the way to feeling happy and make others to feel happy too. One single pump of fragrance can change the whole environment in a room. Some people leave the room brighter even after they have left, even without a single light switched on.
- **Intensity of intentions and mission consciousness:** Being intentional means acquiring the ability to think about and aim at larger things in life while doing all the small things, ensuring that all those small things is in the right direction. Having a mission statement and being serious about it will help people to be directionally focused on their intentions. This helps to say "No" to many things those do not fall in your path to purpose. This also helps to think more about long term achievement keeping your eye on the goal than getting lost in the short term. As the German Philosopher Friedrich Nietzsche said, ***He who has a "Why" to live for, can bear almost any "how"***. People's intensity in life comes when they find something that is larger than money to aim for.
- **Ability to develop others:** Greatest role models are people developers. We always find people around them and their qualities rubs on those around them. They also have great people skills to get along others who go along with them. They always focus on strengths in people which they encourage to develop further. They know that it is the strengths that makes people different and improves their self-esteem. And over a period of time, these strengths will lift and pull the weaknesses up from the back yard of your mind and bring to the front gate of performance.

## 2. BE RESPONSIBLE WITH TIME AND MONEY:

Throughout our education process we are acquiring skills that is useful to make money, we also learn to manage money at work –especially those who are in the finance profession, but we never learn how to handle our money. Mostly this skill is acquired through observing parents, trials and errors or through reading books. I still remember the first day of getting my salary and giving it to my father, who took it to bless me and immediately returned to me asking me to spend it in a productive way. That was a moment of truth that made me feel empty regarding skills to use money productively. We would be lucky to get a mentor who can guide us in this area. Time and money can be used, spent or invested. Five to ten years of delayed gratification can set up life in a different trajectory.

- Follow the 10-30-30-30 rule: The first ten percent of your income is not ours. It is 'give back" to meaningful causes as the society has invested indirectly in our success.




As life progresses, we should improve our financial situation and spend more on meaningful causes with selfless intent. Even if our needs are limited, it would be worthwhile to live a life for others. Rich people in the world lives on a smaller portion of their total income, but they constantly strive to make the pie larger so that they can afford all luxuries and at the same time give away much larger portion of it to the society. Yes it is a good advice to live within the means and spend within the means, but it does not stop us to work hard to make much more than the means.

- **30% for spending**: I always face a smile with disbelief when I say this to people. In fact it is true

for many of us that we are unable to live with 30% of our income sustainably. To me this principle has helped me to set larger goals in life. When I learned this principle I was living on 120% of my income!!! And I knew where that extra money came from- debt. Developing habits to live within our means can go a long way. One does not need to be under peer pressure to spend on things because someone else has a new gadget

- **30% for saving**: Life is always turbulent and things can go wrong or can take an unexpected turn. One needs to be prepared for the rainy days. Keep 30% for such turbulence.
- **30% for investment**: I encourage all my friends to have an investment account. When you have money in this account, our ears become much sharper to overhear opportunities that are discussed in the next table even in a noisy restaurant. Getting ready is the key to capture an opportunity that is available out there in the market place.
- **Keep a time score card**: Time is the most precious resource because of two reasons- 1) we do not know how much we have in our bank because the pass book is not revealed 2) it does not wait and it is not renewable. One can only manage tasks. Ivy Lee, one of the founders of public relations and a general management consultant, helped Bethlehem Steel CEO Charles Schwab and his team become far more productive with what on the surface seems a simple trick: List what you need to do in a single day (6 of them), rank the items by importance, and then work on them in that order. Don't proceed to a less important task until the more important one above it is done. Apparently this advice has won the consultant ~550,000 USD (25000 USD then) in today's value!! Getting into a habit of making a "to do" list and "to call" list (it is also important to spend time on communication and technology with purpose) night before and allocating time for each to finish on the specific day itself. 3-4 weeks of determined effort can ingrain the habit in you.
- **Step back weekly, monthly and yearly**: it is important to have a look at your use of time stepping back at regular intervals. This can help us to rejuvenate and come back with a bang. Reviewing activities and Goals periodically and making adjustments will increase our belief level to achieve them and keep us focused on our mission.

### 3. UNDERSTAND THE POWERS WITHIN YOU AND APPLY THEM:

A professional friend of mine who is a mind sciences expert and a magician recently has demonstrated the power of our mind. He could give verbal suggestions to me and make me do things while I am wide awake but without my conscious awareness. It is hard to express that experience in words. My learning from that exercise was that we have immense power stored in our mind and we have to tap them. We need to learn and practice skills that help us to use these powers.

- **Speak what you want** as if you have it already: Mind can understand commands only in present tense and we can program it to believe that any achievement is possible , in turn it helps you to behave in a way you can progressively achieve them
- **Eliminate the language of defeat** and poverty from your vocabulary: defeat drains out mental energy.
- **Make a prayer** for your family and speak it louder
- **Expect big and positive** outcomes from every situation in life

### 4. BRING TRANSPARENCY IN LIFE , IN ANYTHING WE DO:

- **Hold on to values** and guide actions in line with those values. Be worthy of your words and make sure your actions are in line with your words.
- **Encourage open dialog** in every community that you belong to, starting from your family. Be a good facilitator not a tyrant. Nowadays I laugh at myself thinking of the transformation I have gone through myself in this area and still a lot of distance to cover. It is our responsibility to take FEAR out of our family and the communities we belong. When problems happen –especially in relationships- try to resolve it before the day ends. Also make sure that both or all the parties involved have good energy going into the problem solving discussions because a tired body or mind cannot effectively problem-solve. Open dialogs are effective when done in person and not on phone
- **Build trust** as the core value in your teams, family and communities: Trust is positively correlated with your credibility, reliability and intimacy with the other person and negatively correlated with your self-orientation. When you do not know about something, acknowledging that fact will increase your credibility. Living up to your promises to

others will increase your reliability. Spending time with important people in your life will increase your intimacy. Putting others' interest first and over your interest will magnify their trust in you by reducing your self-orientation.

## 5. LEARN TO DELIVER TOUGH MESSAGES:

Pre-requisites to this are the trust established with the other person and the unconditional love you express to them. I always found it is easy to speak the truth as it is as we do not need to remember what we spoke. Especially it helps a lot when it comes to matters relating to people whom you care. Delivering tough messages using a "sandwich" approach helps. Tough messages are always delivered in short and clear. E.g. "I love you always unconditionally, but I do not agree / I did not like what you did. There are bad implications of what you did in our future life...." and explain the consequences in detail. Alternatively, you can also try "I observed this behaviour in you... the impact on me was... (and listen for clarification from the other person), and I suggest you to do...."

Great people do not correct others in public. Instead they recognise and promote good deeds in public and do corrections in private. Developing a strong and peaceful ego would help us to be consistent with this expectation

- **Mediate and be aware of your breath**. This can help us keep calm and focus your turbulent mind
- **Keeping control of our emotions** and upholding selflessness as the core value in tough conversations will win over such situations and even can make your strongest enemy your dearest friend.
- You have all the choice of how to respond to a situation. If we can **choose a response** considering the emotion of the other person will be the best strategy.

## 6. CELEBRATE SUCCESS AND RECOGNIZE PEOPLE AROUND

If we invest time and energy in this approach life can be as pleasant as it is in heaven. Many of us are too carried away with life's pressures and they forget to celebrate small successes. Such celebration can create an atmosphere arousing ambition in all the fellow human beings

- **Make a big deal of small victories in life**: We used to do dining table recognition of our children telling great stories of their small victories. Something as simple as "kindness to animals, not wasting food and so on". It has helped us to inculcate great values in our OTHER children" or "not wasting food" etc that help them to be responsible citizens and lead a very self-managed and secure life. Small victories contribute building up a great self-image and they set higher aspirations going forward in life
- **Understand love languages** of people important to you: Gary Chapman's classic book "The five love languages" is a master class that can help. Some people love words of affirmation while some others a simple physical touch or a hug. There are people who reciprocate well with an act of service to them. Most of the family members crave for quality time with other members. There are many people who get excited with a small gift or a token of appreciation given to them with recognition and love. Observing people and identifying their love languages that they respond well to and acting on that area would mean a happy life ever after.
- Develop a keen mind to **observe and edify goodness** in people around: Happiness leads to good health. A positive mind is the foundation for happiness. There are several things about this world and its people if we observe sharply and curiously that we can celebrate about. Let every day be spent on identifying a few good things around.

In conclusion, to lead a life of significance we need to be aware of characteristics that we need to develop to be purposeful and long term focused. Such seeds can reliably reproduce through others around you and make a much larger impact to this world - our family, our society and our nation. The enjoyment of momentary pleasures can lead us to a seedless life that will be forgotten even before digestion.

---

**Rajashekaharan Pillai:**

- Member of the Board of Directors, Rubbers India and Polymer Products Pte Ltd
- Co Founder, Grochange Global
- Managing Director, Integrate Omnex Pte Ltd
- Owner-Online Retail, Health Wellness and Energy Concepts
- Previous Director, McKinsey Capability Centre, Singapore
- Alimnus of College of Engineering, Trivandrum and Californina State University, Hayward (School of Business and Economics)
- Email: rajapill@omnex.com, Mobile: 92380470



# അക്ഷരങ്ങൾക്കിടയിൽ വായിക്കാനുള്ളത്

## നിശാന്ത് കൊടമന

ഓർമ്മകളൊരുപാടുണ്ട് ഈ വായന ശാലയെ ചുറ്റിപ്പറ്റി. വായിക്കുമ്പോൾ പമ്മനെ വായിക്കണം എന്ന് പറഞ്ഞ് സന്തോഷാണ് ഇവിടെ ആദ്യം കൂട്ടിക്കൊണ്ടുവന്നത്. നനഞ്ഞ മരത്തിന്റെയും, പൊടിഞ്ഞ കടലാസ്സിന്റെയും മണമുള്ള അരണ്ട വെളിച്ചമുള്ള മുറിയിൽ നിന്നും താടിയുള്ള രഘുവേട്ടൻ തപ്പിയെടുത്തു തന്ന പുസ്തകം ശരിക്കും നഗ്നമായിരുന്നു. വായനയിൽ പലപ്പോഴും ഞാനും നഗ്നനാക്കപ്പെട്ടു.

ഇന്ന് ഈ വായനശാലയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടകനായാണ് ഞാൻ വന്നത്. നഗരത്തിലെ തിരക്കുള്ള ഉദ്യോഗം കാരണം നാട്ടിൽ വരുന്നതേ കുറവായിരുന്നു. ഇത് വീണുകിട്ടിയ അവസരം ആയതുകൊണ്ടാണ് വന്നത്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് കിട്ടിയതിനു ശേഷം തിരക്ക് കൂടി. പണ്ടൊക്കെ ഈ വായനശാലയുടെ വാർഷികം ഈ ഗ്രാമത്തിന്റെ ഉത്സവം ആയിരുന്നു. ഓർമകളിൽ നിറയെ പഴയ വാർഷികപരിപാടികളും, പമ്മനും രഘുവേട്ടനും മറ്റുമായി ഒരു തണുത്ത കാലത്തിലൂടെ ഞാൻ നടന്നു.

പമ്മനെ മാത്രം അല്ല, പൊറ്റക്കാടിനെയും, ഉറൂബിനെയും തകഴിയേയും എംടിയെയും മറ്റും വായിക്കണം എന്ന് നിർദ്ദേശിച്ചത് രഘുവേട്ടൻ ആണ്. വായനാസുഖം എന്നതിനപ്പുറത്ത് എന്താണ് സാഹിത്യം എന്ന് അറിയാത്തവരിൽ ഒരാളാവുമ്പോൾ പമ്മൻ ആണ് നല്ലതെന്ന് തോന്നി. പക്ഷേ രഘുവേട്ടൻ ഇനി പമ്മന്റെ പുസ്തകം തരില്ലെന്ന് പറഞ്ഞതോടെ അതും മുടങ്ങി.

അങ്ങനെയിരിക്കെയാണ് വായനശാലയുടെ വാർഷിക പരിപാടിയുടെ കാര്യങ്ങൾ തീരുമാനിക്കാനുള്ള യോഗം സ്കൂളിൽ കൂടിയത്. ഞാൻ പറഞ്ഞ ഒരു നിർദ്ദേശം ഉദ്ഘാടനത്തിന് പമ്മനെ കൊണ്ടുവരണം എന്നായിരുന്നു. പലരും എന്നെ നോക്കി ചിരിച്ചെങ്കിലും ഉള്ളിന്റെയുള്ളിൽ അങ്ങിനെയൊരാഗ്രഹം ഉണ്ടെന്ന് ജോയിന്റ് സെക്രട്ടറി സുരേഷ്ബാബു രഹസ്യമായി പറഞ്ഞു. അന്വേഷിച്ചപ്പോഴാണ് ഒരു കാര്യം മനസ്സിലായത്. ഞാൻ മാത്രമല്ല പമ്മന്റെ ആരാധകൻ. ആരാധികമാരും ഉണ്ടായിരുന്നു എന്നത് രഘുവേട്ടൻ രഹസ്യമായി പറയുന്നത് ഒളിഞ്ഞു കേട്ടതാണ്.

നമുക്കൊരു നാടകം ചെയ്യണം എന്ന് പറഞ്ഞത് തിലോത്തമേട്ടൻ ആണ്. പണ്ട് പല നാടകങ്ങളും കളിച്ച കാര്യങ്ങൾ അനാവശ്യമായി പറഞ്ഞുകൊണ്ടിരുന്നു. യോഗാദ്ധ്യക്ഷൻ രഘുവേട്ടൻ പലപ്പോഴും കാര്യങ്ങൾ നിയന്ത്രിക്കാൻ പാടുപെടുന്നുണ്ടായിരുന്നു. നാടകം എന്ന ആശയത്തോട് മിക്കവാറും എല്ലാവരും യോജിച്ചു. നമുക്ക് നല്ല അഭിനേതാക്കളെ കൊണ്ട് വരണം. നല്ല നാടകം തിരഞ്ഞെടുക്കണം. അങ്ങിനെ പല കോണിൽ നിന്നും അഭിപ്രായങ്ങൾ വന്നു.

"എനിക്കൊരവസരം തരണം"– പമ്മന്റെ പുസ്തകത്തിന്റെ കാർഡിൽ കണ്ട സുനിതേച്ചി അത് പറഞ്ഞപ്പോൾ നഗ്നമാക്കപ്പെട്ട ആ പുസ്തകത്തിലെ കീറിയെടുത്ത ഭാഗത്തെ ചൂടുള്ള വാക്കുകളിൽ എന്റെ ഭാവന ഉടക്കി. സുനിത കിഴക്കേത്തൊടി എന്ന പേര് ആ കാർഡിൽ കണ്ടത് എങ്ങിനെ മറക്കാൻ.

ആരും ശ്രദ്ധിക്കാതെ പോയ സുനിതേച്ചിയുടെ വാക്കുകൾ തന്ന ഉന്മാദം അവസാനിച്ചപ്പോഴേയ്ക്കും യോഗം കഴിഞ്ഞിരുന്നു. നന്ദി പറയാൻ എന്നെ വിളിച്ചപ്പോഴും ഞാൻ ആ ചൂടിൽ രമിക്കുകയായിരുന്നല്ലോ.

യോഗനടപടികൾ അവസാനിച്ചപ്പോൾ രഘുവേട്ടനും ഞാനും കൂടെ നേരെ പോയത് പഞ്ചായത്ത് പ്രെസിഡന്റിന്റെ വീട്ടിലേക്കാണ്.



"രഘുവേ, വാർഷികം ഉണ്ട് ല്ലേ? ആരാ വരുന്നത്? നിന്റെ പമ്മനാണോടാ?"– ഞാൻ രഘുവേട്ടനെ ഒന്ന് അമർത്തി നോക്കി. ഒരു ഭാവവ്യത്യാസവും ഇല്ലാതെ സ്വതസിദ്ധമായ ആ ശരീരമാട്ടൽ നിർത്താതെ പ്രസിഡന്റിന്റെ വീടിന്റെ തിണ്ണമേൽ ഇരുന്നു കൂടെ ഞാനും.

"എന്തൊക്കെയാ പരിപാടികൾ? ഡാൻസൊക്കെ ഉണ്ടോടാ രഘു?"– സ്വതവേ വാക്കുകളിൽ ഇടയ്ക്കൊക്കെ അശ്ലീലം കണ്ണിറുക്കി പറയുന്ന പ്രസിഡന്റ് പലതും ചോദിച്ചു. രഘുവേട്ടൻ കാര്യങ്ങൾ എല്ലാം പറഞ്ഞുകൊടുത്തു. അധ്യക്ഷനാവണം എന്നുള്ള ആവശ്യത്തിന് കിട്ടിയ അനുകൂലമറുപടിയുമായി ഞങ്ങൾ ഇറങ്ങുമ്പോൾ നേരം വല്ലാതെ കറുത്തിരുന്നു.

എന്റെ വീട്ടിലേക്കുള്ള ഇടവഴിയിലേക്ക് തിരിയുന്ന ഭാഗത്തെ ഇരുട്ടിന്റെ മറവിൽ സുനിതേച്ചിയുടെ അടക്കിപ്പിടിച്ച ചിരി മാത്രം എനിക്ക് മനസ്സിലായി. പക്ഷെ ഒരു പരിചയവും ഇല്ലാത്ത ആ ആൺശബ്ദം എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല. നല്ല ശബ്ദത്തിൽ ഒന്ന് അമർത്തി ചുമച്ച് ഞാൻ എന്റെ വീട്ടിലേക്ക് നടന്നു.

അമ്മാവൻ വന്നിട്ടുണ്ട്. അമ്മായിയും സുനിലും സന്ധ്യയേച്ചിയും വീട്ടിലുണ്ട്.

"അമ്മാവൻ ഇപ്പോൾ വരും, രാജേഷിന്റെ വീട്ടിൽ അവന്റെ അച്ഛനെ കാണാൻ പോയതാണ്"– സുനിതേച്ചിയുടെ അനിയനാണ് രാജേഷ് എന്ന ബോധം എന്നിലെ വായനക്കാരനെ ഉണർത്തി.

സന്ധ്യയേച്ചിയുടെ കയ്യിൽ പമ്മനെ കണ്ടതും ഞാൻ ആകെ ചമ്മി. സന്ധ്യയേച്ചിയുടെ കണ്ണുകൾക്ക് മുന്പില്ലാത്ത വിധം തിളക്കം ഉള്ളപോലെ തോന്നി. ആ പുസ്തകം നന്നായി ഒളിപ്പിച്ച വെയ്ക്കാത്തതിൽ കുറ്റബോധം തോന്നി .

സന്ധ്യയേച്ചി ഹൃദിസ്ഥമാക്കിയ ചില പമ്മൻ വാക്കുകൾ എന്നോട് പറയാൻ തുടങ്ങി. ഞാനും അവരും മാത്രം വായിച്ചതുകൊണ്ടു വേറാർക്കും മനസ്സിലാവില്ല. എരിവ് കൂടുതൽ ഉണ്ടായിരുന്നെങ്കിലും സാധാരണയിൽ കൂടുതൽ പൊരിച്ച മത്തി കിട്ടിയ സന്തോഷം എന്നെ കൂടുതൽ ചോറ് തിന്നിച്ചു. പമ്മനെ വായിക്കാൻ കിട്ടിയതിന്റെ ആഹ്ലാദസൂചകമായി സന്ധ്യയേച്ചിക്ക് കിട്ടിയ മത്തി എന്നോടുള്ള ആഗ്രഹം കാരണം സ്വയം ഇറങ്ങിവന്നെന്നെ ഞാൻ കരുതിയുള്ളൂ. അന്നത്തെ രാത്രി എനിക്ക് സമ്മാനിച്ചത്, പമ്മന്റെ രണ്ടാരാധകരുടെ സ്വയം മറന്നുള്ള ഒരു പകർന്നാട്ടം ആയിരുന്നു. നേരിയ തണുപ്പിലും വിയർത്ത് രണ്ടാരാധകർ.

അന്ന് അവധി ദിവസം ആയതുകൊണ്ട് രാവിലെതന്നെ രഘുവേട്ടന്റെ കൂടെ പട്ടണത്തിലെ പ്രശസ്തനായ ഒരു പ്രസാധകനെ കാണാൻ പോവണമായിരുന്നു.

"അമ്മാവനും കുടുംബവും അവധിക്കു വീട്ടിൽ വന്നിട്ട് നീ പോയാലെങ്ങിനേയാ?" കുറച്ചൊരരിശം കലർന്ന അമ്മയുടെ വാക്കുകളെ "അവൻ പോയി വരട്ടെ അമ്മായി, കൂടെ സന്തോഷും പൊയ്ക്കോട്ടേ." എന്ന് പറഞ്ഞ് സഹായിച്ചതിന് സന്ധ്യയേച്ചിയോടുള്ള നന്ദി നല്ലൊരു നോട്ടത്തിൽ പറഞ്ഞു. സുനിലിനെയും കൂട്ടി വീട്ടിൽ നിന്നിറങ്ങി.

"ഇതാരാടാ നിന്റെ കൂടെ പുതിയ ഒരുത്തൻ?" – ഇന്നലെ ശബ്ദം കേട്ട അതെ മൂലയിൽ നിൽക്കുകയായിരുന്നു സുനിതേച്ചി.

"ഇത് ഇന്നലത്തെ അമ്മാവന്റെ മോനാ, സുനിൽ"– ഒന്ന് കൊള്ളിച്ചു പറഞ്ഞപ്പോ മനസ്സിൽ നിറഞ്ഞ സന്തോഷം, ഹൊ പറഞ്ഞറിയിക്കാൻ വയ്യ.

കവലയിലെ മാവിൻചുവട്ടിൽ നിന്നും ജീപ്പിന്റെ പിന്നിൽ തൂങ്ങിപ്പിടിച്ചു പോവുമ്പോൾ, രഘുവേട്ടനും സുനിലും സുഖായിട്ട് ഇരിക്കുന്നു എന്നത് ഒരു അഭിമാനം പോലെ തോന്നി.

"രഘു, നീ പറയുന്നതൊക്കെ ശരിയാണ്, എഴുതുന്നവർ തന്നെയാണ് വായനശാലാ വാർഷികങ്ങൾ ഉദ്ഘാടനം ചെയ്യേണ്ടത്. കഴിഞ്ഞ വാർഷികത്തിന് പുനത്തിൽ വന്നത് ഞാൻ പറഞ്ഞിട്ടായിരുന്നില്ലേ. പക്ഷെ അവരൊക്കെ വല്ല്യ തെരക്കുള്ളോരാ. കഴിഞ്ഞ മാസം തന്നെ എനിക്കൊരാവശ്യത്തിന് ഞാൻ തിക്കോടിയൻ മാഷെ വിളിച്ച് നോക്കിയപ്പോ, മാഷ് മദ്രാസിനു പോവുന്നു, കുറച്ച് കാലത്തേയ്ക്ക് സ്ഥലത്തില്ല. അവസാനം ഒന്നോ രണ്ടോ കഥയെഴുതിയ പുത്തലത്ത് ദിവാകരനെ വിളിച്ചാണ് എന്റെ നാട്ടിലെ ഒരു കരയോഗം പരിപാടി ഉദ്ഘാടനം ചെയ്യിപ്പിച്ചത്. അത് പൊല്ലാപ്പായി എന്ന് പറഞ്ഞാൽ മതിയല്ലോ. ഇപ്പൊ ദിവസവും ഇവിടെ വരും. അയാളെഴുതിയ മുഷിഞ്ഞ കുറെ കഥകൾ പുസ്തകം ആക്കണം പോലും"– ഒറ്റ ശ്വാസത്തിൽ ഇതുപറയുമ്പോൾ തലയുടെ പിന്നിൽ വർഷങ്ങളുടെ വളർച്ചയുള്ള എണ്ണിയാൽ തീരുന്ന വെളുത്ത മുടി വെറുതെ ഒന്നൊതുക്കാൻ പ്രസാധകൻ സുബ്രഹ്മണ്യൻ മറന്നില്ല.

അയാളുടെ വീട്ടിൽ പേരിനൊരു പുസ്തകമോ എന്തിനു ഒരു വർത്തമാനപത്രം പോലും കാണാത്തത് എന്നെ അത്ഭുതപ്പെടുത്തി. അയാൾക്ക് പ്രസാധക സ്ഥാനം ഒരലങ്കാരവും പ്രസാധനം ഒരു കച്ചവടവും ആണ് എന്ന ബോധം എന്നിൽ രഘുവേട്ടനോടുള്ള ആരാധന കുറച്ചുകൂടെ കൂട്ടി.

നിരാശാഭാവം നിറഞ്ഞ കണ്ണുകൾ രഘുവേട്ടന്റെ കണ്ണടയിലൂടെ എന്നെ നോക്കി. താടിചൊറിഞ്ഞുകൊണ്ട് സുബ്രഹ്മണ്യം മുതലാളിയുടെ വീട്ടിൽനിന്നിറങ്ങുമ്പോൾ ഒരു ശല്യം ഒഴിഞ്ഞുപോവുന്നതിന്റെ ആശ്വാസം അയാൾ ആ കഷണ്ടിയിൽ പതിയെ തലോടി ആഘോഷിച്ചു.

"ഇനിയെന്ത് ചെയ്യും? പുത്തലത്ത് ദിവാകരൻ?"– എന്റെ ചോദ്യത്തിൽ രഘുവേട്ടന്റെ മുഖം ചുവന്നു.

"അങ്ങിനെ ആരെങ്കിലും വന്ന് അയാളുടെ നെഗളിപ്പ് കാണിക്കേണ്ട സ്ഥലം അല്ല എന്റെ വായനശാല. നമുക്കിവിടെ ഒരു കളി കളിക്കാം, നിങ്ങൾ വാ". രഘുവേട്ടന്റെ വാക്കുകളിൽ എന്തോ ആദ്യമായി ദേഷ്യം ഉള്ളപോലെ തോന്നി

വായനശാലയിൽ എത്തിയപ്പോൾ മുതൽ രഘുവേട്ടൻ എന്തോ തിരയുകയാണ്. എന്താണെന്ന് ചോദിച്ചിട്ട് പറയുന്നും ഇല്ല. വെറുതെയിരിക്കുന്നത് ഗുരുനിന്ദയല്ലേ എന്ന് കരുതി ഞാനും എന്തൊക്കെയോ അലക്ഷ്യമായി തിരഞ്ഞു. സുനിൽ പുസ്തകങ്ങൾക്കിടയിലൂടെ നടക്കുന്നുണ്ടായിരുന്നു. പൊടിയടിച്ചാൽ തുമ്മുന്ന സുനിൽ നാല് പ്രാവശ്യം തുമ്മിയപ്പോൾ അവനെ പിന്തിരിപ്പിച്ചു പുറത്തെ വരാന്തയിൽ ഇരുത്തി.

"കിട്ടി"– രഘുവേട്ടൻ ഒരു ഇൻലന്റ് എടുത്ത് അതിലേക്ക് നോക്കി നിൽക്കുന്നതല്ലാതെ വേറൊന്നും പറയുന്നുണ്ടായില്ല. ആ കത്തിലൂടെ രഘുവേട്ടന്റെ കണ്ണുകൾ പാഞ്ഞു. മുൻപ് പലയാവർത്തി വായിച്ച കത്തായതുകൊണ്ടാവാം, കണ്ണുകൾക്ക് ശരവേഗം ആയിരുന്നു.

"പ്രിയപ്പെട്ട ശ്രീ. രഘുവിന്,

നിങ്ങളുടെ ക്ഷണം സ്നേഹപൂർവ്വം സ്വീകരിക്കുന്നു. പക്ഷെ ആ ദിവസം എന്റെ അടുത്ത കുടുംബത്തിൽ ഒരു കല്യാണം ഉള്ളതിനാൽ വരാനാവില്ല എന്ന് വ്യസനത്തോടെ അറിയിക്കട്ടെ. ഇനിയും വാർഷികങ്ങൾ വരുമല്ലോ, അപ്പോൾ തീർച്ചയായും വരും.

സസ്നേഹം

കമല"

'ആരാ ഈ കമല?– രഘുവേട്ടന്റെ പരിചയത്തിലുള്ള ഏതോ പെണ്ണായിരിക്കും. ഇനിയിപ്പോ ഈ സ്ത്രീയെ ആയിരിക്കുമോ രഘുവേട്ടൻ ഈ പരിപാടിക്ക് വിളിക്കുക? ശൊ, പരമ ബോറായിരിക്കും'– ഇല്ല എന്റെ ആത്മഗതം വേറാരും കേട്ടില്ല..

പുസ്തകങ്ങൾക്കിടയിൽ നിന്നും കണ്ണടച്ച് എടുത്ത പുസ്തകം എനിക്ക് നേരെ നീട്ടി. "മാധവികുട്ടി– എന്റെ കഥ"–

"ഈ പുസ്തകം എഴുതിയ ആളാണ് ഈ കമല"– കഴിഞ്ഞ വാർഷികത്തിന് ഉദ്ഘാടനം ചെയ്യാൻ വിളിച്ചു കൊണ്ട് ഞാനയച്ച കത്തിനുള്ള മറുപടിയാണിത്. ഇത് വെച്ച് ഞാനൊന്ന് കളിച്ചു നോക്കട്ടെ.

പുസ്തകത്തിലൂടെ ഞാൻ പുതിയൊരു ലോകത്തേക്ക് കടക്കുകയായിരുന്നു. ഒരാൾക്കും ഇങ്ങനെ എഴുതാൻ പറ്റില്ല. പലയിടങ്ങളിലെയും വായന അവസാനിച്ചത് പുറംചട്ടയിൽ കണ്ട കറുത്ത വസ്ത്രധാരിയായ എഴുത്തുകാരിയുടെ ചിത്രത്തിൽ ആയിരുന്നു. വായിക്കുംതോറും ആ മുഖത്തിന്റെ സൗന്ദര്യവും മാദകത്തവും കൂടി വരുന്നപോലെ തോന്നി. ഒറ്റയിരുപ്പിൽ വായിക്കാവുന്നത്രയും വായിച്ചു. വായതുറന്ന് വരാന്തയിലെ മേശമേൽ തലവെച്ച് ഇരുന്നുറങ്ങുകയായിരുന്ന സുനിലിന്റെ ഏതോ ദുഃസ്വപ്നം കൊടുത്ത ഷോക്കിലെ തട്ടിപ്പിടച്ചിൽ കേട്ടാണ് ഞാൻ ആ മായികലോകത്തുനിന്നും പുറത്തെത്തിയത്.

"രഘുവേട്ടാ, ഇത് മതി, നിങ്ങളുടെ സ്വന്തം കമല വരട്ടെ, ഉദ്ഘാടനം നമുക്ക് ആഘോഷമാക്കണം. നിങ്ങൾ വിളിച്ചാൽ അവർ വരും"– എന്റെ വാക്കുകളിൽ അവരോടുള്ള ആരാധന നിറഞ്ഞു നിൽക്കുന്നത് തെല്ലൊരു കൗതുകത്തോടെ മനസ്സിലാക്കിയ രഘുവേട്ടൻ എന്റെ നേരെ ഒരു ഇൻലാൻഡ് കത്ത് നീട്ടി.

"പോയി പോസ്റ്റ് ചെയ്തിട്ട് വാ"– കമലാദാസിന്റെ ഡൽഹിയിലെ വീട്ടിലേക്ക് ഒരു പോസ്റ്റ്മാൻ കടന്നുചെല്ലുന്നതും, അവിടെ കറുത്ത വസ്ത്രം ധരിച്ച എഴുത്തുകാരിക്ക് ഈ കത്ത് കൊടുക്കുന്നതും, ആരെയും മയക്കുന്ന ഒരു ചിരി സമ്മാനമായി കിട്ടിയ സന്തോഷത്തോടെ ഇറങ്ങിപ്പോവുന്ന പോസ്റ്റ്മാനെ മനസ്സിൽ കണ്ട് ഞാൻ ആ കത്ത് പെട്ടിയിൽ ഇട്ടു. ആ പോസ്റ്റ്മാന് എന്റെ ഛായയുണ്ടായിരുന്നു എന്ന് തോന്നി.

വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള ചർച്ചകൾ പൊടിപൂരമായി നടക്കുന്നു. തിലോത്തമേട്ടൻ

പറഞ്ഞതുപോലെ ചെയ്തു. തോപ്പിൽ ഭാസിയുടെ നാടകം തന്നെ ചെയ്യാൻ തീരുമാനിച്ചു. റിഹേഴ്സൽ കെങ്കേമമായി നടക്കുന്നു. ഒരു പ്രധാനപ്പെട്ട സ്ത്രീകഥാപാത്രമായി സുനിതേച്ചി തന്നെയായിരുന്നു. റിഹേഴ്സൽ കഴിഞ്ഞു തിലോത്തമേട്ടൻ സുനിതേച്ചിയെ സൈക്കിളിൽ കയറ്റി കൊണ്ടുപോവുന്ന കാഴ്ച മറക്കാൻ ആവില്ല.

രമണിയേച്ചിയുടെയും ഭർത്താവ് ശശിയേട്ടന്റെയും നേതൃത്വത്തിൽ കുട്ടികൾ സംഘനൃത്തവും നാടോടി നൃത്തവും പഠിക്കുന്നുണ്ടായിരുന്നു. എനിക്കാണെങ്കിൽ ഇതൊന്നും ഒട്ടും ഇഷ്ടമില്ലാത്ത ഏർപ്പാടായിരുന്നു. അതുകൊണ്ട് ആ റിഹേഴ്സൽ നടക്കുന്ന ഭാഗത്തേയ്ക്ക് ഞാൻ പോവാറില്ലായിരുന്നു.

"ഡാ"– രഘുവേട്ടൻ എന്റെ വീടിന്റെ ഉമ്മറപ്പടിയിൽ കയറിയിരുന്നുള്ള വിളിയാണ്. ഞാൻ ഓടിയടുത്തെത്തിയപ്പോൾ എന്നെ മുറുകെ കെട്ടിപ്പിടിച്ചു.

"ഡാ, കമല വരും, നഗരത്തിലെ അവരുടെ ഏതോ ബന്ധുവിന്റെ വീടുണ്ട്. അവിടുത്തെ ഫോൺ നമ്പർ തന്നിട്ടുണ്ട്. നീ വേണം പോയി കൂട്ടിവരാൻ"– രഘുവേട്ടൻ പറഞ്ഞതും, എന്റെ നെഞ്ചിടിപ്പ് കൂടിയകാരണം ഞാൻ സ്തബ്ധനായതും ഒരുമിച്ചതായിരുന്നു.

"ഞാൻ അവരെ എങ്ങിനെ കൊണ്ടുവരും? എനിക്ക് പേടിയാണ്. അവരെപോലുള്ള ഒരെഴുത്തുകാരിയെ ഞാൻ എങ്ങിനെ"– എന്റെ ഉള്ളിൽ നിറഞ്ഞ ചൂടുള്ള തരിപ്പ് വിയർപ്പുകണങ്ങളായി പുറത്തേക്കൊഴുകുന്നത് ഞാൻ അറിഞ്ഞു.

നാടൊരുങ്ങി, വായനശാല വാർഷികത്തിന്റെ ഉദ്ഘാടനദിവസം വന്നെത്തി. പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനാവുന്ന പരിപാടിയുടെ ഉദ്ഘാടക പ്രശസ്ത എഴുത്തുകാരി മാധവികുട്ടി എന്ന കമലാദാസ്. അവരെന്താണെന്നു പരിചയപ്പെടുത്താനുള്ള ഉദ്യമം രഘുവേട്ടൻ എന്നെ ഏൽപ്പിച്ചു. നാടുണർന്നു. എല്ലാവരും ഒരേ ലക്ഷ്യത്തിലേക്ക് ഒഴുകിത്തുടങ്ങി.

ഞാൻ, ബഷീർക്കയുടെ കാറിൽ പട്ടണത്തിലെ ഒരു ആളൊഴിഞ്ഞ ഭാഗത്തെ ലാളിത്യമുള്ള ഒരു വീടിന്റെ ഉള്ളിൽ നിന്നും എഴുത്തുകാരിയെ ഉത്തരവാദിത്തത്തോടെ, തെല്ലൊരു ഭയഭക്തിബഹുമാനത്തോടെ സ്വീകരിച്ച് കാറിലിരുത്തി. ഞാൻ മുൻസീറ്റിൽ ഇരുന്നു. സാരികൊണ്ടു പുതച്ച രൂപം. വാർദ്ധക്യം വരുന്നെന്നു വിവരം അറിയിച്ചുകൊണ്ട് വെള്ളിരോമങ്ങൾ അവിടവിടെ ഉണ്ടായിരുന്നു. സാരിയുടെ നിറം കറുപ്പാണ് എന്നത് എന്നെ പുറംചട്ടയിലെ നായികയുടെ ആത്മകഥയിലേക്ക് എത്തിച്ചു. പരിപാടി നടക്കുന്ന സ്കൂൾ മൈതാനത്തിന്റെ ഓരത്ത് വണ്ടി നിർത്തും വരെ ഞങ്ങൾ ഒരക്ഷരം മിണ്ടിയില്ല. അവരെ കാറിൽ നിന്നും നേരെ കൊണ്ടുപോയത് മൈതാനത്തിന്നടുത്തുള്ള പഞ്ചായത്ത് പ്രസിഡന്റിന്റെ വീട്ടിലേക്കാണ്.

"ശ്രീ.രഘു എവിടെ?" വളരെ ആകർഷകമായ ഒരു ശൈലിയിൽ ഈ ചോദ്യം ചോദിച്ചപ്പഴേയ്ക്കും രഘുവേട്ടൻ എത്തി. തങ്ങളുടെ സന്തോഷം പങ്കുവെച്ചു.

വിശ്രമത്തിനു ശേഷം പരിപാടി ഉത്ഘാടനം ചെയ്ത ആ പ്രിയപ്പെട്ട എഴുത്തുകാരി വാക്കുകൾക്കിടയിൽ എന്റെ പേര് പറഞ്ഞപ്പോൾ വേദിയിലിരുന്ന് ഞാൻ എന്നെ ആരൊക്കെ നോക്കുന്നുണ്ടെന്നു ശ്രദ്ധിച്ചു. സന്ധ്യേച്ചി ദൂരെനിന്നും എന്നെ നോക്കുന്നത് കണ്ടു. ആ പുറംചട്ടയിലെ അതേ മുഖഭാവം ആണോ സന്ധ്യേച്ചിക്കെന്ന് അറിയാതെ ചിന്തിച്ചു.

പരിപാടികൾ എല്ലാം ഗംഭീരമായി കഴിഞ്ഞതിന്റെ അഭിമാനവും സന്തോഷവും നിറഞ്ഞ മനസ്സിൽ ഞങ്ങൾ ഒരുമിച്ചിരുന്നു കുറെ കാര്യങ്ങൾ അയവിറക്കി. ആർക്കും ഒരു കുറ്റവും പറയാനില്ലായിരുന്നു.

"എങ്കിലും പമ്മനെ കൊണ്ട് വന്നില്ലല്ലോ നിങ്ങൾ"– സുരേഷ്ബാബുവിന് ചെറിയൊരു പരിഭവം.

സുനിതേച്ചി വരെ പരിഹാസം പോലെ അയ്യേ എന്ന് പറഞ്ഞപ്പോൾ അവനൊന്ന് ചമ്മി.

രഘുവേട്ടന്റെ "ഡാ" വിളിയാണ് എന്നെ ഓർമകളിൽ നിന്നും വേദിയുടെ വെള്ളിവെളിച്ചത്തിലേക്ക് കൊണ്ടുവന്നത്. ഇന്നീ ആഘോഷം കൊണ്ടാടുന്നത് വലിയൊരു സംഘാടക സമിതിയാണ്. അതിന്റെ പ്രൗഢി വേദിയിൽ അറിയാനുണ്ട്. പലരും ഞെളിഞ്ഞിരിക്കുന്നു. സുബ്രഹ്മണ്യന്റെ മകൻ രാജസേനൻ എന്നെ പരിചയപ്പെടാനായി വന്നു. രഘുവേട്ടൻ പരിചയപ്പെടുത്തിയപ്പോൾ ഞാൻ അയാളുടെ അച്ഛനെപോലെയുള്ള ഒരു അക്ഷരവിരോധി ഇല്ലെന്ന് അറിയാതെ പറഞ്ഞുപോയി. അയാളുടെ പുബ്ലിക്കേഷന് ഞാൻ ഒന്നും തരില്ലെന്നും പറഞ്ഞു.

"നീ ആൾ ശരിക്കും ഒരു ആധുനിക എഴുത്തുകാരൻ ആയിരിക്കുന്നു, പമ്മനെ ഇപ്പോഴും വായിക്കാറുണ്ടോ?"– രഘുവേട്ടൻ വായിക്കാറുണ്ടോ എന്ന മറുചോദ്യം ചോദിച്ച എന്നെ ചേർത്ത് പിടിച്ച് തകർത്ത് ചിരിച്ചു.

ഞാൻ വായിച്ചു തുടങ്ങിയ, ഞാൻ എഴുതി തുടങ്ങിയ എന്റെ സ്വന്തം വായനശാലയുടെ വാർഷികം ഉദ്ഘാടനം ചെയ്യാനായി വാദ്യമേളങ്ങളുടെ അകമ്പടിയോടെ ഞങ്ങൾ വേദിയിലേക്ക് നടന്നു. പോവുന്ന വഴിയിൽ വെള്ളിമുടികൾകൊണ്ട് അലംകൃതമായ വിഷാദം ബാധിച്ച കണ്ണുമായി സുനിതേച്ചിയും, ഇന്നും ആ തിളങ്ങുന്ന ചിരി വിടർത്തി സന്ധ്യേച്ചിയും എന്റെ ഓർമകളിലെ വായനശാലയിലെ വരാന്തയിലെ ബെഞ്ചിലെ അച്ചടക്കം ഉള്ള ഒരു കുട്ടിയായി മാറ്റുന്നത് ഞാൻ അറിഞ്ഞു, ആസ്വദിച്ചു.

---

നിശാന്ത് കൊടമന, കോഴിക്കോട് ജില്ലയിലെ എരഞ്ഞിക്കൽ സ്വദേശി. ചെറുകഥാരംഗത്ത് സജീവം. 2010ൽ സിംഗപ്പൂരിൽ ജോലി ചെയ്തിട്ടുണ്ട്. ഇപ്പോൾ സൗദി അറേബ്യയിലെ ജുബൈൽ വ്യവസായ നഗരത്തിൽ ജോലി ചെയ്യുന്നു. വായനയും എഴുത്തും പ്രധാന ഹോബികൾ.



# "കുടുംബം ഒരു വിളക്ക്"

## മെഡീസ് ഫിലിപ്പ്

കൂടുമ്പോൾ ഇമ്പമേറുന്നത് കുടുംബം എന്ന് വിശേഷിപ്പിക്കാം. മാതാപിതാക്കളും മക്കളും അടങ്ങുന്ന ഒരു കുടുംബം എത്രയോ സന്തോഷകരമായാണ് കാണുവാൻ സാധിക്കുക. അതുകൊണ്ട് തന്നെയാണ് കൂട്ടുമ്പോൾ ഇമ്പമുണ്ടാകുന്നത് കുടുംബത്തിൽ മാത്രമാണെന്ന് പറയുന്നത്. കുടുംബവും സമൂഹവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വിവിധ കുടുംബങ്ങൾ ഒത്തുചേരുമ്പോൾ സമൂഹമായി. കുടുംബത്തിൽ നിന്ന് ലഭിക്കുന്ന നല്ലതും ചീത്തയുമായ ശീലങ്ങൾ ആണ് നമ്മൾ സമൂഹത്തിൽ പ്രകടിപ്പിക്കുന്നത്. അപ്പനും അമ്മയും, നല്ല ശീലങ്ങളും ഗുണങ്ങളും പറഞ്ഞുകൊടുത്തും പഠിപ്പിച്ചുമാണ് മക്കളെ വളർത്തേണ്ടത്. അതുകൊണ്ട് നമ്മുടെ കുട്ടികൾക്ക് നല്ല ഗുണങ്ങൾ പഠിപ്പിക്കുകയും എല്ലാവരെയും സ്നേഹിക്കുവാനും സഹായിക്കുവാനുള്ള മനസ്സുള്ളവരായി വളർത്താം.

കത്തിച്ച് വെച്ചിരിക്കുന്ന ഒരു വിളക്കായി കുടുംബത്തെ ഉപമിക്കാം. കുടുംബമാകുന്ന ഈ വിളക്കിൽ എണ്ണ ഒഴിച്ച് കെടാതെ എപ്പോഴും പ്രകാശം പരത്തിയാൽ അവിടെ സന്തോഷം ഉണ്ടാകും, സമാധാനം ഉണ്ടാകും. കുടുംബ ജീവിതത്തിൽ എല്ലാവരും ആഗ്രഹിക്കുന്നത് സമാധാനവും സന്തോഷകരവുമായ ഒരു ജീവിതമാണ്. മനുഷ്യായുസ്സ് ഒന്നേയുള്ളൂ. ആ നല്ല ജീവിതം ആഹ്ളാദത്തോടും മറ്റുള്ളവരെയും കുടുംബങ്ങളെയും സ്നേഹിച്ചും നന്മ ചെയ്തും ജീവിക്കാം. സന്ധ്യാസമയത്ത് കത്തിച്ച നിലവിളക്കുമായി കുടുംബത്തിലെ സ്ത്രീകൾ പൂമുഖപ്പടിയിലേയ്ക്ക് കടന്നു വന്ന്, ഭക്തിയോടെ വിളക്ക് വച്ച് സന്ധ്യാ നാമം ചൊല്ലുന്ന പഴയ കാല ഓർമ്മകൾ മനസ്സിലേയ്ക്ക് കടന്നു വരുന്നു. അതുപോലെ ക്രൈസ്തവ ഭവനങ്ങളിൽ സന്ധ്യാപ്രാർത്ഥന ചൊല്ലുന്ന കാരണവന്മാരെയും കണ്ടിരുന്നു. എന്നാൽ ഇപ്പോൾ എല്ലാ കുടുംബത്തിലും അമ്മ മനസ്സ്, തങ്കമനസ്സ്, സ്ത്രീ ജന്മം പുണ്യജന്മം എന്നുള്ള സീരിയൽ ഗാനങ്ങളാണ് കേൾക്കുന്നത്. മാതാപിതാക്കളും മക്കളും ഒന്നു ചേർന്ന് കുടുംബ പ്രാർത്ഥനയും തുടർന്നുള്ള അത്താഴം കഴിക്കലും എല്ലാം കാണുക വിരളമായിരിക്കുന്നു. ക്ളബ്ബുകളിലും, ബാറുകളിലും മറ്റും ചിലവഴിച്ച ആടി ആടി വരുന്ന കുടുംബനാഥന്മാരെയും യുവതലമുറയെയും കാണുവാൻ സാധിക്കുക. ഇതിനെല്ലാം ഒരു മാറ്റം ആധുനിക ലോകത്തുണ്ടായിരിക്കേണ്ടേ എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മാതാപിതാക്കൾ മക്കളെ താലോലിച്ചാണ് ചെറുപ്പത്തിൽ വളർത്തുന്നത്. വളർന്ന് പ്രായമായി അറിവ് നേടുമ്പോൾ മാതാപിതാക്കളെ തള്ളിക്കളയുന്ന ഒരു സ്ഥിതിവിശേഷം ഇപ്പോൾ ആധുനിക സമൂഹത്തിൽ കാണുവാൻ സാധിക്കും, സഹോദര സ്നേഹത്തിന് കുറവുണ്ടായിരിക്കുന്നു. എല്ലാം വാണിജ്യ രീതിയിലേയ്ക്കാണ് സമൂഹം മാറി കൊണ്ടിരിക്കുന്നത്. ദിവസേന നമ്മുടെ മാധ്യമങ്ങൾ എത്ര കൊലപാതകങ്ങൾ, മോഷണം, സ്ത്രീ പീഡനങ്ങൾ, കുടുംബ വഴക്ക് തുടങ്ങിയവ റിപ്പോർട്ട് ചെയ്യുന്നു. കേരള സമൂഹം വിദ്യാഭ്യാസത്തിലും സാംസ്കാരികമായും ഉന്നതിയിലാണ് എന്ന് പറയാറ്. എന്നാൽ മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിക്കുന്ന വാർത്തകൾ വായിക്കുമ്പോൾ ദുഃഖം തോന്നുന്നു.

പഴയകാല ചരിത്രം പഠിച്ചാൽ നാടിന്റെ അഭിവൃദ്ധിയ്ക്കും സാഹോദര്യത്തിനും കുടുംബങ്ങളുടെ നിർണ്ണായകമായ പങ്ക് ഉണ്ടായിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥ നിലവിലിരുന്നു. കാരണം കുടുംബത്തിൽ സാമ്പത്തികമായ കുറവും മാതാപിതാക്കളെ പിരിഞ്ഞ് മാറിതാമസിക്കാൻ കഴിയാത്തതിലുള്ള വിഷമവും കൊണ്ടും കൂടിയായിരിക്കാം അന്നത്തെ കുടുംബ വ്യവസ്ഥ.

അപ്പനും അമ്മയും മക്കളും അടങ്ങുന്ന കുടുംബം ഒന്നിച്ച് ഒരുമയോടെ ജീവിക്കുന്നു. മക്കൾ മാതാപിതാക്കളെ എല്ലാ കാര്യത്തിലും സഹായിക്കുന്നു. കൃഷി ചെയ്തു ലഭിക്കുന്ന പണം കൃത്യമായി അപ്പനെ ഏല്പിക്കുകയും അപ്പൻ അത് എല്ലാവർക്കും ഓരോരുത്തരുടെയും ചിലവിനാവശ്യമായത് മാത്രം നൽകുന്നു. അന്ന് ആർക്കും ഒരു പരിഭവവും ഇല്ലായിരുന്നു. മക്കൾ വിവാഹം ചെയ്തു വന്നാലും തറവാട്ടിൽ തന്നെ ഒരുമയോടെ ജീവിക്കുന്നു. ഒരു കുടുംബത്തിൽ ഏറ്റവും കുറഞ്ഞത് എട്ട് മക്കൾ എന്ന കണക്കായിരുന്നു. എത്ര പ്രസ-

വിക്കാനും അമ്മമാർക്ക് മടിയില്ലായിരുന്നു. നിറവയറുമായിട്ട് വീട്ടിലെ ജോലികൾ ചെയ്യുമ്പോൾ അവർ പ്രത്യേക സന്തോഷം അനുഭവിച്ചിരുന്നു. ഒരു പരിഭവവും അവർ പ്രകടിപ്പിച്ചിരുന്നില്ല. മക്കളെയും മക്കളുടെ മക്കളെയും ശുശ്രൂഷിക്കാൻ അവർക്കും ഒരു മടിയും ഇല്ല. ഒരു കുടുംബത്തിന്റെ ബലം എന്നുള്ളത് അന്നത്തെകാലത്ത് മക്കളുടെ എണ്ണം തന്നെയായിരുന്നു. വീട്ടിൽ എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടായാലും അപ്പനോടൊത്ത് മക്കളെല്ലാവരും ഒന്നിച്ച് നിലകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ കുടുംബത്തിൽ പ്രത്യേക ഒരു ഐശ്വര്യം നിലനിന്നിരുന്നു.

ആ പഴയകാലഘട്ടം എല്ലാം ഇപ്പോൾ മാറിയിരിക്കുന്നു. വിവാഹശേഷം എത്രയും പെട്ടെന്ന് പുതിയ ഒരു വീട്ടിലേയ്ക്ക് മാറി താമസിക്കണം എന്നുള്ള ചിന്തയാണ് ഇപ്പോഴത്തെ തലമുറയ്ക്ക്. ഒരു കാലത്ത് നാഷണൽ പെർമിറ്റ് ലോറിയുടെ പുറകിൽ എഴുതിയിരുന്ന ഒരു വാചകം ഉണ്ട് `നാം രണ്ട് നമുക്ക് രണ്ട്' പിന്നീട് നാം `ഒന്ന് നമുക്ക് ഒന്ന്', ഇപ്പോൾ അതുമാറി `നാം ഒന്ന് നമ്മൾക്ക് നമ്മൾ മാത്രം'. പുതിയ തലമുറയ്ക്ക് കുട്ടികളെ വളർത്തുവാൻ സമയമില്ല. അണുകുടുംബം എന്ന നിലയിലേയ്ക്ക് കുടുംബങ്ങൾ മാറിയിരിക്കുന്നു. ഞാൻ, എന്റെ എന്ന നിലയിലേയ്ക്ക് ഓരോ വ്യക്തികളുടെയും സ്വഭാവം മാറിയിരിക്കുന്നു. പഴയകാലത്ത് കുട്ടികൾക്ക് അമിതമായ സ്വാതന്ത്ര്യം മാതാപിതാക്കൾ നൽകിയിരുന്നില്ല. അവർക്ക് ആഗ്രഹങ്ങളും കുറവായിരുന്നു. ഈ ആധുനിക കാലഘട്ടത്തിൽ മക്കൾ എന്താവിശ്യപ്പെട്ടാലും വാങ്ങി കൊടുക്കുവാൻ മാതാപിതാക്കൾ മത്സരിക്കുന്നു. ആവശ്യപ്പെട്ടത് ലഭിക്കാനായി ആത്മഹത്യാഭീഷണിയും മുഴക്കുന്ന യുവതലമുറയുടെ പോക്ക് വളരെ അപകടകരമായ സ്ഥിതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. അവരുടെ ആഗ്രഹത്തിന് വാങ്ങി നൽകിയ ബൈക്കിൽ ചെത്തി നടക്കുന്ന യുവതലമുറ ഏതെങ്കിലും വാഹനത്തിന്റെ ഇടയിൽ പോയി കൊല്ലപ്പെട്ടിരിക്കുന്നു എന്ന വാർത്ത ആ മാതാപിതാക്കൾക്ക് താങ്ങാൻ കഴിയുമോ എന്ന് എല്ലാവരും ചിന്തിക്കേണ്ടിയിരിക്കുന്നു. യുവതലമുറയുടെ ഈ വഴിപിഴച്ച പോക്കിന് ഒരു പരിഹാരം കുടുംബത്തിൽ നിന്നും മാത്രമായിരിക്കും. മാതാപിതാക്കൾക്ക് എത്ര പണം ഉണ്ടെങ്കിലും കുട്ടികളുടെ മുമ്പിൽ പ്രദർശിപ്പിക്കാതിരിക്കുക. നൂറു രൂപ ചോദിക്കുമ്പോൾ ആയിരം രൂപ ഒരിക്കലും നൽകരുത്. പണത്തിന്റെ വില അറിഞ്ഞ് വേണം ചിലവഴിക്കുവാനുള്ള പണം കുട്ടികൾക്ക് നൽകാൻ. കുട്ടികളുടെ കൂട്ടുകെട്ട് എങ്ങനെ, അവരുടെ പോയി വരവെല്ലാം എങ്ങോട്ടാണ്, ഫോൺ വിളികൾ എല്ലാം മാതാപിതാക്കൾ ശ്രദ്ധിക്കണം.

ആധുനിക കാലഘട്ടത്തിൽ മൊബൈൽ ഫോൺ ആണ് സമൂഹത്തിലെ ഏറ്റവും അപകടകരമായ വസ്തുത എന്ന് വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു. ലോകം ഇപ്പോൾ ഒരു വിരൽ തുമ്പിലാണ്. എന്താവശ്യങ്ങൾ ഉണ്ടെങ്കിലും ഫോണിലൂടെ ലഭിക്കുന്നു. ഇന്റർനെറ്റിന്റെ വരവോടുകൂടി സ്മാർട്ട് ഫോണുകൾക്ക് വൻ ഡിമാന്റാണ്. അതുകൊണ്ട്തന്നെ ഫോൺ കമ്പനികൾ വളരെ വിലക്കുറവിൽ സ്മാർട്ട് ഫോണുകൾ വിറ്റഴിക്കുന്നു. സോഷ്യൽ മീഡിയയുടെ കടന്നുവരവും, മറ്റു മാധ്യമങ്ങൾ കൊണ്ടും മുതിർന്നവരും കുട്ടികളും എല്ലാം മൊബൈൽ ഫോണിൽ ദിവസം മുഴുവൻ ചിലവഴിക്കുന്നു. കുടുംബത്തിൽ വന്നാലും ആർക്കും പരസ്പരം സംസാരിക്കാൻ സമയമില്ല. അപ്പനും അമ്മയും കുട്ടികളും എല്ലാം മൊബൈൽ ഫോൺ നോക്കിയിരിക്കുന്ന കാഴ്ചകളാണ് എവിടെയും കാണുവാൻ സാധിക്കുക.

സോഷ്യൽ മീഡിയയുടെ കടന്നുവരവ് കൊണ്ട് ഗുണങ്ങളും ദോഷങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മുഴുവൻ സമയവും കമ്പ്യൂട്ടർ, ഐപാഡ്, ടാബ്, മറ്റ് മൊബൈൽ ഫോണുകളിലും മറ്റും ചിലവഴിക്കുന്നതു കൊണ്ട് ആരോഗ്യ-മാനസിക പ്രശ്നങ്ങൾ, ആശയവിനിമയം കുറവുണ്ടാകൽ തുടങ്ങിയവയെല്ലാം സംഭവിക്കുന്നു. കൊച്ചുകുട്ടികളെ അടക്കിയിരുത്തുന്നത് മൊബൈൽ ഫോണിലെ ഗെയിമുകളും മറ്റുമാണ്. അതുകൊണ്ട് ചെറുപ്പം മുതലേ കുട്ടികൾക്ക് ഇവയോടെല്ലാം വളരെ ആകർഷണങ്ങൾ ഉണ്ടാകുന്നു. ഫെയ്സ് ബുക്കിൽ വന്ന ഒരു ഫോട്ടോ പോസ്റ്റ് ഞാൻ ഓർമ്മിക്കുന്നു, തൃശ്ശൂർപൂരത്തിന്റെ കുടമാറ്റം കണ്ണുകൊണ്ട് ആസ്വദിക്കാതെ മൊബൈൽ ഫോൺ ഉയർത്തിപ്പിടിച്ച് ഫോട്ടോയും വീഡിയോയും എടുക്കുന്ന ജനങ്ങളുടെ കാഴ്ചയാണ് കാണുവാൻ സാധിച്ചത്. സമൂഹത്തിൽ എന്ത് ചലനങ്ങൾ നടന്നാലും നിമിഷനേരം കൊണ്ട് സോഷ്യൽ മീഡിയായിലൂടെ കാണുവാൻ സാധിക്കും.

ആധുനികലോകത്തിൽ കുടുംബങ്ങളിൽ പ്രകാശം കുറഞ്ഞ് വരുന്ന കാഴ്ച കാണുവാൻ സാധിക്കും. അപ്പനും അമ്മയും മക്കളും പരസ്പരം കുടുംബകാര്യങ്ങൾ പങ്ക് വച്ചും, ആരോഗ്യത്തോടേയുള്ള ഇടപഴകലും കൊണ്ട് പുതിയ ഒരു സമൂഹമായി മാറ്റുവാൻ നമുക്ക് പരിശ്രമിക്കാം. സമൂഹത്തിന്റെ വിളക്കായി കുടുംബത്തെ മാറ്റിയെടുക്കാം. കുടുംബത്തിലും സമൂഹത്തിലും നല്ല വെളിച്ചം പകരുന്ന മനസ്സുകളുടെ ഉടമകളായി നമുക്കോരോരുത്തർക്കും മാറാം. ഏവർക്കും സന്തോഷകരമായ കുടുംബജീവിതം ആശംസിക്കുന്നു. 2016 വർഷം ഏറ്റവും സന്തോഷകരവും സമാധാനവും നിറഞ്ഞതാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

---

മെടീസ് ഫിലിപ്പ്: കോട്ടയം ജില്ലയിൽ ഉഴവൂർ സ്വദേശിയാണ്. നിരവധി ലേഖനങ്ങൾ വിവിധ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടുണ്ട്. നാടും മറുനാടും, ഓർമ്മകൾ കുറിപ്പുകൾ, ലൈഫ് ഈസ് ബ്യൂട്ടിഫുൾ, എന്നീ പുസ്തകങ്ങൾ പ്രവാസി എക്സ്പ്രസ് പ്രസിദ്ധീകരിച്ചിട്ടുണ്ട് . പ്രവാസി എക്സ്പ്രസ് Certficate of Merit അവാർഡ് 2012 ൽ ലഭിച്ചു . ഭാര്യ മഞ്ജു മെടീസ്. മക്കൾ: മിഖായേൽ, നഥാനിയേൽ, ഗബ്രിയേൽ.



# IN SEARCH OF MY ROOTS

## Dr Anitha Devi Pillai

'*Veettu perru entha?*' asked a lady whom I had met at an *Onam* gathering.

I was a teenager then, and, although I knew enough Malayalam to understand that she was asking me for the name of my house, I was totally clueless about the cultural connotations in her question. She was one of the many new migrants who had arrived in the late 1980s. I assumed that it was her peculiar way of asking me where I lived. So I rattled off my address in Ang Mo Kio, probably much to her amusement.

It only dawned on me years later that she was asking me which *taravad* I belonged to. At that point in time, I had only been to Kerala once – and that too for a brief holiday. The topic of ancestry did not feature high on a teenager's priority of things that one needed to know. My parents were born in Singapore or Malaysia, and had not mentioned their *taravads*.

The parents of my father, Aravindakshan Pillai, migrated to Singapore in 1920 and all but one of his siblings were born and raised in Singapore. But, as fate would have it, most of his family members returned to Kerala and settled in their village in *Paravur, Kollam*. Others who worked for the British administration were granted British citizenship and moved to England in the 1970s, leaving my father and one of his sisters, Indra Pillai, in Singapore. It must have been an unsettling time for the family even as different members sought and found greener pastures.

My maternal grandmother, Kalyani Amma, arrived as a three-year-old in British Malaya with her father, Maadhavan Nair, and Ammini Amma from *Ottapaalam, Palakkad* in the 1920s. Kalyani Amma never returned to Kerala. It was expensive in those days to travel and many Malayalees rarely did so. She married her cousin, a mathematics teacher, Kutti Krishan Nair, soon after he arrived in British Malaya in the 1930s. He had moved to the home of his maternal uncle, Maadhavan Nair (who was also my great grandfather), in British Malaya, to look for a job. He too never returned to Kerala – not even for a short visit.

My mother, Kamala Devi Aravindakshan, was educated in a Tamil school in Malaysia. She was raised with a healthy dose of the Kerala essence in a Malaysian setting. She has evolved to be an award-winning writer who frequently writes about Malayalee families and their cultural practices, – interestingly, in Tamil.

My mother's idea of *Onam Sadya* that she had inherited from her mother comprises a few Malaysian-Singaporean dishes such as *tofu sambal*. At the risk of revealing a family secret, I need to let you know that it was not a practice my father completely agreed with as he had been raised on a more traditional fare by his parents, who were born and bred in Kerala. But, for both of his daughters' sake, who were in more ways Singaporeans than Keralites, it served as a compromise, just as he had to accept that *Onam* or *Vishu* are not likely to ever be public holidays in Singapore. The younger generation was oblivious to these 'struggles'.

Increasingly, many of the third and fourth generation members of the community were no longer literate in Malayalam. A few had a basic knowledge of Malayalam from attending weekend classes run by volunteers. Many families with weaker ties to Kerala also began to speak a local variety of Singapore Malayalam that borrowed features from the Tamil language as well as Singlish. I was fascinated by this language change in our evolving Singapore society and it formed the focus of my masters' thesis. In 2010, I published my findings in my first book on the Malayalee community titled *Singaporean Malayalam: The Presence of a Hybrid Language*.

Perhaps, it was a defining moment in the start of my journey into exploring my roots. I was perfectly at ease with my mother's Tamil literary world as I was with the Singapore Malayalee community. We celebrated *Onam* and *Vishu* at home. We never missed any *Onam Night* celebrations or other events by the Kerala Association, Naval Base Kerala Library, Kairalee Kala Nilayam, amongst others. We were particularly interested in the thriving Malayalam theatre field in the 1980s and 1990s. The most memorable plays were the ones that touched

on local issues and related to the concerns of the Singapore Malayalees.

But who is a Singapore Malayalee? According to the census of population of Singapore, there were 1,208 Malayalees in 1911. The community now stands at 26,348 resident Malayalees. It is a mixed group of new migrants and families who have been here for more than three generations. But what do we really know about these Malayalee families? What were their journeys like?

Three years ago, I embarked on a research journey to answer these questions. Together with a team of volunteers, we interviewed 130 Malayalees. The interviewees were gracious and opened their homes to us. We contacted many of them several times to interview them about their roots in Singapore, collected hundreds of personal artifacts and old photographs, and photographed them.

Collectively, their voices which were turned into narratives, their family trees that kept growing over the last three years, old photographs and artifacts from their parents and grandparents, paint a fascinating and composite picture of a community that came together because of their love for Malayalam language and culture.

Repeatedly, I heard stories of how members of the community became a family – for instance how one grew up calling one's father's best friend at work, a fellow Malayalee of course, *Velliaccha* (father's older brother) and his wife *Velliamma* (father's older brother's wife). They talked about community spirit of the Malayalees and participating in community events of the various Malayalee associations.

It was our language that held us together at Sree Narayana Mission, in Sembawang, within the British Naval Base, at Selatar or Changi Royal Air Force Navy quarters and at all other Malayalee enclaves in Singapore. Onam celebrations for one were organized and even headed by non-Hindus. Onam was once described as 'the national day of the Malayalees' in The Straits Times in 1926.

Today we do not have Malayalee enclaves. But we have something more. We have more access to Malayalam with the arrival *Asianet*, *Pravasi Express* (bilingual online newspaper), internet and new migrants to boost our numbers. *Onam* celebrations take place at a much grander scale and there are several celebrations taking place every weekend for at least a month at community centres across the




country. The new migrants' journey of assimilation will be an interesting one to study for a SG100 project.

For now, I have documented the journeys of more than 100 Singapore Malayalees in my next book, *From Kerala to Singapore: Voices from the Singapore Malayalee Community* and it will be in your hands by the end of 2016. This book provides a rich description of the journeys of our evolution into a significant community in Singapore. I hope it will also be an inspiration for the members of our community to acquire an even richer sense of our heritage and culture – it certainly has been the case for me in my search for my Malayalee roots.

---

This article comprises excerpts and findings from "From Kerala to Singapore: Voices from the Singapore Malayalee Community" (Forthcoming in 2016). The *Singapore Malayalee Story* research team members were Dr Puva Arumugam, Binod Therat, Sumi B Thomas, Suvita Thanagopalasamy, Faustina Asha, Aishwarya Nalathamby and Sreedharan Vijayamohan.

**Dr Anitha Devi Pillai** (Principal Investigator) is a third/fourth generation Singapore Malayalee, an applied linguist by training and a teacher educator by profession. She graduated with a PhD in Applied Linguistics from Nanyang Technological University. She is the principal investigator of 'The Singapore Malayalee Story' research project.



# പരസ്പരം

ഹേമ ശിവരാമകൃഷ്ണൻ

“എന്താ വൈകീലോ മാഷേ? വെയിലിശ്ശി ആയിരിക്കണ്വൊ”! – ചോദ്യം കേട്ട് ദിവാകരൻ മാഷ് തിരിഞ്ഞു നോക്കി. നെറ്റിയിലൂടെ ഒഴുകിയിറങ്ങുന്ന വിയർപ്പുചാലുകൾ പോക്കറ്റിലെ തൂവാലയെടുത്തു തുടച്ചുമാറ്റി ദിവാകരൻ മാഷ് മണിയെ നോക്കി പുഞ്ചിരിച്ചു. –“അതെ, എണീക്കാൻ കുറച്ചു വൈകി. എന്താ ചൂട്..! ഏഴു മണിയായിട്ടേ ഉള്ളൂ, വെയില് താങ്ങാൻ പറ്റണില്ല്യ”!

“ഹും, കാലത്തെ നടപ്പ് മുടങ്ങീലല്ലോ, അദന്നെ നല്ല കാര്യം. ല്ലെങ്കിൽ നന്ദമോള് വരുമ്പോ എന്നോടാ ചോദിക്ക്യാ..” തോളിലെ തുവർത്തെടുത്ത് തന്റെ കടയിലെ നാരങ്ങാ മിട്ടായി പെട്ടികൾ തട്ടി കുടഞ്ഞ് മണി തുടർന്നു –“നന്ദമോളുടെ കത്തൊക്കെ?”

“വരാറുണ്ട്! ഇപ്പൊ രണ്ടാഴ്ച ആയിരിക്ക്ണു..ഫോൺ വിളിക്കുമ്പോൾ അച്ഛന് സംസാരിക്കാൻ മടി ആയിട്ടല്ലേ എനിക്ക് കത്തെഴുതേണ്ടി വരുന്നതെന്ന് അവളെപ്പോഴും ചോദിക്കും” – കൈകൾ വീശി വീണ്ടും നടന്നു തുടങ്ങി ദിവാകരൻ മാഷ്.

“അതേ അതേ, ഇന്നാട്ടിൽ ഇപ്പൊ പോസ്റ്റ് മാന് പണി കൊട്ക്ക്ണത് ആകെ നന്ദമോൾ മാത്രാണ്.. ങ്ങ്ളല്ലേ ഈ മെയിലും കുന്തവും ഒന്നുപയോഗിയ്ക്കാത്തെ! ബാക്കീല്ലോർക്കൊക്കെ ദൊക്കെ വന്നേപ്പിന്നെ കത്തൊക്കെ എന്ത്നാന്ന മട്ടാ!”

അത് ശരി തന്നെ എന്ന് മനസ്സിൽ പറഞ്ഞു ദിവാകരൻ മാഷ് ആഞ്ഞു നടന്നു. കഴിഞ്ഞ തവണ നാട്ടിൽ വന്നപ്പോഴാണ് നന്ദ എന്നും രാവിലെ താൻ നടക്കണം എന്ന് നിർബന്ധം കാട്ടിയത്. “അച്ഛനിങ്ങനെ ഒറ്റയ്ക്ക് വീട്ടിൽ ഇരുന്നാൽ പറ്റില്ല, കാലത്തു നടന്ന് വല്യ കാവ് വരെ പോയി തിരിച്ചു വരണം”. – കൈ വീശി വേഗത്തിൽ നടക്കണം എന്ന് കാട്ടി തന്നതും അവളാണ്. പാവം കുട്ടി, താനിവിടെ ഒറ്റക്കാണ് എന്ന വേവലാതി ആണവൾക്ക്!അവധി കഴിഞ്ഞു പോകുന്നതിനുമുൻപ് വഴിയിലെ കടകളിലെ മാമന്മാരെ സോപ്പിട്ട് ജോലിയും കൊടുത്തു –അച്ഛൻ നടക്കുന്നില്ലെങ്കിൽ ഇനി വരുമ്പോൾ റിപ്പോർട്ട് കൊടുക്കണമത്രേ!

